# സാർവ്വത്രിക ലേഖനങ്ങൾ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# സാർവ്വത്രിക ലേഖനങ്ങൾ

**Title:** The Universal Letters:Exegetical Studies
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2019 January 20

---

**Editorial Board:** Mar Joseph Pamplany
Rev. Fr. Joseph Kakkaramattathil
Rev. Dr. Philip Kaviyil
Rev. Dr. Bincy Mathew SH

---

**Office Assistance:** Bro. Praveen George
Mrs. Jeshitha Vijesh
Mr. Nidhin Regi
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. യാക്കോബ് എഴുതിയ ലേഖനം .................... 05
2. പത്രോസ് എഴുതിയ ഒന്നാം ലേഖനം .................... 41
3. പത്രോസ് എഴുതിയ രണ്ടാം ലേഖനം .................... 116
4. യോഹന്നാൻ ശ്ലീഹായുടെ ലേഖനങ്ങൾ .................... 145
5. യൂദാസിന്റെ ലേഖനം .................... 155

*Published for the use of the students of Alpha Institute of Theology and Science*

# 01

# യാക്കോബ് എഴുതിയ ലേഖനം

## ആമുഖം

**പു**തിയനിയമ ഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടതു ലേഖനങ്ങളാണ്. വി. പൗലോസ്ശ്ലീഹായാണ് താൻ സുവിശേഷമറിയിച്ചു വിശ്വാസത്തിലേക്കു നയിച്ച സഭാസമൂഹങ്ങൾക്കു ലേഖനമെഴുതുന്ന രീതി ആരംഭിച്ചത്. രക്ഷയുടെ സുവിശേഷമറിയിച്ചുകൊണ്ടു പട്ടണങ്ങൾതോറും ചുറ്റിസഞ്ചരിച്ചിരുന്ന പൗലോസ്ശ്ലീഹാ, തന്നിൽനിന്ന് അകലെയായിരുന്ന വിശ്വാസി സമൂഹങ്ങൾക്ക്, അതതു സമൂഹത്തിന്റെ പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളുമനുസരിച്ച്, ഈശോയുടെ സുവിശേഷവും സുവിശേഷമൂല്യങ്ങളും വ്യാഖ്യാനിച്ചു നല്കി. അപ്രകാരം ആദ്യനൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ആരംഭത്തിൽ പൗലോസ് ശ്ലീഹാ വിവിധ ക്രൈസ്തവ സമൂഹങ്ങൾക്കായി വിവിധ ലേഖനങ്ങളെഴുതി. ഇതേ കാലയളവിൽത്തന്നെ ആദിമസഭയിലെ പ്രമുഖരായിരുന്ന വി. പത്രോസ്, വി. യാക്കോബ്, വി. യോഹന്നാൻ. വി. യൂദാ തുടങ്ങിയ ശ്ലീഹന്മാരും ലേഖനങ്ങളെഴുതി. ഏതെങ്കിലും ഒരു പ്രത്യേക ക്രൈസ്തവ സമൂഹത്തെ ഉദ്ദേശിച്ചെന്നതിലുപരി, സാർവത്രിക സഭയെ ലക്ഷ്യംവച്ചാണ് അവർ എഴുതിയത്. അതുകൊണ്ട് ഇവ 'സാർവത്രിക ലേഖനങ്ങൾ' അഥവാ 'കാതോലിക ലേഖനങ്ങൾ' എന്നറിയപ്പെടുന്നു. സാർവത്രികസഭയിൽ അവർക്കുണ്ടായിരുന്ന സ്ഥാനമാണ് ഇപ്രകാരം എഴുതുവാൻ അവർക്ക് ആധികാരികത നല്കിയത്. ഏതു സഭാസമൂഹത്തിലെയും പ്രശ്നങ്ങളും സംശയങ്ങളും ചോദ്യ

ങ്ങളുമെല്ലാം മിക്കവാറും ഒരുപോലുള്ളവയായിരുന്നു. ലോകമെമ്പാടുമുള്ള വിശ്വാസികളേവരെയും ഉദ്ദേശിച്ച് എഴുതപ്പെട്ടവ എന്ന നിലയിൽ ഇവയ്ക്കു സാർവത്രിക പ്രസക്തിയുണ്ട്.

ഈ ലേഖനത്തിന്റെ ദൈവനിവേശിത സ്വഭാവത്തെപ്പറ്റി ക്രൈസ്തവ ഗ്രന്ഥകാരന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നതായി സഭാ ചരിത്രകാരനായ എവുസേബിയൂസ് (തിരുസഭാചരിത്രം, 3:25-3) രേഖപ്പെടുത്തുന്നുണ്ട്. വിജാതീയ ക്രൈസ്തവരിലൂടെ വളർന്നുവന്ന സഭയിൽ സെമിറ്റിക് ശൈലിയും സമീപനവുമുള്ള ഈ ലേഖനത്തെപ്പറ്റി സംശയമുണ്ടായതു സ്വാഭാവികം മാത്രം. അലക്സാൺഡ്രിയായിലെ ഒരിജൻ (മിശിഹാവർഷം 185-254) ആണ് യാക്കോബിന്റെ ലേഖനത്തിൽനിന്ന് ആദ്യം ഉദ്ധരിച്ചു കാണുന്നത്. തുടർന്ന് പാശ്ചാത്യസഭയിലെ പിതാക്കന്മാരായ പറ്റിലെയിലെ ഹിലാരി, ആഗസ്തീനോസ്, ജറോം തുടങ്ങിയവർ യാക്കോബിന്റെ ലേഖനം ഉപയോഗിച്ചിരുന്നു. നാലാം നൂറ്റാണ്ടിൽ ഹിപ്പോയിലും (393) കാർത്തേജിലും (397) കൂടിയ കൗൺസിലുകളും ഈ ലേഖനം ദൈവനിവേശിത ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുറിയാനിസഭയുടെ ഔദ്യോഗിക പരിഭാഷയായ പ്ശീത്തായിൽ ആരംഭംമുതൽ യാക്കോബിന്റെ ലേഖനമുണ്ട്. വിശ്വാസത്തിലൂടെ നീതീകരണം എന്ന പൗലോസ്ശ്ലീഹായുടെ പ്രബോധനത്തിനെതിരാണു യാക്കോബ് എന്നു തെറ്റുദ്ധരിച്ചതുകൊണ്ട് ലൂഥറും കൂട്ടരും ഈ ലേഖനത്തെ പൂർണമായി അവഗണിച്ചു. എന്നാൽ, ഇന്നു പ്രോട്ടസ്റ്റന്റ് ഗ്രൂപ്പുകൾപോലും യാക്കോബിന്റെ ലേഖനം കാനോനികമായി അംഗീകരിക്കുന്നുണ്ട്.

## ലേഖന കർത്താവ്

എഴുതുന്നയാൾ ലേഖനാരംഭത്തിൽ സ്വയം പരിചയപ്പെടുത്തുന്നുണ്ട്: "ദൈവത്തിന്റെയും നമ്മുടെ കർത്താവായ ഈശോമിശിഹായുടെയും ദാസനായ യാക്കോബ്" (1:1). നമ്മുടെ കർത്താവു തിരഞ്ഞെടുത്ത ശ്ലീഹന്മാരുടെ ഗണത്തിൽ രണ്ടു യാക്കോബ് നാമധാരികളാണുള്ളത്: സെബദിയുടെ പുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബും (മർക്കോ 1:19) ഹല്പൈയുടെ പുത്രനായ യാക്കോബും (മർക്കോ 3:18). ജറുസലെംസഭയുടെ ആദ്യാദ്ധ്യക്ഷനായിരുന്നു സെബദിയുടെ പുത്രനായ യാക്കോബ്. മിശിഹാവർഷം 44 നോടടുത്ത് ഹേറോദേസ് അഗ്രിപ്പായുടെ ഭരണകാലത്ത് രക്തസാക്ഷിയായി (അപ്പ. പ്രവ. 12:2). 44 മുമ്പുള്ള പശ്ചാത്തലമല്ല ലേഖനത്തിൽ പ്രതിഫലിക്കുന്നത്. അതുകൊണ്ട് രണ്ടാമത്തെ യാക്കോബായ ഹല്പൈയുടെ പുത്രനായിരിക്കണം ഈ ലേഖനകർത്താവ്. നമ്മുടെ കർത്താവിന്റെ സഹോദരൻ എന്നുകൂടി അറിയപ്പെട്ടിരുന്ന ഇദ്ദേഹം ജറുസലേംസഭയുടെ രണ്ടാമത്തെ തലവനാണ് (അപ്പ. പ്രവ. 12:17). ജറുസലേംകൗൺസിലിനു നേതൃത്വം നല്കിയത് ഇദ്ദേഹമാണ് (അപ്പ. പ്രവ. 15:13; 21:18). വി. പൗലോസ്ശ്ലീഹാ തന്നെയും യാക്കോബിനെയും കാണാൻ ജറുസലേമിൽ എത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (ഗലാ 1:19). അദ്ദേഹവും യാക്കോബിനെ വിശേഷിപ്പിക്കുന്നത് "കർത്താവിന്റെ സഹോദരൻ" എന്നാണ്.





വി. യാക്കോബിന്റെ മരണത്തെക്കുറിച്ചു രണ്ടു പ്രബലപാരമ്പര്യങ്ങൾ നിലവിലുണ്ട്. യഹൂദചരിത്രകാരനായ ജോസേഫൂസിന്റെ (Jewish War, 2.200) അഭിപ്രായത്തിൽ യാക്കോബിന്റെ രക്തസാക്ഷിത്വം മിശിഹാവർഷം 62-ഓടുകൂടിയാവണം. എന്നാൽ ഹെഗേസിപ്പൂസിന്റെ അഭിപ്രായത്തിൽ (കാണുക, എവുസേബിയൂസ്, തിരുസഭാചരിത്രം, 2:23-18) മിശിഹാവർഷം 67 ഓടുകൂടിയാണത്. ലേഖനം അറുപതുകളിൽ എഴുതപ്പെട്ടു എന്നുമാത്രമേ നമുക്കു പറയാനാവൂ. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതപ്പെട്ട ഹെർമാസിന്റെ ഇടയൻ എന്ന ശ്ലൈഹികപിതാക്കന്മാരുടെ ഗ്രന്ഥം യാക്കോബിന്റെ ലേഖനത്തെ ഏറെ ആശ്രയിക്കുന്നുണ്ട്.

## പന്ത്രണ്ടു ഗോത്രങ്ങൾക്ക്

വിജാതീയരുടെ ഇടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്ക് അഭിവാദനം അർപ്പിച്ചുകൊണ്ടാണ് വി. യാക്കോബ് ലേഖനം ആരംഭിക്കുന്നത്. പന്ത്രണ്ടു ഗോത്രങ്ങൾ എന്ന പ്രയോഗം പഴയനിയമത്തിലെ യാക്കോബിന്റെ സന്തതിപരമ്പരയിൽപ്പെട്ട പന്ത്രണ്ടു ഗോത്രങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. ആ പഴയനിയമ ജനതയുടെ തുടർച്ചയും പൂർത്തീകരണവുമായാണ് വി. യാക്കോബ് പുതിയനിയമ ദൈവജനത്തെ വീക്ഷിക്കുന്നത്. പഴയനിയമ യാക്കോബിന്റെ പന്ത്രണ്ടു മക്കളുടെ സ്ഥാനത്താണല്ലോ പന്ത്രണ്ടു ശ്ലീഹന്മാർ. പുതിയനിയമ ദൈവജനമായ ക്രൈസ്തവർക്കെഴുതുന്നതിനു യാക്കോബ് ശ്ലീഹായ്ക്കുള്ള ആധികാരികത കൂടി വ്യംഗ്യമായി സൂചിപ്പിക്കപ്പെടുന്നുണ്ടിവിടെ.

വിജാതീയർക്കിടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കാണല്ലോ വി. യാക്കോബ് എഴുതുന്നത്. അക്രൈസ്തവരായ ജനതകൾക്കിടയിൽ ജീവിക്കുന്ന ലോകമെമ്പാടുമുള്ള വിശ്വാസികളെയാണ് അദ്ദേഹം ലക്ഷ്യം വയ്ക്കുന്നത്. വിജാതീയർ സത്യദൈവത്തെ അറിയുന്നതിനു ചിതറിക്കപ്പെട്ട യഹൂദരുടെ സാന്നിദ്ധ്യം അവസരമൊരുക്കിയതുപോലെ, ചിതറിപ്പാർക്കുന്ന ക്രൈസ്തവരിലൂടെ മറ്റുമതവിശ്വാസികൾ സത്യദൈവത്തെ അറിയാനിടയാവട്ടെ എന്ന ആശംസയും ഇവിടെയുണ്ട്.

യാക്കോബിന്റെ ലേഖനത്തിലെ ആമുഖവചനങ്ങൾ മറ്റു പുതിയനിയമ ലേഖനങ്ങളിലെ ആമുഖങ്ങളോടു സദൃശമെന്നു തോന്നാമെങ്കിലും വളരെയേറെ വ്യത്യസ്തതയുള്ള ലേഖനമാണ് ഇത്. ഈ ലേഖനത്തിന്റെ സ്വീകർത്താക്കൾ ആരാണെന്നു വ്യക്തമല്ല. ആരാണു ലേഖനകർത്താവ് എന്നുള്ളതും അവ്യക്തമാണ്. ആധികാരികതയോടെയാണു സംസാരിക്കുന്നതെങ്കിലും അദ്ദേഹത്തിനു സമൂഹത്തോടു വ്യക്തിപരമായ എന്തെങ്കിലും ബന്ധമുണ്ടെന്നതിനുള്ള സൂചനയും ലേഖനത്തിലില്ല. മറ്റു ലേഖനങ്ങളിലേതുപോലുള്ള ഉപസംഹാരവും ഈ ലേഖനത്തിൽ ഇല്ല. ഏതെങ്കിലും ഒരു പ്രത്യേക പ്രശ്നത്തെയോ സാഹചര്യത്തെയോ അഭിസംബോധന ചെയ്യുന്നില്ല എന്നതും ഈ ലേഖനത്തിന്റെ പ്രത്യേകതയാണ്. ലേഖനത്തിന്റെ പൊതുപ്രമേയമായി ഒരു വിഷയം ചൂണ്ടിക്കാണിക്കാനും എളുപ്പമല്ല. എന്നും ഏതു സഭയിലും ഒരുപോലെ പ്രസക്തമായ പല വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. അതുകൊണ്ടുതന്നെ ഇന്നും ഈ കാതോലിക അഥവാ സാർവത്രിക ലേഖനത്തിനു പ്രാധാന്യമുണ്ട്.

## ലേഖനഘടന

വി. യാക്കോബിന്റെ ലേഖനത്തിലെ ഒന്നാം അദ്ധ്യായം ലേഖനം മുഴുവന്റെയും പ്രമേയം അവതരിപ്പിക്കുന്നുണ്ട്. ഈ അദ്ധ്യായത്തിന്റെ ഘടന ഗ്രഹിച്ചാൽ ലേഖനം മുഴുവന്റെയും ഘടന മനസ്സിലാക്കാൻ എളുപ്പമാകും. ആദ്യവാചകം ലേഖനകർത്താവിന്റെ സ്വയം പരിചയപ്പെടുത്തലും ആരെ ഉദ്ദേശിച്ചാണു എഴുതുന്നത് എന്ന വസ്തുതയും പ്രാരംഭാശംസയും ഉൾക്കൊള്ളുന്നു. തുടർന്നുള്ള ഭാഗത്തു താഴെ പറയുന്ന ക്രമം കാണുവാൻ സാധിക്കും.

A 1:2-4 വിശ്വാസപരീക്ഷകൾ

B 1:5-8 വിശ്വാസത്തിലെ ഇരട്ടത്താപ്പ്

C 1:9-16 ജീവന്റെ കിരീടത്തെക്കുറിച്ചുള്ള വാഗ്ദാനം

D 1:17-18 സത്യത്തിന്റെ വചനത്തിലൂടെ വിശ്വാസജീവിതത്തിലേക്ക്

C' 1:19-21 രക്ഷാകരമായ വചനം

B' 1:22-25 വചനവുമായി ബന്ധപ്പെട്ട ഇരട്ടത്താപ്പ്

A' 1:26-27 വിശ്വാസജീവിതം

വിശ്വാസജീവിതമാണ് മുഖ്യപ്രമേയമെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാകും. വിശ്വാസ ജീവിതത്തിലുണ്ടാകുന്ന പരീക്ഷകളെക്കുറിച്ചു പരാമർശിച്ചുകൊണ്ട് ആരംഭിക്കുന്ന അദ്ധ്യായം (A) വിശ്വാസത്തിന്റെ പ്രായോഗിക മാനം ചൂണ്ടിക്കാണിച്ചുകൊണ്ട് അവസാനിക്കുന്നു (A'). ഈശോയിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുകയും ദൈവിക വാഗ്ദാനങ്ങളെക്കുറിച്ചു സംശയിക്കുകയും ചെയ്യുന്നത് ഇരട്ടത്താപ്പു നയമാണ് (B). സ്വീകരിക്കുന്ന വചനമനുസരിച്ചു ജീവിക്കാതിരിക്കുന്നതും ഇരട്ടത്താപ്പുതന്നെ (B'). വിശ്വാസപരീക്ഷകളിൽ വീഴാതെ ഉറച്ചു നില്ക്കുന്നവർക്ക് നിത്യജീവന്റെ കിരീടം ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു (C). ഈ വാഗ്ദാനം നമുക്കു ലഭിച്ചിരിക്കുന്നത് യഥാർത്ഥ വചനമായ ഈശോമിശിഹായിലൂടെയാണ്. ഈ വചനം നമ്മുടെ ആത്മാക്കളെ രക്ഷിക്കുവാൻ ശക്തിയുള്ളതാണ് (C').

അദ്ധ്യായത്തിന്റെ കേന്ദ്രഭാഗത്ത് ക്രൈസ്തവാസ്തിത്വത്തിന്റെ അടിസ്ഥാനം അവതരിപ്പിക്കുന്നു (D). സത്യത്തിന്റെ വചനത്തിലൂടെ പുതിയൊരു ജീവിതത്തിലേക്കുള്ള ജനനമാണിത്. വിശ്വാസിസമൂഹത്തിൽ നിലനില്ക്കുന്ന വിവിധങ്ങളായ പരീക്ഷകളെക്കുറിച്ചു പരാമർശിച്ചുകൊണ്ട് ആരംഭിക്കുന്ന യാക്കോബ്ശ്ലീഹാ അവയെ വിശ്വാസത്തിന്റെ മാറ്റു തെളിയിക്കുന്നതിനുള്ള അവസരങ്ങളായാണ് വിശദീകരിക്കുന്നത്. അവയെ വിജയകരമായി തരണം ചെയ്താൽ, ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം ഉറപ്പാണ്. ഈ കിരീടം പ്രാപിക്കുന്നതിനു സഹായകമായ മനോഭാവങ്ങളും മാർഗങ്ങളും നിർദ്ദേശിക്കുകയാണ് ശ്ലീഹാ ലേഖനത്തിലുടനീളം. ഈ പ്രബോധനങ്ങൾക്കെല്ലാം അടിസ്ഥാനം നവജന്മം നല്കുന്ന സത്യത്തിന്റെ





വചനമാണ്. ദൈവപുത്രനും മിശിഹായുമായ നസ്രായനായ ഈശോയാണ് ഈ വചനം. ക്രൈസ്തവന്റെ പുതുജന്മം വചനത്തിൽ നിന്നാകയാൽ ജീവിതവും വചനാധിഷ്ഠിതമാകണമെന്നു ശ്ലീഹാ സ്ഥാപിക്കുന്നു. വചനം ശ്രവിക്കുന്നവരും അനുദിനജീവിതത്തിൽ അതു പ്രാവർത്തികമാക്കുന്നവരും ആകണം എന്നു സാരം. ഈ വചനത്തിന്റെ കാതലാകട്ടെ, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നതാണ്. ഇതിനെ സ്വാതന്ത്ര്യത്തിന്റെ, പരിപൂർണതയുടെ നിയമം എന്നാണു യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്. യഥാർത്ഥ ദൈവഭക്തി അഥവാ വിശ്വാസജീവിതം ഈ നിയമത്തിന്റെ പ്രാവർത്തികമാക്കലിനെ ആശ്രയിച്ചാണിരിക്കുന്നത്. 1:26-27 ൽ ഇതാണു വിവരിക്കപ്പെടുന്നത്. ഈ നിയമപ്രകാരം നാവിനെ നിയന്ത്രിക്കുന്നതും സമൂഹത്തിൽ ക്ലേശമനുഭവിക്കുന്നവരുടെ വേദനയകറ്റാൻ സാധിക്കുന്നതൊക്കെ ചെയ്യുന്നതും അനാഥരെയും വിധവകളെയും അവരുടെ ദുരിതങ്ങളിൽ സഹായിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ വിശ്വാസജീവിതം. ലോകത്തിന്റെ കളങ്കമേശാതെ ജീവിക്കുന്നതും ഇതിന്റെ ഭാഗമാണ്. ഇപ്രകാരമുള്ള ജീവിതം വിശ്വാസ പരീക്ഷകളെ വിജയകരമായി തരണം ചെയ്യാൻ ഒരുവനെ പ്രാപ്തനാക്കും. തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ ഈ മുന്നാശയങ്ങളാണ് വിശകലനം ചെയ്യപ്പെടുന്നത്. അതിന്റെ ഘടന താഴെകാണുംവിധം അവതരിപ്പിക്കാം. വിശ്വാസജീവിതത്തിന്റെ പ്രായോഗികമാനങ്ങളാണ് ഇവിടെ വിശദീകരിക്കപ്പെടുന്നത്.

2:1-13 സ്നേഹത്തിന്റെ നിയമപ്രകാരം പാവങ്ങളോടു പരിഗണന കാണിക്കേണ്ടതിന്റ ആവശ്യകത

2:14-26 വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധം

3:1-12 നാവിന്റെ ദുരുപയോഗം മൂലമുണ്ടാകുന്ന പാപങ്ങൾ

3:13-18 ദൈവികജ്ഞാനവും ഭൗമിക ജ്ഞാനവും

4:1-10 ലോകമൈത്രി - ദൈവത്തോടുള്ള ശത്രുത

4:11-12 വിധിക്കുന്നതിനെക്കുറിച്ച്

4:13-17 ദൈവം മനസ്സാകുന്നെങ്കിൽ

5:1-6 സാമൂഹികനീതി

5:7-11 പ്രത്യാശയോടെ കാത്തിരിക്കുക

5:12 ആണയിടരുത്

5:13-18 അനുരഞ്ജന - രോഗീലേപന കൂദാശകൾ

5:19-20 ലേഖനത്തിനുള്ള പ്രചോദനത്തെപ്പറ്റി പരോക്ഷപരാമർശം

പഴയനിയമത്തിൽ പ്രഭാഷകനും പുതിയ നിയമത്തിൽ പൗലോസ് ശ്ലീഹായും അവലംബിക്കുന്ന ധാർമ്മികോപദേശശൈലി (paraenesis: 1 തെസ 4:1-12; 5:1-22; ഗലാ 5:1-6:10 കൊളോ 3:1-4:5 റോമ 12-13 ഹെബ്രാ 13) യാണ് യാക്കോബും സ്വീകരിക്കുന്നത്. മദ്ധ്യമപുരുഷ സർവനാമം ഉപയോഗിച്ചുള്ള ഉപദേശങ്ങളാണവയിലധികവും. എതിരാളിയോടു വാദപ്രതിവാദത്തിലേർപ്പെടുന്ന ഒരു പ്രസംഗകന്റെ ശൈലിയും (diatribe) ഇടയ്ക്കു കാണാം. തന്റെ ധാർമ്മിക നിലപാടു സ്ഥാപിക്കുന്നതിനുവേണ്ടി

എതിരാളിയുടെ വാദഗതികൾതന്നെ ഉദ്ധരിച്ചും അതിനെ ഖണ്ഡിച്ചും കേൾവിക്കാരെ സ്വന്തപക്ഷത്തുചേർത്തു നിർത്താനുള്ള ശ്രമമാണ് ഈ ശൈലിയുടെ പ്രത്യേകത (റോമാ 3:1-8 കാണുക). ഗ്രീക്കു ഭാഷയും ശൈലികളും നല്ലവശമുള്ള വ്യക്തിയാണു ലേഖനകർത്താവ്. വ്യാഖ്യാനം ആവശ്യമില്ലാത്തതരത്തിൽ അത്ര ലളിതവും ഋജുവുമാണ് യാക്കോബിന്റെ ഭാഷ.

ലേഖനത്തിന്റെ ഉള്ളടക്കം, യഹൂദ-ക്രൈസ്തവ പശ്ചാത്തലം വ്യക്തമാക്കുന്നതാണ്. യഹൂദമതവും ക്രിസ്തുമതവും തമ്മിലുള്ള ബന്ധം ഈ ലേഖനത്തിൽ വളരെ പ്രകടമാണ്. ഈ ലേഖനത്തിലൂടെ കടന്നുപോകുമ്പോൾ നമ്മൾ പഴയനിയമകാലഘട്ടത്തിലാണോ പുതിയനിയമകാലഘട്ടത്തിലാണോ എന്നു സംശയം തോന്നും. അത്രമാത്രം സാമ്യം ഇവിടെ പ്രതിപാദിക്കപ്പെടുന്ന വിഷയങ്ങൾക്കു പഴയനിയമ വിഷയങ്ങളോടുണ്ട്. നിയമത്തെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല, പൂർത്തിയാക്കാനാണ് താൻ വന്നത് എന്നരുളിച്ചെയ്ത നസ്രായന്റെ പാതയിൽതന്നെയാണ് ഈ ലേഖനകർത്താവും.

## യാക്കോബ് 1:1, ആമുഖവാചകം

പുരാതന ലേഖനങ്ങളുടെ ശൈലിയാണ് യാക്കോബ് തുടരുന്നത്. എഴുതുന്ന ആളിനെയും സ്വീകർത്താക്കളെയുംകുറിച്ചു പരാമർശിച്ചുകൊണ്ട് അദ്ദേഹം ആരംഭിക്കുന്നു. ആശംസാവചനങ്ങളും ഈ പൊതുശൈലിയുടെ ഭാഗമാണ്. വായനക്കാർക്കു സുപരിചിതനായിരുന്നതുകൊണ്ട് അധികം വിശദീകരണങ്ങളില്ലാതെ, യാക്കോബ് എന്നു മാത്രം പറയുന്നു. ജറുസലേം സഭയുടെ തലവനും കർത്താവിന്റെ സഹോദരൻ എന്നറിയപ്പെട്ടിരുന്നവനുമായ യാക്കോബിനെ അറിയാത്തവർ ആദിമസഭയിൽ ഉണ്ടായിരുന്നില്ല. ദൈവത്തിന്റെയും നമ്മുടെ കർത്താവീശോമിശിഹായുടെയും ദാസൻ എന്ന് സ്വയം വിശേഷിപ്പിക്കാനാണദ്ദേഹം ഇഷ്ടപ്പെടുന്നത്. പഴയനിയമത്തിൽ ദൈവശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ടിരുന്ന ആരെയും ദൈവദാസർ എന്നു വിളിച്ചിരുന്നു. പ്രത്യേകിച്ച്, പൂർവപിതാക്കന്മാർ, പ്രവാചകർ തുടങ്ങി ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരുന്നവർ ദൈവദാസർ എന്നാണറിയപ്പെട്ടിരുന്നത്. പുതിയനിയമത്തിൽ ഈ പദം താരതമ്യേന കുറവാണ്. വെളി 15:3 ൽ മോശയെ ദൈവദാസൻ എന്നു വിളിക്കുന്നുണ്ട്. വിശ്വാസികളെ ഉദ്ദേശിച്ചു പൊതുവായി 2 തിമോ 2:24; 1 പത്രോ 2:16; വെളി 7:3 തുടങ്ങിയ സ്ഥലങ്ങളിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും നേതൃസ്ഥാനത്തുള്ള ഒരു വ്യക്തിയെ സൂചിപ്പിക്കാനായി ഇവിടെയും തീത്തൂസ് 1:1 ലും മാത്രമേ ഉപയോഗിച്ചു കാണുന്നുള്ളൂ. സഭാനേതൃത്വത്തിലുള്ളവരെ ഉദ്ദേശിച്ച് ഈശോമിശിഹായുടെ ദാസൻ എന്ന പ്രയോഗമാണ് പൊതുവേ കാണുന്നത് (റോമാ 1:1; ഗലാ 1:10; ഫിലി 1:1 കൊളോ 4:12; 2 പത്രോ 1:1 യൂദാ 1).

ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കാണ് യാക്കോബ്ശ്ലീഹാ എഴുതുന്നത്. ഇസ്രായേൽ ജനം മുഴുവനെയും ഉദ്ദേശിച്ചാണ് പന്ത്രണ്ടു ഗോത്രങ്ങൾ എന്നു പൊതുവേ പറയാറ്. ഇത് പുതിയ ഇസ്രായേലായ





ക്രിസ്തുവിശ്വാസകളെ മുഴുവനും സൂചിപ്പിക്കുന്നു. പലസ്തീനായ്ക്കു വെളിയിൽ പാർത്തിരുന്ന യഹൂദരാണ് ചിതറിപ്പാർക്കുന്നവർ.

യാക്കോബ് എന്ന ഗ്രന്ഥകർത്താവിന്റെ പേര് പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ പ്രസക്തമാണല്ലോ. പൂർവപിതാവായ യാക്കോബ് പന്ത്രണ്ടു ഗോത്രങ്ങൾക്കു നല്കിയ അനുഗ്രഹത്തെ അനുസ്മരിപ്പിക്കുന്നതാണ് ചിതറിപാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കായുള്ള യാക്കോബിന്റെ ഈ ലേഖനം. പുതിയനിയമത്തിലും ഒന്നിലധികം യാക്കോബുമാർ പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. ഇതിൽ ഏതു യാക്കോബാണു ഗ്രന്ഥകർത്താവെന്നു വ്യക്തമാക്കാത്തതു ബോധപൂർവമായിരിക്കണം. ദൈവത്തിന്റെയും നമ്മുടെ കർത്താവായ ഈശോമിശിഹായുടെയും ദാസൻ എന്ന വിശേഷണവും പഴയനിയമ-പുതിയനിയമ ബന്ധം സൂചിപ്പിക്കുന്നതാണ്. ഇപ്രകാരമൊരു ലേഖനമെഴുതുന്നതിനു തനിക്കുള്ള ആധികാരികത വ്യക്തമാക്കാൻകൂടിയാണ് ഈ വിശേഷണം ചേർത്തിരിക്കുന്നത്. ദൈവദാസൻ എന്ന നിലയിൽ നിർവഹിക്കുന്ന ശുശ്രൂഷ സഹോദരോന്മുഖമാണ്. ദൈവത്തിന്റെ മനസ്സ് ദൈവജനത്തിനു വ്യാഖ്യാനിച്ചു നല്കുകയാണ് ദൈവദാസന്റെ കടമ. സ്വീകർത്താക്കളുടെ പ്രതികരണം എന്തുതന്നെയായിരുന്നാലും ധൈര്യപൂർവം ദൈവഹിതം ജനത്തെ അറിയിക്കുവാൻ ദൈവത്തിന്റെ വക്താവിനു ശക്തി ലഭിക്കുന്നത് താൻ ശുശ്രൂഷിക്കുന്നതു ദൈവത്തെയാണ് എന്ന ബോദ്ധ്യമാണ്.

## യാക്കോബ് 1:2-4, വിശ്വാസപരീക്ഷകൾ

വിവിധ പരീക്ഷകൾ ഉണ്ടാകുമ്പോൾ നിങ്ങൾ അധികമായി സന്തോഷിക്കുവിൻ (1:2) എന്ന ആഹ്വാനത്തോടെയാണ് ലേഖനം ആരംഭിക്കുന്നത്. പരീക്ഷകളുടെ സ്വഭാവത്തെക്കുറിച്ചു പരാമർശിക്കാതെ വളരെ പൊതുവായി മാത്രമാണ് സംസാരിക്കുന്നത്. 12-ാം വാക്യത്തിൽ സൂചിപ്പിക്കുന്ന തരത്തിലുള്ള ബാഹ്യമായ പരീക്ഷണങ്ങളാണോ 13-14 വാക്യങ്ങളിലേതുപോലെ ആന്തരിക പ്രലോഭനങ്ങളാണോ എന്നു വ്യക്തമല്ല. രണ്ടായാലും ക്രിസ്ത്യാനികളെ സംബന്ധിച്ച് പരീക്ഷകൾ ഏതുവിധേനയും ഒഴിവാക്കപ്പെടേണ്ടവയല്ല; മറിച്ച്, വിശ്വാസവളർച്ചയ്ക്കുപകരിക്കുന്ന അവസരങ്ങളാണ് എന്നു പഠിപ്പിക്കുകയാണ് യാക്കോബിന്റെ ലക്ഷ്യം. സന്തോഷത്തെക്കുറിച്ചുള്ള സാധാരണ മനുഷ്യന്റെ ചിന്തയിൽ പരീക്ഷണങ്ങൾക്കോ ക്ലേശങ്ങൾക്കോ സ്ഥാനമില്ല. അവയില്ലാതിരിക്കുന്ന അവസ്ഥയെയാണ് പൊതുവേ സന്തോഷമായി കരുതാറ്. എന്നാൽ, ക്രിസ്തുവിശ്വാസിയെ സംബന്ധിച്ച് അങ്ങനെയല്ല. അവന്റെ ജീവിതത്തിനർത്ഥവും ലക്ഷ്യവുമുണ്ടാകുന്നത് മിശിഹായുടെ മനോഭാവം ഉണ്ടാകുമ്പോഴാണ്. അവിടുത്തേക്കു പരീക്ഷകളോടുണ്ടായിരുന്ന സമീപനമാണ് അവിടുത്തെ ശിഷ്യനുമുണ്ടാകേണ്ടത് എന്നാണ് യാക്കോബ് ഉദ്ബോധിപ്പിക്കുന്നത്. ക്രിസ്തുശിഷ്യനാകുന്നതുകൊണ്ട് ആരും സഹനങ്ങൾക്ക് അതീതനാകുന്നില്ല. പരീക്ഷകളെ വ്യത്യസ്ത കണ്ണുകളോടെ വീക്ഷിക്കാനും അവയിൽനിന്നു ഫലം നേടാനും സഹായിക്കുന്നു എന്നതാണു ക്രൈസ്തവ വിശ്വാസത്തിന്റെ പ്രത്യേകത.

## യാക്കോബ് 1:5-8, വിശ്വാസത്തിലെ ഇരട്ടത്താപ്പ്

വിശ്വാസസ്ഥിരതയോടെ പരീക്ഷകളെ അതിജീവിക്കുവാൻ ദൈവികജ്ഞാനം ആവശ്യമാണ്. കാരണം, ഈ ജ്ഞാനമാണ് മനുഷ്യന് ആത്യന്തികമായി ഉപകാരപ്രദമായുള്ളത് എന്തെന്നു മനസ്സിലാക്കിത്തരുന്നത്. അതുകൊണ്ടാണ്, നിങ്ങളിൽ ജ്ഞാനം കുറവുള്ളവർ ദൈവത്തോടു ചോദിക്കട്ടെ (1:5) എന്നു യാക്കോബ് ഉപദേശിക്കുന്നത്. ജ്ഞാനത്തിന്റെ ഗ്രന്ഥത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: മനുഷ്യരുടെ മദ്ധ്യേ ഒരുവൻ പരിപൂർണനെങ്കിലും അങ്ങിൽനിന്നു വരുന്ന ജ്ഞാനമില്ലെങ്കിൽ അവൻ ഒന്നുമല്ല (ജ്ഞാനം 9:6). ദൈവികദാനമായ ഈ ജ്ഞാനമാണ് വിശ്വാസിയുടെ ജീവിതം പൂർണവും കുറ്റമറ്റതും ഒന്നിലും കുറവില്ലാത്തതുമാക്കുന്നത്.

വിജ്ഞാനം ദൈവികദാനമായതിനാൽ ദൈവത്തിൽനിന്നു ചോദിച്ചുവാങ്ങേണ്ടതാണത്. തന്നോടു ചോദിക്കുന്നവർക്ക് ഒന്നും നിരസിക്കാത്ത ദൈവം നിശ്ചയമായും ജ്ഞാനം ആഗ്രഹിക്കുന്നവർക്ക് അത് ഉദാരമായി നല്കും. ദൈവികനന്മയിലും വിശ്വസ്തതയിലും സംശയിക്കാതെ ചോദിക്കണമെന്നു മാത്രം. വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ ഫലസിദ്ധിയെക്കുറിച്ച് ഈശോതന്നെ അരുളിച്ചെയ്യുന്നു: ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, നിങ്ങൾക്കു തുറന്നു കിട്ടും. കാരണം, ചോദിക്കുന്നവനു ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറന്നുകിട്ടുകയും ചെയ്യുന്നു. അപ്പം ചോദിച്ചാൽ മകനു കല്ലുകൊടുക്കുന്ന ആരെങ്കിലും നിങ്ങളിലുണ്ടോ? അല്ലെങ്കിൽ, മത്സ്യം ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കുവാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ തന്നോടു ചോദിക്കുന്നവർക്ക് നിങ്ങളുടെ സ്വർഗീയ പിതാവ് എത്രയധികം നന്മകൾ നല്കും? (മത്താ 7:7-11). നന്മ ചോദിക്കുന്നവർക്ക് അതു നിരസിക്കാത്തവനാണ് ദൈവം. വി. ലൂക്കായുടെ ഭാഷ്യമനുസരിച്ച് ഈ നന്മ പരിശുദ്ധറൂഹായുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ നമ്മൾ വായിക്കുന്നു: നിങ്ങളുടെ സ്വർഗീയ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് സ്വർഗത്തിൽനിന്ന് എത്രയോ അധികമായി പരിശുദ്ധാത്മാവിനെ നല്കും (ലൂക്കാ 11:13). ലൂക്കായുടെ വീക്ഷണമനുസരിച്ചു തന്നോടു ചോദിക്കുന്നവർക്കു ദൈവം പ്രദാനം ചെയ്യുന്നതു പരിശുദ്ധാരൂപിയെയാണ്. മനുഷ്യനാവശ്യമായ നന്മകൾ നല്കുമെന്നു മത്തായി എഴുതുമ്പോൾ, ഈ നന്മ പരിശുദ്ധറൂഹാ തന്നെയാണെന്നു ലൂക്കാ വ്യാഖ്യാനിക്കുന്നു. ജ്ഞാനം പരിശുദ്ധാരൂപിയുടെ ദാനങ്ങളിലൊന്നാണല്ലോ (എഫേ 1:17). നിങ്ങളിൽ ജ്ഞാനം കുറഞ്ഞവർ, തന്നോടു ചോദിക്കുന്നവർക്ക് ഒന്നും നിരസിക്കാതെ, ഉദാരമായി കൊടുക്കുന്ന ദൈവത്തോടു പ്രാർത്ഥിക്കട്ടെ എന്ന യാക്കോബ്ശ്ലീഹായുടെ ഉപദേശം ഈ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തമാകുന്നു.

ദൈവത്തിന്റെ പിതൃതുല്യമായ മഹാമനസ്ക്കതയിൽ സംശയിക്കുന്നവരെ കാറ്റത്തിളകുന്ന കടലിലെ തിരമാലയോടാണു വി. യാക്കോബ് താരതമ്യപ്പെടുത്തുന്നത് (യാക്കോ 1:6). തങ്ങളുടെ പ്രവർത്തനങ്ങളിൽ എപ്പോഴും ചഞ്ചലചിത്തരായ ഇക്കൂട്ടർക്ക് കർത്താവിൽനിന്ന് എന്തെങ്കിലും പ്രതീക്ഷിക്കാൻ വകയില്ല എന്നും ശ്ലീഹാ കൂട്ടിച്ചേർക്കുന്നു (യാക്കോ 1:7-8). ദൈവികനന്മയിലും ഔദാര്യത്തിലുമുള്ള അടിയുറച്ച വിശ്വാസത്തോടെ വേണം അവിടുത്തോടു പ്രാർത്ഥിക്കാൻ. ദൈവികകാരുണ്യത്തെക്കുറിച്ചു സംശയിക്കുന്നവർക്ക് ദൈവാനുഗ്രഹമുണ്ടാവില്ല. വിശ്വാസത്തോടെയുള്ള പ്രാർത്ഥന മാത്രമേ ദൈവസന്നിധിയിൽ സ്വീകാര്യമാവുകയുള്ളൂ എന്നു യാക്കോബ് വ്യക്തമാക്കുന്നു. നിങ്ങൾക്കു ലഭിക്കുമെന്നു വിശ്വസിക്കുവിൻ. അപ്പോൾ അതു ലഭിക്കുകതന്നെ ചെയ്യും (മർക്കോ 11:27) എന്ന നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തിന്റെ പിൻബലത്തിലാണ് ശ്ലീഹാ പഠിപ്പിക്കുന്നത്.

ഹെർമാസിന്റെ ഇടയനിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: ‘‘സംശയമനഃസ്ഥിതി ദൂരെയകറ്റുക. പ്രത്യേകിച്ച് ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ അല്പംപോലും സംശയിക്കാൻ പാടില്ല. ‘ദൈവത്തിനെതിരേ നിരവധി പാപങ്ങൾ ചെയ്തുകൂട്ടിയ ഞാൻ എങ്ങനെ അവിടുത്തോട് എന്തെങ്കിലും ചോദിക്കുകയും സ്വീകരിക്കുകയും ചെയ്യും’ എന്നു പറയരുത്. ഇപ്രകാരം ചിന്തിക്കുവാൻ പാടില്ല. പിന്നെയോ പൂർണഹൃദയത്തോടെ കർത്താവിങ്കലേക്കു തിരിയുകയും മടി കൂടാതെ അവിടുത്തോടു ചോദിക്കുകയും ചെയ്യുക. അപ്പോൾ അവിടുത്തെ അത്ഭുതാവഹമായ കരുണ നിങ്ങൾ മനസ്സിലാക്കും. കാരണം, അവിടുന്നു നിന്നെ ഉപേക്ഷിക്കുകയോ നിന്റെ ആത്മാവിന്റെ അഭിലാഷം തള്ളിക്കളയുകയോ ഇല്ല. വിരോധം മനസ്സിൽവച്ചുകൊണ്ടിരിക്കുന്ന മനുഷ്യരെപ്പോലെയല്ല അവിടുന്ന്. അവിടുന്നിൽ തിന്മയില്ല. തന്റെ സൃഷ്ടികളോട് അവിടുത്തേക്കു കരുണയുണ്ട്. അതുകൊണ്ട്, ഈ ലോകത്തിന്റെ വ്യർത്ഥമായവകളിൽനിന്നും തിന്മകളിൽനിന്നും നിന്റെ ഹൃദയത്തെ കഴുകി വെടിപ്പാക്കുക. അനന്തരം കർത്താവിനോടു ചോദിക്കുന്നതെന്തും നിനക്കു ലഭിക്കും. സംശയംകൂടാതെ കർത്താവിനോടു ചോദിക്കുന്നതെല്ലാം അവിടുന്നു സാധിച്ചുതരും. എന്നാൽ, നീ ഹൃദയത്തിൽ സംശയിച്ചാൽ നിന്റെ യാചനകളൊന്നും ശ്രവിക്കപ്പെടുകയില്ല’’ (ഒമ്പതാം കല്പന, 1-4).

**വിഭജിത ഹൃദയർ:** ദൈവിക നന്മയിലും ഔദാര്യത്തിലും വിശ്വാസമില്ലാത്ത ക്രൈസ്തവനെ വിഭജിത ഹൃദയൻ എന്നാണു യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (യാക്കോ 1:8). ക്രൈസ്തവൻ അസ്തിത്വത്താലെ ദൈവിക സ്വഭാവത്തിൽ വിശ്വസിക്കേണ്ടവനാണ്. ഈ വിശ്വാസമാണല്ലോ ഒരുവനെ ക്രൈസ്തവനാക്കുന്നതുതന്നെ. ക്രൈസ്തവനായിരിക്കെ ദൈവത്തിന്റെ അനന്തനന്മയിലും കാരുണ്യത്തിലും വിശ്വസിക്കാതിരിക്കുന്നതു ഹൃദയം വിഭജിതമായിരിക്കുന്നതുകൊണ്ടാണ്. ഹൃദയം കർത്താവിൽ ഉറച്ചു നില്ക്കാത്തതുമൂലം, അവൻ ചരിക്കുന്ന വഴികളിലൊന്നും അവന്റെ കാല് ഉറയ്ക്കുകയില്ല. ദൈവത്തിങ്കലേക്കു ദൃഷ്ടി തിരിക്കുകയും അവിടുത്തോട് അടുക്കുകയും ചെയ്യുക എന്നതാണ് ഇതിനെ അതിജീവിക്കാനുള്ള ഏകപോംവഴി. ലേഖനത്തിന്റെ അവസാനഭാഗത്ത് യാക്കോബ് ഇപ്രകാരം ഉപദേശിക്കുന്നു: ‘‘നിങ്ങൾ ദൈവ

സാർവ്വത്രിക ലേഖനങ്ങൾ

ത്തോട് അടുക്കുവിൻ. അവൻ നിങ്ങളോടും അടുക്കും. പാപികളെ നിങ്ങളുടെ കരങ്ങൾ ശുദ്ധമാക്കുവിൻ. ഇരട്ടത്താപ്പുകാരെ, ഹൃദയശുദ്ധി വരുത്തുവിൻ'' (യാക്കോ 4:8).

പഴയനിയമത്തിൽ ലോത്തിന്റെ ഭാര്യയാണ് ഈ വിഭജിത ഹൃദയത്തിന്റെ മനുഷ്യാകാരം. ''ലോത്തിന്റെകൂടെ ഭാര്യയും ഇറങ്ങി പുറപ്പെട്ടെങ്കിലും ഒരു വ്യത്യസ്ത മനോഭാവം ഉണ്ടാവുകയും ഏകാഗ്രതയോടെ വർത്തിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുകയാൽ അവൾ ഒരടയാളമായി പരിണമിച്ചു. ഇരുമനസ്സുള്ളവരും ദൈവശക്തിയെ സംശയിക്കുന്നവരും വിധിയിലേക്ക് ആനീതരാകുമെന്നും തലമുറകൾക്കെല്ലാം ഒരു താക്കീതായി തീരുമെന്നും എല്ലാവരും മനസ്സിലാക്കുവാൻ അവൾ ഒരു ഉപ്പുതൂണായി തീരുകയും ഇന്നോളം നിലനില്ക്കുകയും ചെയ്യുന്നു'' (വി. ക്ലെമന്റ്, 1 കോറി 11:2; ഉല്പ 19).

മനസ്സിൽ സംശയിക്കുകയും തർക്കിക്കുകയും ചെയ്യുന്നവരാണ് വിഭജിതഹൃദയർ എന്നു ഹെർമസിന്റെ ഇടയനും സാക്ഷിക്കുന്നു (മൂന്നാം ദർശനം, 4:3). ഇവർക്കുള്ള നിർദ്ദേശം ഒന്നുമാത്രം: ''ചഞ്ചല ചിത്തരേ, നിങ്ങൾ ഉറപ്പായി കർത്താവിൽ വിശ്വസിക്കുവിൻ. കർത്താവ് എന്തിനും ശക്തനാണ്. തന്റെ കോപം നിങ്ങളിൽനിന്നു നീങ്ങും. എന്നാൽ, ഹൃദയത്തിൽ സംശയിക്കുന്നവർക്ക് അവൻ ദണ്ഡനങ്ങൾ അയയ്ക്കും'' (നാലാം ദർശനം, 2:6). ലക്ഷണം, ശകുനം, രാഹുകാലം തുടങ്ങിയവ നോക്കുന്നവരെ സമീപിച്ച് ഭാവികാര്യങ്ങളെപ്പറ്റി ആരായുന്നവരെയും വിഭജിത ഹൃദയരുടെ ഗണത്തിലാണ് ഹെർമാസിന്റെ ഇടയൻ ഉൾപ്പെടുത്തുന്നത് (പതിനൊന്നാം കല്പന, 2-13). ഒമ്പതാമത്തെ കല്പനയിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: ''ദൈവത്തോടുള്ള ബന്ധത്തിൽ ചാഞ്ചല്യം കാണിക്കുന്നവരാണ് വിഭജിതഹൃദയമുള്ളവർ. ഇക്കൂട്ടർക്കു ദൈവത്തിൽനിന്നൊന്നും ലഭിക്കുകയില്ല. വിശ്വാസത്തിൽ പൂർണരാകട്ടെ, കർത്താവിൽ വിശ്വാസം അർപ്പിച്ചുകൊണ്ടാണു പ്രാർത്ഥിക്കുന്നത്. സംശയം കൂടാതെയും അവിഭക്തഹൃദയത്തോടെയും ചോദിക്കുന്നതുകൊണ്ട് അവർ ചോദിക്കുന്നതെല്ലാം അവർക്കു ലഭിക്കും. വിഭജിത ഹൃദയമുള്ളവർ അനുതപിക്കുന്നില്ലെങ്കിൽ രക്ഷപ്പെടുക പ്രയാസമുള്ള കാര്യമാണ്. അതുകൊണ്ട് വിഭക്തമായ ഉദ്ദേശ്യത്തിൽനിന്നു നിന്റെ ഹൃദയത്തെ ശുദ്ധീകരിക്കുക. വിശ്വാസം ശക്തമാകയാൽ അതു ധരിക്കുക. യാചിക്കുന്നതൊക്കെയും ദൈവം തരുമെന്നു വിശ്വസിക്കുകയും ചെയ്യുക. കർത്താവിനോട് എന്തെങ്കിലും ചോദിച്ചിട്ട് ലഭിക്കാൻ താമസിച്ചാൽ, അതിന്റെ പേരിൽ സംശയിക്കരുത്. നിന്റെ യാചനകൾക്കുള്ള മറുപടി സാവധാനമായി പോകുന്നത് ഏതെങ്കിലും പരീക്ഷകൾ മൂലമോ നീ തന്നെയും ഓർമ്മിക്കാത്ത ഏതെങ്കിലും തെറ്റുമൂലമോ ആകാം. അതുകൊണ്ട് നിന്റെ പ്രാർത്ഥന നിർത്തിക്കളയരുത്. അതു ശ്രവിക്കപ്പെടും. നിന്റെ പ്രാർത്ഥനയിൽ മനസ്സു മടുക്കുകയും സംശയിക്കുകയും ചെയ്താൽ, നീ ദാതാവിനെയല്ല, നിന്നെത്തന്നെയാണ് കുറ്റപ്പെടുത്തേണ്ടത്. വിഭജിതഹൃദയത്തിനെതിരേ ജാഗരൂകരായിരിക്കണം. കാരണം, അതു ദുഷ്ടവും അർത്ഥശൂന്യവുമാണ്.





അത് അടിയുറച്ച വിശ്വാസികളെപ്പോലും വേരോടെ പിഴുതെറിയുന്നു. വിഭക്തഹൃദയം സാത്താന്റെ പുത്രിയാണ്. ദൈവദാസർക്ക് അതു വലിയ തിന്മ വരുത്തിവയ്ക്കുന്നു. ആയതിനാൽ, വിഭജിതഹൃദയത്തെ വെറുക്കുക. സുശക്തമായ വിശ്വാസം ധരിച്ച് അതിന്മേൽ വിജയം നേടുക. കാരണം, വിശ്വാസം എല്ലാം വാഗ്ദാനം ചെയ്യുന്നു. എല്ലാം പൂർത്തീകരിക്കുകയും ചെയ്യുന്നു. വിഭക്തമായ ഹൃദയമാകട്ടെ ദുർബലനായ പിശാചിൽനിന്നുള്ള ഭൗമികാരൂപിയാണ്. അതുകൊണ്ട്, ശക്തിയുള്ള വിശ്വാസത്തിനു കീഴ്പ്പെടുക. ശക്തിയില്ലാത്ത വിഭക്തോദ്ദേശ്യത്തിൽനിന്നകന്നു മാറുക, നീ ദൈവത്തിനായി ജീവിക്കും. ഇപ്രകാരമുള്ളവരെല്ലാം ദൈവത്തിനായി ജീവിക്കും'' (ഒമ്പതാം കല്പന, 5-12). ഇരുമനസ്സും ദ്വിജിഹ്വയും അരുത്. കാരണം, ഇരട്ടത്താപ്പ് മാരകമായ കെണിയാണ് (ഡിഡാക്കെ, 2:4) എന്നു ഡിഡാക്കെയിലും നമ്മൾ കാണുന്നു. ആർക്കും രണ്ടു യജമാനന്മാരെ സേവിക്കുക സാധ്യമല്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും. നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിക്കാൻ സാധിക്കുകയില്ല (മത്താ 6:24) എന്ന കർതൃവചനം തന്നെയാണ് വിഭജിത ഹൃദയത്തെക്കുറിച്ചുള്ള പ്രബോധനത്തിനു പിന്നിൽ.

## 1:9-16, ജീവന്റെ കിരീടത്തെക്കുറിച്ചുള്ള വാഗ്ദാനം

പരീക്ഷകളുണ്ടാകുമ്പോൾ സന്തോഷിക്കാൻ ലേഖനാരംഭത്തിൽ യാക്കോബ്ശ്ലീഹാ ഉപദേശിച്ചെങ്കിലും ആ പരീക്ഷകളുടെ സ്വഭാവത്തെക്കുറിച്ചു പരാമർശിക്കുന്നത് 9-11 വാക്യങ്ങളിലാണ്. സമ്പത്താണ് ഇവിടെ പരീക്ഷണ ഹേതുവായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ദരിദ്രനെയും ധനികനെയും സംബന്ധിച്ചു സമ്പത്ത് പരീക്ഷയാണ്: ദരിദ്രനെ സംബന്ധിച്ചു സമ്പത്തിന്റെ അഭാവവും ധനികനെ സംബന്ധിച്ചു സമ്പത്തിന്റെ ധാരാളിത്തവും. രണ്ടിടത്തും വിശ്വാസാനുസൃതം വർത്തിക്കുക എന്നതാണു ക്രൈസ്തവനു കരണീയം. ദൈവിക ജ്ഞാനമുള്ളവർക്കേ വിശ്വാസദൃഷ്ടിയോടെ സമ്പത്തിനെ നോക്കിക്കാണാനാവൂ.

സമ്പത്തു സംബന്ധമായതാണ് വിശ്വാസി സമൂഹം നേരിടുന്ന പരീക്ഷണമെന്നതിന് ലേഖനത്തിന്റെ ഇതര ഭാഗങ്ങളിലും സൂചനകളുണ്ട്. വിശ്വാസികൾക്കു ധനികരോടും ദരിദ്രരോടുമുണ്ടായിരിക്കേണ്ട മനോഭാവത്തെക്കുറിച്ചുള്ള പ്രബോധനവും (യാക്കോ 2:1-13) സമ്പന്നർ ദരിദ്രരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കേണ്ടതിന്റെ ആവശ്യകതയും (യാക്കോ 1:27; 2:14-17) മിഥ്യയായ സുരക്ഷിതത്വത്തിനെതിരേയുള്ള മുന്നറിയിപ്പും (യാക്കോ 4:13-16) കഠിനഹൃദയരായ ധനികർക്കെതിരേയുള്ള ഭീഷണിയും (യാക്കോ 5:1-6) ചില ഉദാഹരണങ്ങൾ മാത്രം.

സമ്പത്തിന്റെ ക്ഷണികത വ്യക്തമാക്കാൻ യാക്കോബ്ശ്ലീഹാ വയലിലെ പുല്ലിന്റെ പൂവാണ് സ്വീകരിക്കുന്നത്. പുല്ലിന്റെ പൂവിനു ഹ്രസ്വായുസ്സേയുള്ളൂ. എങ്കിലും പ്രഭാതത്തിൽ വിരിഞ്ഞുനില്ക്കുന്ന ഈ മനോഹര

പുഷ്പങ്ങൾ ആരുടെയും ഹൃദയത്തെ ആകർഷിക്കുന്നതാണ്. എന്നാൽ, മദ്ധ്യാഹ്ന സൂര്യന്റെ ചൂടേല്ക്കുമ്പോൾ പൂവിന്റെ ഭംഗി മങ്ങുകയും വൈകുന്നേരത്തോടെ അതുകൊഴിഞ്ഞുപോവുകയും ചെയ്യും. ഒരു ദിവസത്തെ ആയുസ്സേ സാധാരണ പുല്ലിലെ പൂവിനുണ്ടാകാറുള്ളൂ. ഈ ഹ്രസ്വായുസ്സിനോടാണ് സമ്പത്തിന്റെ ആകർഷകത്വത്തെ ശ്ലീഹാ ഉപമിക്കുന്നത്. ഭൗതികസമ്പത്ത് എത്ര ആകർഷകമാണെങ്കിലും അല്പായുസ്സ് അതിന്റെ സ്വഭാവത്തിലുള്ളതാണ്.

മനുഷ്യജീവിതത്തിന്റെ ക്ഷണികത വ്യക്തമാക്കാൻ ഏശയ്യാപ്രവാചകനും വയലിലെ പുല്ലും അതിന്റെ പൂവുമൊക്കെ ഉപയോഗിക്കുന്നുണ്ട്. ''ജഡം തൃണം മാത്രം; അതിന്റെ സൗന്ദര്യം വയലിലെ പുഷ്പംപോലെ ക്ഷണികവും. കർത്താവിന്റെ ശ്വാസമേല്ക്കുമ്പോൾ പുല്ലു കരിയുകയും പൂവു വാടിപ്പോവുകയും ചെയ്യും. മനുഷ്യൻ പുല്ലുമാത്രം'' (ഏശ 40:6-8). സങ്കീർത്തകനും ഇതേ ശൈലിതന്നെ അവലംബിക്കുന്നു: ''പ്രഭാതത്തിൽ മുളനീട്ടുന്ന പുല്ലുപോലെയാണവൻ. പ്രഭാതത്തിൽ അതു തഴച്ചു വളരുന്നു; സായാഹ്നത്തിൽ അതു വാടിക്കരിയുന്നു'' (സങ്കീ 90:5-6). ''മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്. വയലിലെ പൂവുപോലെ അതു വിരിയുന്നു; എന്നാൽ, കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു. അതു നിന്നിരുന്ന ഇടംപോലും അതിനെ ഓർക്കുന്നില്ല'' (സങ്കീ 103:15-16). ജോബിന്റെ പുസ്തകത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: ''സ്ത്രീയിൽനിന്നു ജനിക്കുന്ന മർത്യൻ അല്പായുസ്സാണ്; അവന്റെ ദിനങ്ങൾ ദുരിതം നിറഞ്ഞതും. അവൻ പുഷ്പംപോലെ വിരിയുന്നു; കൊഴിഞ്ഞുപോകുന്നു. അവൻ നിഴൽപോലെ കടന്നുപോകുന്നു. നിലനില്ക്കുന്നില്ല'' (ജോബ് 14:1-2). പഴയനിയമത്തിൽ പുല്ലും പൂവുമൊക്കെ മനുഷ്യജീവിതത്തിന്റെ നശ്വരതയെക്കുറിച്ചു പ്രതിപാദിക്കാൻ ഉപയോഗിക്കുമ്പോൾ, യാക്കോബ്ശ്ലീഹാ അവയെ സമ്പത്തിന്റെ ക്ഷണികത എടുത്തുകാണിക്കാനുള്ള മാധ്യമമായാണ് സ്വീകരിക്കുന്നത്.

**ജീവന്റെ കിരീടം ലക്ഷ്യംവച്ച്:** 1:2-4 ൽ അവതരിപ്പിച്ച പ്രമേയമായ പരീക്ഷകളിലേക്കു 1:12 ൽ തിരികെ പോകുന്നു. വിശ്വാസ സ്ഥിരതയോടെ, ദൈവികജ്ഞാനത്തോടെ പരീക്ഷകളെ അതിജീവിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടത്തെക്കുറിച്ച് അനുസ്മരിപ്പിച്ചുകൊണ്ട് ക്ഷമയോടെ അവയെ സഹിക്കുവാൻ ആഹ്വാനം ചെയ്യുന്നു. ഇതിനു സമാനമായ ഉപദേശം വി. പൗലോസ്ശ്ലീഹാ തിമോത്തയോസിനു നല്കുന്നുണ്ട്: ''ഈശോമിശിഹായുടെ ഉത്തമ പടയാളിയെപ്പോലെ കഷ്ടപ്പാടുകൾ സഹിക്കുക. തന്നെ തിരഞ്ഞെടുത്തവനെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി യുദ്ധം ചെയ്യുമ്പോൾ, ഒരുവനും മറ്റു കാര്യങ്ങളിൽ ശ്രദ്ധിക്കാറില്ല. നിയമാനുസൃതം മത്സരിക്കാത്ത കായികാഭ്യാസിക്കു കിരീടം ലഭിക്കുകയില്ല'' (2 തിമോ 2:5). വിശ്വാസി ഒരു പടയാളിയുടെ ശ്രദ്ധയോടെ, കായികാഭ്യാസിയുടെ ഏകാഗ്രതയോടെ വിജയകിരീടം ലക്ഷ്യമാക്കി ജീവിക്കണമെന്നു സാരം. വി. യോഹന്നാൻശ്ലീഹായ്ക്കുണ്ടായ ദർശനത്തിൽ സ്മിർണായിലെ സഭയ്ക്കു ലഭിച്ച സന്ദേശവും യാക്കോബിന്റേതിനു സമാ





നമാണ്. ''നീ സഹിക്കാനിരിക്കുന്നവയോർത്തു ഭയപ്പെടേണ്ട. നിങ്ങൾ പരീക്ഷിക്കപ്പെടാൻ തക്കവിധം ഇതാ, പിശാചു നിങ്ങളെ കാരാഗൃഹത്തിലാക്കാൻ പോകുന്നു. പത്തു ദിവസത്തേക്കു നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എന്നാൽ, മരണംവരെ വിശ്വസ്തനായിരുന്നാൽ, ജീവന്റെ കിരീടം നിനക്കു ഞാൻ തരും'' (വെളി 2:10).

**പരീക്ഷകളുടെ ഉറവിടം:** പ്രലോഭനങ്ങൾക്ക് ആരാണ് ഉത്തരവാദി? ദൈവം എനിക്കു വിശപ്പും ദാഹവും തന്നതുകൊണ്ടല്ലേ ഞാൻ ഭോജനപ്രിയനോ മദ്യപാനിയോ ആകുന്നത് എന്നു പറയുന്നവരുണ്ട്. ആരോഗ്യസംരക്ഷണത്തിന് ഭക്ഷണപാനീയങ്ങൾ ആവശ്യമാണ്. പരിധി ലംഘിക്കുമ്പോഴാണ് തിന്മയാകുന്നത്. മനുഷ്യനിൽ ദൈവം ലൈംഗികത നിക്ഷേപിച്ചിരിക്കുന്നതുകൊണ്ടല്ലേ അതിന്റെ ദുർവിനിയോഗത്തിനു സാധ്യതയുണ്ടാകുന്നത് എന്നു പറയുന്നവരോടും ഇതു തന്നെയാകും യാക്കോബിനു പറയാനുണ്ടാവുക. ഭാര്യാഭർതൃബന്ധത്തിലൂടെ ഭദ്രമായ കുടുംബങ്ങൾക്കു രൂപം നല്കാൻ ലൈംഗികത മനുഷ്യനെ സഹായിക്കുന്നു. ഈ ലക്ഷ്യം മനസ്സിലാക്കാതെ ഭാര്യാഭർതൃബന്ധത്തിനു വെളിയിൽ ലൈംഗികസിദ്ധി വിനിയോഗിക്കുമ്പോഴാണ് അതു തിന്മയിലേക്കു നയിക്കുന്നത്. ഇവിടെയെല്ലാം മനുഷ്യന്റെ ദുർമ്മോഹങ്ങളാണ് അവനെ വഴി തെറ്റിക്കുന്നത്. അതുകൊണ്ടാണ് യാക്കോബ് ഇപ്രകാരം എഴുതുന്നത്: പരീക്ഷിക്കപ്പെടുമ്പോൾ, താൻ ദൈവത്താലാണു പരീക്ഷിക്കപ്പെടുന്നതെന്ന് ഒരുവനും പറയാതിരിക്കട്ടെ. എന്തെന്നാൽ, ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല. അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമില്ല. ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നതു സ്വന്തം ദുർമ്മോഹങ്ങളാൽ വശീകരിക്കപ്പെട്ടു കുടുക്കിലാകുമ്പോഴാണ് (യാക്കോ 1:13-14). മാതാപിതാക്കളെയും പൂർവികരെയും ജനിച്ചുവളർന്ന സാഹചര്യങ്ങളെയും പഴിചാരി സ്വന്തം പ്രവൃത്തികളുടെ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞു മാറാൻ ശ്രമിക്കുന്നവർക്കു യാക്കോബ് നല്കുന്ന മറുപടിയാണിത്. സ്വാതന്ത്ര്യം നല്കിയാണു ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. നന്മയോ തിന്മയോ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം. ഈ തിരഞ്ഞെടുപ്പു പൂർണസ്വാതന്ത്ര്യത്തോടെയുള്ളതാകയാൽ പ്രവൃത്തിയുടെ ഉത്തരവാദിത്വവും വ്യക്തിക്കുള്ളതാണ്. ഈ ഉത്തരവാദിത്വം നിഷേധിക്കുന്നത് ആത്മീയ മരണമാണ്. അതുകൊണ്ടാണ് യാക്കോബ് തുടർന്ന് ഇപ്രകാരം എഴുതുന്നത്: ദുർമോഹം ഗർഭംധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ വളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു (1:15). നമ്മുടെ മോഹങ്ങളെയും താല്പര്യങ്ങളെയും വേണ്ടതരത്തിൽ നിയന്ത്രിക്കാൻ സാധിക്കാതെപോകുന്നതാണു തിന്മയിലേക്കും ആത്മീയ മരണത്തിലേക്കും വഴിതെളിക്കുന്നത്.

മനുഷ്യജീവിതത്തിലുണ്ടാകുന്ന പരീക്ഷകൾക്ക്, പ്രത്യേകിച്ചും വിശ്വാസതലത്തിലുള്ളവയ്ക്ക്, ദൈവമാണ് ഉത്തരവാദി എന്നൊരു തെറ്റിദ്ധാരണ ഉണ്ടാവുക സ്വാഭാവികമാണ് എന്നറിയാവുന്നതുകൊണ്ടാണ് യാക്കോബ് ശ്ലീഹാ ഇപ്രകാരമൊരു ഉപദേശം നല്കുന്നത്.

നന്മസ്വരൂപനായ ദൈവത്തിനു തിന്മയുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് തിന്മയിലേക്കു നയിച്ചേക്കാവുന്ന ഒരു സാഹചര്യത്തിലും അവിടുന്നു മനുഷ്യനെ ഉൾപ്പെടുത്തുകയുമില്ല. മനുഷ്യന്റെ നന്മ മാത്രമേ അവിടുത്തേക്കു കാംക്ഷിക്കാനാവൂ. പരീക്ഷകൾ തിന്മയിൽനിന്നാണ്. തിന്മയുടെ ശക്തികൾക്ക് അവിടുത്തെമേൽ യാതൊരു ആധിപത്യവുമില്ല. ആകയാൽ ദൈവം തിന്മകളാൽ പരീക്ഷിക്കുന്നില്ല.

പിന്നെ എന്തുകൊണ്ടാണ് നസ്രായനായ ഈശോമിശിഹാ പരസ്യ ജീവിതാരംഭത്തിൽ മരുഭൂമിയിൽവച്ചു നാല്പതു ദിവസം പിശാചിനാൽ പരീക്ഷിക്കപ്പെട്ടത് (മർക്കോ 1:12-13) എന്ന് ആരെങ്കിലും ചോദിച്ചേക്കാം. നസ്രായനായ ഈശോമിശിഹാ പൂർണ ദൈവമായിരുന്നതുപോലെ പൂർണമനുഷ്യനും ആയിരുന്നു. പാപമൊഴികെ മനുഷ്യന്റെ മറ്റെല്ലാ അനുഭവങ്ങളിലും അവിടുന്നു പങ്കുചേർന്നു എന്നാണു മരുഭൂമി പരീക്ഷകൾ സാക്ഷ്യപ്പെടുത്തുന്നത്. ഈ ഭൂമുഖത്തു ജീവിക്കുന്ന ഏതൊരു മനുഷ്യനെയുംപോലെ ഈശോയും എല്ലാത്തരം പരീക്ഷകൾക്കും വിധേയനായിരുന്നു. തന്നിൽ പ്രവർത്തിച്ചിരുന്ന പരിശുദ്ധറൂഹായുടെ ശക്തിയാലും ദൈവവചനത്തിന്റെ പിൻബലത്താലും പരീക്ഷകളെ അതിജീവിച്ച അവിടുന്നു നമുക്കു മാതൃകയും പ്രചോദനവുമാണ്. പൗലോസ്ശ്ലീഹാ കോറിന്തോസിലെ വിശ്വാസികൾക്കെഴുതുന്നു: "മനുഷ്യർക്കു സാധാരണമായി ഉണ്ടാവാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ കഴിവിന് അതീതമായ പ്രലോഭനങ്ങളുണ്ടാകാൻ ദൈവം നിങ്ങളെ കൈവിടുകയില്ല. മാത്രമല്ല, അവയിൽ നിന്നൊഴിഞ്ഞു മാറാനുള്ള മാർഗം കാണിച്ചുകൊണ്ട് അവ സഹിക്കാൻ അവൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും" (1 കോറി 10:13).

പ്രഭാഷകന്റെ പുസ്തകത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: "എന്റെ വീഴ്ചയ്ക്കു കാരണം കർത്താവാണെന്നു പറയരുത്. എന്തെന്നാൽ, താൻ വെറുക്കുന്നത് അവിടുന്നു ചെയ്യുകയില്ല. അവിടുന്നാണ് എന്നെ വഴി തെറ്റിച്ചത് എന്നു പറയരുത്; അവിടുത്തേക്കു പാപിയെ ആവശ്യമില്ല. എല്ലാ മ്ലേച്ഛതയും കർത്താവു വെറുക്കുന്നു. അവിടുത്തെ ഭക്തരും അത് ഇഷ്ടപ്പെടുന്നില്ല" (പ്രഭാ 15:11-14).

ദൈവം മനുഷ്യനെ പരീക്ഷിക്കുന്നില്ലെങ്കിൽ പിന്നെ എവിടെനിന്നാണ് പരീക്ഷകൾ ഉത്ഭവിക്കുന്നത്? ഓരോ മനുഷ്യന്റെയും ഉള്ളിൽനിന്നുതന്നെയാണ് പരീക്ഷകളുണ്ടാകുന്നത് എന്നാണു യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നത് (യാക്കോ 1:14). ബാഹ്യശക്തിയൊന്നുമല്ല പരീക്ഷകൾക്കു പിന്നിൽ; ശത്രു ഉള്ളിൽ തന്നെയാണ്. സ്വന്തം ദുർമോഹങ്ങൾ ഒരുവനെ വശീകരിച്ചു കുടുക്കിലാക്കുമ്പോഴാണ് പരീക്ഷകൾ മുളയെടുക്കുന്നത്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിലാണ് പരീക്ഷണകാരണം കണ്ടെത്തേണ്ടത് എന്നു പ്രഭാഷകന്റെ പുസ്തകത്തിൽ തുടർന്നു വരുന്ന ഭാഗത്തു വ്യക്തമാക്കപ്പെടുന്നുണ്ട്: "ആദിയിൽ കർത്താവു മനുഷ്യനെ സൃഷ്ടിച്ചു. അവനു സ്വാതന്ത്ര്യവും നല്കി. മനസ്സുവച്ചാൽ നിനക്കു കല്പനകൾ പാലിക്കാൻ സാധിക്കും. വിശ്വസ്തതാപൂർവം പ്രവർത്തിക്കണമോ





വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു നീയാണ്" (പ്രഭാ 15:14-15). ദൈവം മനുഷ്യനു സ്വാതന്ത്ര്യം നല്കി സൃഷ്ടിച്ചിരിക്കുന്നതിനാൽ നന്മയോ തിന്മയോ തിരഞ്ഞെടുക്കാൻ അവനു കഴിയും. മനുഷ്യൻ സ്വഭാവത്താലെ സ്വാർത്ഥനാകയാൽ ദുർമോഹങ്ങൾക്കു കീഴ്പ്പെട്ടു തിന്മ തിരഞ്ഞെടുക്കാനാണ് അവനു കൂടുതൽ താല്പര്യം.

മനുഷ്യസ്വഭാവത്തിലുള്ള ദുരാശയാണ് പരീക്ഷകളിൽ പരാജയത്തിനു ഹേതുവെന്നു സ്ഥാപിച്ച യാക്കോബ്ശ്ലീഹാ ഈ ദുരാശയുടെ പ്രവർത്തന രീതികൂടി വർണിക്കുന്നുണ്ട്: "ദുർമോഹം ഗർഭംധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (1:15). പരീക്ഷകളെ അതിജീവിക്കുന്നവർക്കു ജീവന്റെ കിരീടം ലഭിക്കുമ്പോൾ, അവയിൽ നിപതിക്കുന്നവരെ മരണമാണു കാത്തിരിക്കുന്നത്. ദുർമോഹം സ്വാർത്ഥപൂർണമാകയാൽ അതു സഹോദരനും ദൈവത്തിനുമെതിരായ പ്രവർത്തനങ്ങളിലേക്കു നയിക്കും. അത്തരം പ്രവർത്തനങ്ങളാണല്ലോ പാപം. പാപത്തിന്റെ ഫലം മരണവും. ലേഖനത്തിന്റെ അവസാനഭാഗത്ത് വീണ്ടും ഈ വിഷയത്തിലേക്കു ശ്ലീഹാ തിരിച്ചുവരുന്നുണ്ട്: "നിങ്ങളുടെയിടയിൽ യുദ്ധങ്ങളും കലഹങ്ങളും ഉണ്ടാകാൻ കാരണമെന്ത്? അതു നിങ്ങളിലുള്ള ദുരാശയല്ലേ? നിങ്ങൾ ആശിക്കുന്നു; എങ്കിലും ലഭിക്കുന്നില്ല. നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്യുന്നു. എങ്കിലും ഒന്നും നേടുന്നില്ല. നിങ്ങൾ കലഹിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു; എങ്കിലും ചോദിക്കാത്തതുകൊണ്ടു നിങ്ങൾക്ക് ഒന്നും ലഭിക്കുന്നില്ല. നിങ്ങൾ ചോദി ക്കുന്നു; എങ്കിലും കിട്ടുന്നില്ല. കാരണം, ദുരാശകളെ പോഷിപ്പിക്കാൻ ചീത്തയായവ നിങ്ങൾ ചോദിക്കുന്നു" (യാക്കോ 4:1-3). എപ്രകാരമാണ് ദുരാശ ഗർഭംധരിച്ചു പാപത്തെ പ്രസവിക്കുന്നതെന്നു വ്യക്തമാക്കുന്നതാണ് ഈ വാക്യങ്ങൾ. ഈ പാപം നിത്യനാശത്തിലേക്കു നയിക്കും. മനുഷ്യന്റെ ഉള്ളിൽനിന്നാണു പാപം ഉത്ഭവിക്കുന്നതെന്ന് ഈശോ തന്നെ പഠിപ്പി ച്ചിട്ടുണ്ട്: "വായിൽനിന്നു പുറത്തേക്കു വരുന്നവ ഹൃദയത്തിൽ നിന്നാണു പുറപ്പെടുക. അതാണ് മനുഷ്യനെ അശുദ്ധനാക്കുന്നത്. ദുശ്ചിന്തകൾ, വ്യഭിചാരം, കൊലപാതകം, വേശ്യാവൃത്തി, മോഷണം, കള്ള സാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു" (മത്താ 15:18-19).

പാപത്തെ ജനിപ്പിക്കുന്നതുകൊണ്ട് ദുരാശ തന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നില്ല. "പാപം പൂർണ വളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (1:15). ആദിമനുഷ്യനായ ആദത്തിന്റെ കഥ നമുക്കു വിവരിച്ചുതരുന്നതും ഇതുതന്നെയാണ്. ദൈവത്തെപ്പോലെയാകണം എന്ന ദുരാശയാണ് അവനെ പാപത്തിലേക്കു നയിച്ചത് (ഉത്പ 3). ഇതുമൂലം മനുഷ്യനു ദൈവിക സഹവാസം നഷ്ടമായി. അവൻ പറുദീസായിൽനിന്നു പുറത്തുമായി. "പാപം ചെയ്തു തുടങ്ങിയതോടെ അവൻ മരിച്ചും തുടങ്ങി. പാപം ചെയ്യുന്നവന്റെ ജീവൻ നശിക്കും" (എസ 18:4). മരണമാണു പാപത്തിന്റെ ഫലം.

പാപം മരണത്തിനു കാരണമായെങ്കിൽ ഈശോമിശിഹായുടെ മരണം പാപത്തെ വിജയിച്ചു. മിശിഹായോടൊപ്പം പാപത്തിനു മരിച്ചുകൊണ്ടാണ്

ഓരോ ക്രൈസ്തവനും നിത്യമരണത്തിൽനിന്നു രക്ഷപെടുന്നത് (റോമാ 6:1-23). കർത്താവിനോടൊപ്പം മരിക്കുകയും അവിടുത്തോടൊപ്പം ഉയിർക്കുകയും ചെയ്തുകൊണ്ട് ക്രൈസ്തവൻ പുതുജീവൻ പ്രാപിക്കുന്നു (1 കോറി 15:3). മിശിഹാരഹസ്യത്തിലുള്ള പങ്കുചേരലാണ് വിശ്വാസസ്ഥിരതയോടെ പരീക്ഷകളെ അതിജീവിക്കാൻ അവനെ പ്രാപ്തനാക്കുന്നത്.

താൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു പറയുന്നതിനെയാണ് മാർഗഭ്രംശമായി യാക്കോബ് കാണുന്നത്. ഇപ്രകാരം ചിന്തിക്കുന്നതു മാർഗഭ്രംശമാണ്; കാരണം, ദൈവത്തിൽനിന്നു നന്മയായുള്ളതു മാത്രമേ വരൂ.

## യാക്കോബ് 1:17-18, ദാനങ്ങളുടെ ഉറവിടം

ദൈവത്തിനു യാക്കോബ്ശ്ലീഹാ നല്കുന്ന വിശേഷണങ്ങൾ ശ്രദ്ധേയമാണ്. ഉത്തമവും പൂർണവുമായ എല്ലാ ദാനങ്ങളുടെയും ഉറവിടമാണവിടുന്ന്. അവിടുന്നാണു സ്രഷ്ടാവ്; അതുകൊണ്ടു തന്നെ സകല ദാനങ്ങളുടെയും ഉറവിടവും. ഉന്നതൻ, മഹോന്നതൻ തുടങ്ങിയ വിശേഷണങ്ങൾ വി.ഗ്രന്ഥത്തിൽ പലയിടങ്ങളിലും അവിടുത്തേക്കു നല്കുന്നുണ്ട്. ദൈവനാമം വ്യഥാവിൽ ഉപയോഗിക്കുന്നതു ഭയന്ന് യഹൂദർ പകരമായി സ്വർഗം, ഉന്നതം, ആകാശം തുടങ്ങിയ പദങ്ങളാണ് അവിടുത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കാറ്.

മാറ്റമോ മാറ്റത്തിന്റെ നിഴലോ ഇല്ലാത്തവനാണ് അവിടുന്ന്. സ്രഷ്ടാവായ ദൈവത്തെ സൃഷ്ടികളോടു താരതമ്യപ്പെടുത്തി അവിടുത്തെ മാഹാത്മ്യം വ്യക്തമാക്കുകയാണ് ശ്ലീഹാ. സൃഷ്ടവസ്തുക്കളുടെ പ്രത്യേകത അവ നിരന്തര മാറ്റത്തിനു വിധേയമാണ് എന്നതാണ്. അവയ്ക്കു നിത്യമായ ഒരു രൂപമില്ല, നിലനില്പ്പുമില്ല. എന്നാൽ, സ്രഷ്ടാവായ ദൈവം അങ്ങനെയല്ല. അവിടുത്തേക്കു മാറ്റത്തിന്റെ നിഴൽപോലുമില്ല. ദൈവത്തിനു മാറ്റമില്ലാത്തതുപോലെ അവിടുത്തെ വാഗ്ദാനങ്ങൾക്കും മാറ്റമില്ല എന്ന സൂചനയും ഇവിടെയുണ്ട്. "ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ എന്റെ വചനങ്ങൾ കടന്നുപോവുകയില്ല" (ലൂക്കാ 21:33) അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ. പരീക്ഷകളെ അതിജീവിക്കുന്നവർക്കുള്ള ജീവന്റെ കിരീടത്തെക്കുറിച്ച് അവിടുന്നു നല്കിയിരിക്കുന്ന വാഗ്ദാനത്തിനും മാറ്റമില്ല എന്നു സാരം.

ദൈവത്തിനു യാക്കോബ്ശ്ലീഹാ നല്കുന്ന ഏറ്റവും ശ്രദ്ധേയമായ വിശേഷണം അവിടുന്നു പ്രകാശങ്ങളുടെ പിതാവാണ് എന്നതാണ്. ഉല്പത്തി ഗ്രന്ഥകാരൻ വരച്ചുകാണിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ വിശേഷണത്തിനു പിന്നിൽ. സൃഷ്ടികർമത്തിൽ അവിടുന്ന് ആദ്യം അരുളിച്ചെയ്ത വാക്കുകൾ "വെളിച്ചം ഉണ്ടാകട്ടെ" (ഉല്പ 1:3-5) എന്നതായിരുന്നല്ലോ. പ്രകാശഗോളങ്ങൾ സൃഷ്ടിച്ചതും അവിടുന്നുതന്നെ (ഉല്പ 1:14-16). മഹാദീപങ്ങൾ സൃഷ്ടിച്ച ദൈവത്തിന്റെ അനന്ത





കാരുണ്യത്തെ സങ്കീർത്തകൻ പാടിസ്തുതിക്കുന്നുണ്ടല്ലോ (സങ്കീ 136:7-9). സൃഷ്ടികൾ മാത്രമായ പ്രപഞ്ചഗോളങ്ങൾക്ക് മനുഷ്യന്റെ ഭാഗധേയം നിർണയിക്കുന്നതിൽ പങ്കുണ്ടെന്ന വ്യർത്ഥചിന്തയിൽ നക്ഷത്രഫലവും വാരഫലവുമൊക്കെ അന്വേഷിച്ചു പോകുന്നതു സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസക്കുറവാണ് എന്ന് ആനുഷംഗികമായി സൂചിപ്പിക്കുകയാണ് യാക്കോബ്ശ്ലീഹാ, പ്രകാശങ്ങളുടെ സ്രഷ്ടാവിനെക്കുറിച്ചുള്ള പരാമർശത്തിലൂടെ.

### ക്രൈസ്തവാസ്തിത്വം-സത്യത്തിന്റെ വചനത്താലുള്ള നവജന്മം:

വിശ്വാസജീവിതത്തിലുണ്ടാകുന്ന പരീക്ഷകളെ ജീവന്റെ കിരീടത്തെക്കുറിച്ചുള്ള ദൈവികവാഗ്ദാനത്തിൽ വിശ്വസിച്ചും ദൈവിക ജ്ഞാനത്തിനായി പ്രാർത്ഥിച്ചുംകൊണ്ട് അതിജീവിക്കുവാൻ ഉദ്ബോധിപ്പിക്കുന്ന ശ്ലീഹാ, ഇപ്രകാരം നിർദ്ദേശിക്കുന്നതിനുള്ള ദൈവശാസ്ത്രപരമായ അടിസ്ഥാനം വ്യക്തമാക്കുകയാണ് ഈ വാക്യങ്ങളിൽ. ക്രൈസ്തവാസ്തിത്വം സത്താപരമായി ദൈവത്തിന്റെ വചനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് അത്.

ക്രൈസ്തവാസ്തിത്വത്തെ പുതിയൊരു ജന്മമായാണ് പുതിയനിയമം അവതരിപ്പിക്കുന്നത്. നിക്കദേമോസിനോടുള്ള നമ്മുടെ കർത്താവിന്റെ വാക്കുകളിലാണ് ഈ ചിന്തയുടെ ആരംഭം. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കാത്തവനു ദൈവരാജ്യം കാണുക സാധ്യമല്ല... വെള്ളത്തിനാലും ആത്മാവിനാലും ജനിക്കാത്തവനു ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ 3:3-5). ജലത്താലും ആത്മാവിനാലുമുള്ള ജനനം കൊണ്ടുദ്ദേശിക്കുന്നത് മാമ്മോദീസായെയാണ്. "മിശിഹായിൽ ജീവിക്കുന്ന ഏതൊരാളും പുതിയ ഒരു സൃഷ്ടിയാണ്" (2 കോറി 5:17) എന്നു പൗലോസ്ശ്ലീഹാ എഴുതുമ്പോൾ സൂചിപ്പിക്കുന്നതും ഈ പുതജന്മത്തെയാണ്. യാക്കോബ്ശ്ലീഹായ്ക്കും ഇതേ വീക്ഷണമാണുള്ളത്. അതുകൊണ്ടാണ് അദ്ദേഹം എഴുതുന്നത്: "തന്റെ സൃഷ്ടികളിൽ ആദ്യഫലമാകേണ്ടതിന്, സത്യത്തിന്റെ വചന ത്താൽ നമുക്കു ജന്മം നല്കാൻ അവിടുന്നു തിരുമനസ്സായി" (യാക്കോ 1:18).

ദൈവം ഈ പുതിയ സൃഷ്ടികർമം നിർവഹിക്കുന്നത് സത്യത്തിന്റെ വചനത്താലാണ്. എന്താണ് സത്യത്തിന്റെ വചനം? യോഹന്നാന്റെ സുവിശേഷത്തിലെ "സത്യത്തിന്റെ ആത്മാവ്" (യോഹ 14:17; 15:26; 16:13) എന്ന പ്രയോഗം "സത്യത്തിന്റെ വചനം" എന്തെന്നു ഗ്രഹിക്കാൻ സഹായിക്കും. സത്യത്തിന്റെ ആത്മാവ് ദൈവത്തിന്റെ അരൂപിയായിരിക്കുന്നതുപോലെ, സത്യത്തിന്റെ വചനം ദൈവത്തിന്റെ വചനം തന്നെയാണ്. ഈ വചനം മനുഷ്യനായവതരിച്ച ദൈവപുത്രനാണ്. ദൈവത്തിന്റെ വചനമായ നസ്രായൻ ഈശോമിശിഹായിലൂടെയാണ് മനുഷ്യർ പുതിയ ജീവിതത്തിലേക്കു ജനിക്കുന്നത് എന്നാണു യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നത്. ഈ പുതിയ ജീവിതം ക്രൈസ്തവാസ്തിത്വമാണ്. ഒരുവൻ ക്രൈസ്തവാസ്തിത്വത്തിലേക്കു കടന്നു

വരുന്നത് ദൈവത്തിന്റെ വചനമായ ഈശോമിശിഹായിലൂടെയാണ്. നസ്രായനായ ഈശോ ദൈവപുത്രനും മിശിഹായുമാണെന്നുള്ള വിശ്വാസമാണല്ലോ മാമ്മോദീസായിൽ നമ്മൾ പ്രഘോഷിക്കുന്നത്. വി. പത്രോസ്ശ്ലീഹായും ക്രൈസ്തവാസ്തിത്വത്തെ വചനമായ മിശിഹാ വഴിയുള്ള പുതിയ ജനനമായാണ് അവതരിപ്പിക്കുന്നത്. "നിങ്ങൾ പുനർജന്മം പ്രാപിച്ചത് നശ്വരമായ ബീജം വഴിയല്ല, അനശ്വരവും സജീവും നിത്യവുമായ ദൈവവചനം വഴിയാണ്" (1പത്രോ 1:23).

സത്യത്തിന്റെ വചനമായ ഈശോമിശിഹായിലുള്ള വിശ്വാസംവഴി പുതിയ ജന്മം പ്രാപിച്ചിരിക്കുന്നവരെ "സൃഷ്ടികളിൽ ആദ്യ ഫലം" എന്നാണു യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്. ആദ്യമായി മിശിഹായിൽ വിശ്വസിച്ചവരെ പൗലോസ്ശ്ലീഹായും "ആദ്യ ഫലം" എന്നാണു വിളിക്കുന്നത് (റോമാ 16,5; 1 കോറി 16:15). പഴയനിയമ ജനമായ ഇസ്രായേലിനെ ദൈവത്തിന്റെ സ്വന്തജനവും അവകാശവുമെന്ന നിലയ്ക്ക് അവിടുത്തെ ആദ്യഫലമായാണ് കരുതിയിരുന്നത് (പുറ 4:22; നിയമാ 7:6; ജറെ 2:3). ആദ്യഫലം കർത്താവിനുള്ളതാണ് (പുറ 23:19; 34:26; നിയമാ 18:4). ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ശക്തമായ കരങ്ങളാൽ തങ്ങളെ വിമോചിപ്പിച്ചതിനു പ്രതിനന്ദിയെന്നോണം ഇസ്രായേൽജനം തങ്ങളുടെ ആദ്യജാതരെ അവിടുത്തേക്കു സമർപ്പിച്ചിരുന്നു (പുറ 23:16-19; 34:16). ആദ്യഫലം കർത്താവിനുള്ളതായി രുന്നതുപോലെ, സൃഷ്ടികളിൽ ആദ്യഫലമായ പുതിയനിയമ ജനവും അവിടുത്തേക്കുള്ളതാണെന്നു വ്യംഗ്യം.

## യാക്കോബ് 1:19-21, രക്ഷാകരമായ വചനം

ക്രൈസ്തവാസ്തിത്വം ദൈവത്തിന്റെ സത്യവചനവുമായി സത്താപരമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ക്രൈസ്തവ ജീവിതവും ഈ വചനവുമായി ബന്ധപ്പെട്ടതാകണം എന്നു യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു. "നിങ്ങളിൽ പാകിയിരിക്കുന്നതും നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ കഴിവുള്ളതുമായ വചനത്തെ വിനയപൂർവം സ്വീകരിക്കുവിൻ" എന്ന് എഴുതുമ്പോൾ ഉദ്ദേശിക്കുന്നതിതാണ്. "വചനത്തെ വിനയപൂർവം സ്വീകരിക്കുവിൻ" എന്നുപദേശിക്കുമ്പോൾ വചനമായ മിശിഹായെയും അവിടുത്തെ പ്രബോധനങ്ങളായ വചനങ്ങളെയും സ്വീകരിക്കുവിൻ എന്നാണർത്ഥം. "നിങ്ങളിൽ പാകിയിരിക്കുന്ന" എന്നാണു വചനത്തിനു നല്കിയിരിക്കുന്ന വിശേഷണം. സുവിശേഷ പ്രഘോഷണത്തിലാണ് ഈ പാകൽ നടന്നത്. ഇത്തരം പ്രഘോഷണങ്ങളിലൂടെയാണല്ലോ മിശിഹായെയും അവിടുത്തെ പ്രബോധനങ്ങളെയും കുറിച്ചുള്ള അറിവു നല്കപ്പെടുന്നത്. ഈ അറിവ് ഒരിക്കൽ മാത്രം സ്വീകരിച്ചതുകൊണ്ടായില്ല. നിരന്തരം സ്വീകരിക്കപ്പെടേണ്ടതുണ്ട്. നവസുവിശേഷവത്ക്കരണം ലക്ഷ്യം വയ്ക്കുന്നതും ഇതാണ്.





ഈ വചനം നമ്മുടെ ആത്മാക്കളെ രക്ഷിക്കാൻ കഴിവുള്ളതാണ് എന്ന യാഥാർത്ഥ്യമാണ് ഇതു വിനയപൂർവം സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ട സംഗതി. രക്ഷിക്കാൻ കഴിവുള്ളവൻ ദൈവവും (ലൂക്കാ 1:47; 1 തിമോ 1:1; 2:3; 4:10) അവിടുത്തെ പുത്രനായ ഈശോമിശിഹായുമാണ് (ലൂക്കാ2:11; യോഹ 10:9; നടപടി 2:21; 4:11-12; 13:23; റോമാ 101:13; 15:11; 16:30). രക്ഷിക്കാൻ കഴിവുള്ള വചനം മനുഷ്യനായവതരിച്ച ഈശോമിശിഹായാണ്. അവിടുത്തെയാണു വിശ്വാസി സ്വീകരിക്കേണ്ടത്. അതുകൊണ്ടാണ്, സുവിശേഷ പ്രഘോഷണംവഴി ഈശോമിശിഹായെയും അവിടുത്തെ സന്ദേശത്തെയും സ്വീകരിക്കുന്നവരെ രക്ഷിക്കുവാൻ ദൈവം തിരുമനസ്സായത് (1 കോറി 1:21).

ഈശോയും അവിടുത്തെ പ്രബോധനങ്ങളും നമ്മിൽ ഉറച്ചുകഴിഞ്ഞാൽ നമ്മുടെ സ്വഭാവത്തിലും മനോഭാവങ്ങളിലും മാറ്റംവരും. ഈ മാറ്റം പ്രതിഫലിക്കുന്നത് പഴയ സ്വഭാവത്തിന്റെ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുന്നതിലാണ്. മാമ്മോദീസാവേളയിൽ അർത്ഥിയുടെ വസ്ത്രംമുഴുവൻ അഴിച്ചു മാറ്റിയിരുന്നത് (ഹിപ്പോളിറ്റസിന്റെ അപ്പസ്തോലികപാരമ്പര്യം, 21:2-3 കാണുക) ഈ ഉപേക്ഷിക്കൽ അഥവാ ഉരിഞ്ഞുമാറ്റൽ സൂചിപ്പിക്കാനാണ്. പഴയ പ്രകൃതിയുടെ ഭാഗമായ അശുദ്ധിയും തിന്മയും ദൂരെയകറ്റാനും പുതിയ സൃഷ്ടിയുടെ ഘടകമായ വചനത്തെ സ്വീകരിക്കാനുമാണ് ആഹ്വാനം. അശുദ്ധിയെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന പദം തന്നെയാണ് 2:2 ൽ മുഷിഞ്ഞ വസ്ത്രത്തെ വർണിക്കാനുമുപയോഗിക്കുന്നത് എന്നതു ശ്രദ്ധേയമാണ്.

അമിത സംസാരവും കോപവും ഒന്നിച്ചു പോകുന്നു. അതുകൊണ്ടാണു സംസാരിക്കാനും കോപിക്കാനും വിളംബമുള്ളവരായിരിക്കണമെന്നു ശ്ലീഹാ ഉപദേശിക്കുന്നത്. സൂക്ഷമില്ലാത്ത സംസാരം കോപത്തിലേക്കു നയിക്കും. കോപമാകട്ടെ, ഭോഷന്റെ കൂടപ്പിറപ്പാണുതാനും (സഭാ 7:9). സഹോദരനോടു കോപിക്കുന്നത് അഞ്ചാം പ്രമാണത്തിന്റെതന്നെ ലംഘനമായാണല്ലോ ഈശോ അവതരിപ്പിക്കുന്നത് (മത്താ 5:21-22). മനുഷ്യപ്രകൃതി ശരിക്കറിയാവുന്ന പൗലോസ് ശ്ലീഹാ ഈ നിയമവ്യാഖ്യാനത്തിന് അല്പം ഇളവു നല്കുന്നുണ്ട്: "കോപിച്ചുകൊള്ളുവിൻ; എങ്കിലും പാപം ചെയ്യരുത്. നിങ്ങളുടെ കോപം സൂര്യാസ്തമയംവരെ നീണ്ടുപോകാതിരിക്കട്ടെ" (എഫേ 4:6).

മനുഷ്യന്റെ കോപം ദൈവനീതിയുടെ പ്രവർത്തനത്തിനു പ്രേരണ നല്കുന്നില്ല എന്നതാണു കോപിക്കാതിരിക്കണമെന്നു പറയുന്നതിനു യാക്കോബ് നല്കുന്ന കാരണം. ദൈവനീതി എന്നതുകൊണ്ടുദ്ദേശിക്കുന്നത് മനുഷ്യനിൽനിന്നു ദൈവം പ്രതീക്ഷിക്കുന്ന പ്രവർത്തനശൈലിയാണ്. കോപം അതിന്റെ ഭാഗമല്ല; അതിനെ സഹായിക്കുന്നുമില്ല. അതുകൊണ്ടു കോപം ഒഴിവാക്കണം എന്നതാണു ശ്ലീഹായുടെ വാദം.

## 1:22-25, വചനവുമായി ബന്ധപ്പെട്ട ഇരട്ടത്താപ്പ്

വചനം സ്വീകരിച്ചാൽ മാത്രംപോരാ, അത് അനുശാസിക്കുന്നതനുസരിച്ചു പ്രവർത്തിക്കുകകൂടി വേണം. വചനം കേൾക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നവർ സ്വയം വഞ്ചിക്കുകയാണ്. ഗിരിപ്രഭാഷണത്തിന്റെ അവസാനഭാഗത്ത് ഈശോ ഇപ്രകാരം അരുളിച്ചെയ്യുന്നു: ''എന്റെ കർത്താവേ, എന്റെ കർത്താവേ എന്ന് എന്നെ വിളിക്കുന്നവനല്ല, എന്റെ സ്വർഗീയപിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്... എന്റെ വാക്കുകൾകേട്ട് അവയനുസരിച്ചു ജീവിക്കാത്തവൻ മണലിൽ വീടുപണിത ഭോഷനായ മനുഷ്യനു തുല്യനാണ്. മഴ പെയ്യുകയും നദികൾ ഒഴുകിവരികയും കാറ്റ് വീടിന്മേൽ ആഞ്ഞടിക്കുകയും ചെയ്തപ്പോൾ അതു വീണുപോയി. അതിന്റെ വീഴ്ച വലുതായിരുന്നു'' (മത്താ 7:26-27). ഈശോയുടെ വാക്കുകളിൽ വെളിവാക്കപ്പെട്ട സ്വർഗീയപിതാവിന്റെ ഹിതമനുസരിച്ചു ജീവിക്കുന്നവരാണ് യഥാർത്ഥ ക്രിസ്തു ശിഷ്യർ. അവർക്കുള്ളതാണ് സ്വർഗരാജ്യം. വചനമനുസരിച്ചു ജീവിക്കുകയാണ് വചനം പ്രാവർത്തികമാക്കാനുള്ള ഏക വഴി.

വചനത്തെ ഒരു കണ്ണാടിയോടാണ് യാക്കോബ്ശ്ലീഹാ ഉപമിക്കുന്നത്. കണ്ണാടി നമ്മുടെ യഥാർത്ഥരൂപം കാണിച്ചുതരുന്നതുപോലെ, ദൈവവചനവും നാം എന്താണ്, എങ്ങനെയാണ് എന്നു വ്യക്തമാക്കി ത്തരും. ഈശോയെന്ന ദൈവപുത്രനായ വ്യക്തിയിലാണ്, അവിടുത്തെ പ്രകാശത്തിലാണ് നമ്മുടെ യഥാർത്ഥ മഹത്വം വെളിവാകുന്നത്. നമ്മൾ ദൈവത്തിന്റെ മക്കളും ഈശോമിശിഹായുടെ കൂട്ടവകാശികളുമാ ണല്ലോ. ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നമ്മൾ ഈശോ മിശിഹായിൽ പുതുജന്മം പ്രാപിച്ചിരിക്കയാൽ അവിടുത്തേക്കു സദൃശരായിരിക്കുന്നു. ഈശോയുടെ, അവിടുത്തെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ യഥാർത്ഥത്തിൽ നമ്മൾ എന്തായിരിക്കുന്നു എന്നു വെളിവാകുന്നു.

സ്വന്തമുഖം നമുക്കു നേരിട്ടു കാണാനാവില്ല. കണ്ണാടിയിലേ കാണാൻ സാധിക്കൂ. നമ്മുടെ മുഖത്ത് എന്തെങ്കിലും ഭംഗിയില്ലാതെയുണ്ടെങ്കിൽ അതും കണ്ണാടിയിൽ നോക്കുമ്പോഴാണ് വ്യക്തമാകുന്നത്. അതുപോലെ, നമ്മിലെ ദൈവികഛായയിലും എന്തെങ്കിലും കളങ്കം സംഭവിച്ചിട്ടുണ്ടെങ്കിൽ അതു ദൈവവചനമാകുന്ന കണ്ണാടി വെളിവാക്കിത്തരും. വചനവെളിച്ചത്തിൽ ജീവിതം പരിശോധിക്കുമ്പോൾ കുറവുകളും പോരായ്മകളും വെളിച്ചത്തുവരും. വചനം ശ്രവിച്ചിട്ട് അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നവർ മുഖത്തെ കളങ്കം കണ്ണാടിയിൽ കണ്ടമാത്രയിൽത്തന്നെ അതു വിസ്മരിക്കുകയും അതു മാറ്റുന്നതിനു യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരാണ്. വചനം വായിക്കാനോ ശ്രവിക്കാനോ ലഭിക്കുന്ന അവസരം പലരും ഒഴിവാക്കുന്നത് സ്വന്തം കുറവുകൾ കാണാനിഷ്ടമില്ലാത്തതുകൊണ്ടും അതു പരിഹരിക്കാനാഗ്രഹിക്കാത്തതുകൊണ്ടുമാണ്.





ഈശോയിൽ വെളിവാക്കപ്പെട്ട ദൈവവചനത്തെ സ്വാതന്ത്ര്യത്തിന്റെ നിയമം, പൂർണനിയമം, ദൈവികനിയമം എന്നൊക്കെയാണു യാക്കോബ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് (യാക്കോ 1:25; 2:8-12). ദൈവവചനമായ ഈശോ സർവവിധ ബന്ധനങ്ങളിൽനിന്നും നമ്മെ സ്വതന്ത്രരാക്കുന്നതുകൊണ്ട് അവിടുന്നു സ്വാതന്ത്ര്യത്തിന്റെ നിയമമാണ്. പൗലോസ്ശ്ലീഹാ എഴുതുന്നു: ''ഈശോമിശിഹായിലുള്ള ജീവാത്മാവിന്റെ നിയമം പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്നും നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. മറിച്ച്, ദൈവത്തെ 'ആബാ', 'ആബൂൻ', 'പിതാവേ', 'ഞങ്ങളുടെ പിതാവേ', എന്നു വിളിക്കാൻ നമ്മെ മക്കളാക്കുന്ന ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമുക്കു സാക്ഷ്യം നല്കുകയും ചെയ്യുന്നു'' (റോമാ 8:2;15:17). മക്കളുടെ സ്വാതന്ത്ര്യത്തിലേക്കു നമ്മെ നയിക്കുന്ന ആത്മാവാണ് ദൈവത്തിന്റെ വചനം. ഗലാത്തിയായിലെ സഭയ്ക്കെഴുതുമ്പോൾ പൗലോസ് ശ്ലീഹാ വീണ്ടും ഓർമ്മിപ്പിക്കുന്നു: ''എന്റെ സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, ആ സ്വാതന്ത്ര്യം ജഡിക കാര്യങ്ങൾക്കുവേണ്ടി ആകരുതെന്നു മാത്രം. പ്രത്യുത, സ്നേഹത്തോടെ അന്യോന്യം സേവിക്കുവിൻ. എന്തെന്നാൽ, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒറ്റ വാക്യത്തിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു'' (ഗലാ 5:13-14). സ്വാതന്ത്ര്യത്തിന്റെ നിയമം സഹോദരസ്നേഹത്തിന്റെ നിയമമായാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. ഇതുതന്നെയാണു യാക്കോബ്ശ്ലീഹായും ചെയ്യുന്നത്. അദ്ദേഹം എഴുതുന്നു: ''നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന് എഴുതിയിരിക്കുന്ന ദൈവനിയമം പാലിക്കുന്നെങ്കിൽ നിങ്ങൾ നന്നായി പ്രവർത്തിക്കുന്നു'' (യാക്കോ 2:8). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അന്ത്യദിനത്തിൽ നമ്മൾ വിധിക്കപ്പെടാനിരിക്കുന്നതും (മത്താ 25:31-46). ''അതിനാൽ, സ്വാതന്ത്ര്യത്തിന്റെ നിയമത്താൽ വിധിക്കപ്പെടേണ്ടവരെപ്പോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ'' (യാക്കോ 2:12) എന്നും യാക്കോബ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ചുരുക്കത്തിൽ, ദൈവവചനത്തോടുള്ള വിധേയത്വം സ്വാതന്ത്ര്യത്തിലേക്കുള്ള പാതയാണ്. കാരണം, അവിടുത്തെ നിയമം സ്വാതന്ത്ര്യത്തിന്റെ നിയമമാണ്. അതു സന്തോഷത്തിലേക്കുള്ള മാർഗമാണ്. അവിടെ സ്വാതന്ത്ര്യത്തിന്റെ നിഷേധമില്ല. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനമാണുള്ളത്. ഈ നിയമത്തിന്റെ ദാതാവായ ദൈവം പരിപൂർണനായതുകൊണ്ട് ഇതു പൂർണതയുടെ നിയമവുമാണ്. ഈ ദൈവിക നിയമത്തിൽ ഉറച്ചുനില്ക്കുന്നവൻ തന്റെ എല്ലാ പ്രവൃത്തികളിലും അനുഗൃഹീതനാകും.

## യാക്കോബ് 1:26-27, വിശ്വാസജീവിതം

എന്താണു യഥാർത്ഥ ദൈവഭക്തി അഥവാ വിശ്വാസജീവിതം എന്നു നിർവചിക്കുകയാണ് ശ്ലീഹാ ഈ വാക്യങ്ങളിലൂടെ. അതു ദൈവത്തോടു മാത്രമുള്ള ഒരു ബന്ധമല്ലെന്നും മറ്റു സഹോദരരോടുള്ള ബന്ധത്തിലാണ് അതിന്റെ ആത്മാർത്ഥ പ്രകടമാകേണ്ടതെന്നും വി. യാക്കോബ് പഠിപ്പിക്കുന്നു. വിശ്വാസജീവിതം ഒരേസമയം ദൈവശുശ്രൂഷയും സഹോദരശുശ്രൂഷയുമാണ്. ദൈവം പരമപരിശുദ്ധനായതുകൊണ്ട് അവിടുത്തെ ശുശ്രൂഷിക്കുന്നവരും പരിശുദ്ധരായിരിക്കണമെന്നതു പഴയനിയമകാലം മുതലേയുള്ള നിബന്ധനയാണല്ലോ (ലേവ്യർ 19:1-2). നമ്മുടെ ദൈവശുശ്രൂഷ ദൈവതിരുമുമ്പിൽ സ്വീകാര്യമാകണമെങ്കിൽ അതു പരിശുദ്ധവും നിർമ്മലവുമായിരിക്കണം എന്നു സാരം.

ദൈവഭക്തിയിലുള്ള ആത്മാർത്ഥത തിരിച്ചറിയാനുള്ള പ്രഥമ മാനദണ്ഡം നാവിന്റെ നിയന്ത്രണമാണ്. നാവിനെ നിയന്ത്രിക്കാത്തവൻ ഹൃദയത്തെ വഞ്ചിക്കുന്നു എന്നാണു ശ്ലീഹാ പറയുന്നത്. സഹോദരനെക്കുറിച്ചു നല്ലതു പറയുന്നതിലും വേദനിപ്പിക്കുന്നതു പറയാതിരിക്കുന്നതിലുമാണ് നാവിന്റെ ശരിയായ വിനിയോഗം. കേൾക്കാൻ തിടുക്കമുള്ളവരും സംസാരിക്കാനും കോപിക്കാനും വിളംബമുള്ളവരും ആയിരിക്കണമെന്ന് (യാക്കോ 1:10) ഉപദേശിക്കുമ്പോഴും ഉദ്ദേശിക്കുന്നതിതു തന്നെയാണ്. ദൈവത്തെ സ്തുതിക്കാനായി നാവു പയോഗിക്കുന്നതു ശരിയായ വിനിയോഗത്തിൽപ്പെടും. ആ ദൈവസ്തുതി ആത്മാർത്ഥമാകുന്നത് സഹോദരനോടും സഹോദരനെക്കുറിച്ചും നല്ലതു പറയുകകൂടി ചെയ്യുമ്പോഴാണ് (യാക്കോ 3:9-10). സഹോദരബന്ധത്തിൽ സ്നേഹം പ്രതിഫലിക്കുന്നില്ലെങ്കിൽ ദൈവസ്തുതി ആത്മാർത്ഥമല്ലെന്നു വ്യക്തം. മൂന്നാമദ്ധ്യായത്തിന്റെ ആദ്യഭാഗം മുഴുവൻ നാവിന്റെ ശരിയായ വിനിയോഗത്തെക്കുറിച്ചുള്ള പ്രതിപാദ്യമാണ്.

ദുരിതമനുഭവിക്കുന്ന അനാഥരെയും വിധവകളെയും സന്ദർശിച്ചു സഹായിക്കുക എന്നതാണു ദൈവപ്രീതിയ്ക്കുള്ള മറ്റൊരു പ്രധാന മാർഗം. മിക്കാപ്രവാചകന്റെ ചിന്താശൈലി തന്നെയാണു യാക്കോബ് ശ്ലീഹായും പിന്തുടരുന്നത്. കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണു കൊണ്ടുവരേണ്ടത്?... മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്നു നിനക്കു കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്? (മിക്കാ 6:6-8). ദൈവത്തിനിഷ്ടപ്പെട്ട കാഴ്ചയും ആരാധനയും നീതിയും കരുണയും നിറഞ്ഞ ജീവിതമാണ്. ഏശയ്യാ പ്രവാചകനിലൂടെയും ദൈവം അരുളിച്ചെയ്യുന്നതിതു തന്നെയാണ്: "നന്മ പ്രവർത്തിക്കുവാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ" (ഏശ 1:10-17). അനാഥരോടും വിധവകളോടും കരുണ കാണിക്കാത്ത,





അവർക്കു നീതി നിഷേധിച്ചുകൊണ്ടുള്ള നിയമാനുഷ്ഠാനത്തിനോ ബലിയർപ്പണത്തിനോ ദൈവത്തെ പ്രീതിപ്പെടുത്താനാവില്ല. സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടിരിക്കുന്നവരോടും ചൂഷണവിധേയരാകുന്നവരോടും പ്രദർശിപ്പിക്കുന്ന അനുകമ്പയ്ക്കനുസൃതമായേ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാനാവൂ. അവരുടെ ഞെരുക്കകാലങ്ങളിൽ അവരെ സഹായിക്കുന്നതിലൂടെ ദൈവശുശ്രൂഷ തന്നെയാണു നമ്മൾ ചെയ്യുന്നത്.

## യാക്കോബ് 2:1-13, പക്ഷപാതത്തിനെതിരേ

ഈശോമിശിഹായിലുള്ള വിശ്വാസവും മുഖം നോക്കിയുള്ള വിവേചനാപൂർവമായ പെരുമാറ്റവും ചേർന്നുപോവുകയില്ലെന്നു യാക്കോബ് ശ്ലീഹാ പഠിപ്പിക്കുന്നു. കാരണം, വിശ്വാസം തിരിച്ചുവ്യത്യാസം കാണിക്കാത്ത ദൈവവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗീയ പിതാവിനു പക്ഷപാതമില്ല (മത്താ 5:45). ദൈവം പക്ഷപാതം കാട്ടുന്നില്ലെന്നു സത്യമായും ഞാൻ മനസ്സിലാക്കുന്നു (നടപടി 10:34) എന്നു പത്രോസ്ശ്ലീഹായും അവിടുത്തേക്കു മുഖംനോട്ടമില്ല (റോമാ 2:11; കൊളോ 3:25) എന്നു പൗലോസ്ശ്ലീഹായും സാക്ഷിക്കുന്നുണ്ട്. ഈ ദൈവികഗുണം അവിടുത്തെ പുത്രനിൽ വിശ്വസിക്കുന്നവരും അനുവർത്തിക്കണമെന്നാണു യാക്കോബ്ശ്ലീഹാ ഉപദേശിക്കുന്നത്. മുഖംനോക്കാതെ ജീവിക്കാനും പ്രവർത്തിക്കാനും ക്രൈസ്തവനു പ്രേരണ നല്കേണ്ടതു സ്വർഗത്തിലുള്ള മുഖംനോട്ടമില്ലാത്ത യജമാനനെക്കുറിച്ചുള്ള ചിന്തയാണ് (എഫേ 5:9). മുഖം നോക്കാതെ ഓരോരുത്തരെയും അവരവരുടെ പ്രവൃത്തികൾക്കനുസൃതം വിധിക്കാനിരിക്കുന്ന പിതാവാണവിടുന്ന് (1 പത്രോ 1:17).

പഴയനിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ ആരോടും പ്രത്യേക പരിഗണന കാണിക്കാതിരിക്കാനുള്ള കല്പനയും അയൽക്കാരനെ സ്നേഹിക്കാനുള്ള കല്പനയും അടുത്തടുത്താണു നല്കിയിരിക്കുന്നത് എന്നതു ശ്രദ്ധേയമാണ് (ലേവ്യ 19:15-18). യാക്കോബ്ശ്ലീഹായും പക്ഷപാതം കാണിക്കരുത് എന്നുപദേശിക്കുന്നതിനു പിന്നാലെ അയല്ക്കാരനെ സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പരാമർശിക്കുന്നുണ്ട് (യാക്കോ 2:8).

സമ്പത്തിന്റെ പേരിൽ സമൂഹത്തിൽ നിലനിന്നിരുന്ന തിരിച്ചുവ്യത്യാസത്തിന്റെ പശ്ചാത്തലത്തിലാണ് പക്ഷപാതം കാണിക്കുന്നവർക്കെതിരേ യാക്കോബ്ശ്ലീഹാ ശക്തമായി പ്രതികരിക്കുന്നത്. സമ്മേളനങ്ങളിൽ സമ്പന്നർക്കു വിശിഷ്ട സ്ഥാനവും ദരിദ്രർക്ക് അവസാന സ്ഥാനവും നല്കിയിരുന്ന സമൂഹത്തിനുള്ള താക്കീതാണിത്. ഇവിടെ പരാമർശിക്കുന്ന സംഘംകൊണ്ടുദ്ദേശിക്കുന്നത് ആദിമസഭയിലെ ആരാധനാ സമ്മേളനങ്ങളെയാണ്. ജറുസലേമിലെ ആദിമസഭയിൽ വിശ്വാസികൾ

ഭവനങ്ങളിൽ ഒന്നിച്ചുകൂടി അപ്പംമുറിച്ചിരുന്ന വസ്തുത നടപടി പുസ്തകത്തിൽ നമ്മൾ കാണുന്നുണ്ടല്ലോ (അപ്പ. പ്രവ 2:42-27). ഇപ്രകാരം അപ്പംമുറിക്കാനായി സമ്മേളിച്ചിരുന്ന സംഘങ്ങളിൽപ്പോലും തിരിച്ചുവ്യത്യാസം ഉണ്ടായിരുന്നു എന്നു വേണം ഈ പരാമർശത്തിൽനിന്നു നമ്മൾ അനുമാനിക്കാൻ. സാമ്പത്തികമോ സാമൂഹികമോ ആയ അവസ്ഥയുടെ അടിസ്ഥാനത്തിൽ തിരിച്ചുവ്യത്യാസം കാണിക്കുന്നവർ ദുഷ്ടവിചാരം പുലർത്തുന്ന വിധികർത്താക്കളായി മാറുകയാണ് എന്നും വി. യാക്കോബ് മുന്നറിയിപ്പു നല്കുന്നു. ചുരുക്കത്തിൽ, ദരിദ്രനെ അവഗണിക്കരുത് എന്നാണു ശ്ലീഹാ പഠിപ്പിക്കാനുദ്ദേശിക്കുന്നത്.

**സ്നേഹത്തിന്റെ രാജകീയനിയമം:** ദരിദ്രരെ അവഗണിക്കരുത് എന്നു പഠിപ്പിക്കാനുള്ള കാരണമാണു തുടർന്നു വിവരിക്കുന്നത്. അവർ വിശ്വാസത്തിൽ സമ്പന്നരും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന രാജ്യത്തിന് അവകാശികളുമാണെന്നു മനസ്സിലാക്കിയാൽ അവഗണിക്കാനാവില്ലെന്നാണു ശ്ലീഹാ സ്ഥാപിക്കുന്നത്. "ദരിദ്രരേ, നിങ്ങൾ അനുഗൃഹീതർ; ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ 6:20) എന്ന ഈശോയുടെ പ്രബോധനം ശ്ലീഹായുടെ മനസ്സിലുണ്ടാകണം ഇപ്രകാരമെഴുതുമ്പോൾ. "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട. കാരണം, നിങ്ങൾക്കു രാജ്യം നല്കാൻ നിങ്ങളുടെ പിതാവു മനസ്സായിരിക്കുന്നു" (ലൂക്കാ 12:32) എന്നും അവിടുന്നരുളിച്ചെയ്തിട്ടുണ്ട്.

വിശ്വാസത്തിൽ സമ്പന്നരാണ് എന്നതാണ് ദരിദ്രരെ രാജ്യത്തിനവകാശികളാക്കുന്ന സംഗതി. വിശ്വാസത്തിൽ സമ്പന്നരെങ്കിൽ ഈ ലോകത്തിലെ വലിയ ധനികനും ദൈവതിരുമുമ്പിൽ ദാരിദ്ര്യമനോഭാവത്തോടെ ജീവിക്കാനാവും. വിശ്വാസദൃഷ്ട്യാ ധനത്തെ നോക്കിക്കാണാനും സഹോദരർക്കുകൂടി ഉപകാരപ്രദമായ രീതിയിൽ അതുപയോഗിക്കാനും അവനു സാധിക്കും. ഇത്തരത്തിൽ വിശ്വാസസമ്പന്നത ജീവിതത്തിൽ പ്രദർശിപ്പിക്കുന്നവർക്കുള്ളതാണു ദൈവരാജ്യം. സ്വന്തമായി ഒന്നുമില്ലാത്തവനെ സംബന്ധിച്ചും വിശ്വാസത്തിൽ സമ്പന്നനാകാൻ എളുപ്പമാണ്. എല്ലാറ്റിനും ദൈവത്തിൽ ആശ്രയിക്കേണ്ടതിനാൽ അവൻ ദൈവത്തിലുള്ള വിശ്വാസത്തിൽ വളരും. ഈ ലോകത്തിന്റെ ദൃഷ്ടിയിൽ അവൻ ദരിദ്രനെങ്കിലും ദൈവസന്നിധിയിൽ പ്രീതിയ്ക്കു പാത്രീഭൂതനാണവൻ.

പക്ഷപാതം കാണിക്കുന്നവർ ദൈവസ ന്നിധിയിൽ സമ്പന്നനായ ദരിദ്രനെ അപമാനിക്കുകയാണ് ചെയ്യുന്നത്. ധനികരോട് ഔദാര്യം പ്രദർശിപ്പിക്കുന്നതുവഴി ലേവ്യർ 19:18 ലെ നിയമം പാലിക്കുകയാണ് എന്ന് അവകാശപ്പെടാമെങ്കിലും, ദരിദ്രരെ അവഗണിക്കുന്നു എന്ന കാരണത്താൽ അവർക്കു ന്യായീകരണമില്ല എന്നാണു ശ്ലീഹായുടെ വാദം. 8-11 വാക്യങ്ങളുടെ അർത്ഥമിതാണ്.

അന്ത്യവിധിയെക്കുറിച്ചുള്ള ചിന്തയായിരിക്കണം ക്രൈസ്തവന്റെ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനം. അതുകൊണ്ടാണ്, "സ്വാതന്ത്ര്യത്തിന്റെ നിയമമനുസരിച്ചു വിധിക്കപ്പെടാനുള്ളവരെപ്പോലെ, നിങ്ങൾ





സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ" എന്നു യാക്കോബ് ശ്ലീഹാ എഴുതുന്നത്. കാരുണ്യം കാണിക്കുകയാണ് ദൈവത്തിന്റെ കരുണ ലഭിക്കാനുള്ള മാർഗം; കാരണം, കാരുണ്യം വിധിയുടെമേൽ വിജയം വരിക്കുന്നു.

## യാക്കോബ് 2:14-26, വിശ്വാസവും പ്രവൃത്തിയും

അനുദിന ജീവിതത്തിൽ പ്രതിഫലിക്കാത്ത വിശ്വാസം ജീവനില്ലാത്തതാണ്. ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ ശരീരത്തിനാവശ്യമായതു നല്കാതെ എന്തു പുണ്യം പ്രസംഗിച്ചാലും ഫലമൊന്നുമില്ല. വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവർക്കു മേന്മയൊന്നുമില്ല. ശരീരത്തിനു ജീവനെന്നതുപോലെയാണു വിശ്വാസത്തിനു പ്രവൃത്തി. ദരിദ്രരോടുള്ള പരിഗണനയാണ് വിശ്വാസത്തിന്റെ പ്രവൃത്തിയായി യാക്കോബ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നത്. പ്രവൃത്തിരഹിതമായ വിശ്വാസത്തിന് ഒരുവനെ രക്ഷിക്കാനാവില്ല. മറിച്ച്, വിശ്വാസത്തിൽ നിന്നുയിർകൊള്ളുന്ന പ്രവൃത്തികളാണ് ഒരുവനെ രക്ഷയ്ക്കർഹനാക്കുന്നത് എന്ന് യാക്കോബ്ശ്ലീഹാ അബ്രാഹത്തിന്റെയും റാഹാബിന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് സ്ഥിരീകരിക്കുന്നു (യാക്കോ 2:21-26). സ്വഭാവത്തെയും മനോഭാവങ്ങളെയും പ്രവർത്തനരീതികളെയും സ്വാധീനിക്കാത്ത വിശ്വാസം ആ പേരിനുതന്നെ യോഗ്യമല്ല. അത്തരത്തിലുള്ള വിശ്വാസം പിശാചുക്കൾക്കു പോലുമുണ്ടെന്നാണു യാക്കോബ്ശ്ലീഹായുടെ വാദം (യാക്കാ 2:19). ഈശോയുടെ ദൈവ പുത്രത്വം ഏറ്റുപറയുന്ന പിശാചുബാധിതരെ നമ്മൾ സുവിശേഷത്തിൽ കണ്ടുമുട്ടുന്നുണ്ടല്ലോ (മർക്കോ 2:11; 3:5; 5:7). അവിടുത്തെ സാന്നിദ്ധ്യത്തിൽ അവർ വിറയ്ക്കുന്നതും നമ്മൾ കാണുന്നുണ്ട്. പിശാചിന്റെ ഈ വിശ്വാസം പ്രവൃത്തിപഥത്തിലെത്തുന്നതല്ലല്ലോ.

പിതാവായ അബ്രാഹം നീതീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിക്കാൻ തയ്യാറായ പ്രവൃത്തിവഴിയാണ് (ഉല്പ 22:1-14). ഇപ്രകാരം പ്രവർത്തിക്കാൻ അബ്രാഹത്തെ ശക്തനാക്കിയത് അദ്ദേഹത്തിനു ദൈവത്തിലുണ്ടായിരുന്ന വിശ്വാസമാണ്. തന്നെ തിരഞ്ഞെടുത്തു വിളിച്ച ദൈവം വിശ്വസ്തനാണെന്ന ഉറച്ചബോദ്ധ്യവും, തനിക്കുള്ളതെല്ലാം-ഏകപുത്രൻതന്നെയും-ദൈവത്തിന്റെ ദാനമാണെന്നും, ഇവയുടെമേൽ ദൈവത്തിനാണ് പരമാധികാരമെന്നുമുള്ള അംഗീകരിക്കലായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ കാതൽ. ദൈവത്തിന്റെ നിർദ്ദേശപ്രകാരം തന്റെ ഏകജാതനെപ്പോലും ദൈവത്തിനു ബലിയർപ്പിക്കാൻ അബ്രാഹത്തിനു വിഷമമില്ലായിരുന്നു. ഇസഹാക്കിനെ ബലികഴിക്കാൻ പ്രദർശിപ്പിച്ച സന്നദ്ധതയിൽ പ്രകടമായ അനുസരണമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസപ്രവൃത്തി. വിശ്വാസത്തിന്റെ പ്രകാശനമായ ഈ അനുസരണ പ്രവൃത്തിമൂലമാണ് ദൈവം അബ്രാഹത്തിൽ സംപ്രീതനായതും അദ്ദേഹത്തെ നീതിമാനായി പരിഗണിച്ച് അനുഗ്രഹിച്ചതും. വിശ്വാസം

പ്രവൃത്തിപഥത്തിലെത്തിച്ചതുവഴി അബ്രാഹം ദൈവത്തിന്റെ സ്നേഹിതനായി തീർന്നു. ഈ ചരിത്രസംഭവത്തിൽ നിന്നുള്ള ഗുണപാഠമെന്നോണം യാക്കോബ്ശ്ലീഹാ എഴുതുന്നു: "മനുഷ്യൻ വിശ്വാസം കൊണ്ടു മാത്രമല്ല, പ്രവൃത്തികളാലുമാണ് നീതീകരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു" (യാക്കോ 2:24).

ജോഷയുടെ പുസ്തകം രണ്ടാമദ്ധ്യായത്തിലെ റാഹാബിനെയാണ് പ്രവൃത്തിവഴി നീതീകരിക്കപ്പെട്ട മറ്റൊരുദാഹരണമായി യാക്കോബ് ശ്ലീഹാ എടുത്തുകാണിക്കുന്നത്. കാനാൻദേശം കീഴടക്കുന്നതിനൊരുക്കമായി രഹസ്യത്തിൽ നാടുനിരീക്ഷിക്കാനായി അയയ്ക്കപ്പെട്ട ഇസ്രായേൽ ചാരന്മാരെ വേശ്യയായ റാഹാബ് സംരക്ഷിക്കുകയും രക്ഷപ്പെടുത്തുകയും ചെയ്തു (യാക്കോ 2:24-25). ഇസ്രായേലിന്റെ ദൈവമായ കർത്താവിലുള്ള വിശ്വാസത്തിന്റെ ഭാഗമായി ഇസ്രായേൽക്കാരെ സഹായിച്ച പ്രവൃത്തിവഴി അവൾ നീതീകരിക്കപ്പെട്ടു എന്നതു പരമ്പരാഗത വിശ്വാസമാണ് (ഹെബ്രാ 11:31).

നീതീകരണത്തെക്കുറിച്ചുള്ള പൗലോസ് ശ്ലീഹായുടെ പ്രബോധനം യാക്കോബ്ശ്ലീഹായുടേതിനോടു ചേർന്നുപോകുന്നില്ല എന്നു പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. പക്ഷേ, അടുത്തു മനസ്സിലാക്കുമ്പോൾ ഇരുവരുടെയും ആശയഗതികൾ തമ്മിൽ പൊരുത്തക്കേടില്ല എന്നു വ്യക്തമാകും.

റോമായിലെ സഭാംഗങ്ങൾക്ക് വി. പൗലോസ് ഇപ്രകാരം എഴുതുന്നു: "അബ്രാഹം പ്രവൃത്തികളാലാണു നീതീകരിക്കപ്പെട്ടതെങ്കിൽ അവന് അഭിമാനിക്കാൻ വകയുണ്ട്. ദൈവസന്നിധിയിലല്ലെന്നു മാത്രം" (റോമാ 4:2). പ്രവൃത്തികൾകൊണ്ടു മാത്രം ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നതിനു സാധ്യതയില്ലെന്നു സാരം. ഇവിടെ പൗലോസ് ശ്ലീഹാ വിവക്ഷിക്കുന്ന പ്രവൃത്തി യാക്കോബ്ശ്ലീഹാ ഉദ്ദേശിക്കുന്നതിൽനിന്നു വ്യത്യസ്തമാണ്. വി. പൗലോസ് പരിച്ഛേദനം പോലുള്ള നിയമത്തിന്റെ പ്രവൃത്തികളെ മനസ്സിൽ കാണുമ്പോൾ, വി. യാക്കോബ് വിശ്വാസത്തിന്റെ ബഹിർസ്ഫുരണങ്ങളായ പ്രവൃത്തികളെ ഉദ്ദേശിക്കുന്നു. ഈ പ്രസ്താവനകളുടെ സന്ദർഭങ്ങൾ ഈ വ്യാത്യാസം മനസ്സിലാക്കാൻ സഹായിക്കും.

ദൈവഹിതത്തിന്റെ പ്രകാശനമായ നിയമങ്ങൾ നേരിട്ടു ലഭിച്ച സമൂഹമെന്ന നിലയിൽ അഭിമാനിച്ചിരുന്നവരാണ് യഹൂദർ. പരിച്ഛേദനം സ്വീകരിച്ചാൽ നിയമംമുഴുവൻ സ്വീകരിച്ചതിനു തുല്യമായി അവർ കരുതിയിരുന്നു. ഈ ധാരണയാണു പൗലോസ്ശ്ലീഹാ തിരുത്തുന്നത്. "നീ നിയമം അനുസരിക്കുന്ന വനാണെങ്കിൽ പരിച്ഛേദനം അർത്ഥവത്താണ്. നിയമം ലംഘിക്കുന്നവനാണെങ്കിലോ നിന്റെ പരിച്ഛേദനം പരിച്ഛേദനമല്ലാതായിത്തീരുന്നു" (റോമാ 2:25). നിയമമനുസരിച്ചു ജീവിക്കാതെ പരിച്ഛേദനം എന്ന പ്രവൃത്തികൊണ്ടു മാത്രം ആരും ദൈവതിരുമുമ്പിൽ സ്വീകാര്യരാവില്ലെന്ന് അദ്ദേഹം പഠിപ്പിക്കുന്നു.





"ശാരീരികമായി പരിച്ഛേദനം നടത്താതെതന്നെ നിയമം അനുസരിക്കുന്നവർ, നിയമവും പരിച്ഛേദനവും ഉണ്ടായിട്ടും നിയമം ലംഘിക്കുന്ന നിന്നെ കുറ്റം വിധിക്കും. എന്തെന്നാൽ, ബാഹ്യമായി യഹൂദനായിരിക്കുന്നവനല്ല, യഥാർത്ഥ യഹൂദൻ. യഥാർത്ഥ പരിച്ഛേദനം ബാഹ്യമോ ശാരീരികമോ അല്ല. ആന്തരികമായി യഹൂദനായിരിക്കുന്നവനാണ് യഥാർത്ഥ യഹൂദൻ. ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർത്ഥ പരിച്ഛേദനം" (റോമാ 2:27-29). നിയമമനുസരിച്ചുള്ള ജീവിതമാണ്, പരിച്ഛേദനമെന്ന പ്രവൃത്തിയല്ല ഒരുവനെ യഥാർത്ഥ ദൈവഭക്തനാക്കുന്നത് എന്നു പൗലോസ് ശ്ലീഹാ സ്ഥാപിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ നിയമമനുസരിച്ചുള്ള ജീവിതമാകട്ടെ, ദൈവപുത്രനായ ഈശോമിശിഹായിൽ വിശ്വസിക്കുന്നതുമാണ്. "പ്രവൃത്തികൾ കൂടാതെതന്നെ പാപിയെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെടുന്നു" (റോമാ 4:5). പരിച്ഛേദനമെന്ന പ്രവൃത്തി ഇല്ലെങ്കിലും ഈശോ ദൈവപുത്രനും മിശിഹായുമാണെന്നു വിശ്വസിക്കുകവഴി ഒരുവൻ നീതീകരിക്കപ്പെടുന്നു എന്നു ചുരുക്കം; പരിച്ഛേദനം സ്വീകരിക്കുന്നതിനു മുമ്പുതന്നെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അബ്രാഹത്തെപ്പോലെ (റോമാ 4:6-12). "വാഗ്ദാനം നിറവേറ്റാൻ ദൈവത്തിനു കഴിയുമെന്ന് അവനു പൂർണ ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവന്റെ വിശ്വാസം അവനു നീതിയായി പരിഗണിക്കപ്പെട്ടത്" (റോമാ 4:21-22). ഈശോമിശിഹായിൽ സ്വയം വെളിപ്പെടുത്തിയ ദൈവത്തിലുള്ള വിശ്വാസമാണ് ക്രൈസ്തവന്റെ നീതീകരണത്തിനടിസ്ഥാനം. ഈശോ പ്രഘോഷിച്ചതും തന്റെ സഹനമരണോത്ഥാനങ്ങളിലൂടെ പൂർണമായി വെളിപ്പെടുത്തിയതുമായ ദൈവകൃപയ്ക്കുള്ള വ്യക്തിപരമായ മറുപടിയാണ് ഈ വിശ്വാസം.

ദൈവപുത്രനായ ഈശോമിശിഹായിലുള്ള ഈ വിശ്വാസം പ്രവൃത്തികളിൽ പ്രതിഫലിക്കണം എന്നാണു യാക്കോബ്ശ്ലീഹാ നിർദ്ദേശിക്കുന്നത്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണെന്നു പറയുമ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നതിതാണ്. ചുരുക്കത്തിൽ വി. പൗലോസിന്റെയും വി. യാക്കോബിൻെയും പ്രബോധനങ്ങൾ പരസ്പര വിരുദ്ധങ്ങളല്ല; മറിച്ച്, പരസ്പര പൂരകങ്ങളാണ്.

## യാക്കോബ് 3:1-12, നാവിന്റെ ദുരുപയോഗം

ഒരു പ്രായോഗിക ദൈവശാസ്ത്രജ്ഞനാണു യാക്കോബ്ശ്ലീഹാ. വളരെ പ്രായോഗികമായ നിർദ്ദേശങ്ങളും ഉപദേശങ്ങളുമാണ് അദ്ദേഹം വിശ്വാസി സമൂഹത്തിനു നല്കുന്നത്. വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ നാവിന്റെ ദുർവിനിയോഗംമൂലം വന്നുഭവിക്കുന്ന വിപത്തുകളെക്കുറിച്ചു തികച്ചും ബോധവാനാണദ്ദേഹം. അതുകൊണ്ടാണ്, ദൈവഭക്തിയുടെ - വിശ്വാസജീവിതത്തിന്റെ - മാനദണ്ഡമായി നാവിന്റെ നിയന്ത്രണത്തെ ശ്ലീഹാ എടുത്തുകാണിച്ചത് (യാക്കോ 1:26). നാവിനെ നിയന്ത്രിക്കാതിരിക്കുന്നതു ഹൃദയത്തെ വഞ്ചിക്കലാണ് എന്നാണവിടെ അദ്ദേഹം പറയുന്നത്. നാവിനെ നിയന്ത്രിക്കാനാവാത്തവന്റെ ഭക്തി വ്യർത്ഥമാണെന്നുപോലും അദ്ദേഹം പ്രസ്താവിക്കുന്നു. പരിപൂർണതയുടെ

നിയമമായി അദ്ദേഹം നാവിന്റെ നിയന്ത്രണത്തെ എടുത്തുകാണിക്കുന്നു. കാരണം, പരിപൂർണതയുടെ - സ്വാതന്ത്ര്യത്തിന്റെ - നിയമം പരസ്നേഹവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. നാവിന്റെ ദുർവിനിയോഗം പലപ്പോഴും ഈ പരസ്നേഹപ്രമാണത്തിനെതിരെയാണ്. അതുകൊണ്ടാണ്, സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണനാണ് (യാക്കോ 3:2) എന്നു ശ്ലീഹാ എഴുതുന്നത്.

നാവ് തീയാണ് എന്നതാണു വി. യാക്കോബിന്റെ മുഖ്യപ്രമേയം. ഒരു തീപ്പൊരിക്കു വൻകാടുകളെ ചാമ്പലാക്കാൻ സാധിക്കുന്നതുപോലെ, നാവാകുന്ന തീപ്പൊരിക്കും ലോകമാകുന്ന കാടിനെ ചാമ്പലാക്കാൻ കഴിയും (യാക്കോ 3:5-6). ശരീരത്തിലെ ചെറിയ അവയവമാണെങ്കിലും നാവിന്റെ വിനിയോഗം വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പോരുന്നതാണ്. യഥാസമയത്തുള്ള ഒരു ഉചിതമായ വാക്ക് എന്തുമാത്രം നന്മയ്ക്കു കാരണമാകുന്നുവെന്നും, ശ്രദ്ധയില്ലാതെ അസമയത്തോ അസ്ഥാനത്തോ പറയുന്ന ഒരു വാക്ക് എന്തുമാത്രം അസ്വസ്ഥത ഉണ്ടാക്കുമെന്നും എല്ലാവരുടെയും തന്നെ അനുഭവമാണ്. നല്ലതു പറയുന്നതിലും സഹോദരനെ വേദനിപ്പിക്കുന്നതു പറയാതിരിക്കുന്നതിലുമാണ് നാവിന്റെ ശരിയായ വിനിയോഗം. സ്വാതന്ത്ര്യത്തിന്റെ നിയമം പ്രാവർത്തികമാക്കുന്നതു തന്നെയാണിത്. തിടുക്കംകൂട്ടി സംസാരിക്കുമ്പോൾ സഹോദരനെക്കുറിച്ചു പരിഗണന ഇല്ലാതെ പോയേക്കാം. കാരണമില്ലാതെ, അവനോടു കോപിക്കാനും ഇടയായേക്കാം. കേൾക്കാൻ വേഗമുള്ളവരും സംസാരിക്കാനും കോപിക്കാനും വിളംബമുള്ളവരും ആയിരിക്കണമെന്ന് (യാക്കോ 1:10) ഉപദേശിക്കുമ്പോഴും ശ്ലീഹാ ഉദ്ദേശിക്കുന്നതിതുതന്നെയാണ്.

ദൈവത്തെ സ്തുതിക്കാനായി നാവ് ഉപയോഗിക്കുന്നതു ശരിയായ വിനിയോഗത്തിന്റെ ഭാഗമാണ്. ആ ദൈവസ്തുതി ആത്മാർത്ഥമാണെങ്കിൽ സഹോദരനെക്കുറിച്ചു നല്ലതുപറയാനും ആ നാവുപയോഗിക്കും. എന്നാൽ, പലപ്പോഴും ദൈവത്തെ സ്തുക്കാനുപയോഗിക്കുന്ന നാവുകൊണ്ടുതന്നെ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സഹോദരനെ ശപിക്കുകയും ചെയ്യുന്നു എന്നതാണ് മനുഷ്യരുടെ പ്രശ്നം. ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ച് ഇത് ഉചിതമല്ല എന്നു യാക്കോബ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. കാരണം, ഒരേ അരുവിയിൽനിന്ന് മധുരജലവും കയ്പുജലവും ഉദ്ഭവിക്കില്ല. സഹോദരസ്നേഹത്തിൽ പ്രതിഫലിക്കുന്നില്ലായെങ്കിൽ ദൈവസ്തുതി ആത്മാർത്ഥമല്ലായെന്നു വ്യക്തം.

നാവിനെ നിയന്ത്രിക്കാൻ സാധിക്കുന്നവന് ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിയും. കുതിരയെ കടിഞ്ഞാണുപയോഗിച്ചും കപ്പലിനെ ചുക്കാനുപയോഗിച്ചും നിയന്ത്രിക്കുന്നതുപോലെയാണ് ഇത് എന്നാണു യാക്കോബ് ശ്ലീഹായുടെ പ്രബോധനം (യാക്കോ 3:3-4). നാവിനെ നിയന്ത്രിക്കുക ശ്രമകരമായ ജോലിയാണ്. സർവ്വ





സൃഷ്ടിജാലങ്ങളെയും നിയന്ത്രണത്തിലാക്കാൻ മനുഷ്യൻ പഠിച്ചിട്ടുണ്ടെങ്കിലും നാവാകുന്ന ചെറിയ അവയവയത്തെ നിയന്ത്രിക്കാൻ അവനറിയില്ല. വന്യമൃഗങ്ങളെയും പക്ഷികളെയും ഇഴജന്തുക്കളെയും മെരുക്കിയെടുക്കാൻ മനുഷ്യനുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. പക്ഷേ, നാവിന്റെ കാര്യത്തിൽ അവൻ പലപ്പോഴും പരാജയപ്പെട്ടുപോകുന്നു. അതുകൊണ്ടാണ്, അധികംപേർ പ്രബോധകരാകാൻ തുനിയരുത് (യാക്കോ 3:1) എന്നു ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. പ്രബോധകർ സംസാരിക്കേണ്ടവരാണല്ലോ. കൂടുതൽ സംസാരിക്കുന്നവൻ പിഴയ്ക്കാനുള്ള സാധ്യതയും കൂടുതലാണ്.

## യാക്കോബ് 4:1-10, ലോകമൈത്രി-ദൈവത്തോടുള്ള ശത്രുത

ദുർമോഹത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ആദ്യഅദ്ധ്യായത്തിൽ പ്രതിപാദിച്ചതിന്റെ തുടർച്ചയും വിശദീകരണവുമാണ് നാലാമദ്ധ്യായം. സമൂഹത്തിൽ നിലനില്ക്കുന്ന തർക്കങ്ങളിലേക്കും ഏറ്റു മുട്ടലുകളിലേക്കും വിരൽ ചൂണ്ടുന്ന ശ്ലീഹാ അവയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കുന്നത് സമൂഹാംഗങ്ങളുടെതന്നെ അവയവങ്ങളിൽ തന്നെ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളെയാണ് (യാക്കോ 4:1). കാരണം, ദുരാഗ്രഹം പാപത്തിലേക്കും മരണത്തിലേക്കും നയിക്കും (യാക്കോ 1:14-15). ദുരാശകളാണ് മൂത്ത് അസൂയയിലും വഴക്കിലും യുദ്ധത്തിലും കൊലപാതകത്തിലും കലാശിക്കുന്നത്. ഇക്കൂട്ടർ ദൈവികജ്ഞാനത്തിനായി ആഗ്രഹിക്കാതെ, സ്വന്തം ദുരാശകളെ തൃപ്തിപ്പെടുത്താൻ തിന്മയായിട്ടുള്ളവ മാത്രം ദൈവത്തോടു ചോദിക്കുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത് (യാക്കോ 4:2-3). പ്രാർത്ഥന ദൈവം കേൾക്കുമെന്നതു ശരിതന്നെ. പക്ഷേ, സ്വാർത്ഥമോഹത്തിലും തിന്മയിലും തുടരുന്നതിനു വേണ്ടിയുള്ള പ്രാർത്ഥനകൾ അവിടുന്നു ചെവിക്കൊള്ളില്ല. ദൈവത്തോടു വിശ്വസ്തത പുലർത്താത്തവരാണ് ഇക്കൂട്ടർ എന്നും ശ്ലീഹാ സൂചിപ്പിക്കുന്നുണ്ട്.

ഈ ലോകത്തിന്റെ സ്വാഭാവിക പ്രവണതയനുസരിച്ചുമാത്രം ജീവിക്കുന്നത് ദൈവത്തോടുള്ള ശത്രുതയാണ്. കാരണം, ദൈവത്തിന്റെ മാർഗവും ലോകത്തിന്റെ മാർഗവും രണ്ടു ധ്രുവങ്ങളിലാണ്; പരസ്പരവിരുദ്ധങ്ങളുമാണ്. ഈ ലോകത്തിന്റെ സ്നേഹിതൻ - ലൗകായതികൻ - ദൈവത്തിന്റെ ശത്രുവാണ്. ദൈവവും ലോകവും തമ്മിലുള്ള ശത്രുത യോഹന്നാന്റെ സുവിശേഷത്തിൽ വളരെ വ്യക്തമാണ്. മാംസം ധരിച്ച വചനമായ ഈശോയോടും അവിടുത്തെ പ്രബോധനങ്ങളോടും ശത്രുതാമനോഭാവം പുലർത്തുന്ന യാഥാർത്ഥ്യമായാണ് ലോകത്തെ സുവിശേഷാരംഭം മുതൽ നമ്മൾ കണ്ടുമുട്ടുന്നത്. ഈ ലോകത്തിന്റെ പ്രവണതകൾക്കും മൂല്യങ്ങൾക്കനുമനുസരിച്ചു പ്രവർത്തിക്കാനോ ജീവിക്കാനോ അവിടുന്നു തയ്യാറല്ലാതിരുന്നതുമൂലം ലോകം അവിടുത്തെ

ദ്വേഷിച്ചു. ലോകത്തിന്റെയും അതിന്റെ മാർഗങ്ങളുടെയുംമേൽ ഈശോ മിശിഹാ വരിച്ച വിജയം അവിടുത്തെ ശിഷ്യർക്കു ധൈര്യം പകരുന്നു (യോഹ 16:33). അവിടുന്നു ലോകത്തിന്റേതല്ലാത്തതുപോലെ, അവിടുന്നു തിരഞ്ഞെടുത്ത അവിടുത്തെ ശിഷ്യരും ലോകത്തിന്റേതാകരുത് എന്നവിടുത്തേക്കു നിർബന്ധമുണ്ട് (യോഹ 15:18–19; 17:14). ലോകം അവിടുത്തെ ദ്വേഷിച്ചതു പോലെതന്നെ ശിഷ്യരെയും ദ്വേഷിക്കും എന്നവിടുന്നു മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. അവിടുത്തെ കാര്യത്തിലെന്നപോലെ, ലോകത്തിന്റെ പ്രവണതകളോട് എതിർത്തുനിന്നാൽ ആത്യന്തിക വിജയം നമുക്കായിരിക്കും.

ഈ ലോകത്തിന്റെ പ്രവണതകളെ "താഴെ നിന്നുള്ളവ" എന്നാണു വി. യോഹന്നാനും (8:23) വി. യാക്കോബും (യാക്കോ 3:13–18) വിശേഷിപ്പിക്കുന്നത്. പിതാവിന്റെ വചനമായ ഈശോ മുകളിൽനിന്നുള്ളവനാകയാൽ, ഈ ലോകത്തോട് അനുരൂപപ്പെടുവാൻ അവിടുത്തേക്കാവില്ല (യോഹ 3:31). ക്രൈസ്തവരായ നമ്മുടെ ജനനവും ഉന്നതത്തിൽനിന്നുള്ളവന്റെ ഹിതപ്രകാരമാണ് എന്നു യാക്കോബ് ശ്ലീഹാ നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ (യാക്കോ 1:17–18). ഈ ലോകത്തിന്റെ രീതികളിൽനിന്നു തികച്ചും വിഭിന്നമായ, ഉന്നതത്തിൽ നിന്നുള്ള ജ്ഞാനത്തിന്റെ പ്രത്യേകതയും ശ്ലീഹാ വർണിച്ചതാണ് (യാക്കോ 3:17).

മനുഷ്യന്റെ ദുരാശകളും ലോകത്തിന്റെ പ്രവണതകളും ശക്തമാണെങ്കിലും ദൈവം അവയെക്കാൾ കൂടുതൽ ശക്തനാകയാൽ അവിടുത്തോടു ചേർന്നുനിന്നാൽ അവയെയെല്ലാം വിജയകരമായി അതിജീവിക്കുന്നതിനു സാധിക്കും. ദൈവത്തിനു വിധേയരായിരിക്കുക എന്നതു മാത്രമാണ് വ്യവസ്ഥ. ദൈവത്തോടു ചേർന്നുനില്ക്കുന്നവരിൽ നിന്നു പിശാച് ഓടിയകന്നുകൊള്ളും.

"സന്ദിഗ്ദ്ധമനസ്ക്കരേ" എന്നു യാക്കോ ബ്ശ്ലീഹാ അഭിസംബോധന ചെയ്യുന്നതു ദുരാശകൾക്കു വശംവദരായി ലോകത്തോടു മൈത്രിയിൽ കഴിയുന്നവരെയാണ്. ഇവരോടാണ് കരങ്ങളും ഹൃദയവും ശുചിയാക്കുവാൻ ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. ആന്തരിക മനോഭാവത്തിനു മാറ്റം വരുത്തണമെന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ലോകമൈത്രിയിൽനിന്നും ദുരാശാപൂരണത്തിൽനിന്നും ലഭിക്കുന്ന സന്തോഷവും ചിരിയുമൊക്കെ കരച്ചിലും വിഷാദവുമായി മാറട്ടെ എന്നാണു വി. യാക്കോബ് വിവക്ഷിക്കുന്നത്. ഇപ്രകാരം ദൈവസന്നിധിയിൽ സ്വയം താഴ്ത്തുന്നവരെ അവിടുന്ന് ഉയർത്തുകതന്നെ ചെയ്യും. "ധനവാൻ താഴ്ത്തപ്പെടുന്നതിൽ അഭിമാനിക്കട്ടെ" (യാക്കോ 1:10) എന്നു ലേഖനാരംഭത്തിൽ നല്കുന്ന ഉപദേശവും ഇതോടു ചേർത്തു മനസ്സിലാക്കേണ്ടതാണ്.





## യാക്കോബ് 5:1–6, സാമൂഹികനീതി

സാമൂഹ്യനീതിയെക്കുറിച്ചു പരാമർശിക്കുന്ന ഈ ലേഖനഭാഗംപോലെ വേറൊന്നു പുതിയനിയമത്തിലില്ല. സമ്പന്നർക്കു വരാനിരിക്കുന്ന ദുരിതങ്ങളോർത്തു കരയാൻ ആഹ്വാനം ചെയ്തുകൊണ്ടാരംഭിക്കുന്ന ശ്ലീഹാ, അവരുടെ സുഖലോലുപതയ്ക്കും അനീതിയ്ക്കുമെതിരേ ശക്തമായി സ്വരമുയർത്തുന്നു. ശ്ലീഹാ വിമർശിക്കുന്നത് നീതിപൂർവകമല്ലാത്ത മാർഗങ്ങളിലൂടെ സമ്പന്നരായവരെയാണ്. അതുകൊണ്ടാണ് അവരുടെ സമ്പത്തു ദ്രവിച്ചും വസ്ത്രങ്ങൾ പുഴു അരിച്ചും സ്വർണവും വെള്ളിയും കറ പിടിച്ചും പോയെന്നു ശ്ലീഹാ പറയുന്നത്. ഉപയോഗിക്കാതിരുന്നതു മൂലമാണ് സമ്പത്തു ദ്രവിച്ചതും വസ്ത്രങ്ങൾ പുഴു അരിച്ചതും. ധനികർക്കാണല്ലോ സ്വർണത്തിന്റെയും വെള്ളിയുടെയും വലിയ ശേഖരങ്ങളുള്ളത്. സ്വർണത്തിനും വെള്ളിക്കും സാധാരണ കറ പിടിക്കാറില്ല. സമ്പന്നന്റെ പക്കലുള്ള സ്വർണത്തിനും വെള്ളിയ്ക്കും പിടിച്ചിരിക്കുന്നത് അനീതിയുടെ കറയാണ്. ഈ കറ വിധി ദിവസത്തിൽ അവർക്കെതിരേ സാക്ഷ്യമായിരിക്കും എന്നാണു യാക്കോബിന്റെ മുന്നറിയിപ്പ്. ദൈവം തങ്ങളെ ഭരമേല്പ്പിച്ചിരിക്കുന്ന സമ്പത്ത് മറ്റുള്ളവർക്കു വേണ്ടികൂടി പ്രയോജനപ്പെടുത്താതെ പൂഴ്ത്തിവച്ചു ജീവിക്കുന്നതിലൂടെ ഈ ധനികർ അന്ത്യദിനത്തിലേക്കായി തീ കൂട്ടിവയ്ക്കുകയാണ്. ഈ നര കാഗ്നി ധനികരുടെ മാംസം – ശരീരം – ദഹിപ്പിക്കും. അന്ത്യദിനത്തിലെ ശിക്ഷാവിധിക്കായി തങ്ങളുടെ സമ്പത്ത് അവർ സൂക്ഷിച്ചുവച്ചതുപോലിരിക്കും. പണം മാത്രമല്ല, സമ്പത്തിന്റെ പരിധിയിൽപ്പെടുന്നത്; നമുക്കുള്ളതെന്തും – ആരോഗ്യവും സമയവും കഴിവുകളുമെല്ലാം സമ്പത്തിന്റെ ഭാഗമാണ്. ഇവയുടെ വിനിയോഗമാണ് അന്ത്യവിധിയുടെ മാനദണ്ഡം എന്നു കർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ (മത്താ 25).

ധനികരുടെ ഭാഗത്തുനിന്നുള്ള അനീതി നിറഞ്ഞ പ്രവൃത്തികളിൽനിന്ന് ഒരുദാഹരണം എടുത്തുകാണിച്ച് അതെപ്രകാരമാണ് വിധി ദിവസത്തിൽ അവർക്കെതിരേ സാക്ഷ്യമാകാൻ പോകുന്നത് എന്നു യാക്കോബ്ശ്ലീഹാ വ്യക്തമാക്കുന്നു. വിളവു ശേഖരിക്കാൻ സഹായിച്ച കൊയ്ത്തുകാർക്ക് അർഹമായ കൂലി നല്കാതെ പിടിച്ചുവച്ചത് ദ്രവിച്ച സമ്പത്തിനുദാഹരണമാണ്. പഴയനിയമകാലത്തു തന്നെ വേലക്കാരുടെ കൂലി കൃത്യസമയത്തു നല്കേണ്ടതിനെപ്പറ്റി നിബന്ധനകളുണ്ടായിരു ന്നു (ലേവ്യർ 19:13). ഇപ്രകാരം ദ്രവിച്ച സമ്പത്ത് – പിടിച്ചുവച്ച കൂലി – ധനികർക്കെതിരെ നിലവിളിക്കുന്നു. ഈ നിലവിളി കർത്താവിന്റെ ചെവികളിലെത്തുകയും ചെയ്തിരിക്കുന്നു. കറ പിടിച്ച സ്വർണത്തിനും വെള്ളിയ്ക്കും സമാനമാണ് ഇപ്രകാരം നേടുന്ന സമ്പാദ്യം. ഈ ഭൂമിയിൽ ആഡംബരപൂർവം സുഖലോലുപരായി ജീവിക്കാനായി പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്നവർ തങ്ങളുടെതന്നെ ശിക്ഷാവിധിയാണ് ഒരുക്കുന്നത് എന്നാണു ശ്ലീഹായുടെ മുന്നറിയിപ്പ്. ധനികരുടെ ഈ അനീതിയ്ക്കെതിരേ ശബ്ദിക്കാൻ നീതിമാന്മാരായ ഈ ദരിദ്രർക്കു ശക്തിയില്ലാത്തതിനാൽ അവർ എതിർത്തു നില്ക്കാറില്ല. അതുകൊണ്ടുതന്നെ ധനികർ അവരെ അന്യായമായി കുറ്റംവിധിക്കുകയും

വധിക്കുകയും ചെയ്യുന്നു. അവരുടെ നിലവിളി കർത്താവു ശ്രവിക്കുന്നതുകൊണ്ട്, പരീക്ഷകളെ അതിജീവിക്കുന്ന അവർക്കു ജീവന്റെ കിരീടം ലഭിക്കുമെന്ന സൂചനയും ഇവിടെയുണ്ട്.

## യാക്കോബ് 5:7-12, പ്രത്യാശയോടെ കാത്തിരിക്കുക

അന്ത്യവിധിയുടെ ദിവസത്തെക്കുറിച്ചു സൂചിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ, കർത്താവിന്റെ ആഗമനംവരെ ക്ഷമയോടെ കാത്തിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ബോദ്ധ്യപ്പെടുത്തുകയാണ് യാക്കോബ് ശ്ലീഹാ ഇവിടെ. നീതിമാന്മാർക്കു നേരിടേണ്ടിവരുന്ന ക്ലേശങ്ങളെക്കുറിച്ചാണല്ലോ പറഞ്ഞു നിർത്തിയത്. വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ ക്ഷമാശീലം വർദ്ധിക്കുമെന്നു ലേഖനത്തിന്റെ ആരംഭത്തിൽ ശ്ലീഹാ സൂചിപ്പിച്ചിരുന്നല്ലോ (യാക്കോ 1:3). എപ്പോൾ വരെയാണ് ക്ഷമയോടെ കാത്തിരിക്കേണ്ടത് എന്നാണ് ഇവിടെ പ്രതിപാദിക്കുന്നത്. കർത്താവിന്റെ മഹത്വപൂർണമായ രണ്ടാമത്തെ ആഗമനംവരെ വിശ്വാസി ക്ഷമയോടെ കാത്തിരിക്കണം. പരീക്ഷകളെ അതിജീവിക്കുന്നവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ജീവന്റെ കിരീടം വിതരണം ചെയ്യപ്പെടുന്നത് അപ്പോഴാണല്ലോ.

വിത്തു വിതച്ചശേഷം നല്ല മഴയ്ക്കുവേണ്ടി കാത്തിരിക്കുന്ന കർഷകന്റെ ക്ഷമ വിശ്വാസിക്കു വേണമെന്നാണു ശ്ലീഹാ നിർദ്ദേശിക്കുന്നത്. ചെടിയുടെ വളർച്ചയുടെ ആരംഭഘട്ടത്തിൽവേണ്ട മുൻമഴയും ഫലം പാകമാകുന്ന ഘട്ടത്തിൽവേണ്ട പിൻമഴയും വളരെ പ്രധാനപ്പെട്ടതാണ്. ക്ഷമയോടെ കാത്തിരിക്കാൻ മാത്രമേ കർഷകനു തരമുള്ളൂ. മഴയുടെ നിയന്ത്രണം കർഷകന്റെ പരിധിയിൽപ്പെടുന്ന കാര്യമല്ല. ദൈവം നിശ്ചയിച്ചിരിക്കുന്ന, പ്രകൃതിനിയമങ്ങളുണ്ടതിന്. അതനുസരിച്ചേ കാര്യങ്ങൾ സംഭവിക്കൂ. ക്ഷമയോടെ കാത്തിരിക്കുന്ന കർഷകനെയാണ് വിശ്വാസിക്കു മാതൃകയായി ശ്ലീഹാ നല്കുന്നത്. അവനെ സംബന്ധിച്ചു 'വിളവെടുപ്പിന്റെ സമയം' യുഗാന്ത്യത്തിനു ദൈവം നിശ്ചയിച്ചിരിക്കുന്ന ദിനമാണ്.

കർത്താവിന്റെ രണ്ടാമത്തെ ആഗമനം ഉടൻ സംഭവിക്കുമെന്നായിരുന്നു ആദിമ ക്രൈസ്തവരുടെ വിശ്വാസം. 'കർത്താവിന്റെ ആഗമനം അടുത്തിരിക്കുന്നു' എന്നു പറയുന്നതിന്റെ അർത്ഥമിതാണ്. 'ന്യായാധിപൻ ഇതാ, പടിവാതില്ക്കൽ നില്ക്കുന്നു' എന്നതിന്റെ ധ്വനിയും മറ്റൊന്നല്ല. കർത്താവിന്റെ ദിനം അടുത്തിരിക്കുന്നു എന്ന ചിന്ത കൂടുതൽ ക്ഷമയോടെ സഹിച്ചുനില്ക്കാൻ സഹായിക്കും. വിശ്വാസത്തിലും പ്രത്യാശയിലുമുള്ള സ്ഥിരീകരണംവഴി ഹൃദയത്തെ ശക്തിപ്പെടുത്തിക്കൊണ്ടുവേണം കർത്താവിന്റെ ദിനത്തിനായി കാത്തിരിക്കേണ്ടതെന്നും ശ്ലീഹാ ഉപദേശിക്കുന്നു (യാക്കോ 5:8).

ക്ഷമാപൂർവമായ സഹനത്തിനു മാതൃകയായി ദൈവനാമത്തിൽ സംസാരിച്ച പ്രവാചകരെ ശ്ലീഹാ എടുത്തുകാണിക്കുന്നു (യാക്കോ





5:10-11). ദൈവികസന്ദേശവഹകരായിരുന്നിട്ടും അവർ സഹനത്തിന് അതീതരല്ലായിരുന്നു (മത്താ 21:35; 26:6). സഹനത്തിലൂടെ അവർ അനുഗൃഹീതരായിത്തീർന്നു. അവിടുത്തെപ്രതി പീഡസഹിക്കുന്നവർ അനുഗ്രഹിക്കപ്പെടുമെന്ന് കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ (മത്താ 5:10-12). അന്ത്യംവരെ പിടിച്ചുനില്ക്കുന്നവരാണ് രക്ഷപെടുന്നത് (മത്താ 10:22).

പഴയനിയമ മാതൃകകളിൽ ജോബ് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. തീവ്രമായ സഹനങ്ങൾക്കിടയിൽപ്പോലും കർത്താവിലുള്ള വിശ്വാസം അവൻ ഉപേക്ഷിച്ചില്ല (ജോബ് 1:21). അതുവഴി അവൻ കൂടുതൽ അനുഗൃഹീതനായി. ജോബിന്റെ ജീവിതാനുഭവങ്ങൾക്കു പിന്നിൽ വ്യക്തമായ ദൈവികപദ്ധതി ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ സഹനങ്ങൾക്കു മദ്ധ്യേയാണ് ജോബ് ദൈവത്തോടുള്ള ബന്ധത്തിൽ വളർന്നത്. അവസാനംവരെ പിടിച്ചുനില്ക്കാൻ ശക്തി നല്കിയതു കർത്താവുതന്നെ. വിശ്വാസപരീക്ഷകളിൽ ജോബിന്റെ ജീവിതം ക്രൈസ്തവർക്കു മാതൃകയാണ്.

**5:12 ആണയിടരുത്,** ഒരുവൻ പറയുന്ന കാര്യത്തിന്റെ വിശ്വസനീയത ഉറപ്പിക്കാനാണ് പലപ്പോഴും ആണയിടേണ്ടി വരുന്നത്. പരസ്പര വിശ്വാസമുള്ള ഒരു സമൂഹത്തിൽ ആണയിടേണ്ടതിന്റെ ആവശ്യകത ഉദിക്കുന്നില്ലെങ്കിലും നിരപരാധത തെളിയിക്കുവാൻ സത്യം ചെയ്യാമെന്നു മോശതന്നെ നിർദ്ദേശിച്ചിട്ടുണ്ട് (പുറ 22:10-11). ശപഥം ഗൗരവമായി പരിഗണിച്ചു നിറവേറ്റേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പഴയനിയമത്തിൽ പരാമർശമുണ്ട് (നിയമാ 23:22; ജറെ 5:2; 7:9; ഹോസി 4:2; സഖ 5:3-4; മലാ 3:5). എന്നാൽ, ഈശോയുടെ പ്രബോധനം മറിച്ചായിരുന്നു. അവിടുന്ന് അരുളിച്ചെയ്യുന്നു: "എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു, സത്യം ചെയ്യുക തന്നെ അരുത്. സ്വർഗത്തെക്കൊണ്ട് അരുത്; അതു ദൈവത്തിന്റെ സിംഹാസനമാണ്. ഭൂമിയെക്കൊണ്ട് അരുത്; അത് അവന്റെ പാദപീഠമാണ്. ജറൂസലേമിനെക്കൊണ്ടും അരുത്; അതു മഹാരാജാവിന്റെ പട്ടണമാണ്. നിന്റെ ശിരസ്സിനെക്കൊണ്ടും അരുത്; അതിലെ ഒരു മുടിപോലും വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു സാധിക്കുകയില്ല. നിങ്ങളുടെ മറുപടി അതെ എന്നോ അല്ല എന്നോ ആയിരിക്കട്ടെ. അതിൽ കൂടുതലുള്ളതെല്ലാം ദുഷ്ടനിൽനിന്നാണ്" (മത്താ 5:33-37). പരസ്യജീവിതത്തിന്റെ അവസാന ഘട്ടത്തിലും ഇതെക്കുറിച്ചു വ്യക്തമായി അവിടുന്നു പഠിപ്പിച്ചിരുന്നു (മത്താ 23:16-22). ഈശോയുടെ ഈ പ്രബോധനത്തിന്റെ സംക്ഷിപ്തരൂപമാണ് വി. യാക്കോബ് നല്കുന്നത്.

സത്യസന്ധമായി സംസാരിക്കാനും പ്രവർത്തിക്കാനും കടപ്പെട്ടവനാണു ക്രിസ്തു ശിഷ്യൻ. ഇത് അവന്റെ അസ്തിത്വത്തിന്റെ തന്നെ ഭാഗമാകയാൽ അവന് ആണയിടേണ്ട ആവശ്യമേ ഉണ്ടാകുന്നില്ല. അവന്റെ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടാകണമെന്നു ചുരുക്കം.

## യാക്കോബ് 5:13-18, അനുരഞ്ജന-രോഗീലേപന കൂദാശകൾ

രോഗീലേപനകൂദാശയുടെ വിശുദ്ധ ഗ്രന്ഥാടിസ്ഥാനം യാക്കോബ് ശ്ലീഹായുടെ ഈ ലേഖനഭാഗമാണ്. ആർക്കെങ്കിലും രോഗം ബാധിച്ചാൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ എന്നാണു ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. വിശ്വാസിസമൂഹത്തിലെ മൂപ്പന്മാരെയാണു ശ്രേഷ്ഠന്മാർ എന്നു വിശേഷിപ്പിക്കുന്നത്. ശ്ലീഹന്മാരോടു ചേർന്നും, അവരുടെ അഭാവത്തിൽ അവരുടെ സ്ഥാനത്തുനിന്നും, ആദിമസഭയിൽ നേതൃത്വം വഹിച്ചിരുന്നത് അവരാണ്. ജറുസലേംസഭയിൽ പ്രാദേശിക നേതാക്കന്മാരായി അവരെ നമ്മൾ ആദ്യം കാണുന്നത് നടപടി 11:30 ലാണ്. നട 15:2-6 ൽ ശ്ലീഹന്മാരുടെ സഹപ്രവർത്തകരായി അവർ പ്രത്യക്ഷപ്പെടുന്നുണ്ട്. നട 15:23 ൽ ജറുസലേം സൂനഹദോസിന്റെ തീരുമാനങ്ങൾ ശ്ലീഹന്മാരുടെയും ശ്രേഷ്ഠന്മാരുടെയും പേരിലാണ് പാസ്സാക്കിയത്.

ആദിമസഭയിലെ നേതാക്കന്മാരായിരുന്ന ശ്രേഷ്ഠന്മാർക്ക് സമൂഹത്തിലെ ആരാധനാപരമായ കാര്യങ്ങളിലും മുഖ്യസ്ഥാനമുണ്ടായിരുന്നു. വി. ക്ളെമന്റ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇതെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. സഭാഭരണ സംവിധാനം ഇന്നത്തെ രീതിയിൽ വികാസം പ്രാപിക്കുന്നതിനു മുമ്പുള്ള അവസ്ഥയാണ് യാക്കോബിന്റെ ലേഖനത്തിൽ പ്രതിഫലിക്കുന്നത്.

ഈശോയുടെ ദൈവരാജ്യപ്രഘോഷണത്തിന്റെ പ്രധാനഘടകം രോഗികളെ സുഖപ്പെടുത്തലായിരുന്നു (ലൂക്കാ 9:2). അവിടുന്നു നല്കിയ രക്ഷാകരവിമോചനത്തിന്റെ ഭാഗമായിരുന്നു അത്. സുവിശേഷപ്രഘോഷണ ദൗത്യനിർവഹണത്തിനായി ശിഷ്യന്മാരെ അവിടുന്നു തിരഞ്ഞെടുത്ത് ഒരുക്കിയതു രോഗികളെ സുഖപ്പെടുത്തുവാൻ വേണ്ടിക്കൂടിയായിരുന്നു (മർക്കോ 3:14-15). ഈശോയുടെ പരസ്യജീവിത കാലത്തുതന്നെ അവർ അനേകം രോഗികളെ തൈലംപൂശി സുഖപ്പെടു ത്തുകയും ചെയ്തു (മർക്കോ 6:13). ശ്ലീഹന്മാരുടെ പിൻഗാമികൾ ആദിമസഭയിൽ ഇതു തുടരുന്നതാണ് യാക്കോബിന്റെ ലേഖനത്തിൽ നമ്മൾ കാണുന്നത്.

പുരോഹിതൻ രോഗിക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ തൈലം പൂശുകയും ചെയ്യണമെന്നു യാക്കോബ്ശ്ലീഹാ നിർദ്ദേശിക്കുന്നു. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവിന്റെ നാമത്തിലുള്ള തൈലംപൂശൽ പ്രധാന കർമ്മമാണ്. തൈലം യഥാർത്ഥ അഭിഷിക്തനായ ഈശോമിശിഹായുടെ തന്നെ പ്രതീകമാണ്. അവിടുത്തെ നാമത്തിലാണ് രോഗിയുടെമേൽ തൈലം പൂശുന്നത്. അതുകൊണ്ട് അവിടുന്നുതന്നെയാണ് രോഗിയെ എഴുന്നേല്പ്പിക്കുന്നതും. പുരോഹിതൻ അവിടുത്തെ കരങ്ങളിൽ ഉപകരണമായി വർത്തിക്കുക മാത്രമാണ് ചെയ്യുന്നത്.

രോഗീലേപനം മാത്രമല്ല, രോഗത്തിൽനിന്നു മോചനം നേടാനുള്ള മാർഗം. അന്യോന്യം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും





ചെയ്യുമ്പോൾ സൗഖ്യമുണ്ടാകും (യാക്കോ 5:16) എന്നാണു യാക്കോബ് ശ്ലീഹാ അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നത്. അനുരഞ്ജന കൂദാശയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഈ കൂദാശവഴി പാപമോ ചനം മാത്രമല്ല, രോഗസൗഖ്യവും ലഭിക്കും. രോഗത്തെ പാപത്തിന്റെ ഫലമായി എപ്പോഴും ചിത്രീകരിക്കാനാവില്ലെങ്കിലും (ഉദാ: യോഹ 9:1-3), പലപ്പോഴും രോഗങ്ങൾക്കു കാരണം ദൈവത്തോടും മറ്റുമനുഷ്യരോടും തന്നോടു തന്നെയുമുള്ള ബന്ധത്തിലെ താളപ്പിഴകളാണ്. പാപംവഴി ശിഥിലമാക്കപ്പെട്ട ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയാണ് അനുരഞ്ജന കൂദാശ ചെയ്യുന്നത്. പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കുമ്പോൾ അതു സൗഖ്യം പ്രദാനം ചെയ്യും എന്നതാണു യാക്കോബ് ശ്ലീഹായുടെ പ്രബോധനം. പാപം എത്ര വ്യക്തിപരമായിരുന്നാലും, അതു സമൂഹത്തിനെതിരായുള്ള തിന്മ കൂടിയാണ്. അതുകൊണ്ടാണ് പാപമോചന ത്തിനു സഹോദരുമായുള്ള അനുരഞ്ജനം ആവശ്യമായിരിക്കുന്നത്. പുരോഹിതൻ ദൈവത്തിന്റെയും സമൂഹത്തിന്റെയും പ്രതിനിധി എന്ന നിലയിലാണ് പാപങ്ങൾ ശ്രവിക്കുന്നത്.

കഫർണാമിൽവച്ച്, ഈശോയുടെ പക്കൽ സുഹൃത്തുക്കളെത്തിച്ച തളർവാതരോഗിയോട് അവിടുന്ന് അരുളിച്ചെയ്ത വാക്കുകളിൽനിന്ന് പാപവും രോഗവും തമ്മിലുള്ള ബന്ധം വ്യക്തമാണ്. അവിടുന്നു പറഞ്ഞു: എന്റെ മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (മർക്കോ 2:5). ഈ പറഞ്ഞതിനെക്കുറിച്ചു പ്രീശരും നിയമജ്ഞരും പിറുപിറുത്തപ്പോൾ ഈശോ തളർവാതരോഗിയോട് അരുളിച്ചെയ്തു: നിന്റെ കിടക്കയുമെടുത്തു വീട്ടിലേക്കു പോവുക (മർക്കോ 2:11). തത്സമയം അയാൾ പൂർണ സൗഖ്യമുള്ളവനായി എഴുന്നേറ്റ് കിടക്കയുമെടുത്ത് പുറത്തുപോയി. ഈ രണ്ടു വാചകങ്ങളിലൂടെയും ഈശോ ഒരേ കാര്യമാണ് വ്യക്തമാക്കിയത്. പാപങ്ങൾ ക്ഷമിക്കപ്പെട്ടതോടുകൂടിയാണ് അയാൾക്ക് എഴുന്നേറ്റു നടക്കാൻ സാധിച്ചത്. പാപമോചനവും രോഗശാന്തിയും അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു.

## യാക്കോബ് 5:19-20, ഉപസംഹാരം

തന്റെ ശിഷ്യർക്കിടയിൽ ഉണ്ടായിരിക്കേണ്ട കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് ഈശോ പഠിപ്പിച്ചത് വി. മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്: "നിന്റെ സഹോദരൻ തെറ്റുചെയ്താൽ, നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുക. അവൻ നിന്റെ വാക്കു കേൾക്കുന്നെങ്കിൽ നീ നിന്റെ അയൽക്കാരനെ നേടി. അവൻ നിന്നെ കേൾക്കുന്നില്ലെങ്കിൽ, രണ്ടോ മൂന്നോ സാക്ഷികൾ ഓരോ വാക്കും സ്ഥിരീകരിക്കുന്നതിനു വേണ്ടി ഒന്നോ രണ്ടോ സാക്ഷികളെക്കൂടി നിന്നോടൊത്തു കൊണ്ടുപോവുക. അവൻ അവരെയും അനുസരിക്കുന്നില്ലെങ്കിൽ, സഭയോടു പറയുക. സഭയെയും അനുസരിക്കുന്നില്ലെങ്കിൽ, അവൻ നിനക്കു വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ" (മത്താ 18:15-17). സഭാസമൂഹം ഒരു ശരീരമാകയാൽ ഏതെങ്കിലും ഒരംഗത്തിനു സംഭവിക്കുന്ന

മാർഗഭ്രംശം സമൂഹത്തെ മുഴുവൻ ബാധിക്കും. ആ അംഗത്തിന്റെ കുറവു പരിഹരിക്കുക എന്നതു മറ്റെല്ലാ സമൂഹാംഗങ്ങളുടെയും കടമയാണ്. ഇതു തന്നെയും പരിപൂർണതയുടെ നിയമമായ അയൽക്കാരനോടുള്ള സ്നേഹത്തിന്റെ പ്രാവർത്തികമാക്കലിന്റെ ഭാഗമാണ്.

യാക്കോബ്ശ്ലീഹാ തന്റെ ലേഖനം അവസാനിപ്പിക്കുന്നത്, സത്യ വിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്നവരോടു മറ്റു വിശ്വാസികൾക്കുണ്ടായിരിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് അനുസ്മരിപ്പിച്ചു കൊണ്ടാണ്. ലേഖനം എഴുതുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച കാര്യം തന്നെയല്ലേ യാക്കോബ് ശ്ലീഹാ സൂചിപ്പിക്കുന്നത്? ദരിദ്രരെ അവഗണിക്കൽ, നാവിന്റെ ദുർവിനിയോഗം, അസൂയ, ലൗകിക വ്യഗ്രത, കലഹം, പക്ഷപാതം, ധനാസക്തി തുടങ്ങിയ തിന്മകൾക്ക് അടിമപ്പെട്ടു സത്യമാർഗമായ മിശിഹായിൽനിന്നു വ്യതിചലിച്ച വിശ്വാസികളെ തിരിച്ചുകൊണ്ടുവരുന്നതിനു വേണ്ടിയാണല്ലോ അദ്ദേഹം ഈ ലേഖനം എഴുതുന്നത്. സത്യത്തിന്റെ പാതയിലേക്കു തിരികെ കൊണ്ടുവരുന്നതുവഴി തന്റെ തന്നെ ജീവനെ മരണത്തിൽനിന്നു രക്ഷിക്കാമെന്നും പാപങ്ങളുടെ ആധിക്യം മായിച്ചുകളയാമെന്നും വി. യാക്കോബിന് അറിയാമായിരുന്നു. ലോകാവസാനംവരെ ഈ ലേഖനത്തിലൂടെ യാക്കോബ്ശ്ലീഹാ ഈ ദൗത്യം തുടർന്നു കൊണ്ടേയിരിക്കും.

***ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ***



# 02

# പത്രോസ് എഴുതിയ ഒന്നാം ലേഖനം

## ആമുഖം

വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾക്കു പുറമേ ഏഴു ചെറിയ ലേഖനങ്ങൾകൂടി പുതിയനിയമത്തിൽ ഉൾക്കൊള്ളുന്നു. ഇവയെ പൊതുവേ 'കാതോലിക ലേഖനങ്ങൾ' എന്നാണ് വിളിക്കുക. പത്രോസിന്റെ ഒന്നാം ലേഖനം കാതോലിക ലേഖനങ്ങളുടെ ഗണത്തിൽ രണ്ടാമത്തേതാണ്. ദൈവശാസ്ത്രപരമായ ഒട്ടേറെ പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത ലേഖനം എല്ലാ കാലങ്ങളിലും പണ്ഡിതന്മാരുടെ പഠനത്തിന് വിധേയമായിട്ടുണ്ട്.

## ലേഖനകർത്താവ്

ഈ ലേഖനത്തിന്റെ കർത്താവ് പത്രോസ് ശ്ലീഹായാണ് എന്ന് ആദിമസഭയുടെ കാലം മുതലേ വിശ്വസിച്ചിരുന്നു. യൗസേബിയൂസിന്റെ സഭാചരിത്രം ഇതിനു സാക്ഷ്യം നൽകുന്നുണ്ട്. (HE 4:14-9). 19-ാം നൂറ്റാണ്ടുവരെ ഈ നിലപാട് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ രചനകൾ ഒന്നുകിൽ പത്രോസിന്റെ ശിഷ്യഗണങ്ങളിൽപ്പെട്ടവരുടെ (Petrine school) രചനയാകാം (ഇ.ബെസ്റ്റ്, എൽ. ഗോപ്പെൽറ്റ്, ജെ.എച്ച് ഏലിയട്ട് തുടങ്ങിയവർ ഈ ചിന്താഗതിയുടെ വക്താക്കളാണ്); അല്ലെങ്കിൽ ഇതിന്റെ രചയിതാവ് പത്രോസിന്റെ പേര് ആധികാരിതയ്ക്കുവേണ്ടി വ്യാജമായി ഉപയോഗിക്കുന്നതാകാം (എൻ. ബ്രോക്സിന്റെ വ്യാഖ്യാനം - EKKNT, 21 - ഈ നിലപാടാണ് സ്വീകരിക്കുന്നത്).

യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പത്രോസാണ് ഗ്രന്ഥ കർത്താവെന്ന് ലേഖനത്തിന്റെ ആരംഭത്തിൽത്തന്നെ സ്പഷ്ടമായി അവ തരിപ്പിക്കുന്നു (1:1). പരമ്പരാഗതമായി സഭയും ഇതുതന്നെ പഠിപ്പിക്കുന്നു. കൂടാതെ സഭാപിതാവായ യൗസേബിയൂസിന്റെ കാലം മുതൽ (HE 4. 14.9) 19-ാം നൂറ്റാണ്ടുവരെ ആരും ഈ ലേഖനത്തിന്റെ കർതൃത്വത്തെപ്പറ്റി കാര്യമായി സംശയം ഉന്നയിച്ചിരുന്നില്ല. എന്നാൽ ആധുനിക പണ്ഡിതന്മാരിൽ പലരും പത്രോസിന്റെ കർതൃത്വത്തെ എതിർക്കുന്നു. ഒന്നുകിൽ പത്രോസിന്റെ ശിഷ്യന്മാരോ അതുമല്ലെങ്കിൽ അടുത്ത ബന്ധമുള്ളവരോ ലേഖനം എഴുതി പത്രോസിന്റെ പേരിൽ പ്രസിദ്ധീകരിച്ചിരിക്കാമെന്ന് വാദിക്കുന്നു. പത്രോസിന്റെ കർതൃത്വത്തിനു എതിരായി നിരത്തുന്ന വാദഗതികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്:

(1) താരതമ്യേന മെച്ചമേറിയ ഗ്രീക്കുശൈലിയും പഴയനിയമത്തിന്റെ ഗ്രീക്കു തർജ്ജമയായ സപ്തതി (LXX) യിൽ നിന്നുള്ള ഉദ്ധരണികളും. അറമായ ഭാഷ മാത്രമറിയാമായിരുന്ന ഗലീലിയിൽനിന്നുള്ള മുക്കുവനായ പത്രോസിൽനിന്നും ഇത്തരത്തിലുള്ള സുന്ദരമായ ഗ്രീക്കു ഭാഷയും ശൈലിയും ഉടലെടുക്കാൻ സാധ്യതയില്ലായെന്ന് ചില ആധുനിക പണ്ഡിതന്മാർ വാദിക്കുന്നു. ആകയാൽ പഴയനിയമത്തിന്റെ ഗ്രീക്കു തർജ്ജമയുമായി അടുത്ത ബന്ധമുള്ള ആരോ ആണ് ഈ ലേഖനം രചിച്ചതെന്ന് ഇക്കൂട്ടർ വാദിക്കുന്നു. കൂടാതെ ഈശോയുടെ ശിഷ്യ പ്രമുഖൻ ഗുരുവിനോടൊത്തുള്ള തന്റെ ജീവിതാനുഭവങ്ങളും അവിടുത്തെ പ്രബോധനങ്ങളും ദിവ്യോക്തികളും വിട്ടുകളയുന്നതു മനസ്സിലാക്കാൻ ഏറെ പ്രയാസമുണ്ട്.

(2) പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങളിലെ പല ആശയങ്ങളും ഭാഷാശൈലിയും ഇതിൽ അങ്ങിങ്ങായി പ്രതിഫലിക്കുന്നു. പത്രോസിന്റെ ചില ഉപദേശങ്ങൾ (ഉദാ: ഭാര്യാഭർത്താക്കന്മാർ, ദാസന്മാർ എന്നിവർക്ക് നൽകുന്നത്) ആശയത്തിലും ശൈലിയിലും എഫേസോസ് ലേഖനത്തേയും റോമാക്കാർക്കുള്ള ലേഖനത്തെയും അനുസ്മരിപ്പിക്കുന്നു. പൗലോസിന്റെ സഹപ്രവർത്തകനായ സിൽവാനോസ് മുഖേനയാണ് ഈ ലേഖനം രചിക്കപ്പെട്ടതെന്ന് ലേഖനാരംഭത്തിൽത്തന്നെ പരാമർശിക്കുന്നുണ്ട് (5:12). പൗലോസിന്റെ ശിഷ്യനായ സിൽവാനോസിന്റെ പങ്കാളിത്തമുള്ളതുകൊണ്ട് പൗലോസിന്റെ ആശയങ്ങളും ഭാഷാശൈലിയും ഈ ലേഖനത്തിലും പ്രതിഫലിക്കുക സ്വാഭാവികമാണ്. ആകയാൽ അക്കാലത്തെ പാരമ്പര്യമനുസരിച്ച് സിൽവാനോസിനെക്കൊണ്ട് ശ്ലീഹാ തന്റെ ആശയങ്ങൾ എഴുതിപ്പിച്ചതാകാമെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. പൗലോസിന്റെ ശിഷ്യനായ സിൽവാനോസ് എഴുതിയതുകൊണ്ടായിരിക്കണം ഈ ലേഖനത്തിൽ പൗലോസിന്റെ ആശയങ്ങളും ഭാഷാശൈലിയും പ്രതിഫലിക്കുന്നത്. ഏതാനുംചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 പത്രോ 1:14 = റോമാ 12:2
1 പത്രോ 2:4-8 = റോമാ 9:32-33





1 പത്രോ 2:13-17 = റോമാ 13:1-7
1 പത്രോ 3:9 = റോമാ 12:17
1 പത്രോ 3:18 = റോമാ 5:2; എഫേ 2:18
1 പത്രോ 3:12,22 = എഫേ 1:20-21
1 പത്രോ 4:1 = റോമാ 6:6
1 പത്രോ 4:10-11 = റോമാ 12:6

പൗലോസിന്റെ സന്തതസഹചാരിയായിരുന്ന സിൽവാനോസ് പൗലോസിന്റെ ആശയങ്ങൾ ഈ ലേഖനത്തിൽ അനുസ്മരിക്കുന്നത് സ്വാഭാവികമാണ്.

(3) ലേഖനത്തിൽ പരാമർശിക്കുന്നതുപോലെയുള്ള രൂക്ഷവും വ്യാപകവുമായ മതമർദ്ദനം (2:12, 19; 3:9, 14-17; 4:4, 12-16, 19; 5:9) പത്രോസിന്റെ കാലഘട്ടത്തിൽ വ്യാപകമായ രീതിയിൽ നടന്നിരുന്നില്ല. നീറോ ചക്രവർത്തിയുടെ ഭരണകാലത്ത് ക്രി.വ. 67 ൽ അഴിച്ചുവിട്ട മതപീഡനത്തിലാണ് അപ്പസ്തോലൻ രക്തസാക്ഷിമകുടം ചൂടിയതെന്ന് പാരമ്പര്യം തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നീറോയുടെ കാലത്തെ മതമർദ്ദനം ഹ്രസ്വവും പ്രാദേശികവുമായിരുന്നു. അദ്ദേഹത്തെത്തുടർന്ന് റോമൻ ചക്രവർത്തിമാരായ ട്രാജൻ, ഡൊമീഷ്യൻ (ക്രി.വ. 98-107), എന്നിവരുടെ ഭരണകാലത്താണ് മതമർദ്ദനം വ്യാപകമായത്. ദൈവികപദവിയും ബഹുമാനവും ആവശ്യപ്പെട്ട ഡൊമീഷ്യൻ അദ്ദേഹത്തെ "കർത്താവും ദൈവവും" (Dominus et Deus) എന്ന് വിളിക്കണമെന്ന് ജനങ്ങളോട് കല്പിച്ചു ജൂപ്പിറ്റർ ദൈവത്തിന്റെ പുത്രനാണ് താനെന്ന് അവകാശപ്പെട്ടുകൊണ്ട് അയാൾ സ്വന്തം പ്രതിമ ജൂപ്പിറ്ററിന്റെ പ്രതിമക്കു സമീപം സ്ഥാപിക്കാൻ ഉത്തരവായി. ഇതൊന്നും ക്രൈസ്തവ വിശ്വാസികൾക്ക് സ്വീകാര്യമായില്ല. തത്ഫലമായി കഠിനമായ മതമർദ്ദനം അഴിച്ചുവിട്ടു. ഇക്കാരണങ്ങളാൽ പത്രോസിന്റെ കാലഘട്ടത്തിനുശേഷം ക്രി.വ. 90-നും 95-നും ഇടയ്ക്കായിരിക്കും ഈ ലേഖനം വിരചിതമായതെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു.

(4) ആർക്കുവേണ്ടിയാണോ ഈ ലേഖനം എഴുതപ്പെട്ടത്, ആ സഭകൾ ശ്ലീഹായുടെ കാലത്ത് നിലവിൽ ഇല്ലായിരുന്നുവെന്ന് ഒരു പറ്റം ബൈബിൾ പണ്ഡിതന്മാർ വാദിക്കുന്നു.

(5) യാക്കോബിന്റെ ലേഖനവുമായുള്ള സമാനമായ ഒട്ടേറെ ആശയങ്ങൾ ഈ ലേഖനത്തിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1 പത്രോ 1:1 = യാക്കോ 1:1;
1 പത്രോ 1:6-7 = യാക്കോ 1:2-3
1 പത്രോ 1:23-2:2 = യാക്കോ 1:17-22
1 പത്രോ 4:8 = യാക്കോ 5:19-20
1 പത്രോ 5:5-6 = യാക്കോ 4:6

ഈ ലേഖനമെഴുതിയ വ്യക്തി യാക്കോബിന്റെ ലേഖനത്തെ ആശ്രയിച്ചിട്ടുണ്ടെന്ന് വ്യക്തം. പത്രോസാണ് ഈ ലേഖനത്തിന്റെ കർത്താവെങ്കിൽ ഇപ്രകാരമൊരു അവലംബം ഉണ്ടാകുമായിരുന്നില്ലായെന്ന് വാദിക്കുന്നു.

മുകളിൽ സൂചിപ്പിച്ച വാദഗതികളൊക്കെ നിലനിൽക്കുന്നുണ്ടെങ്കിൽത്തന്നെയും ഇവയൊന്നും സംശയരഹിതമായി ഇതുവരെയും സ്ഥാപിക്കപ്പെട്ടിട്ടില്ലായെന്നതാണ് വാസ്തവം. ആകയാൽ അക്കാലഘട്ടങ്ങളിലെ പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നതുപോലെ, പൗലോസിന്റെ ശിഷ്യനായ സിൽവാനോസിന്റെ സഹായത്തോടെ (5:12) പത്രോസ് ഈ ലേഖനം രചിച്ചു എന്നുള്ള അഭിപ്രായമാണ് കൂടുതൽ അഭികാമ്യം.

ഈ ലേഖനം സിൽവാനോസിലൂടെ പത്രോസ് രചിച്ചതാണ് എന്ന നിലപാട് തികച്ചും യുക്തിസഹമാണ്. ലേഖനത്തിൽതന്നെയുള്ള സാക്ഷ്യവും (1:1) സഭാപിതാക്കന്മാരുടെ സാക്ഷ്യവും (*HE* 4:14-9) ഈ വാദഗതിയെ ശരിവയ്ക്കുന്നുണ്ട്. കൂടാതെ, താഴെപ്പറയുന്ന കാരണങ്ങൾ ഈ ലേഖനത്തിന്റെ ഗ്രന്ഥകർത്താവ് പത്രോസ് ശ്ലീഹായാണെന്ന സത്യത്തെ ബലപ്പെടുത്തുന്നുണ്ട്.

(1) ലേഖനത്തിന്റെ ആമുഖത്തിൽതന്നെ ലേഖനമെഴുതാൻ സഹായിച്ച വ്യക്തിയെ (സിൽവാനോസ്) പരാമർശിക്കുന്നതിലൂടെ പ്രസ്തുത വ്യക്തിക്ക് ലേഖനരചനയിൽ കേവലം കേട്ടെഴുത്തുകാരന്റെ ഭാഗധേയം മാത്രമായിരുന്നില്ല ഉണ്ടായിരുന്നത് എന്ന് അനുമാനിക്കാം. ലേഖനത്തിന്റെ കേന്ദ്രാശയങ്ങൾ പറഞ്ഞുകൊടുത്തശേഷം സഹായികൾക്ക് ലേഖനത്തിലെ ആശയങ്ങളെ പരിപുഷ്ടിപ്പെടുത്താനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്ന പതിവ് ആദിമസഭയിലുണ്ടായിരുന്നതായി ഗവേഷകൻ സമർത്ഥിക്കുന്നുണ്ട് (W.G. Doty, *Letters in Primitive Christianity*, Philadelphia 1971, p. 41) താൻ പറഞ്ഞുകൊടുത്ത് എഴുതിച്ച ആശയങ്ങളെ പ്രൗഢമായ ഭാഷയിലും പഴയനിയമ ഉദ്ധരണികളുടെ സഹായത്താലും കൂടുതൽ പരിപുഷ്ടമാക്കാൻ പത്രോസ്ശ്ലീഹാ സിൽവാനോസിനു സ്വാതന്ത്ര്യം നൽകി എന്നു കരുതുന്നത് യുക്തിസഹമാണ്. ഗ്രീക്കു ഭാഷാശൈലിയുടെ പ്രത്യേകതയും സപ്തതിയിൽ നിന്നുള്ള ഉദ്ധരണികളും ഇപ്രകാരം ന്യായീകരിക്കാവുന്നതാണ്.

(2) പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലെ ആശയങ്ങൾ ഈ ലേഖനത്തിൽ പ്രതിഫലിക്കുന്നു എന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല. ആദിമസഭയുടെ വിശ്വാസത്തെ വിശേഷിച്ചും വിജാതീയ സഭകളുടെ വിശ്വാസത്തെ രൂപപ്പെടുത്തുന്നതിൽ പൗലോസിന്റെ പങ്ക് നിർണ്ണായകമായിരുന്നു. പത്രോസും പൗലോസും ആദിമസഭയിൽ ബദ്ധവൈരികളായാണ് വർത്തിച്ചിരുന്നത് എന്ന തെറ്റിദ്ധാരണയിൽനിന്നുമാണ് പൗലോസിന്റെ ആശയങ്ങൾ പ്രതിഫലിക്കുന്നു എന്ന കാരണത്താൽ ഈ ലേഖനത്തിന് പത്രോസിന്റെ കർതൃത്വം നിഷേധിക്കുന്നത്. പൗലോസിന്റെ ചിന്തകളെ കേവലം വൈയക്തിക ചിന്തകളായിട്ടല്ല സഭയുടെ വിശ്വാസ പ്രബോധനങ്ങളായി ആദിമസഭ സ്വീകരിച്ചിരുന്നു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല.





(3) പത്രോസ്ശ്ലീഹാ റോമിൽ സുവിശേഷം പ്രസംഗിക്കുകയും അവിടെത്തന്നെ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തിരുന്ന വ്യക്തിയാണ്. അതിനാൽ ഏഷ്യാമൈനറിലെ സഭയ്ക്ക് എഴുതാൻ സാധ്യതയില്ല എന്ന വാദം ബാലിശമാണ്. തങ്ങൾക്കു വ്യക്തിപരമായി പരിചയമില്ലാത്ത സഭകൾക്ക് എഴുത്തുകൾ അയയ്ക്കുന്ന പതിവ് ആദിമസഭാനേതാക്കന്മാരുടെയിടയിൽ ഉണ്ടായിരുന്നു. ക്ലെമെന്റിന്റെ ഒന്നാം ലേഖനം, റോമാക്കാർക്ക് എഴുതപ്പെട്ട ലേഖനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. പത്രോസിന്റെ പ്രാഥമികതയും പ്രാമാണ്യവും ആദിമസഭയിൽ തർക്കമറ്റ വിഷയമായിരുന്നതിനാൽ സഭാനേതാവായ അപ്പസ്തോലൻ ഏഷ്യാമൈനറിലെ പീഡിതസഭയെ ശക്തിപ്പെടുത്താൻ എഴുത്തയച്ചു എന്നു ചിന്തിക്കുന്നത് അർത്ഥപൂർണ്ണമാണ്.

(4) പത്രോസിന്റെ കാലത്ത് മതമർദ്ദനമില്ലായിരുന്നു എന്ന വാദം ചരിത്രപരമായി ശരിയല്ല. നീറോയുടെ കാലത്തെ മതമർദ്ദനങ്ങൾ സാമ്രാജ്യം മുഴുവൻ വ്യാപിച്ചിരുന്നില്ല എന്നതു സത്യമാണെങ്കിലും റോമിലും ഏഷ്യാമൈനറിലും മതമർദ്ദനത്തിന്റെ അനുരണനങ്ങൾ ഉണ്ടായി എന്നത് സത്യമാണ്. നീറോയുടെ കാലത്തെ മതമർദ്ദനങ്ങളെക്കുറിച്ചുള്ള ചരിത്രരേഖകൾ ലേഖനകർത്താവിന്റെ വാദങ്ങളെ ശരിവയ്ക്കുന്നുണ്ട്. ബിഥിനിയായിലെ (Pliny, *Ep*. 10.96) മതമർദ്ദനംതന്നെയാണ് സ്പഷ്ടമായ ഉദാഹരണം. കൂടാതെ, ലേഖനത്തിൽ വിവക്ഷിക്കുന്ന മതമർദ്ദനം എന്നത് വിശ്വാസത്തിനെതിരായ സകല അധിക്ഷേപങ്ങളും കടന്നാക്രമങ്ങളുമാണ്. യഹൂദമതനേതാക്കളിൽനിന്ന് ക്രൈസ്തവർ ആരംഭകാലം മുതലേ പീഡനങ്ങൾ ഏല്ക്കേണ്ടി വന്നിട്ടുണ്ട്. സ്തേഫാനോസിന്റെ വധവും പത്രോസിനു ലഭിക്കുന്ന ചമ്മട്ടിയടിയുമൊക്കെ നടപടി പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ടല്ലോ. തന്മൂലം മതമർദ്ദനം പത്രോസിന്റെ കാലഘട്ടത്തിൽ കേവലം സാങ്കല്പികമായിരുന്നു എന്ന വാദം നിലനിൽക്കുന്നതല്ല.

(5) യുഗാന്ത്യത്തെക്കുറിച്ചും ക്രിസ്തു വിജ്ഞാനീയ സത്യങ്ങളെക്കുറിച്ചും ലേഖന കർത്താവിനുള്ള കാഴ്ച്ചപ്പാടുകൾ ഏറ്റവും പ്രാരംഭദശയിലെ കാഴ്ചപ്പാടുകൾ തന്നെയാണ്. പത്രോസിന്റെ കാലശേഷമാണ് ഈ ലേഖനം രചിക്കപ്പെട്ടത് എങ്കിൽ റോമിലെ കിരാതമായ മതമർദ്ദനങ്ങളുടെ വിവരണങ്ങളും പത്രോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള സൂചനകളും ഈ ലേഖനത്തിൽ രേഖപ്പെടുത്തുമായിരുന്നു (2 പത്രോ 1:14-15; *1 ക്ലെമന്റ്* 5:4 എന്നിവ കാണുക).

## രചനാകാലം, സ്വീകർത്താക്കൾ

റോമിൽ വച്ചുള്ള പത്രോസിന്റെ രക്തസാക്ഷിത്വത്തിനു മുമ്പ്, അതായത് നീറോ ചക്രവർത്തിയുടെ മതപീഡനകാലത്ത് (ക്രി.വ. 64) ക്രി.വ. 64 നും 66 നും ഇടയ്ക്ക് ഈ ലേഖനം എഴുതപ്പെട്ടുവെന്ന് പൊതുവേ കരുതപ്പെടുന്നു. ലേഖനസ്വീകർത്താക്കളായി ഗ്രന്ഥകാരൻ അഭിസംബോധന ചെയ്തിരിക്കുന്നത് "പോന്തൂസിലും ഗലാത്തിയായിലും കപ്പദോസി

യായിലും ഏഷ്യയിലും ബിഥീനിയായിലും പ്രവാസികളായി ചിതറിപ്പാർക്കുന്ന''വരെയാണ് (1 പത്രോ 1:1). ഇതിൽ കപ്പദോസിയ, പോന്തൂസ്, എന്നീ സ്ഥലങ്ങൾ അപ്പസ്തോലപ്രവർത്തനങ്ങൾ 2:9-ൽ പരാമർശിക്ക പ്പെടുന്നുണ്ട്. ബിഥീനിയായിലേക്ക് വചനപ്രഘോഷണവുമായി മുന്നേറാൻ യേശുവിന്റെ ആത്മാവ് പൗലോസിനെ അനുവദിച്ചില്ലായെന്ന് അപ്പ 16:7-ൽ വായിക്കുന്നു. സാധാരണയായി, ഏതെങ്കിലും അപ്പസ്തോലൻ സ്ഥാപിച്ച സഭാസമൂഹത്തിലേക്ക് മറ്റൊരു അപ്പസ്തോലൻ സുവിശേഷ പ്രവർ ത്തനങ്ങളുമായി കടന്നുചെന്നിരുന്നില്ല.

ഈ ലേഖനത്തിന്റെ സ്വീകർത്താക്കളായി കരുതപ്പെടുന്നത് പോന്തൂസിലും ഗലാത്തിയായിലും കപ്പദോസിയായിലും ഏഷ്യയിലും "പ്രവാസികളായി" കഴിയുന്നവർക്കും (1:1), "പരദേശികളും പ്രവാസികളും വിപ്രവാസികളും" (2:11) ആയവർക്കും വേണ്ടിയാണ്. വിജാതീയരുടെ മൃഗീയ ഭൂരിപക്ഷത്തിനിടയിൽ ഒറ്റപ്പെട്ടുപോയ ന്യൂനപക്ഷമായ സഭാവിഭാഗങ്ങളായിരുന്നു ലേഖനത്തിന്റെ അനുവാചകർ എന്ന് ഈ പരാമർശങ്ങളിൽ നിന്നും അനുമാനിക്കാം. ഇവരെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭ്യമല്ലെങ്കിലും താഴെപ്പറയുന്ന അനുമാനങ്ങൾ സാധ്യമാണ്.

- വിജാതീയരിൽ നിന്നും മാനസാന്തരപ്പെട്ട് വിശ്വാസം സ്വീകരിച്ചവരാണിവർ (1:14; 2:9-10; 4:3-4).
- വിശ്വാസം സ്വീകരിച്ചിട്ട് ഏറെക്കാലമാകാത്തവരാണ് ഈ ലേഖനത്തിന്റെ അനുവാചകർ (1:14; 2:2; 4:12).
- വിജാതീയരുടെ എതിർപ്പിനുമുന്നിൽ വിശ്വാസം പരിത്യജിച്ച് പഴയമാർഗ്ഗങ്ങളിലേക്ക് പിന്തിരിയാൻ സാധ്യതയുള്ളവരാണിവർ (1:14-15).
- രാഷ്ട്രീയാധികാരികളുടെ മുന്നിൽ ശത്രുക്കൾവഴി തെറ്റായി ചിത്രീകരിക്കപ്പെടുന്നതിനാൽ പീഡനത്തിന്റെ നിഴലിൽ കഴിയുന്നവരാണിവർ (2:13-17).

## ഭാഷാശൈലി

ലേഖനത്തിന്റെ ഭാഷാശൈലിയെക്കുറിച്ച് പണ്ഡിതന്മാരുടെയിടയിൽ ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ 1:3-2:10 വരെയുള്ള ഭാഗം മാമ്മോദീസായുടെ ഗീതവും 1:13-2:10 ഭാഗം ജ്ഞാനസ്നാനാർത്ഥികൾക്കുള്ള ഉപദേശവുമാണ്. ആദിമക്രൈസ്തവർക്ക് ആഘോഷമായി മാമ്മോദീസ നൽകിയിരുന്ന വേളയിൽ ചെയ്തിരുന്ന പ്രസംഗത്തിന് പിന്നീട് ലിഖിതരൂപം നൽകിയെന്ന് സാരം. ഏതായാലും മാമ്മോദീസായെക്കുറിച്ചുള്ള ഒട്ടേറെ പരാമർശങ്ങൾ ഈ തരത്തിലുണ്ടെന്ന് സുവ്യക്തം (1:4, 23; 2:2; 3:18). ജ്ഞാനസ്നാനാർത്ഥികൾക്കായുള്ള മതബോധനത്തെ ആധാരമാക്കി എഴുതപ്പെട്ടതാണ് ഈ ലേഖനമെന്നു വാദിക്കാൻ പണ്ഡിതന്മാരെ പ്രേരിപ്പിക്കുന്നത് മുകളിൽ സൂചിപ്പിച്ച ഈ പരാമർശങ്ങളാണ്. ഏതായാലും ലേഖനത്തിന് എഴു





ത്തിന്റെ ബാഹ്യരൂപം ഉണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നു. അതായത് ആരംഭത്തിലെ അഭിസംബോധനയും (1:1-2), കൃതജ്ഞതാ പ്രകാശനവും (1:3-5), അന്ത്യത്തിലെ അഭിവാദനങ്ങളുമെല്ലാം ആ കാലഘട്ടത്തിലെ കത്തുകളിൽ അനുവർത്തിച്ച ബാഹ്യഘടകങ്ങളാണ്. ജ്ഞാനസ്നാന ഉപദേശങ്ങളും ധാർമ്മിക പഠനങ്ങളുമെല്ലാം ദൈവശാസ്ത്രപരമായ പിൻബലത്തോടെ ഗ്രന്ഥകർത്താവ് അവതരിപ്പിച്ചിരിക്കുന്നുവെന്നത് ഈ ലേഖനത്തിന്റെ പ്രത്യേകതയാണ്.

മാമ്മോദീസാവേളയിൽ നൽകപ്പെട്ട ഒരു പ്രഭാഷണവും (1:3-4:11) മതമർദ്ദനത്തിനു കീഴ്പ്പെട്ട ഒരു സഭാസമൂഹത്തിനു നൽകിയ കത്തും (4:12-5:14) സംയോജിപ്പിച്ചതാണ് എന്നൊരു വാദം നിലനിൽക്കുന്നു. എന്നാൽ ഇതിനും ഈ ലേഖനത്തിനുള്ളിൽ കാര്യമാത്ര പ്രസക്തമായ അടിസ്ഥാനങ്ങൾ ഒന്നും ഇല്ല.

## ലേഖനത്തിന്റെ ലക്ഷ്യം

പ്രവാസജീവിതം നയിക്കുന്ന ഏഷ്യാമൈനറിലെ ദൈവജനത്തെ ഉപദേശിച്ചുകൊണ്ടാണ് ഈ ലേഖനം എഴുതപ്പെട്ടതെന്ന് നേരത്തെ നാം കണ്ടുവല്ലോ. 'പ്രവാസികളായി ചിതറിപ്പാർക്കുന്നവർ' എന്ന പ്രയോഗം വിജാതീയലോകത്തെ ക്രിസ്ത്യാനികളുടെ അവസ്ഥയെ സൂചിപ്പിക്കുന്നു. വിജാതീയജനതകളുടെയിടയിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ പരദേശവാസം അനുഷ്ഠിക്കുന്നവരെന്നാണ് അറിയപ്പെട്ടിരുന്നത്. ഇവിടുത്തെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും വിജാതീയരുടെയിടയിൽനിന്നും അടുത്ത നാളുകളിൽ മാനസാന്തരപ്പെട്ടവരായിരുന്നുവെന്നുള്ള സൂചന ലേഖനത്തിൽനിന്നും വ്യക്തമാണ് (1:14, 18; 2:9, 10; 4:3-4; 2:2; 4:12); കൂടാതെ വിജാതീയ എതിർപ്പുമൂലം തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തിൽ ആടിയുലഞ്ഞവരും.

ആദിമസഭയ്ക്ക് തീർച്ചയായും ആന്തരികവും ബാഹ്യവുമായ ധാരാളം പ്രതിസന്ധികളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. സഭാശത്രുക്കളിൽനിന്നുള്ള എതിർപ്പും തത്ഫലമായ പീഡനങ്ങളുമാണ് ഇവിടെ പ്രധാനമായും അനുഭവിക്കേണ്ടിവന്നത്. ബാഹ്യശത്രുക്കളിൽ നിന്നുള്ള എതിർപ്പ് വിശ്വാസികളിൽ കുറേപ്പേർക്കെങ്കിലും സംശയങ്ങൾക്കും മനംമാറ്റത്തിനും കാരണമായിട്ടുണ്ട്. ഏതായാലും ഇപ്രകാരമുള്ള പ്രതിസന്ധിഘട്ടങ്ങളിൽ അവരുടെ മഹത്തായ ദൈവവിളിയിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടും പീഡനങ്ങളെ കൃപയുടെ അടയാളമായി കണ്ടുകൊണ്ടും പീഡകളിലും ഞെരുക്കങ്ങളിലും വിശ്വാസസ്ഥിരതയുള്ളവരായി ജീവിക്കുവാൻ ഗ്രന്ഥകർത്താവ് ദൈവജനത്തെ ഇവിടെ ഉദ്ബോധിപ്പിക്കുന്നു. ചുരുക്കത്തിൽ ഏഷ്യാമൈനറിലെ വിജാതീയരുടെയിടയിൽ ചിതറിപ്പാർത്തിരുന്ന ക്രിസ്ത്യാനികൾക്ക് അവരുടെ പീഡനങ്ങളിലും വേദനകളിലും ഉണർവും ഉൾക്കരുത്തും വിശ്വാസസ്ഥിരതയും പ്രത്യാശയും പ്രദാനം ചെയ്യുകയാണ് ലേഖനലക്ഷ്യം.

## ലേഖന ഘടന

**I. 1:1-2, ആമുഖം**

**II. 1:3-2:10, ക്രിസ്തീയവിളിയുടെ ശ്രേഷ്ഠതയും അതിന്റെ കടമകളും**

**A. 1:3-12,ക്രിസ്തീയ വിളി**

a. 1:3-12, പിതാവിനാൽ ആരംഭിച്ചതും പുത്രനാൽ പൂർത്തീകരിക്കപ്പെട്ടതും റൂഹായാൽ വെളിപ്പെടുത്തപ്പെട്ടതുമായ രക്ഷ.

b. 1:13-25,വിശുദ്ധ ജീവിതത്തിനുള്ള ആഹ്വാനം

**B. 2:1-10, ക്രിസ്തീയ ജീവിതത്തിന്റെ കടമകൾ**

a. 2:1-3, ദൈവമക്കളായി ജീവിക്കാനുള്ള ആഹ്വാനം

b. 2:4-10, പുതിയ ദൈവഭവനം

**III. 2:11-3:12, ക്രിസ്തീയ സാക്ഷ്യം**

**A. 2:11-12, വിജാതീയരുടെ ഇടയിലെ ക്രിസ്ത്യാനികളുടെ പെരുമാറ്റം**

**B. 2:13-3:7, പരമ്പരാഗതമായ മതബോധനം**

a. 2:13-17, പ്രാദേശിക അധികാരികളോടുള്ള കടമ

b. 2:18-25, യജമാനൻമാരോടുള്ള കടമ

c. 3:1-7, ദമ്പതിമാരുടെ കടമ

**C. 3:8-12, സഹോദരനോടുള്ള കടമ**

**IV. 3:13-5:11, ക്രിസ്ത്യാനികളും പീഡനങ്ങളും**

**A. 3:13-4:11, പീഡനത്തോടുള്ള ക്രിസ്തീയ സമീപനം**

a. 3:13-17, പീഡനത്തിൽ ആത്മവിശ്വാസം

b. 3:18-4:6, ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തു

i. 3:18-22, പാപത്തിൻമേലുള്ള യേശുവിന്റെ വിജയം മാമ്മോദീസായിലൂടെ അനുഭവവേദ്യമാകുന്നു

ii. 4:1-6, ക്രിസ്ത്യാനി പീഡനത്തിലൂടെ പാപത്തെ നിരാകരിക്കുന്നു

c. 4:7-10, ക്രിസ്തീയ ജീവിതവും യേശുവിന്റെ മഹത്വപൂർണ്ണമായ വെളിപ്പെടുത്തലും

**B. 4:12-5:11, സഹനത്തെ യാഥാർത്ഥ്യത്തോടെ നേരിടണം**

a. 4:12-5:11, യഥാർത്ഥ സഹനത്തിലുള്ള സന്തോഷം

b. 5:1-5, ശ്രേഷ്ഠന്മാർക്കും വിശ്വാസികൾക്കുമുള്ള ഉപദേശം

c. 5:6-11, സത്യവാനായ ദൈവം നമ്മെ സഹനത്തിലൂടെ മഹത്വത്തിലേക്ക് ആനയിക്കുന്നു

**V. 5:12-14, സമാപനാശീർവാദം**

## ദൈവശാസ്ത്ര പ്രമേയങ്ങൾ

വിജാതീയരുടെ ഇടയിൽ ചിതറിപ്പാർത്തിരുന്ന വിശ്വാസികൾക്ക് അവരുടെ പീഡനങ്ങളിലും ഞെരുക്കങ്ങളിലും ഉണർവും ഉൾക്കരുത്തും, വിശ്വാസസ്ഥിരതയും പ്രദാനംചെയ്യുന്ന ഈ ലേഖനത്തിൽ ഉന്നതമായ പല ദൈവശാസ്ത്രചിന്തകളും നിറഞ്ഞുനിൽക്കുന്നു. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഈ ലേഖനത്തിലെ പശ്ചാത്തലവും ദൈവശാസ്ത്രപരമായ ആശയങ്ങളുമൊക്കെ ഇന്നും ഏറെ പ്രസക്തമാണ്.





**1. പത്രോസിന്റെ ആത്മാവബോധം:** തന്നെത്തന്നെ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന പത്രോസിനെയാണ് ''യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പത്രോസ്'' എന്ന വിശേഷണത്തിലൂടെ നാം കണ്ടുമുട്ടുന്നത്. താൻ എന്താണെന്നും എന്തായിരുന്നെന്നും തന്റെ ദൗത്യം എന്താണെന്നും ഒക്കെ വ്യക്തമായ ബോധ്യമുള്ള ശ്ലീഹായുടെ ആത്മാവബോധം ''യേശുക്രിസ്തുവിന്റെ അപ്പസ്തോലൻ (1 പത്രോ 1:1; 2 പത്രോ 1:1) എന്നുള്ളതാണ്. അതായത്, യേശുവിനാൽ തിരഞ്ഞെടുക്കപ്പെടുകയും, യേശുവിനോടുകൂടെ ജീവിക്കുകയും, യേശുവിനെ അനുഗമിക്കുകയും അവിടുത്തേയ്ക്കുവേണ്ടി ജീവൻ സമർപ്പിക്കുകയും ചെയ്ത വ്യക്തി. അതായിരുന്നു പത്രോസിന്റെ ശ്രേഷ്ഠത. താൻ ആരാണ്, എന്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ഓരോ ക്രൈസ്തവനും ഉണ്ടായിരിക്കണം.

ഓരോ ക്രൈസ്തവനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്. ദൈവീക തിരഞ്ഞെടുപ്പിനാധാരം അവിടുത്തെ കരുണയും സ്നേഹവുമാണ്. വീണ്ടും നാം രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ് (1 പത്രോസ് 2:9). തെരഞ്ഞെടുക്കപ്പെട്ട വംശമെന്നനിലയിൽ ക്രിസ്ത്യാനികൾ പുതിയ ഇസ്രായേലാകുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് തങ്ങൾ പരിത്യക്തരാണ് എന്ന ചിന്ത ഇസ്രായേൽക്കാർക്കുണ്ടായിരുന്നു എന്നാൽ അബ്രാഹത്തിലൂടെ എല്ലാവരേയും ദൈവം തിരഞ്ഞെടുത്ത് അനുഗ്രഹിച്ചു. പുതിയനിയമത്തിൽ യേശുവിന്റെ രക്തത്തിൽ രൂപംകൊണ്ടവരാണ് സഭാതനയർ. അങ്ങനെ വിശുദ്ധമായ സഭ ദൈവത്തിന്റെ സ്വന്തം തിരഞ്ഞെടുക്കപ്പെട്ട ജനമാണ്. അവസാന വിധിക്കുശേഷം ക്രിസ്തുവിനോടുകൂടി ജീവിക്കാനുള്ളവരെന്ന നിലയിൽ തീർച്ചയായും രാജകീയ പദവിയുണ്ട്. ദൈവഭവനത്തിൽ യേശുക്രിസ്തുവഴി സ്വീകാര്യമായ ബലിയർപ്പിക്കുന്നവരെന്ന നിലയിൽ ഒരു പുരോഹിതഗണവുമാണ്.

ദൈവജനവും പുരോഹിതഗണവുമായ ക്രൈസ്തവവിശ്വാസികൾ തങ്ങളുടെ ശ്രേഷ്ഠമായ പദവികൾക്ക് ചേർന്നവിധം ജീവിക്കണം. വിശ്വാസത്താൽ അടിസ്ഥാനമുറപ്പിക്കപ്പെട്ട് വചനത്താലും കൂദാശകളാലും പരിപോഷിപ്പിക്കണപ്പെടുന്ന വിശ്വാസികൾ വിശുദ്ധിയോടെ ജീവിക്കണം. ചുരുക്കത്തിൽ, ഒരു ക്രിസ്ത്യാനിക്ക് ലഭിക്കുന്ന ഏറ്റവും വലിയ വിശേഷണം ''ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ'' എന്നുള്ളതാണ്. മറ്റുള്ള പദവികളും അലങ്കാരങ്ങളുമൊക്കെ ഇതിനോടു താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ല. പത്രോസിന്റെ ആത്മാവബോധം അപ്പസ്തോലികത്വത്തിൽ ശക്തമായിരിക്കുന്നതുപോലെ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പുത്രൻ/പുത്രി എന്ന ആത്മാവബോധം നമ്മിലും നിറയണം.

**2. പ്രവാസികളായി ചിതറിപ്പാർക്കുന്നവർക്ക്.......:** ഏഷ്യാമൈനറിലെ വിജാതീയരുടെ ഇടയിൽ ചിതറിപ്പാർത്തിരുന്ന യഹൂദക്രൈസ്തവർക്ക് അവരുടെ പീഡനങ്ങളിലും ഞെരുക്കങ്ങളിലും ഉണർവും ഉൾക്ക

രുത്തും വിശ്വാസസ്ഥിരതയും പ്രത്യാശയും പ്രാധാനം ചെയ്യുകയായിരുന്നുവല്ലോ ലേഖനലക്ഷ്യം. വിദൂരങ്ങളിൽ പ്രവാസികളായി കഴിയുന്നവരെപ്പോലും ശ്രദ്ധിക്കുകയും അവരും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നുള്ള ഉൾക്കാഴ്ചയോടെ അവരെ സമീപിക്കുകയും ചെയ്യുന്ന ശ്ലീഹായുടെ മാതൃക ഉന്നതമാണ്. വിപ്രവാസമെന്നു പറയുന്നത് ഒരു വ്യക്തിയെ ജന്മനാട്ടിൽനിന്നും നിർബന്ധമായി അകറ്റി നിർത്തുന്ന പ്രവൃത്തിയാണ്. അന്യദേശത്തായിരിക്കുന്ന വ്യക്തിയെയോ സമൂഹത്തെയോ സൂചിപ്പിക്കാൻ ഈ പദം ബൈബിളിൽ പലയിടത്തും ഉപയോഗിക്കുന്നുണ്ട്. രാഷ്ട്രീയവും ദേശീയവുമായ അവകാശങ്ങളും അധികാരങ്ങളുമില്ലാത്ത വിദേശവാസമാണത്. അന്യരാജ്യത്ത് പൗരത്വമില്ലാത്തവരായി ജീവിക്കുന്നവരാണ് വിപ്രവാസികൾ. ഇസ്രായേൽജനം പലപ്പോഴും വിപ്രവാസം അനുഷ്ഠിച്ചവരായിരുന്നു. പഴയനിയമത്തിൽ, പരദേശികളായവർക്കു ചില ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കാനും അവകാശങ്ങൾ അനുഭവിക്കാനും നിയമം അനുവദിച്ചിരുന്നില്ല (പുറ 12-45). എന്നാൽ പരദേശികളായി ജീവിച്ച ഇസ്രായേൽക്കാർക്ക് ദൈവം ഉറപ്പുള്ള സങ്കേതമായി നിലകൊണ്ടു.

പുതിയനിയമത്തിൽ ഈശോയും വിപ്രവാസത്തിൽ കഴിയുന്നുണ്ട്. ക്രിസ്ത്യാനികൾ ലോകത്ത് എവിടെയാണെങ്കിലും എല്ലാവരെയും സഹോദരീസഹോദരന്മാരായി കാണുവാനും വേദനിക്കുന്നവരോടും വിപ്രവാസികളോടുമൊക്കെ കൂടുതൽ താല്പര്യവും പരിഗണനയുമൊക്കെ പ്രകടിപ്പിക്കാനും സാധിക്കണം. തിരുസ്സഭ എല്ലാവർഷവും കുടിയേറ്റദിനമായി ആചരിക്കുകയും അവരുടെ അജപാലനശുശ്രൂഷയിൽ സഹകാരിയാവുകയും ചെയ്യുന്നത് എന്നും പ്രശംസനീയമാണ്.

**3. സഹനത്തിൽ രക്ഷാകരമൂല്യം:** പീഡനങ്ങളിലൂടെ യേശുവിന്റെ സഹനങ്ങളിൽ പങ്കുചേരുന്നതിന്റെ മൂല്യം കാണിച്ചുകൊണ്ട് വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ അപ്പസ്തോലൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നു. എതിർപ്പുകളുടെയും പീഡനങ്ങളുടെയും മുന്നിൽ ക്രൈസ്തവർ വിശ്വാസത്തിൽനിന്ന് വ്യതിചലിക്കരുത് (1 പത്രോ 1:6ff). നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ അവർ ഭാഗ്യവാന്മാർ (1 പത്രോ 3:14). ഈശോയുടെ നാമം നിമിത്തം നിന്ദിക്കപ്പെടുന്നവർ അനുഗൃഹീതരാണ് (1 പത്രോ 4:14). പീഡനം അനുഭവിക്കേണ്ടിവരുന്നതിൽ അവർ ലജ്ജിക്കേണ്ടതില്ല (4:16). സഹനം വഴി നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. അങ്ങനെ സഹനത്തിൽ രക്ഷാകരമൂല്യം കാണുവാൻ അപ്പസ്തോലൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. പീഡനങ്ങളിലുള്ള ക്രിസ്തീയ വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തിയിലാണ് (1 പത്രോ 3:18ff).

**4. യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ വെളിപ്പെടുത്തൽ:** ലേഖനത്തിലുടനീളം കാണുന്ന പ്രധാനപ്പെട്ട ദൈവശാസ്ത്രചിന്തകളിലൊന്നാണ് ''യേശുക്രിസ്തുവിന്റെ പ്രത്യാഗമനം'' (1 പത്രോ 1:7-13; 2:12). ക്രിസ്തീയ വിശ്വാസത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽതന്നെ ഈ ചിന്ത ആഴത്തിലുണ്ടായിരുന്നു. മിശിഹായാണ് ജീവിതലക്ഷ്യമെന്ന് അടിയുറച്ചു വിശ്വസിച്ചിരുന്ന ക്രിസ്തീയവിശ്വാസികൾ ''കർത്താവേ വേഗം വരണമേ'' (Maranata) എന്നു ആദ്യകാലം മുതൽ പ്രാർത്ഥിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി വി.ഗ്രന്ഥത്തിലും സഭാപാരമ്പര്യത്തിലും അധിഷ്ഠിതമായ ഒരു യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം സഭയിൽ ഉടലെടുത്തു.





ഈശോമിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ് അവിടുത്തെ മഹത്വപൂർണ്ണമായ വരവ്. അവിടുത്തെ പ്രഥമ ആഗമനത്തിന്റെ ലക്ഷ്യം രക്ഷയായിരുന്നെങ്കിൽ മഹത്വപൂർണ്ണമായ പ്രത്യക്ഷീകരണം (പറൂസിയ) രക്ഷയുടെ പൂർത്തീകരണമാണ്. ഇതിൽ പ്രധാനമായും നാല് സംഭവങ്ങളാണ് നടക്കുക: 1. ലോകത്തിന്റെ മുഴുവനായ അന്ത്യം, 2. രക്ഷാകരചരിത്രത്തിന്റെ പൂർത്തീകരണം, 3. മിശിഹായുടെ ദൈവീകതയുടെ പൂർണ്ണമായ വെളിപ്പെടുത്തൽ, 4. വിശ്വാസികളുടെ മഹത്വീകരണം. പ്രധാനമായും ഈശോമിശിഹായിലൂടെയുള്ള ദൈവത്തിന്റെ പരമമായ വെളിപ്പെടുത്തലാണിത്. എന്നാൽ ഇതിന്റെ സമയത്തേയോ കാലത്തേയോ കുറിച്ച് വ്യക്തമായി ഒരിടത്തും പറയുന്നില്ല.

ഈ യുഗാന്ത്യചിന്തയുടെ വീക്ഷണത്തിൽ നിന്നുകൊണ്ടാണ് ലേഖനകർത്താവ് ധാർമ്മികതയെ അവതരിപ്പിക്കുന്നത്. യുഗാന്ത്യത്തിന്റെ ഓർമ്മയിൽ സമചിത്തതയോടും ജാഗ്രതയോടും സർവ്വോപരി ഉത്തരവാദിത്വത്തോടുംകൂടി വ്യാപരിക്കണം. ചുരുക്കത്തിൽ അന്ധകാരത്തിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച് പ്രകാശത്തിന്റെ പാതയിൽ പ്രതീക്ഷയോടെ വ്യാപരിക്കുന്ന ക്രിസ്തീയ ജീവിതം നയിക്കണം.

**5. സ്നേഹത്തിൽ അധിഷ്ഠിതമായ അജപാലനം:** പത്രോസ് അപ്പസ്തോലൻ ഇടയന്മാർക്ക് നൽകുന്ന ഉപദേശം ശ്രേഷ്ഠവും ഹൃദയസ്പർശകവുമാണ്. ശ്രേഷ്ഠന്മാരുടെ ശ്രേഷ്ഠൻ എന്ന നിലയിലല്ല, പ്രത്യുത ഒരു ''സഹശ്രേഷ്ഠൻ'' എന്ന നിലയിലാണ് അദ്ദേഹം ഉപദേശം നൽകുക. യേശുവാണ് ഇടയന്മാരുടെ തലവൻ (1 പത്രോ 5:4). ഒരു ഇടയൻ വിനയവും ക്ഷമയും ഉള്ളവനായിരിക്കണം. അധിക്ഷേപം അവന്റെ അധരങ്ങളിൽ നിന്ന് ഉണ്ടാവരുത്. സൗമ്യവും ശാലീനവുമായ സംസാരമാണ് ഇടയനുവേണ്ടത്. അധർമ്മം അവന്റെ പ്രവൃത്തികളിൽനിന്ന് അകന്നിരിക്കണം. വിനയത്തോടുകൂടി ദൈവഹിതം നിവർത്തിക്കുന്നതിന് അവൻ ശ്രദ്ധിക്കണം. ചുരുക്കത്തിൽ ''പൂർണ്ണവിനയത്തോടെ ഞാൻ കർത്താവിനുശുശ്രൂഷ ചെയ്തു''വെന്നു (അപ്പ 20:17-38) ഓരോ ഇടയനും പറയുവാൻ സാധിക്കണം.

**6. ദൈവത്തിന്റെ പരിശുദ്ധി:** ദൈവം പരമപരിശുദ്ധനും (1:15) സ്രഷ്ടാവും (4:19) ആണ് എന്ന പഴയനിയമ ചിന്തയോടൊപ്പം അവിടുന്ന് സ്നേഹമുള്ള പിതാവാണെന്ന പുതിയ നിയമ ചിന്തയും (1:17) ലേഖനത്തിൽ പ്രതിഫലിക്കുന്നുണ്ട്. എല്ലാത്തിനെയും വിധിക്കുന്ന ദൈവത്തിൽ (4:5) വിശ്വസിക്കാൻ എല്ലാ സൃഷ്ടികളും ബാധ്യസ്ഥരാണ് (1:21; 3:18).

നിങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധനായിരിക്കുന്നതിനാൽ നിങ്ങളും പരിശുദ്ധരായിരിക്കണം എന്ന പഴയനിയമ ചിന്ത (ലേവ്യ 11:24-25) ഈ ലേഖനത്തിൽ ഉടനീളം പ്രതിഫലിക്കുന്നുണ്ട്.

**7. ക്രിസ്തുവിജ്ഞാനീയം:** പഴയ നിയമത്തിന്റെ പശ്ചാത്തലത്തിലാണ് ലേഖന കർത്താവ് യേശുവിനെ അവതരിപ്പിക്കുന്നത്. അവിടുന്ന് യഥാർത്ഥ പെസഹാ കുഞ്ഞാടും (1:19) ദൈവത്തിന്റെ സഹനദാസനുമാണ് (2:22-24). ആദിമസഭയിലെ ക്രിസ്തുവിജ്ഞാനീയത്തിന്റെ വളർച്ചയുടെ പ്രാരംഭദശയെയാണ് ഈ ക്രിസ്തുവിജ്ഞാനീയശൈലി വെളിപ്പെടുത്തുന്നത്. യേശുവിന്റെ മരണവും (2:23-24) മഹത്വീകരണവും (1:3; 23) അവിടുത്തെ അസ്തിത്വത്തിന്റെ രണ്ടു ധ്രുവങ്ങളാണെന്നാണ് ലേഖന കർത്താവിന്റെ അഭിപ്രായം. സഹനത്തിലൂടെ മഹത്വീകരിക്കപ്പെട്ട യേശുവിനെയാണ് മതമർദ്ദനം അനുഭവിക്കുന്ന ജനത്തിന് മാതൃകയായി ലേഖന കർത്താവ് ചൂണ്ടിക്കാണിക്കുന്നത്.

**8. യേശുവിന്റെ പാതാള സന്ദർശനം:** പുതിയ നിയമത്തിൽ മറ്റൊരിടത്തും പരാമർശിച്ചിട്ടില്ലാത്ത ഈ സന്ദർശനത്തിന്റെ (3:19-4:6) അർത്ഥത്തെക്കുറിച്ച് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നിലവിലുണ്ട്. പാതാളത്തെ ദുഷ്ടശക്തികളുടെ വാസസ്ഥാനമായിട്ടാണ് ബൈബിൾ ചീത്രീകരിക്കുന്നത്. തന്മൂലം, യേശുവിന്റെ പാതാള സന്ദർശനം ദുഷ്ടശക്തികളുടെ മേലുള്ള അവിടുത്തെ ആധിപത്യത്തിനുള്ള തെളിവാണ്. മതമർദ്ദകരായ ദുഷ്ടശക്തികളെ യേശു വിജയിച്ചു കഴിഞ്ഞു എന്ന പ്രത്യാശയുടെ സന്ദേശമാണ് ഈ വിവരണത്തിലൂടെ ലേഖന കർത്താവ് വിശ്വാസികൾക്ക് പകർന്നുനൽകുന്നത്.

**9. പരിശുദ്ധാത്മാവ്:** പരിശുദ്ധാത്മാവിനെക്കുറിച്ച് ഈ ലേഖനം കാര്യമായി പ്രതിപാദിക്കുന്നില്ല എന്ന കാരണത്താൽ ഈ ലേഖനം പത്രോസിന്റേതല്ല എന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ, ഈ വാദം ശരിയല്ല. പരിശുദ്ധാത്മാവിനെക്കുറിച്ച് ഈ ലേഖനത്തിൽ പരാമർശങ്ങളുണ്ട് (1:2; 11,12; 4:14). മാമ്മോദീസായിൽ ലഭിക്കുന്ന പരിശുദ്ധാത്മാവ് യുഗാന്ത്യത്തിലെ നിത്യജീവിതത്തിന്റെ അടയാളവും മുന്നാസ്വാദനവുമാണ്. പരിശുദ്ധാത്മാവിലുള്ള ജീവിതത്തെ "വീണ്ടും ജനന"മായിട്ടാണ് അപ്പസ്തോലൻ ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നത്.

**10. സഭ:** മാമ്മോദീസാ വഴി നവജന്മം സിദ്ധിച്ചവരുടെ സമൂഹമാണ് സഭ. സഭയെ ആത്മീയ ഭവനമായിട്ടാണ് ലേഖനകർത്താവ് ചിത്രീകരിക്കുന്നത് (2:4-8). ഈ ഭവനത്തിന്റെ, ദൈവം തിരഞ്ഞെടുത്ത അമൂല്യ ശിലയാണ് ക്രിസ്തു; സഭാംഗങ്ങൾ ദൈവത്തിന്റെ രാജകീയ പുരോഹിതജനവും (2:9). സഭയിലെ വിവിധ അധികാരികളെക്കുറിച്ചും അവരുടെ കടമകളെക്കുറിച്ചും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട് (5:1-3).





# 1 പത്രോസ് 1:1-2, ഉപോദ്ഘാതം

യവനശൈലിയിലെ കത്തുകളുടെ മാതൃകയിൽ എഴുത്തുകാരനെയും സ്വീകർത്താക്കളെയും പരിചയപ്പെടുത്തിക്കൊണ്ടാണ് പത്രോസിന്റെ ഒന്നാംലേഖനം ആരംഭിക്കുന്നത്.

**1:1,** ലേഖനകർത്താവ് തന്നെത്തന്നെ അപ്പസ്തോല പ്രമുഖനായ പത്രോസായി പരിചയപ്പെടുത്തിക്കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ശിമയോൻ പത്രോസിനെക്കുറിച്ച് ഇതര പുതിയനിയമ ഗ്രന്ഥങ്ങൾ നൽകുന്ന വിവരണങ്ങൾ ഈ വാക്യത്തിന്റെ പിന്നാമ്പുറത്ത് വിവക്ഷിക്കപ്പെടുന്നുണ്ട്.

**പത്രോസ് പുതിയനിയമത്തിൽ:** യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒന്നാമനായിരുന്നു പത്രോസ്. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ശിമയോൻ എന്നായിരുന്നു (മർക്കോ 1:16; ലൂക്കാ 5:3). ഇദ്ദേഹം ഗലീലിക്കാരനായ യോനായുടെ പുത്രനും (മത്താ 16:17) (യോഹ 1:42; 21:15-17 ഇവിടെ യോനായുടെ പുത്രൻ എന്നതിനുപകരം യോഹന്നാന്റെ പുത്രൻ എന്നാണ് എഴുതിയിരിക്കുന്നത്), അന്ത്രയോസിന്റെ സഹോദരനുമാണ് (മർക്കോ 1:16). ഈ സഹോദരന്മാർ ബേത്സയ്ദായിൽ നിന്നുള്ളവരും സ്നാപകയോഹന്നാന്റെ ശിഷ്യന്മാരുമായിരുന്നു (യോഹ 1:35-42; 1:44). ഇദ്ദേഹം വിവാഹിതനാണെന്നും ഇദ്ദേഹത്തിന് കഫർണാമിൽ ഒരു വീടുണ്ടായിരുന്നെന്നും മർക്കോസ് സുവിശേഷകൻ എഴുതിയിട്ടുണ്ട് (മർക്കോ 1:21; 29-31).

പത്രോസ് എന്ന പേര് പാറ എന്ന് അർത്ഥം വരുന്ന *പെത്രാ* എന്ന ഗ്രീക്കുവാക്കിൽനിന്നും വരുന്നതാണ്. അരമായ ഭാഷയിൽ കേപ്പാ എന്നും പറയും. യേശുവാണ് ഈ പേര് ശിമയോനിട്ടത് (മത്താ 16:18; യോഹ 1:42). സമാന്തരസുവിശേഷങ്ങളിൽ യേശു പത്രോസിനെ വിളിക്കുന്നത് ഗലീലിയാക്കടലിന്റെ തീരത്തുവച്ച് അദ്ദേഹത്തിന്റെ സഹോദരനോടൊപ്പമാണ്. യേശുവിനാൽ ആകർഷിക്കപ്പെട്ടവനായി തന്റെ വള്ളവും വലയും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച പത്രോസ് പിന്നീട് ശിഷ്യരിൽ ഒന്നാമനായി അറിയപ്പെടുവാൻ തുടങ്ങി (മത്താ 10:2; മർക്കോ 3:16; ലൂക്കാ 6:14; അപ്പ 1:13). യേശുവിന്റെ ദൈവീകാസ്തിത്വം ഏറ്റുപറഞ്ഞതും (മത്താ 16:16; മർക്കോ 8:30; ലൂക്കാ 9:20) മറ്റ് ശിഷ്യന്മാർക്കുവേണ്ടി സംസാരിച്ചതുമൊക്കെ പത്രോസ് ശ്ലീഹായായിരുന്നു (അപ്പ 1:15; 2:14). ഇതൊക്കെ ശിഷ്യരിൽ പ്രഥമസ്ഥാനം പത്രോസിനായിരുന്നു എന്നു വെളിവാക്കുന്നു. യേശുവിന്റെ മഹത്ത്വീകരണസമയത്തും (മത്താ 17:1; മർക്കോ 9:2; ലൂക്കാ 9:28), ജായ്റോസിന്റെ മകളെ സുഖപ്പെടുത്തിയപ്പോഴും (മർക്കോ 5:37 ലൂക്കാ 8:51), ഗത്സമേനിലെ പ്രാർത്ഥനയുടെ സമയത്തും സെബദീപുത്രന്മാരോടൊപ്പം പത്രോസിനെയും യേശു കൊണ്ടുപോകുന്നു. അടിസ്ഥാനപരമായ ചില തത്ത്വങ്ങൾ യേശു വിശദീകരിക്കുന്നത് പത്രോസ് ശ്ലീഹായുടെ ചോദ്യത്തിന് ഉത്തരമായിട്ടാണ് (മത്താ 15:15; മർക്കോ 10:28; ലൂക്കാ 18:28). ഇവിടെയും പത്രോസ് ശിഷ്യന്മാരുടെ പ്രതിനിധിയായിട്ടാണ് ചോദിക്കുന്നത്.

എല്ലാവരും ഉപേക്ഷിച്ചുപോയപ്പോൾ യേശുവിനെ ഏറ്റുപറഞ്ഞതും (യോഹ 6:68) തള്ളിപ്പറഞ്ഞതും (മത്താ 26:69) പത്രോസാണ്. എന്നാൽ അത് അദ്ദേഹത്തിന്റെ പരിപൂർണ്ണ മാനസാന്തരത്തിനു കാരണമായി (യോഹ 18:15-18; 25-27; ലൂക്കാ 22:54-62). ശിഷ്യന്മാരിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി ആദ്യം അറിഞ്ഞത് പത്രോസാണ് (മർക്കോ 16:7; ലൂക്കാ 24:34).

യേശുവിനുശേഷം ആദിമക്രൈസ്തവസഭയെ നയിച്ചത് പത്രോസാണ്. പൗലോസുൾപ്പെടെ എല്ലാവരും പത്രോസിന്റെ പ്രഥമസ്ഥാനത്തെ അംഗീകരിക്കുന്നുണ്ട് (ഗലാ 1:18-19). ശിഷ്യസമൂഹത്തിലേക്ക് യൂദാസിനു പകരം ഒരാളെ തിരഞ്ഞെടുത്തതും (അപ്പ 1:15-26), ശിഷ്യന്മാരുടെ പ്രതിനിധി എന്ന നിലയിൽ സംസാരിച്ചതും (അപ്പ 2:14-36; 3:11-26), മുടന്തനെ സുഖപ്പെടുത്തിയതും (അപ്പ 3:1-10) ഇദ്ദേഹമാണ്. ഒരു സ്വർഗ്ഗീയ ദർശനത്തിന്റെ ഫലമായി വിജാതീയരോട് ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുന്നത് പത്രോസാണ് (അപ്പ 10). പരിച്ഛേദനത്തെപറ്റി തർക്കം ഉണ്ടായപ്പോൾ ജറുസലേം കൗൺസിൽ വിളിച്ചുകൂട്ടി വ്യക്തമായ തീരുമാനം എടുത്തതും പത്രോസാണ് (അപ്പ 15:6-11). റോമിൽവച്ച് രക്തസാക്ഷിയായി മരിച്ചു എന്നാണ് പാരമ്പര്യം.

പത്രോസിനെക്കുറിച്ചുള്ള ഈ വിശദീകരണത്തിൽനിന്നും ആദിമസഭയിൽ പത്രോസിനുണ്ടായിരുന്ന പ്രാമുഖ്യം വ്യക്തമാണല്ലോ. സഭയുടെ പൊതുനേതാവ് എന്ന നിലയിൽ പത്രോസ് ഏഷ്യാമൈനറിലെ പീഡിതസഭയെ വിശ്വാസത്തിൽ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ലേഖനം രചിച്ചത് എന്ന് ശീർഷകത്തിൽനിന്നും അനുമാനിക്കാം.

**അപ്പസ്തോലൻ:** ലേഖനകർത്താവ് തന്നെത്തന്നെ അപ്പസ്തോലനായി ചിത്രീകരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. *അപ്പസ്തോളോസ്* (apostolos) എന്ന ഗ്രീക്കു വാക്കിന് ദൗത്യവാഹകൻ, അയയ്ക്കപ്പെടുന്നവൻ, സ്ഥാനപതി എന്നൊക്കെയാണർത്ഥം. പലസ്തീനായ്ക്കു പുറത്തുള്ള യഹൂദരുടെ പക്കൽനിന്ന് റബ്ബിമാർക്കുള്ള ഓഹരി പിരിച്ചെടുക്കാനായി ജറുസലേമിൽനിന്ന് അയയ്ക്കപ്പെടുന്ന കാര്യസ്ഥൻമാർ 'അപ്പസ്തോലൻമാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് (Theodotian code XVI, Viii,14). ഹീബ്രുവിലെ *'ഷാലിയാഹ്'* എന്ന പദത്തെ സപ്തതി ബൈബിൾ *അപ്പോസ്തൊളോസ്* എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത് (1 രാജാ 14:6). സ്ഥാനപതി, പ്രതിനിധി എന്നൊക്കെയാണ് *ഷാലിയാഹി*ന്റെ അർത്ഥം. ചുരുക്കത്തിൽ യഹൂദ പാരമ്പര്യത്തിൽ അപ്പസ്തോലൻ എന്ന വാക്കിന് "മറ്റൊരു വ്യക്തിയുടെ ആജ്ഞാനുസരണം പ്രവർത്തിക്കുന്നവൻ" എന്നാണർത്ഥമെങ്കിലും മതപരമെന്നതിനേക്കാൾ, നിയമപരമായ അർത്ഥമുൾക്കൊള്ളുന്ന പദമാണിത്.

പുതിയനിയമത്തിൽ തന്റെ ദൗത്യം തുടരുന്നതിനായി യേശു തിരഞ്ഞെടുത്ത 12 ശിഷ്യൻമാരാണ് സുവിശേഷങ്ങളിൽ അപ്പസ്തോലൻമാർ എന്ന പേരിൽ അറിയപ്പെടുന്നത് (മർക്കോ 3:14-15; മത്താ 10:1; ലൂക്കാ 6:12-16). പിതാവിനാൽ അയക്കപ്പെടുന്നവനായിട്ടാണ് (അപ്പസ്തോലൻ) യേശു തന്നെത്തന്നെ മനസ്സിലാക്കിയത്. ഈ അവബോധത്തിൽ നിന്നാണ് തന്റെ ദൗത്യവാഹകരായി യേശു അപ്പസ്തോലൻമാരെ അയയ്ക്കുന്നത് (മർ ക്കോ 9:37; യോഹ 20:21). യഹൂദവീക്ഷണത്തിനു വിരുദ്ധമായി, പൂർണ്ണമായും മതപരമായ അർത്ഥത്തിലാണ് യേശു ഈ പദം ഉപയോഗിക്കുന്നത്.





പന്ത്രണ്ടുപേരിൽ ഒരുവനല്ലാതിരുന്നിട്ടും അപ്പസ്തോലൻ എന്നാണ് പൗലോസ് സ്വയം പരിചയപ്പെടുത്തിയിരുന്നത്. കാരണം, സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യം യേശു പന്ത്രണ്ടു ശിഷ്യന്മാർക്കു നൽകിയതുപോലെ (മത്താ 28:19-20; ലൂക്കാ 24:48; യോഹ 20:21-23; അപ്പ 1:8) തനിക്കും നൽകി എന്നു പൗലോസ് വിശ്വസിച്ചിരുന്നു (റോമാ 1:1; കോറി 9:1-12; 15:9; 2 കോറി 11:4-5). തനിക്ക് ലഭിച്ച ദൗത്യം വിജാതീയരോട് സുവിശേഷം പ്രസംഗിക്കുക എന്നതാണെന്നും പൗലോസ് വിശ്വസിച്ചിരുന്നു (റോമാ 11:13; ഗലാ 1:15-19). അപ്പസ്തോലൻമാർ സഭയുടെ തലവൻമാരും സുവിശേഷവരം സിദ്ധിച്ചിട്ടുള്ളവരുമാണെന്ന് പൗലോസ് കരുതി (1 കോറി 12:28; 2 കോറി 12:12; എഫേ 4:11). ബാർണബാസിനെയും അപ്പസ്തോല നായിട്ടാണ് പൗലോസ് പരിഗണിച്ചത് (1 കോറി 9:6). തന്റെ അപ്പസ്തോലാധികാരത്തെ എതിർത്തവരെ വ്യാജഅപ്പസ്തോലർ എന്നാണ് പൗലോസ് വിളിക്കുന്നത് (2 കോറി 11:13; 12-11). സഭകളുടെ സന്ദേശവാഹകരെ സൂചിപ്പിക്കാനും ഇതേപദം തന്നെയാണ് പൗലോസ് ഉപയോഗിക്കുന്നത് (2 കോറി 8:23; ഫിലി 2:25). ചുരുക്കിപ്പറഞ്ഞാൽ, അപ്പസ്തോലൻ എന്ന പദത്തിന് ഒന്നിലധികം അർത്ഥങ്ങൾ പൗലോസ് കൽപ്പിക്കുന്നുണ്ട്. പത്രോസിന്റെ ഒന്നാം ലേഖനം അപ്പസ്തോലൻ എന്ന പദം ഉപയോഗിക്കുമ്പോൾ മേൽപറഞ്ഞ അർത്ഥതലങ്ങളെല്ലാം വിവക്ഷിക്കുന്നുണ്ട്.

**പ്രവാസികൾ:** പത്രോസിന്റെ ഒന്നാം ലേഖനത്തിന്റെ സ്വീകർത്താക്കളായി വിവക്ഷിക്കുന്നത് "പ്രവാസികളായ" (= *പാരെപ്പിദേമോസ്*) ക്രൈസ്തവരെയാണ്. പ്രവാസം എന്ന പദം ഇസ്രായേലിന്റെ മതാത്മകതയുമായി അഭേദ്യം ബന്ധപ്പെട്ടതാണ്. യൂദയായിലെയും ജറുസലേമിലെയും ജനങ്ങൾ സ്വന്തം നാടും നഗരവും ഉപേക്ഷിച്ച് ബാബിലോണിൽ പോയിത്താമസിക്കാൻ നിർബന്ധിക്കപ്പെട്ട കാലഘട്ടത്തെ യാണ് ഇസ്രായേലിന്റെ വിപ്രവാസഘട്ടം എന്നുവിളിക്കുക. യൂദയായുടെ ചരിത്രത്തിൽ മൂന്നുതവണ ജനത്തെ ബന്ദികളായി ബാബിലോണിലേക്കു നാടുകടത്തിയിട്ടുണ്ട്. ബി.സി. 598-ലും (എസ്തേ 2:6) 587-ലും 582-ലും (ജറെ 52:30). ബി.സി. 587 മുതൽ പേർഷ്യൻ രാജാവായിരുന്ന സൈറസ് കൽപ്പന പുറപ്പെടുവിച്ച ബി.സി. 538 വരെയുള്ള കാലത്തെയാണ് സാധാരണയായി വിപ്രവാസകാലമായി കണക്കാക്കുന്നത്. ചിലരാകട്ടെ ബാബിലോൺകാർ നശിപ്പിച്ചുകളഞ്ഞ ദേവാലയം പുനരുദ്ധരിക്കപ്പെട്ട ബി.സി. 515 വരെയുള്ള കാലത്തെയും പ്രവാസകാലമായി കണക്കാക്കുന്നു. സ്വന്തം നാട്ടിൽനിന്നു

ബലമായി അന്യനാട്ടിലേക്കു കൊണ്ടുപോകപ്പെടുന്ന അവസ്ഥയെ സൂചിപ്പിക്കാനും ചിലപ്പോൾ ഈ വാക്കുപയോഗിക്കാറുണ്ട് (ആമോ 1:15). സ്വന്തം ഭവനത്തിൽനിന്നു നിഷ്കാസിതനായ ഒരു വ്യക്തിയുടെ അവസ്ഥയുമാകാണിത് (2 സാമു 15:13; ജറെ 20:3; ആമോ 7:17). ആലങ്കാരികമായി ഈ ലോകജീവിതത്തെ വിശേഷിപ്പിക്കാൻ പുതിയനിയമത്തിൽ 'വിപ്രവാസം' എന്ന പദമുപയോഗിച്ചിട്ടുണ്ട് (ഹെബ്രാ 11:13).

പ്രവാസാനുഭവം ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമായിരുന്നു. ദൈവത്തിന്റെ കരം ഈ ശിക്ഷയിൽ ദർശിക്കാൻ പ്രവാചകന്മാർ അവരെ പഠിപ്പിച്ചു. പ്രവാസത്തിനു തൊട്ടുമുമ്പ് ജറെമിയ വരാൻ പോകുന്ന ശിക്ഷയെപ്പറ്റി ജനത്തിനു താക്കീത് നൽകിയതാണ്. ശിക്ഷ വന്നുഭവിച്ചപ്പോൾ അവരെ ആശ്വസിപ്പിക്കുവാനും പ്രതീക്ഷ പകർന്നു കൊടുക്കുവാനുമായി രണ്ടാം ഏശയ്യായും (ഏശ 40-45) എസെക്കിയേലും അവരോടൊപ്പം ബാബിലോണിലുണ്ടായിരുന്നു. എളിമയോടുകൂടെ തെറ്റേറ്റുപറഞ്ഞ് യാഹ്‌വെയിലേക്ക് തിരിച്ചുവരുവാനും ശിക്ഷാവിധി മാനസാന്തരത്തിനുള്ള ഉപാധിയാക്കുവാനും അവർ ജനത്തെ ഉപദേശിച്ചു (ഏശ 54:9-10; ജറെ 31:2-3). ഈ ദു:ഖാനുഭവങ്ങളുടെ അന്ത്യത്തിൽ യാഹ്‌വെ സന്തോഷകരമായ ഒരു ഭാവി അവർക്കായി ഒരുക്കുന്ന കാര്യം പ്രവാചകന്മാർ അവരെ അനുസ്മരിപ്പിച്ചു (ജറെ 31:31-34; എസെ 36:26). ഇസ്രായേലിനു ലോകംമുഴുവനും വേണ്ടിയുള്ള ഒരു ദൗത്യമുണ്ടെന്ന് അവർ ജനത്തെ ഓർമ്മപ്പെടുത്തി (ഏശ 43:10). ഹബക്കുക്ക് പ്രവാചകനും പ്രവാസത്തെ വിശ്വാസത്തിന്റെ അരൂപിയിൽ കാണാൻ പഠിപ്പിച്ചു (1:12-2:4). പ്രവാസകാലത്തെ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി അവതരിപ്പിച്ചു കൊണ്ടും പ്രത്യാശ കൈവിടാതെ യാഹ്‌വെയെ ആശ്രയിക്കുവാൻ ഉദ്ബോധിപ്പിച്ചുകൊണ്ടും മനോഹരമായ കീർത്തനങ്ങൾ രചിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ് (നിയ 32; സങ്കീ 137:1-6; ഏശ 13-14; 21:63; വിലാപങ്ങൾ). ബാബിലോണിൽ വച്ചാണ് വൈദികപാരമ്പര്യം യാഹ്‌വെയെ ആരാധിക്കേണ്ട സുപ്രധാന നിയമങ്ങൾക്കു രൂപം നൽകിയത് (ലേവ്യ 17:26; എസെ 40:48). യഹൂദവിശ്വാസം ഒരു മതമെന്നനിലയിൽ രൂപംകൊണ്ടത് വിപ്രവാസകാലഘട്ടത്തിലാണ്.

ദൈവത്തിന്റെ നീതിയുടെയും വെളിപ്പെടുത്തലിന്റെയും പരമമായ ഒരു പ്രകടനമായിട്ടാണ് പ്രവാസത്തെ ബൈബിൾ കാണുക. ഇസ്രായേലിന്റെ വിശ്വാസത്തെ ഉരുക്കി ശുദ്ധമാക്കുന്ന ഉലയായിരുന്നു പ്രവാസാനുഭവം. കുരിശിനെയും വേദനയെയും സംബന്ധിക്കുന്ന ഏതൊരു സത്യവും മനസ്സിലാക്കണമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ബാബിലോണിയൻ അടിമത്തംകൂടി കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

പത്രോസിന്റെ ഒന്നാംലേഖനത്തിൽ ക്രൈസ്തവർ പ്രവാസത്തിലായിരുന്നു എന്നതിന് പല അർത്ഥതലങ്ങൾ സാധ്യമാണ്. ഒന്നാമതായി, ക്രൈസ്തവർ ഏഷ്യാമൈനറിൽ സ്വദേശത്തുനിന്നു ബഹിഷ്കൃതരായി ജീവിക്കേണ്ടിവന്നു എന്ന അർത്ഥമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന് അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. രണ്ടാമതായി, പ്രവാസത്തെ പ്രതീകാത്മകമായി വ്യാഖ്യാനിക്കുന്നവരുണ്ട്. ചുറ്റുമുള്ള ജനവിഭാഗങ്ങളാൽ തെറ്റിദ്ധരിക്കപ്പെട്ടും ഒറ്റപ്പെട്ടും പീഡിപ്പിക്കപ്പെട്ടും കഴിയുന്ന ക്രൈസ്തവരുടെ അവസ്ഥയെ പ്രതീകാത്മകമായി സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചത് എന്ന് ഇക്കൂട്ടർ കരുതുന്നു. ശത്രുക്കൾ മൃഗീയ ഭൂരിപക്ഷമായിരിക്കുന്ന ഒരു സമൂഹത്തിലെ ജീവിതം ശരിക്കും പ്രവാസതുല്യമായിരിക്കുമെന്ന് അനുമാനിക്കാമല്ലോ. ഉൽപ 23:4 ൽ വിവരിക്കപ്പെടുന്ന അബ്രാഹത്തിന്റെ അവസ്ഥയ്ക്കു സമാനമാണിത്. അബ്രാഹം സ്വന്തം ജനത്തെ ഉപേക്ഷിച്ചു ദൈവം നിർദ്ദേശിച്ച സ്ഥലത്തേക്കു പോയതുപോലെ ക്രിസ്ത്യാനികളും തങ്ങളുടെ പൂർവ്വമതങ്ങളും ബന്ധങ്ങളും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ പക്ഷത്തേക്ക് പോന്നു.

ഏഷ്യാമൈനറിലെ പ്രവിശ്യകളെ ലക്ഷ്യമാക്കിയാണ് ഈ എഴുത്ത് എഴുതുന്നത് പോന്തൂസ്, ഗലാത്തിയാ, കപ്പദോസിയാ, ബിഥീനിയ എന്നിവയാണ് ഏഷ്യാമൈനറിലെ പ്രവിശ്യകൾ.

**ഗലാത്തിയ:** മധ്യഏഷ്യാമൈനറിലെ ഒരു പ്രദേശമാണ് ഗലാത്തിയ. മധ്യഅനത്തോലിയായിൽ പോന്തൂസിനും ബിഥിനിയായ്ക്കും ലൈക്കോണിയായ്ക്കും ഇടയിലായി സ്ഥിതിചെയ്യുന്ന ഒരു ഉയർന്ന പ്രദേശമാണിത്. ബി.സി. മൂന്നാം നൂറ്റാണ്ടോടുകൂടി ഇവിടെ കുടിയേറിപ്പാർത്ത 'ഗൗൾ' എന്ന ഇൻഡോ-യൂറോപ്യൻ കെൽറ്റിക് വംശജരിൽനിന്നാണ് ഈ പ്രദേശത്തിന് ഗലാത്തിയ എന്ന നാമം ഉണ്ടായത്. യൂറോപ്പിൽ നിന്ന് ഏഷ്യാമൈനറിലേക്ക് കുടിയേറിയ അവർക്ക് ബിഥിനിയാ രാജാവായ നിക്കോമേദസ് ഒന്നാമനിൽനിന്നും ശക്തമായ ആക്രമണം നേരിടേണ്ടിവന്നു. ബി.സി. 280 നോടടുത്ത് ഇവർ മാസിഡോണിയായും ഗ്രീസും ഏഷ്യാമൈനറും കീഴ്പ്പെടുത്തുകയും അനത്തോലിയായിൽ താമസമാക്കുകയും അവിടെ തങ്ങളുടേതായ ഒരു രാജ്യം സ്ഥാപിക്കുകയും ചെയ്തു. ഇത് ഗലാത്തിയ എന്ന് അറിയപ്പെട്ടു. ബി.സി. 64 വരെ മൂന്ന് ഗൗൾ വംശജരിൽ നിന്നുള്ള പന്ത്രണ്ട് അംഗങ്ങൾ ചേർന്ന ഒരു സമിതിയായിരുന്നു ഇതിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. ബി.സി. 64-നു ശേഷം ഗലാത്തിയ റോമാ സാമ്രാജ്യവുമായി ഉറ്റബന്ധം സ്ഥാപിക്കുകയും തുടർന്ന് ഇവിടെ രാജഭരണം ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള കാലങ്ങളിൽ ഗലാത്തിയ അയൽനാടുകളെ കൂട്ടിച്ചേർത്ത് തങ്ങളുടെ നാടിനെ വിസ്തൃതമാക്കിക്കൊണ്ടിരുന്നു.

ഒരു റോമൻ പ്രവിശ്യയും ഗലാത്തിയ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഗലാത്തിയായിലെ അവസാനത്തെ രാജാവായ അമിനാത്തന്റെ മരണശേഷം ബി.സി. 25 ലാണ് ഇതൊരു റോമൻ പ്രവിശ്യയായി മാറിയത്. ഈ പ്രവിശ്യ ഗലാത്തിയായുടെയും പിസീദിയായുടെയും പാംഫിലിയായുടെയും ലൈക്കോണിയായുടെയും ഫിർജിയായുടെയും ഭാഗങ്ങൾ ചേർന്നതായിരുന്നു. പെർഗാ, ലിസ്ത്രാ, ഇക്കോണിയാ, പിസീദിയായിലെ അന്ത്യോക്യ തുടങ്ങിയ പട്ടണങ്ങൾ ഈ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്നു. പൗലോസ് അപ്പസ്തോലൻ തന്റെ ആദ്യത്തെ പ്രേഷിതയാത്രയിൽ ഈ പട്ടണങ്ങളിലെല്ലാം സന്ദർശനം നടത്തി (അപ്പ 13-14). അദ്ദേഹം തന്റെ

രണ്ടാമത്തെയും മൂന്നാമത്തെയും പ്രേഷിത യാത്രയിൽ ഗലാത്തിയ സന്ദർശിച്ചു (അപ്പ 16:6; 18:23). ഗലാത്തിയായിലെ സഭ ജറുസലേമിലെ ജനങ്ങൾക്കുവേണ്ടി ഉദാരമായി സംഭാവനകൾ നൽകി (1 കോറി 16:1). ക്രെസ്കെസ് ഗലാത്തിയായിൽ പ്രേഷിതവേല ചെയ്തു (2 തിമോ 4:10). പത്രോസ് ശ്ലീഹായുടെ ലേഖനം ഗലാത്തിയാക്കാരെക്കൂടി ലക്ഷ്യംവച്ചു കൊണ്ടുള്ളതാണ് (1 പത്രോ 1:2).

ഈ രണ്ടു ഗലാത്തിയാകളിൽ ഏതാണ് വി. ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് എന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളിൽ പരാമർശിക്കപ്പെടുന്ന 'ഗലാത്തിയ' (16:6; 18:23) ഗലാത്തിയാ രാജ്യത്തെയും 1 തിമോ 4:10; 1 പത്രോ 3 എന്നിവിടങ്ങളിൽ പരാമർശിക്കപ്പെടുന്ന ഗലാത്തിയ റോമൻ പ്രവിശ്യയെയുമാണ് ഉദ്ദേശിക്കുന്നത് എന്നാണ് പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം.

**പോന്തൂസ്**: ഏഷ്യാമൈനറിലെ കരിങ്കടലിന്റെ തീരത്തുള്ള ഒരു പ്രവിശ്യയാണ് പോന്തൂസ്. ഇവിടെനിന്ന് യഹൂദർ പന്തക്കുസ്താ തിരുനാളിനു ജറുസലേമിൽ വന്നിരുന്നു (അപ്പ 2:9) പൗലോസിനെ അനുഗമിച്ച അക്വീലാ ഈ നാട്ടുകാരനായിരുന്നു (അപ്പ 18:2). ഇവിടെ ചിതറിക്കഴിഞ്ഞ പ്രവാസികൾക്കു വേണ്ടിയാണ് പത്രോസിന്റെ ഒന്നാം ലേഖനം എഴുതപ്പെട്ടത് (1 പത്രോ 1:2).

**കപ്പദോസിയ:** താർസൂസിന് വടക്കും ഹാലിസിന് കിഴക്കുമായി സ്ഥിതിചെയ്യുന്ന ഏഷ്യാമൈനറിലെ ഒരു സ്ഥലമാണ് കപ്പദോസിയ. ഏ. ഡി. 17-ൽ റോമാക്കാർ കീഴടക്കുംവരെ ഇത് പോന്തൂസ്സിന്റെ ഭാഗമായിരുന്നു. കപ്പദോസിയായിലെ ജനങ്ങൾ പന്തക്കുസ്താദിനത്തിൽ പത്രോസിന്റെ പ്രസംഗം കേൾക്കാൻ വന്നിരുന്നു (അപ്പ 2:9). പത്രോസ് തന്റെ ലേഖനത്തിൽ കപ്പദോസിയായിലെ വിശ്വാസികളെ അഭിസംബോധനചെയ്യുന്നു (1 പത്രോ 1:2).

**ബിഥീനിയ:** വടക്കുപടിഞ്ഞാറൻ ഏഷ്യാമൈനറിലുള്ള ഒരു റോമൻ പ്രവിശ്യയാണ് ബിഥീനിയ. പത്രോസിന്റെ ഒന്നാം ലേഖനം എഴുതപ്പെട്ടപ്പോഴേക്കും ഇവിടെ ക്രിസ്തീയ സമൂഹങ്ങൾ രൂപപ്പെട്ടിരുന്നു. പൗലോസും കൂട്ടരും അവിടേക്കുപോകാൻ ആഗ്രഹിച്ചെങ്കിലും യേശുവിന്റെ ആത്മാവ് അതിനനുവദിച്ചില്ല (അപ്പ 16:7). ആദിമ പാരമ്പര്യകഥകൾ പറയുന്നത് പത്രോസോ, അന്ത്രയോസോ ആണ് അവിടെ സുവിശേഷം പ്രസംഗിച്ചതെന്നാണ്. ഏ.ഡി. 110 ആയപ്പോഴേക്കും ബൃഹത്തായ ക്രിസ്തീയ മുന്നേറ്റത്തിന് ബിഥീനിയ സാക്ഷ്യം വഹിച്ചു. സഭയുടെ രണ്ടു സാർവത്രിക സൂനഹദോസുകൾ ബിഥീനിയായിലെ നിഖ്യായിലും (325) കൽക്കദോനിയായിലും (451) വച്ചാണ് നടന്നത്.

**1:2,** വിശ്വാസികളുടെ സമൂഹം ഇപ്പോൾ അനുഭവിക്കുന്ന പ്രവാസാനുഭവം ദൈവത്താൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണെന്ന സത്യമാണ്





ഈ വാക്യങ്ങളിൽ പ്രകടമാക്കുന്നത്. ദൈവം മുൻകൂട്ടി അറിയുന്നു (= പ്രോഗ്നോസിൻ) എന്നതിനെ ''വിധി''യായി തെറ്റിദ്ധരിച്ചാൽ ഈ വാക്യത്തിന്റെ അർത്ഥം ശരിയാകില്ല. ദൈവം അവരെ അറിഞ്ഞുകൊണ്ട് പീഡകൾക്കു കൈവിട്ടു എന്ന അർത്ഥത്തിലല്ല; ദൈവം തന്റെ രക്ഷാകരപദ്ധതിയിൽ എല്ലാം മുൻകൂട്ടി അറിഞ്ഞിരുന്നു എന്നതാണ് സത്യം. രക്ഷാകരപദ്ധതിയിൽ സംഭവിക്കുന്നതെല്ലാം രക്ഷയ്ക്കു വേണ്ടിയുള്ളതാണ്.

ദൈവത്തിന്റെ മുന്നറിവും പരിശുദ്ധാരൂപിയുടെ വിശുദ്ധീകരണവും ദൈവപുത്രന്റെ രക്തം ചിന്തലും തുല്യപ്രാധാന്യത്തോടെ അവതരിപ്പിക്കുന്ന ഈ ശൈലി പുതിയനിയമത്തിൽ അന്യത്ര ദൃശ്യമല്ല. പിതാവായ ദൈവം ഒരേസമയം യേശുവിന്റെ പിതാവും വിശ്വാസികളുടെ പിതാവുമാണ്. പരിശുദ്ധാത്മാവ് വിശുദ്ധീകരിക്കുമ്പോൾ ക്രിസ്തു ''ബലിയർപ്പണം വഴി പാപമോചനം നൽകുന്നു'' (ലേവ്യ 16:16; ഹെബ്രാ 12:24).

ഗ്രീക്കുഭാഷയിലെ എഴുത്തുകളിൽ സാധാരണ ആശംസാവാക്ക് ''കായ്റേയ്ൻ'' എന്നാണ്. എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ പുതിയനിയമത്തിലെ എഴുത്തുകളിൽ പൊതുവേ ''കൃപ'' എന്നർത്ഥമുള്ള ''കാരിസ്'' എന്ന പദമാണ് സാമാന്യേന ഉപയോഗിക്കുന്നത് (റോമ 1:7; 1 കോറി 1:3; 2 തെസ്സ 1:2).

മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ ബന്ധത്തെ സൂചിപ്പിക്കുന്ന പദമാണ് ''കാരിസ്.'' ഇവിടെ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ പദം ''സമാധാനം'' എന്നതാണ്. ഈ പദങ്ങൾ വി. ഗ്രന്ഥവിജ്ഞാനീയത്തിൽ ഏറെ അർത്ഥവ്യാപ്തിയുള്ളവയാണ്. ഇവയെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത പഠനം ചുവടെ ചേർക്കുന്നു:

## കൃപ, സമാധാനം - വി. ഗ്രന്ഥദൃഷ്ടിയിൽ

ദൈവത്തിന്റെ കൃപയും സമാധാനവും ബൈബിളിലെ മുഖ്യപ്രമേയങ്ങളാണ്. ദൈവമനുഷ്യബന്ധത്തിന്റെ തീവ്രതയും ഊഷ്മളതയും ഈ രണ്ടു സംജ്ഞകളിലൂടെ പ്രകടമാക്കപ്പെടാറുണ്ട്. ദൈവം മനുഷ്യനോടു കാട്ടുന്ന കാരുണ്യത്തെ കൃപയായും ദൈവകൃപ ലഭിച്ച മനുഷ്യന്റെ അവസ്ഥയെ സമാധാനമായും സാമാന്യമായ അർത്ഥത്തിൽ മനസ്സിലാക്കാവുന്നതാണ്. ബൈബിളിലെ വിവിധ ഗ്രന്ഥങ്ങളിൽ ഈ സംജ്ഞകളുടെ അർത്ഥതലങ്ങൾ വ്യത്യസ്തമാണ്.

### കൃപ

മനുഷ്യന്റെമേൽ ദൈവം ചൊരിയുന്ന അതുല്യമായ അനുഗ്രഹമാണ് കൃപ. പഴയനിയമത്തിൽ ഉടമ്പടിയും പുതിയ നിയമത്തിൽ യേശുക്രിസ്തുവുമാണ് കൃപാവരത്തിന്റെ മാധ്യമങ്ങൾ.

മൂന്ന് ഹീബ്രുപദങ്ങളാണ് പഴയനിയമത്തിൽ ഈ ആശയം സൂചിപ്പിക്കാനായി ഉപയോഗിച്ചിരുന്നത്.

**1. *ഹെൻ*** (Hen): രാജാക്കന്മാരും മറ്റും തങ്ങളുടെ അധീനതയിലുള്ള വരോട് കാണിക്കുന്ന ഔദാര്യപൂർണ്ണമായ അനുഭാവം (cfr. 1 സാമു 27:5; എസ്തേ 5:8). ദൈവകൃപയെ സൂചിപ്പിക്കാനും (ഉൽപ 6:8; പുറ 33:12ff; ജറെ 31:2) ദൈവാനുഗ്രഹം നേടിത്തരുന്ന വൈയക്തികഗുണങ്ങളെ സൂചി പ്പിക്കാനും (സുഭാ 3:4; 3:34; 13:15) ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

**2. *ഹനാൻ*** (Hanan): ആവശ്യനേരത്ത് ഒരുവനു നൽകുന്ന അനർഹ മായ കാരുണ്യത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ഇതിന് പ്രേരക മായിട്ടുള്ളത് സ്നേഹമാണ് (നിയ 7:7-8). എന്നാൽ, ഇത് അവകാശമല്ല (പുറ 33:19). ഏകാന്തതയിലും (സങ്കീ 25:16) വിശപ്പിലും (111:4-5) പാപ ത്തിലും (51:1) തങ്ങളോട് കരുണ കാട്ടണമെന്ന് സങ്കീർത്തകൻ പ്രാർത്ഥി ക്കുന്നുണ്ട്. പശ്ചാത്തപിക്കുന്നവരോടും (ആമോ 5:15) തന്നെ കാത്തിരി ക്കുന്നവരോടും (ഏശ 30:18) ദൈവം കാരുണ്യം കാണിക്കും. പ്രത്യാശി ക്കുന്നവർക്കും (ഉൽപ 43:29; സംഖ്യ 6:25) ദൈവത്തെ സ്തുതിക്കുന്ന വർക്കുമാണ് (സങ്കീ 67) അവിടുത്തെ കാരുണ്യം ലഭിക്കുന്നത്.

**3. *ഹെസെദ്*** (Hesed): അനുകമ്പ എന്നാണ് ഈ പദത്തിന്റെ സാമാ ന്യാർത്ഥം. ആദ്യ രണ്ടു പദങ്ങൾ ചില പ്രത്യേക അവസരങ്ങളിൽ ദൈവം നൽകുന്ന കാരുണ്യത്തെ സൂചിപ്പിക്കുന്നതാണെങ്കിൽ ഹെസദ് ദൈവ ത്തിന്റെ മാറ്റമില്ലാത്ത കാരുണ്യത്തെയാണ് സൂചിപ്പിക്കുന്നത്.

ഈ മൂന്നു പദങ്ങളും പുറ 34-ൽ പരാമർശിക്കപ്പെടുന്നുണ്ട്. ഇസ്രാ യേലിനെ രക്ഷിക്കുകയും അവരുമായി ഉടമ്പടി ചെയ്യുകയും ചെയ്ത ദൈവം (വാ. 1,14) കാരുണ്യവാനും കൃപാനിധിയും (hen) ഉടമ്പടിയിൽ വിശ്വസ്തനുമാണ് (hesed). കാരണം, അവിടുന്ന് ആയിരം തലമുറക ളോളം തന്റെ ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കും (വാ. 6). ദൈവസ്തുതി പ്പായും (സങ്കീ 86:15; 103:8), പശ്ചാത്താപ സൂചകമായും (ജോയേ 2:13; മിക്കാ 7:18), ഉടമ്പടി നവീകരണത്തെ സൂചിപ്പിക്കാനായും (2 ദിന 30:4; നെഹെ 9:17) ഇതേ പദങ്ങൾ തന്നെ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

***കാരിസ്*** (charis) എന്ന ഗ്രീക്കുപദമാണ് കൃപയെ സൂചിപ്പിക്കാൻ പുതിയനിയമം ഉപയോഗിക്കുന്നത്. *കാരിത്തൂൻ* (charitun) എന്ന ക്രിയാ രൂപം, കൃപ നൽകുന്നതിനെയാണ് സൂചിപ്പിക്കുന്നത് (എഫേ 1:6). *കെക്കരിക്കോമെനേ* (Kecharitomene) എന്ന പ്രത്യയരൂപമാകട്ടെ, സംബോ ധനാ രൂപത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് (ലൂക്കാ 1:28). *കരിസ്മ* (charisma), *കാരിസ്* (charis) എന്നീപദങ്ങൾ സമാനാർത്ഥത്തിൽ ഉപയോ ഗിക്കപ്പെടുന്നുണ്ടെങ്കിലും സൂക്ഷ്മാർത്ഥത്തിൽ ഇവ തമ്മിൽ വ്യത്യാസ മുണ്ട്. കരിസ്മ എന്നത്, ഒരുവനോട് കാണിക്കുന്ന കാരുണ്യത്തെ സൂചി പ്പിക്കുമ്പോൾ (റോമാ 1:11; 1 കോറി 1:7) കാരുണ്യം കാണിക്കുന്നതിനു കാരണമായ മനോഭാവത്തെയാണ് കാരിസ് എന്ന പദം സൂചിപ്പിക്കുന്നത് (റോമാ 1:7; 16:20; 1 പത്രോ 1:2; 2 പത്രോ 1:2; 2 യോഹ 3; വെളി 1:4; 22:21).





**സുവിശേഷങ്ങളിൽ:** യേശുവിന്റെ പ്രവൃത്തികളിലും പ്രബോധന ങ്ങളിലും 'കൃപ' എന്ന ആശയം നിറഞ്ഞു നിൽക്കുന്നുണ്ടെങ്കിലും, കൃപ എന്ന വാക്ക് വളരെ അപൂർവ്വമായി മാത്രമേ സുവിശേഷങ്ങളിൽ ഉപ യോഗിക്കുന്നുള്ളൂ. എന്നാൽ, ദൈവകൃപയെ പ്രത്യക്ഷത്തിൽ വെളിപ്പെ ടുത്തുന്ന അനേകം ശൈലികൾ സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാ: "ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ സ്നേഹിച്ചു" (യോഹ 3:16).

"മനുഷ്യപുത്രൻ ശുശ്രൂഷിക്കാനാണ് വന്നത്" (മർക്കോ 10:45). കാണാ തെപോയ ആടിനെ തിരയുന്ന കഥയിലൂടെയും (മത്താ 9:36; 10:6; ലൂക്കാ 15:5; യോഹ 10) പാവങ്ങളോടും (മത്താ 19:21) സമൂഹം ഭ്രഷ്ടു കൽപ്പിച്ച വരോടും (ലൂക്കാ 5:30-32) സ്ത്രീകളോടും (8:32) ശിശുക്കളോടും (മർക്കോ 10:14-15) കരുണ കാണിക്കുന്നതിലൂടെയും യേശുവിന്റെ കൃപയാണ് വെളി പ്പെടുന്നത്. തന്റെ പുത്രനെ കുരിശിൽ ബലിയർപ്പിച്ച് മനുഷ്യകുലത്തെ രക്ഷിക്കുന്നതിലൂടെ ദൈവത്തിന്റെ കൃപയുടെ പൂർണ്ണതയാണ് പുതിയ നിയമത്തിൽ വെളിപ്പെടുന്നത്. ഉത്ഥാനത്തിലൂടെ സകല സൃഷ്ടികളു ടെയും കർത്താവായിത്തീർന്ന ക്രിസ്തു, കൃപയുടെ നവയുഗത്തിന് തുടക്കം കുറിച്ചു.

**പൗലോസിന്റെ ലേഖനങ്ങളിൽ:** പൗലോസിന്റെ വിചിന്തനങ്ങളുടെ കേന്ദ്രാശയം ദൈവകൃപയാണ്. യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്ത പ്പെട്ട ദൈവസ്നേഹം തന്നെയാണ് കൃപ (റോമാ 1:7; 1 കോറി 1:3). യേശു വിന്റെ രക്ഷാകരപ്രവൃത്തികളെ ദൈവകൃപയുടെ ആവിഷ്കരണങ്ങളാ യാണ് പൗലോസ് അവതരിപ്പിക്കുന്നത്. ഉദാ: സമ്പന്നനായിരുന്നിട്ടും അവി ടുന്ന് ദരിദ്രനായി (2 കോറി 8:9); ദാസന്റെ രൂപം സ്വീകരിച്ചു (ഫിലി 2:7); നാം പാപികളായിരിക്കെ (റോമാ 5:8) ദൈവം നമ്മെ യേശുക്രിസ്തു വിൽ അനുരഞ്ജിപ്പിച്ചു (2 കോറി 5:18-21).

യേശുക്രിസ്തുവിന്റെ കൃപ നമുക്ക് ലഭിക്കുന്നത് കുരിശിലൂടെയാണ് (റോമാ 5:9; ഗലാ 2:20; എഫേ 1:20). വിശ്വാസം വഴി കൃപയാലാണ് നാം നീതീകരിക്കപ്പെടുന്നത് (റോമാ 3:24-25; 5:1) കൃപ നിയമത്തിനും (ഗലാ 5:2-6) മാനുഷിക വിജ്ഞാനത്തിനും (2 കോറി 1:12) പാപത്തിനും (റോമാ 6:1) അതീതമാണ്. പാപത്തിൽ മൃതരായ നമ്മെ കൃപാസമ്പന്നനായ ദൈവം യേശുക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചു (എഫേ 2:4-5).

വിശ്വാസം വഴിയാണ് കൃപ ലഭിക്കുന്നത് (എഫേ 2:8). കൃപയുടെ സമൃദ്ധി പ്രകടമാകുന്നതും വിശ്വാസത്തിലാണ് (റോമാ 5:17; എഫേ 1:7; 2:7) കൃപയെ അവഗണിക്കുന്നതും (1 കോറി 15:2; 2 കോറി 6:1) നിയമാ നുഷ്ഠാനത്തിൽ വ്യഗ്രതകാണിക്കുന്നതും (ഗലാ 2:21; 5:4) കൃപയെ നിഷ്ഫലമാക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ച് ജീവിക്കുന്നവന്റെ ഏതു പാപവും ദൈവം തന്റെ കൃപയാൽ ക്ഷമിക്കും (1 തിമോ 1:15-16).

ദൈവകൃപ ലോകംമുഴുവൻ വ്യാപിക്കുന്നത് കൃപ സ്വീകരിച്ച ജന ങ്ങളിലൂടെയാണ് (2 കോറി 4:15). വിജാതീയരോട് സുവിശേഷം പ്രസം

ഗിക്കാനുള്ള കൃപ (charisma) പൗലോസിന് നൽകിയത് ദൈവമാണ് (റോമാ 15:15; എഫേ 3:8; cfr. അപ്പ 20:24). സഭയിലെ ദാനങ്ങളും സ്ഥാന ങ്ങളും ദൈവകൃപയാൽ ലഭിക്കുന്നതാണ് (റോമാ 12:3-8; എഫേ 4:7,11-12). തന്റെ ലേഖനങ്ങളിൽ അഭിവാദനങ്ങളും ആശംസകളും അർപ്പിക്കാൻ പൗലോസ് കൃപ എന്ന പദം ഉപയോഗിക്കുന്നുണ്ട് (റോമാ 16:20; ഗലാ 6:18; 1 കോറി 1:3; 16:23; 2 കോറി 1:2; 13:13; എഫേ 1:2; 6:24; ഫിലി 1:2; 4:23; കൊളോ 1:2; 4:18; 1 തെസ 1:1; 5:8).

**മറ്റു ഗ്രന്ഥങ്ങളിൽ:** വിശ്വാസികളുടെ ജീവിതത്തിൽ പ്രവർത്തനനി രതമാകുന്ന രക്ഷയെ സൂചിപ്പിക്കാനാണ് നടപടി പുസ്തകം ഈ പദം ഉപയോഗിക്കുന്നത് (അപ്പ 11:23; 13:43). കൃപയും സുവിശേഷവും ഒന്നാ ണെന്ന പൗലോസിന്റെ ദർശനവും ഈ ഗ്രന്ഥത്തിലുണ്ട് (15:40, 20:24).

*ഹെൻ* (hen) എന്ന ഹീബ്രുപദത്തിനു സമാന്തരമായ അർത്ഥത്തി ലാണ് ഹെബ്രായ ലേഖനം ഈ പദം ഉപയോഗിക്കുന്നത് (4:16). ഇത് വിശ്വാസത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ (11:6). കൃപയെ അപമാനി ക്കുന്നവരും (10:29) അവഗണിക്കുന്നവരും (12:15) ശിക്ഷിക്കപ്പെടും. തന്മൂ ലം, ഹൃദയത്തെ കൃപാവരത്താൽ ശക്തമാക്കാൻ ലേഖനകർത്താവ് ഉപ ദേശിക്കുന്നു (13:9).

വിശുദ്ധി പാലിച്ചുകൊണ്ടും (1:15), എളിമ അഭ്യസിച്ചുകൊണ്ടും (5:5), ആത്മീയ ദാനങ്ങൾ കൈകാര്യംചെയ്തുകൊണ്ടും (4:10), ദൈവകൃപ പ്രാവർത്തികമാക്കാൻ, പത്രോസ് തന്റെ പ്രഥമലേഖനത്തിൽ ആവശ്യ പ്പെടുന്നുണ്ട്. സഹനത്തിലൂടെയും കൃപ ലഭിക്കുമെന്ന് ലേഖനകർത്താവ് പറയുന്നു (5:10).

ആദിമുതൽ അന്ത്യംവരെ ബൈബിളിൽ നിറഞ്ഞു നിൽക്കുന്ന ആശ യമാണ് കൃപാവരം. ദൈവകൃപയുടെ മൂർത്തരൂപമാണ് യേശുക്രിസ്തു (യോഹ 1:16-17). അവിടുന്ന് എല്ലാ മനുഷ്യരിലും കൃപ വർഷിക്കുന്നത് കൃപ സ്വീകരിച്ചവർ ദൈവത്തെ മഹത്വപ്പെടുത്താനാണ് (എഫേ 1:6).

## സമാധാനം

*ഷലോം* (Shalom) എന്ന ഹീബ്രുപദമാണ് സമാധാനം എന്നു മല യാളത്തിൽ ഭാഷാന്തരം ചെയ്യപ്പെട്ടിരുന്നത്. ഹീബ്രുവിൽ ഈ വാക്ക് ഒരു വ്യക്തിയുടെ പൂർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. ആരോഗ്യവും ഐശ്വ ര്യവും സുരക്ഷിതത്വബോധവും ആത്മീയ സുസ്ഥിതിയും നിറയുമ്പോ ഴാണ് ഒരുവന് സമാധാനം കൈവരുന്നത്. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സമാധാനങ്ങൾ തമ്മിൽ ഹെബ്രായ കാഴ്ചപ്പാടിൽ വ്യത്യാസം ഒന്നുംതന്നെയില്ല.

*ഷലോം* എന്നത് ഹെബ്രായരുടെ ആശംസാവചനമായിരുന്നു. *ഷലോം* ദൈവത്തിന്റെ ദാനമായാണ് അവർ കരുതിയിരുന്നത്. അതിനാലാണ് ഗിദ യോന്റെ ബലിപീഠത്തിന് യാഹ്‌വെയുടെ സമാധാനം എന്ന പേരു ലഭി ച്ചത് (ന്യായാ 6:24). യാഹ്‌വെയായിരുന്നു ഇസ്രായേലിന്റെ സമാധാനം.





സമാധാനമെന്നത് പൂർണ്ണതയുടെ അവസ്ഥയായിരുന്നതിനാൽ അതു ദൈവികസ്വഭാവമായി കണക്കാക്കുക സ്വാഭാവികമാണല്ലോ. സമാധാന ത്തിലായിരിക്കുന്ന വ്യക്തി പൂർണ്ണനാകയാൽ ദൈവവുമായി പരിപൂർണ്ണ മായ ഐക്യത്തിലായിരിക്കും. അതിനാൽ, മനുഷ്യന്റെ നന്മയാണ് സമാ ധാനത്തിലൂടെ സാധ്യമാകുന്നത്.

നീതിയുടെ ഫലമാണ് സമാധാനം (ഏശ 32:17). പഴയനിയമത്തിലുട നീളം നീതിയും സമാധാനവും ഒരുമിച്ചുപോകുന്നു (സങ്കീ 72:7; 85:10; ഏശ 48:18; 57:2; 60:17). വിശ്വസ്തത (2 സാമു 20:19), സത്യം (എസ്തേ 9:30; സഖ 8:19) എന്നിവയാണ് സമാധാനത്തിലേക്കു നയിക്കുന്നത്. അതി നാൽ തിന്മയും സമാധാനവും ഒരുമിച്ചുപോവുകയില്ല (സങ്കീ 31:14; സുഭാ 10:10; ഏശ 48:22).

ഉടമ്പടി ദൈവമനുഷ്യബന്ധത്തിന്റെ പരിപൂർണ്ണതയിലേക്കു നയിക്കു ന്നതാകയാൽ അത് സമാധാനത്തിന്റെ ഉടമ്പടിയാണ് (എസെ 37:26). അത് മനുഷ്യനെ ദൈവസ്നേഹത്തിലേക്ക് അടുപ്പിക്കുന്നു (ഏശ 54:10). അതിനാൽ സമാധാനം ഇല്ലാതാക്കുകയെന്നാൽ ഉടമ്പടി പിൻവലിക്കുക എന്നാണർത്ഥം (ജറെ 16:5).

ദൈവമനുഷ്യബന്ധത്തിന്റെ പരിപൂർണ്ണതയിലാണ് ദൈവം അനു ഗ്രഹം ചൊരിയുന്നത്. ശക്തി (സങ്കീ 29:11), പാപമോചനം (2 രാജാ 5:19), ആനന്ദം (ഏശ 55:12), പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നത് (ഉൽപ 41:16) എന്നിവയെല്ലാം സമാധാനത്തിന്റെ ഭാഗമായി ലഭിക്കുന്ന അനുഗ്രഹങ്ങ ളാണ്. ജറുസലേമിന്റെ നിലനിൽപ്പിന് ദൈവത്തിന്റെ അനുഗ്രഹം കൂ ടിയേ തീരൂ (സങ്കീ 122:6-8; 125:5).

ദൈവത്തിന്റെ സമാധാനം രക്ഷാദായകമാണ് (ഏശ 52:7; നാഹും 1:15). ദൈവത്തിൽ ശരണപ്പെടുന്നവർക്കും (ഏശ 26:3) രക്ഷയിൽ പ്രത്യാ ശയർപ്പിക്കുന്നവനും (സങ്കീ 119:165) സമാധാനമുണ്ട്. യുഗാന്ത്യത്തിൽ തന്റെ സമാധാനം നൽകുമെന്ന് ദൈവം അരുൾചെയ്യുന്നു (ഏശ 26:12).

ഭൗതികമായ അർത്ഥത്തിലും ഈ പദം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. യുദ്ധാ നന്തരം വിജയശ്രീലാളിതനായി തിരിച്ചെത്തുന്നവൻ ആരോഗ്യവാനായി രിക്കുന്നതിനാൽ സമാധാനമുള്ളവനാണ് (ജോഷ്വ 10:21; 1 രാജാ 22:17; 2 ദിന 19:1; സങ്കീ 55:18). അപകടകരമായ കൃത്യങ്ങൾക്കായി പോകുന്ന വന് ഇസ്രായേൽക്കാർ സമാധാനം ആശംസിച്ചിരുന്നു (പുറ 4:18; 2 സാമു 15:27). സാമ്പത്തികഭദ്രതയായും സമാധാനം മനസ്സിലാക്കപ്പെട്ടിരുന്നു (1 ദിന 4:40; 22:9; സങ്കീ 37:11; 147:14; ഏശ 54:13; 66:12; സഖ 8:12). രാഷ്ട്രീയഭദ്രതയും സമാധാനമാണ് (2 രാജാ 20:19; ഏശ 32:18; ഹഗ്ഗാ 2:9). രോഗങ്ങളും മുറിവുകളും സമാധാനം ഇല്ലാതാക്കുന്നു (ജറെ 6:14; 8:11; 14:19; എസെ 13:10,16). ഇവ ഇല്ലാതാക്കുവാൻ യാഹ്‌വെയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ (ഏശ 57:19; ജറെ 33:6). യുദ്ധമില്ലാത്ത അവസ്ഥ സമാ ധാനകാലമാണ് (ന്യായാ 21:13; 1 സാമു 16:4-5; 29:7; 1 രാജാ 2:5; 4:24; സങ്കീ 120:7; ജറെ 14:13; 28:9). യുദ്ധാനന്തര ഉടമ്പടി സമാധാനത്തിലേക്കു നയിക്കുന്നതാണ് (നിയ 2:26; ജോഷ്വ 10:1; 11:19; ന്യായാ 4:17; 1 സാമു 7:14;

2 രാജാ 9:17-31; ഏശ 36:16; ദാനി 11:6). 'സമാധാനത്തിന്റെ രാജാവ്' (ഏശ 9:6) യുദ്ധത്തിൽ വിജയിച്ച രാജാവിനെയാകണം സൂചിപ്പിക്കുന്നത്.

പഴയനിയമത്തിന്റെ ചുവടുപിടിച്ച് പുതിയനിയമത്തിലും സമാധാനം ഒരു ആശംസയായി നൽകപ്പെട്ടു. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിലുടനീളം ഈ ആശയം കാണാം. മറ്റു അപ്പസ്തോലന്മാരും ഈ രീതി പിന്തുടരുന്നുണ്ട് (1 പത്രോ 1:2; 2 യോഹ 3; യൂദാ 2; വെളി 1:4). ഈ സമാധാനം ദൈവത്തിൽനിന്നാണ് വരുന്നത് (ഗലാ 1:3; എഫേ 1:2; വെളി 1:4). അതിനാലായിരിക്കണം 'ദൈവത്തിന്റെ സമാധാനം' എന്ന പദം പൗലോസ്ശ്ലീഹാ ഉപയോഗിക്കുന്നത് (ഫിലി 4:7; കൊളോ 3:15). ദൈവം സമാധാനത്തിന്റെ ദൈവമാണ് (റോമാ 15:33; 2 കോറി 13:11; ഫിലി 4:9; ഹെബ്രാ 13:20). യോഹന്നാന്റെ സുവിശേഷപ്രകാരം അത് ക്രിസ്തുവിന്റെ ദാനമാണ് (യോഹ 14:27; 16:33). ദൈവത്തിൽനിന്നും അകറ്റപ്പെടുകയും (എഫേ 4:18; കൊളോ 1:21) ദൈവത്തിന്റെ ശത്രുവായിത്തീരുകയും (റോമാ 5:10; കൊളോ 1:21) ചെയ്ത മനുഷ്യൻ ദൈവവുമായി അനുരഞ്ജനപ്പെടുന്നത് ക്രിസ്തുവിലൂടെയാണ് (2 കോറി 5:19; കൊളോ 1:22). അതിനാൽ, ക്രിസ്തുവിലൂടെ അവൻ ദൈവവുമായി സമാധാനത്തിലായി (റോമാ 5:1). കുരിശിലെ രക്തംവഴിയാണ് ദൈവം സമാധാനം സ്ഥാപിച്ചത് (കൊളോ 1:20). അതിനാൽ, ക്രിസ്തുതന്നെയാണ് നമ്മുടെ സമാധാനം (എഫേ 2:14).

മനസ്സിന്റെ സമാധാനത്തെപ്പറ്റിയും പുതിയനിയമം പ്രതിപാദിക്കുന്നുണ്ട്. ആത്മാവിന്റെ ദാനമായ സമാധാനം (ഗലാ 5:22) ഇതാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുവിൽ കാത്തുകൊള്ളുമെന്ന് ശ്ലീഹാ ഉറപ്പു നൽകുന്നു (ഫിലി 4:7). ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ (കൊളോ 3:15) എന്ന ആശംസയും അർത്ഥമാക്കുന്നത് ഇതുതന്നെ. യോഹ 14:27-ൽ അസ്വസ്ഥചിത്തരായ ശിഷ്യർക്ക് സമാധാനമാശംസിക്കുന്ന ഈശോ മനസ്സിന്റെ സമാധാനമായിരിക്കണം വിവക്ഷിച്ചത്.

യുദ്ധമില്ലാത്ത അവസ്ഥയെ സൂചിപ്പിക്കാനും ഈ പദം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ലൂക്കാ 14:32; അപ്പ 12:20). ഭാര്യയും ഭർത്താവും തമ്മിലുള്ള സമാധാനവും (1 കോറി 7:15) കുടുംബത്തിലെ സമാധാനവും (മത്താ 10:34; ലൂക്കാ 12:51) ബൈബിളിൽ സൂചിപ്പിച്ചിട്ടുണ്ട്. ക്രൈസ്തവർ മറ്റുള്ളവരുമായി സമാധാനത്തിലായിരിക്കണം (മർക്കോ 9:50; റോമാ 12:18; 2 കോറി 13:11; 1 തെസ 5:13). ഓരോ ക്രൈസ്തവന്റെയും പ്രയത്നം ഇതിനായിട്ടാകണം (റോമാ 14:19; എഫേ 4:3; ഹെബ്രാ 12:14; 1 പത്രോ 3:11). സമാധാനപ്രിയർക്കുള്ള അനുഗ്രഹം മലയിലെ പ്രസംഗത്തിൽ പ്രഖ്യാപിക്കുന്നുണ്ട് (മത്താ 5:9).

വി. ഗ്രന്ഥത്തിൽ കൃപയെയും സമാധാനത്തെയുംകുറിച്ചുള്ള മേൽവിവരിച്ച കാഴ്ചപ്പാടുകളുടെ പശ്ചാത്തലത്തിലാണ് 1 പത്രോ 1:1-2 നെ മനസ്സിലാക്കേണ്ടത്.





## 1 പത്രോസ് 1:3-12, ദൈവത്തിനു സ്തുതി

പത്രോസിന്റെ ഒന്നാം ലേഖനം സമകാലീന ലേഖനങ്ങളുടെ ശൈലിയിൽ കൃതജ്ഞതാസ്തോത്രത്തോടെയാണ് ആരംഭിക്കുന്നത്. സഹനത്തെയും പ്രത്യാശയെയും കുറിച്ചു പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ദൈവസ്തുതിയോടെ ആരംഭിക്കുന്നത് തികച്ചും അർത്ഥവത്താണ്.

**1:3-5,** പിതാവായ ദൈവത്തിന്റെ രക്ഷാപദ്ധതി പുത്രനിലൂടെ സാക്ഷാത്കരിക്കുകയും പരിശുദ്ധാത്മാവിലൂടെ വെളിപ്പെടുത്തുകയും ചെയ്തതിനെപ്രതിയാണ് ശ്ലീഹാ കൃതജ്ഞതാസ്തോത്രം നടത്തുന്നത്. യേശുവിലുള്ള വിശ്വാസത്തിലേക്കു ദൈവജനത്തെ തിരഞ്ഞെടുത്തതിനെ ഓർത്ത് പിതാവിന് അർപ്പിക്കപ്പെടുന്ന ഈ കൃതജ്ഞതാസ്തോത്രം യഹൂദ കൃതജ്ഞതാസ്തോത്ര ശൈലിയിലാണ് (ഉൽപ 9:26; സങ്കീ 66:20; 68:20; 72:18; 1 രാജാ 1:48; 2 മക്ക 15:34). ക്രിസ്തീയ ജീവിതത്തെ ''വീണ്ടും ജനനമായിട്ടാണ്'' അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. സമാനമായ ശൈലി പുതിയനിയമത്തിൽ ആവർത്തിക്കപ്പെടുന്നുണ്ട് (യോഹ 3:5,7; തീത്തോ 3:5; യാക്കോ 1:18). ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനം യേശുവിന്റെ ഉത്ഥാനമാണ്. തന്റെ ഉത്ഥാനത്തിലൂടെ പാപത്തിന്റെ പരിണിതഫലമായ മരണത്തെയും അവിടുന്നു പരാജയപ്പെടുത്തിയതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പ്രത്യാശ അർത്ഥപൂർണ്ണമാണെന്ന് ലേഖന കർത്താവ് അനുസ്മരിപ്പിക്കുകയാണിവിടെ.

ക്രൈസ്തവരുടെ ''വീണ്ടും ജനനത്തെ'' യേശുവിന്റെ ഉത്ഥാനവുമായി ബന്ധിപ്പിക്കുന്ന ശൈലി അർത്ഥവത്താണ്. രണ്ടും മരണത്തിൽനിന്നും ജീവനിലേക്കുള്ള കടന്നുപോകലാണ്. റോമാ 6:4-5 ൽ മാമ്മോദീസായുടെ ദൈവശാസ്ത്രം പൗലോസ് അപ്പസ്തോലൻ അവതരിപ്പിക്കുന്നതും സമാനമായ അർത്ഥത്തിലാണ്. ക്രൈസ്തവരുടെ മഹത്വം സ്വർഗ്ഗത്തിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട വാഗ്ദാനമാണ് (എഫേ 1:11-14; കൊളോ 1:5) എന്ന പൗലോസിന്റെ ആശയവും 1:4-5 ൽ ആവർത്തിക്കപ്പെടുന്നുണ്ട്. ഈ സ്വർഗ്ഗീയ വാഗ്ദാനം സത്യമായും നിറവേറുന്ന ഉറപ്പാണ്. എന്നാൽ, അത് ഇനിയും പൂർണ്ണമായി നിറവേറ്റപ്പെട്ടിട്ടില്ലാത്തതിനാലാണ് ക്രൈസ്തവർ ഇപ്പോഴും സഹിക്കേണ്ടിവരുന്നത്. ക്രൈസ്തവർക്ക് സ്വർഗ്ഗത്തിൽ അവകാശമുണ്ട് എന്ന ആശയം റോമാ 8:17 ലും ഗലാ 4:7 ലും പരാമർശിക്കപ്പെട്ടിട്ടുള്ളതാണ്. ഈ അവകാശം ഒളിമങ്ങാത്തതും ഒരിക്കലും നശിക്കാത്തതുമാണ് എന്ന കാര്യം വ്യക്തമാണ് (വാ. 5).

**1:6-7,** തങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന മതമർദ്ദനങ്ങളെ ഓർത്ത് ആനന്ദിക്കാനുള്ള ആഹ്വാനമാണ് ഈ വാക്യങ്ങളിലെ പ്രമേയം. ക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ രക്ഷയുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ അനുഭവിക്കേണ്ടിവരുന്ന മതമർദ്ദനങ്ങൾ നിസ്സാരമാണെന്നും അതിനാൽ സഹനങ്ങളിലും ദൈവത്തെ സ്തുതിക്കണമെന്നുതന്നെയാണ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്. പീഡാനുഭവങ്ങളിൽ നഷ്ടധൈര്യരായിത്തുടങ്ങിയ ഒരു സമൂഹത്തെ വിശ്വാസത്തിൽ സ്ഥിരപ്പെ

ടുത്തുക എന്ന ലക്ഷ്യത്തോടെ എഴുതുന്ന ലേഖനത്തിന് അനുയോജ്യമായ ആമുഖമാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്.

വിശ്വാസികൾ അനുഭവിക്കേണ്ടിവരുന്ന പീഡാനുഭവങ്ങളുടെ നിയതരൂപം ലേഖനകർത്താവ് വിവരിക്കുന്നില്ല. തന്മൂലം പീഡനമേൽക്കേണ്ടിവരുന്ന മുഴുവൻ സഭകളെയും സ്ഥലകാലങ്ങൾക്കതീതമായി അഭിസംബോധനചെയ്യുന്നതാണ് ഈ ലേഖനം എന്ന് അനുമാനിക്കാം. പീഡകളെ യഥാർത്ഥ വിശ്വാസത്തെ പരീക്ഷിച്ചറിയാനുള്ള ഉപാധിയായാണ് ഗ്രന്ഥകാരൻ മനസ്സിലാക്കുന്നത്. അഗ്നിയിൽ സ്വർണ്ണത്തിനെന്നതുപോലെ പീഡകൾക്കു മുന്നിൽ യഥാർത്ഥ വിശ്വാസത്തിന്റെ മാറ്റുകൂടും. ഈ ഉപമ പഴയനിയമത്തിലും ഉപയോഗിക്കപ്പെട്ടിട്ടുള്ളതാണ് (സങ്കീ 66:10; മലാ 3:3). സകല സഹനങ്ങൾക്കും യുഗാന്ത്യത്തെ മുൻനിർത്തിയുള്ള ഉത്തരമാണ് ലേഖനകർത്താവ് നൽകുന്നത് എന്നത് ശ്രദ്ധാർഹമാണ്.

**1:8–9,** ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു കൈവരാനിരിക്കുന്ന മഹത്വം ഇനിയും പൂർണ്ണമായും വെളിപ്പെടുത്തപ്പെട്ടിട്ടില്ല എന്നതു സത്യമാണ്. എങ്കിലും സഹനങ്ങളെ നേരിടാൻ ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗം വിശ്വാസികൾക്കുമുന്നിലുണ്ട്. "അവനെ നിങ്ങൾ ഇപ്പോൾ കാണുന്നില്ലെന്നും ..." എന്നതിന്റെ അർത്ഥം വിശ്വാസികൾ ഇനിയും യുഗാന്ത്യത്തെ അഭിമുഖീകരിച്ചിട്ടില്ല എന്നാണ്. "അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും..." എന്ന ആദ്യശൈലിയുടെ അർത്ഥം ലേഖനത്തിന്റെ വായനക്കാർ ക്രിസ്തുസംഭവത്തിന്റെ ദൃക്സാക്ഷികളല്ല എന്ന സൂചനനൽകുന്നുണ്ട്. ക്രിസ്തു സംഭവത്തിനു ദൃക്സാക്ഷികളാണോ അല്ലയോ എന്നതല്ല യേശുവിൽ വിശ്വസിക്കുന്നോ എന്നതാണ് പരമപ്രധാനമായ വിഷയം. "വിശ്വാസം," എന്ന നാമവും "വിശ്വസിക്കുക" എന്ന ക്രിയയും ആദ്യത്തെ 7 വാക്യങ്ങളിൽ നാലുതവണവീതം അപ്പസ്തോലൻ ഉപയോഗിക്കുന്നതിന്റെ കാരണമിതാണ്.

യേശുവിൽ വിശ്വസിക്കുന്നവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന രക്ഷയിൽ, ചുരുങ്ങിയത് മൂന്നു കാര്യങ്ങളെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നുണ്ട്: (1) സ്വർഗ്ഗഭാഗ്യത്തിനുള്ള അവകാശം, (2) യുഗാന്ത്യത്തിലെ മഹത്വപൂർണ്ണമായ വിധിയിൽ ലഭിക്കുന്ന അംഗീകാരം, (3) ഈ ലോകജീവിതത്തിൽതന്നെ സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ജീവിക്കാനുള്ള അവകാശം. "നിങ്ങളുടെ ആത്മാവിന്റെ രക്ഷ. . ." എന്ന 1:9 ലെ പരാമർശത്തെ ശരീരത്തിൽനിന്നു വേർപെട്ട ആത്മാവിന്റെ രക്ഷ എന്നല്ല ശരീരവും ആത്മാവുമുള്ള മനുഷ്യന്റെ (= പ്സൂക്കേ) സമഗ്രരക്ഷ എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

**1:10–12,** സഹനത്തെ വിശ്വാസസ്ഥിരതയിൽ നേരിടാൻ വിശ്വാസികളെ പ്രാപ്തരാക്കുന്ന സുവിശേഷത്തെ പൂർവ്വപ്രവാചകരും സ്വർഗ്ഗീയമാലാഖാമാരും അസൂയയോടെയാണ് വീക്ഷിക്കുന്നതെന്ന് ലേഖനകർത്താവ് സമർത്ഥിക്കുന്നു. സുവിശേഷത്തിന്റെ ജ്ഞാനം കരഗതമാകുന്നതുവരെയുള്ള സകലജ്ഞാനവും അപൂർണ്ണമായിരുന്നു എന്നാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. സമാനമായ വീക്ഷണം ഹെബ്രാ 11:39–40 ൽ കാണാം. മാലാഖമാർ മനുഷ്യരെക്കാളും തരംതാഴ്ന്നവരാണ് എന്നു സമർത്ഥിക്കാനല്ല; മാലാഖമാരെക്കാളും ശ്രേഷ്ഠമായ സ്ഥാനമാണ് യേശുവിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുന്നത് എന്നു സമർത്ഥിക്കാനാണ് ഗ്രന്ഥകാരൻ ശ്രമിക്കുന്നത്.





പ്രവാചകന്മാരെക്കുറിച്ചുള്ള സൂചനയെ (വാ. 10) രണ്ട് അർത്ഥത്തിൽ മനസ്സിലാക്കാം. ഒന്നാമതായി, പഴയനിയമ പ്രവാചകന്മാരിലൂടെ സംസാരിച്ചത് ക്രിസ്തുവിന്റെ ആത്മാവാണ്. അതിനാൽ അവരുടെ പ്രവചനങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അനുഭവിക്കാനിരിക്കുന്ന സഹനങ്ങളെക്കുറിച്ചു മുന്നറിയിപ്പുനൽകുന്നു. രണ്ടാമതായി, പ്രവാചന്മാരിൽ പ്രവർത്തനനിരതമായിരുന്ന ക്രിസ്തുവിന്റെ ആത്മാവുതന്നെയാണ് സഭയിൽ സുവിശേഷ പ്രഘോഷകന്മാരിലൂടെ പ്രവർത്തനനിരതമാകുന്നത്. മറ്റൊരർത്ഥത്തിൽ ചിന്തിക്കുമ്പോൾ പഴയനിയമപ്രവാചകന്മാർ പറഞ്ഞവയെല്ലാം അർത്ഥപൂർണ്ണമാകുന്നത് ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെയാണ്. തങ്ങളുടെ പാരമ്പര്യങ്ങളുടെ പേരിൽ യഹൂദർ ക്രൈസ്തവരെ പീഡിപ്പിക്കുന്ന പശ്ചാത്തലത്തിൽ ലേഖനകർത്താവിന്റെ ഈ പരാമർശത്തിന് ഏറെ അർത്ഥവ്യാപ്തിയുണ്ട്.

1:3–12 ലെ സ്തുതികീർത്തനത്തിന് മുഖ്യമായും രണ്ട് ഊന്നലുകളുണ്ടെന്ന് ശ്രദ്ധാപൂർവ്വം വായിച്ചാൽ മനസ്സിലാക്കാനാകും: (1) ഇത് ദൈവത്തോടുള്ള ഒരു പ്രാർത്ഥനയാണ്. (2) വിശ്വാസികളെ അഭിസംബോധനചെയ്തുകൊണ്ടുള്ള ഒരു ഉപദേശമായും ഇതിനെ മനസ്സിലാക്കാം.

**വിചിന്തനങ്ങൾ:** നീതിമാന്റെ സഹനം എന്ന സമസ്യയെക്കുറിച്ചാണ് ലേഖനകർത്താവ് സമർത്ഥിക്കുന്നത്. നിരപരാധികളായ ക്രൈസ്തവവിശ്വാസികൾ എന്തുകൊണ്ടു പീഡിപ്പിക്കപ്പെടുന്നു എന്നതിന്റെ ഉത്തരമാണ് ലേഖന കർത്താവു തേടുന്നത്. ലേഖനത്തിലുടനീളം പരിശോധിച്ചാൽ ആറ് ഉത്തരങ്ങൾ അവതരിപ്പിക്കപ്പെടുന്നുണ്ട് എന്നു കണ്ടെത്താനാകും:

1. വിശ്വാസത്തെ ബലപ്പെടുത്താനും ശുദ്ധീകരിക്കാനും സഹനം കാരണമാകുന്നു (1:6–7).

2. അന്യായമായി സഹിക്കുന്നവർ ക്രിസ്തുവിനെ ഏറ്റവും അടുത്ത് അനുകരിക്കാൻ വിളിക്കപ്പെട്ടവരാണ്. ലോകരക്ഷക്കുവേണ്ടി രക്ഷകനോടൊത്തു ബലിയർപ്പിക്കാനുള്ള വിളിയാണു സഹനം (2:21–25; 3:17–18; 4:13; 5:13).

3. മനുഷ്യന്റെ ദുഷ്ടതകൊണ്ടുമാത്രമല്ല, ദൈവികപദ്ധതിയെ തകിടം മറിക്കുന്ന സാത്താന്റെ പ്രവൃത്തിയുടെ ഫലമായും സഹനം ഉണ്ടാകാം (5:8)

4. സഹനത്തിനുകാരണമായവരുടെമേൽ ക്രിസ്തു വിജയം പ്രഖ്യാപിച്ചതിനാൽ (3:18–20) തങ്ങളുടെ പീഡകരുടെ പരാജയം സുനിശ്ചിതമാണെന്ന പ്രത്യാശയോടെ വിശ്വാസികൾക്ക് സഹനത്തെ നേരിടാം.

5. നീതിമാന്റെ പീഡനങ്ങൾ യുഗാന്ത്യം സമാഗതമായി എന്നതിന്റെ തെളിവാണ് (4:12-16).

6. ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആഗമനത്തിൽ വിശ്വാസത്തിനുവേണ്ടി പീഡസഹിച്ചവർക്ക് നിത്യമായ മഹത്വം ലഭിക്കും. ഈ മഹത്വത്തിന്റെ ആദ്യഫലമായ പരിശുദ്ധാത്മാവിനെ ഈ ലോകജീവിതത്തിൽതന്നെ അനുഭവിക്കാനുള്ള ഭാഗ്യവും സഹിക്കുന്ന മനുഷ്യർക്കു സംലഭ്യമാകുന്നു (1:7; 2:11; 4:13; 5:4; 10:11).

## 1 പത്രോസ് 1:13-25, വിശുദ്ധരായിരിക്കുക

ആമുഖത്തിനുശേഷം ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിലേക്കു നീങ്ങുമ്പോൾ ആ ഭാഗം (1:13-2:10) ദൈവജനത്തിന്റെ വിശുദ്ധിയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ദൈവം പരിശുദ്ധനാകയാൽ ദൈവജനവും പരിശുദ്ധരായിരിക്കണം എന്ന പഴയനിയമ ആഹ്വാനം (ലേവ്യ 11:44-45) തന്നെയാണ് ഇവിടെയും പരാമർശിക്കുന്നത്. എന്നാൽ ഇവിടെ വിശുദ്ധീകരണത്തിന്റെ മാനദണ്ഡവും മാർഗ്ഗവും വ്യത്യസ്തമാണെന്നു മാത്രം. കറയില്ലാത്ത കുഞ്ഞാടിന്റെ രക്തവും (1:19) ദൈവഭവനത്തിന്റെ മൂലക്കല്ലായ ക്രിസ്തുവിന്റെ സാന്നിധ്യവുമാണ് പുതിയ ദൈവജനത്തെ വിശുദ്ധീകരിക്കുന്നത്.

**1:13,** ദൈവജനത്തിന് അവശ്യംവേണ്ട വിശുദ്ധിയെക്കുറിച്ചാണ് ഗ്രന്ഥകാരൻ ഇവിടെ പരാമർശിക്കുന്നത്. "മാനസികമായി ഒരുങ്ങി" എന്ന പി.ഓ.സി വിവർത്തനത്തെക്കാൾ "നിങ്ങളുടെ മനസ്സിന്റെ കെട്ടുകൾ മുറുക്കി" എന്ന അർത്ഥത്തിലാണ് മൂലകൃതിയിലെ ആഖ്യാനം. "സമചിത്തതയുള്ളവരാകുക" (= *നെഫോ*) എന്നു വിവർത്തനം ചെയ്തിരിക്കുന്ന മൂലപദത്തെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ "ലഹരിവിമുക്തമായ" എന്ന അർത്ഥമാണുള്ളത്. ഒരു യാത്രയ്ക്കുള്ള മുന്നൊരുക്കത്തെ സൂചിപ്പിക്കുന്ന "അരമുറുക്കുക" "ലഹരിവെടിയുക" തുടങ്ങിയ പദപ്രയോഗങ്ങൾ മതമർദ്ദനത്തെ നേരിടുന്ന ശൈലികളോടു സാമ്യമുള്ളതാണ് (യോഹ 21:18; എഫേ 6:14). ലഹരി വിമുക്തനേ ശരിയായി വസ്ത്രം ധരിക്കൂ (1 തെസ്സ 5:8) എന്നതിനാൽ ഇതും യാത്രാക്രമീകരണത്തിന്റെ ഭാഗമായി മനസ്സിലാക്കാവുന്നതാണ്. 1:13 ൽ ഉപയോഗിച്ചിരിക്കുന്ന കൃപ (= കാരിസ്) എന്ന പദത്തിന് യുഗാന്ത്യത്തിൽ ലഭിക്കുന്ന സമ്പൂർണ്ണ രക്ഷ എന്ന അർത്ഥമാണ് കൂടുതൽ യോജിക്കുന്നത്. കൃപ എന്ന പദത്തിന് ലേഖനത്തിലുടനീളമുള്ള അർത്ഥത്തിൽനിന്ന് 1:13 ലെ അർത്ഥത്തിന് അനല്പമായ വ്യത്യാസമുണ്ടെന്നു സാരം.

**1:14-16,** മുൻകാലങ്ങളിലെ ജഡികാഭിലാഷങ്ങളിൽനിന്നു വിമുക്തമായി ജീവിച്ചുകൊണ്ടാണ് ദൈവജനം വിശുദ്ധിപാലിക്കേണ്ടത് എന്ന ആശയമാണ് ഈ വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. കഴിഞ്ഞകാല ജീവിതത്തിലെ തിന്മകളെക്കുറിച്ചുള്ള സൂചന 4:3 ലും കാണാം. കഴിഞ്ഞകാല ജീവിതത്തെ അജ്ഞതയുടെ ദുരാശകളാൽ നയിക്കപ്പെട്ട





ജീവിതം എന്നാണ് അപ്പസ്തോലൻ വിശേഷിപ്പിക്കുന്നത്. വിജാതീയജീവിതശൈലിയെ അജ്ഞതയുടെ ജീവിതമായി അവതരിപ്പിക്കുന്ന രീതി നടപടിപ്പുസ്തകത്തിലും (അപ്പ 17:23) പൗലോസിന്റെ ലേഖനങ്ങളിലും (എഫേ 4:18) കാണാം. കഴിഞ്ഞകാല തിന്മകളെ വിട്ടുപേക്ഷിച്ചാൽ മാത്രംപോരാ ക്രിസ്തീയ ജീവിതത്തിനിണങ്ങിയ വിശുദ്ധി അഭ്യസിക്കണമെന്നും ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നുണ്ട്.

പരിശുദ്ധരായി ജീവിക്കാനുള്ള ആഹ്വാനം മോശ ദൈവജനത്തിനു നൽകിയത് (ലേവ്യ 11:44-45; 20:7; 29:2) മരുഭൂമിയിലെ പ്രവാസകാലത്താണ്. സമാനമായ ഒരു പ്രവാസാനുഭവത്തിലൂടെയാണ് ആദിമസഭയും കടന്നുപോകുന്നത് എന്ന സൂചനകൂടി ഗ്രന്ഥകാരൻ ഈ ആഹ്വാനത്തിനു പിന്നിൽ വിവക്ഷിക്കുന്നുണ്ടാകാം.

**1:17,** ഈ വാക്യത്തിന് പി.ഓ.സി ബൈബിൾ നൽകുന്ന വിവർത്തനം കൂടാതെ മറ്റൊരു വിവർത്തനം സാധ്യമാണ്: "നിങ്ങൾ പിതാവേ എന്നു മുൻകൂട്ടി വിളിക്കുന്നവൻ നിഷ്പക്ഷനായ വിധിയാളനാകയാൽ ഭൗമികജീവിതത്തിൽ ദൈവത്തിന്റെ വിധിയെക്കുറിച്ചു ഭയത്തോടെ ജീവിക്കുവിൻ." സാഹചര്യവുമായി കൂടുതൽ ഇണങ്ങുന്നതും വ്യാകരണപരമായി കൂടുതൽ സാധുതയുള്ളതും ഈ വിവർത്തനത്തിനാണ്. എന്നാൽ ഈ വിവർത്തനം പി.ഓ.സി. വിവർത്തനത്തെ ഖണ്ഡിക്കുന്നില്ല. രണ്ടു വിവർത്തന സാധ്യതകളെയും പരസ്പര പൂരകങ്ങളായി മനസ്സിലാക്കുന്നതാണു നല്ലത്. ദൈവം പിതാവാകയാൽ മക്കളായവർ പൂർണ്ണ അനുസരണത്തോടെ വ്യാപരിച്ച് ശിക്ഷാവിധിയെ ഒഴിവാക്കാനുള്ള ആഹ്വാനമാണ് ഇവിടെ നൽകുന്നത്. അന്ത്യവിധിയെ ക്രിസ്തുവിന്റെ വെളിപ്പെടുത്തലിന്റെ സമയമായിട്ടാണ് പത്രോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് എന്നതു ശ്രദ്ധേയമാണ്.

**1:18-19,** ക്രിസ്ത്യാനികളുടെ പ്രത്യാശയുടെ യഥാർത്ഥ മാനദണ്ഡമെന്താണ് എന്നതാണ് ഈ വാക്യങ്ങളിലെ മുഖ്യ പ്രമേയം. ക്രൈസ്തവന്റെ പ്രത്യാശ നശ്വരമായ ഭൗതിക വസ്തുക്കളിലല്ല. കാരണം അവൻ രക്ഷിക്കപ്പെട്ടത് ഭൗതിക വസ്തുക്കളായ സ്വർണ്ണവും വെള്ളിയും കൊണ്ടല്ല; കുഞ്ഞാടിന്റെ അമൂല്യമായ തിരുരക്തത്താലാണ്. ക്രിസ്തു തന്റെ ജീവൻ കൊടുത്ത് മനുഷ്യകുലത്തെ വീണ്ടെടുത്തു എന്നതിനാൽ വിശ്വാസിയുടെ പ്രത്യാശ നീതിയുക്തവും അർത്ഥവത്തുമാണെന്ന് ശ്ലീഹാ സമർത്ഥിക്കുകയാണ്. അമൂല്യരക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ അമൂല്യമായ വിശ്വാസത്തിന്റെയും അതുല്യമായ വിശുദ്ധിയുടെയും ഉടമകളാകണം എന്നതാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്. അമൂല്യവും അക്ഷയവുമായ ദാനങ്ങളെക്കുറിച്ച് ലേഖനകർത്താവ് ആവർത്തിച്ചുള്ള സൂചനകൾ നൽകുന്നുണ്ട് (1:23,25; 2:4, 6-7; 3:34; 5:4). ദൈവജനത്തെ കുഞ്ഞാടിന്റെ രക്തത്താൽ വിശുദ്ധീകരിക്കുന്ന പഴയനിയമ പാരമ്പര്യത്തെ (ലേവ്യ 22:21) അനുസ്മരിപ്പിച്ചുകൊണ്ട് ദിവ്യകുഞ്ഞാടായ മിശിഹായുടെ രക്തത്താലാണ് ക്രൈസ്തവർ വിശുദ്ധീകരിക്കപ്പെടുന്നത്. മിശിഹായെ ബലിക്കുള്ള

കുഞ്ഞാടായി പരിഗണിക്കുന്ന ഏശ 53:7 ലെ പാരമ്പര്യം 1 കോറി 5:7 ലും ഹെബ്രാ 9:5 ലും അനുസ്മരിക്കുന്നുണ്ട്. തന്നെത്തന്നെ ബലിയായി അർപ്പിച്ചു വിശുദ്ധീകരണം സാധ്യമാക്കിയ ക്രിസ്തുവിനെ അനുകരിച്ച് വിശ്വാസികളും തങ്ങൾക്കുലഭിക്കുന്ന പീഡനങ്ങളെ നേരിട്ടു വിശുദ്ധരാകണം എന്നതാണ് ശ്ലീഹായുടെ വാദഗതി.

**1:20–21,** വിശ്വാസികളുടെ ജീവിതത്തിൽ സമയത്തിന്റെ രക്ഷാകര പ്രാധാന്യത്തെക്കുറിച്ചാണ് ഈ വാക്യങ്ങൾ വിലയിരുത്തുന്നത്. വിശ്വാസികൾ ജീവിക്കുന്നത് അന്ത്യകാലഘട്ടത്തിലാണ്. തങ്ങൾ വിശ്വാസമർപ്പിക്കുന്ന ക്രിസ്തുവിനെക്കുറിച്ച് പിതാവായ ദൈവത്തിന് അനാദിയിലേ കർമ്മപദ്ധതിയുണ്ടായിരുന്നു. അവിടുന്ന് തന്റെ രക്ഷാകരപദ്ധതി സമയത്തിന്റെ പൂർണ്ണതയിൽ ക്രിസ്തുവിൽ പൂർത്തീകരിച്ചതുപോലെ തങ്ങളുടെ ജീവിതത്തിലും പൂർത്തീകരിക്കും എന്ന വിശ്വാസമാണ് ക്രിസ്ത്യാനിയെ സഹനങ്ങളിൽ മുന്നോട്ടു നയിക്കുന്നത്. ലോകത്തിന്റെ ആരംഭം മുതലേ ക്രിസ്തുവിനുള്ളവരെ ദൈവം തെരഞ്ഞെടുത്തതാണ്. അതിനാൽ ക്രൈസ്തവർ പീഡാനുഭവങ്ങളിൽ തളരരുത് എന്ന സന്ദേശമാണ് ലേഖനകർത്താവ് അനുവാചകർക്കു നൽകുന്നത്.

ദൈവം ക്രിസ്തുവിൽ പ്രവർത്തിച്ച ഏറ്റവും മഹനീയമായ രക്ഷാകരകർമ്മം അവിടുത്തെ ഉയിർപ്പിച്ചു എന്നതാണ്. ക്രിസ്തുവിന്റെ മഹനീയമായ ഉയിർപ്പാണ് ക്രിസ്ത്യാനികളുടെ വിശ്വാസത്തിനും പ്രത്യാശയ്ക്കും ആധാരമായി നിലകൊള്ളുന്നത്. വിശ്വാസംവഴി ഈ ലോകജീവിതത്തെ ധൈര്യപൂർവ്വം നേരിടാനും പ്രത്യാശവഴി യുഗാന്ത്യത്തെ ആനന്ദത്തോടെ കാത്തിരിക്കാനും വിശ്വാസിക്കു കഴിയുന്നു. ഇപ്രകാരം വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ ജീവിതം ക്രിസ്ത്യാനികളെ ക്രിസ്തുവിന്റെ മഹത്വത്തിന് അർഹരാക്കുന്നു. എന്നാൽ ഇപ്പോൾ ക്രൈസ്തവർ അനുഭവിക്കുന്ന പീഡകൾ ദൈവത്താൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പ്രവാസത്തിന്റെ ഭാഗമാണ്.

**1:22–25,** വിശ്വാസം പ്രവൃത്തിപഥത്തിലെത്തുന്നത് അനുസരണത്തിലൂടെയാണ് എന്ന വസ്തുതയ്ക്ക് ഈ ലേഖനത്തിലുടനീളം ഊന്നൽ നൽകുന്നുണ്ട്. അനുസരണത്തിന്റെ പ്രഥമ പ്രകാശനം സഹോദരസ്നേഹത്തിലാണ് പ്രകടമാകേണ്ടത്. തങ്ങളെത്തന്നെ മുന്നിൽകണ്ടുകൊണ്ടാണ് ഈ ലേഖനം രചിക്കപ്പെടുന്നത് എന്ന വസ്തുത മനസ്സിലാക്കുമ്പോൾ സഹോദരസ്നേഹത്തിനു നൽകുന്ന ഊന്നൽ ഏറെ പ്രസക്തമാണ്. പീഡനങ്ങളെ പ്രതിരോധിക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗം കൂട്ടായ്മയുടെ മാർഗ്ഗമാണ്.

സഭാംഗങ്ങൾക്കിടയിലെ സ്നേഹത്തെ സൂചിപ്പിക്കാൻ ''ഫിലാദെൽഫിയ'' (= സഹോദരസ്നേഹം), ''*അഗാപ്പെ*'' (= ഏറ്റവും ശ്രേഷ്ഠമായ സ്നേഹം) എന്നീപദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ സ്നേഹത്തിന്റെ വിശേഷണമാകട്ടെ ''നിഷ്കപടമായ'' (= *അനുപ്പോക്രിത്തേസ്*) എന്നതാണ്. പരസ്പരം വഞ്ചിക്കുന്നതും കുതികാലുവെട്ടുന്നതുമായ ബന്ധം വിശ്വാസികൾക്കിടയിൽ പാടില്ല എന്നതാണ് ഇതിന്റെ അർത്ഥം. സത്യത്തോടുള്ള തുറവിമൂലമാണ് ഇപ്രകാരമുള്ള സഹോദരസ്നേഹത്തിന് ക്രൈസ്തവർ നിർബന്ധിതരാകുന്നത്.



സാർവ്വത്രിക ലേഖനങ്ങൾ

ക്രിസ്തുവിലുള്ള വിശ്വാസത്തെ വീണ്ടും ജനനമായി അവതരിപ്പിച്ച (വാ.3) ആശയം 1:23 ൽ ആവർത്തിക്കുന്നുണ്ട്. വീണ്ടും ജനിക്കപ്പെട്ട അവസ്ഥയിൽ നിത്യജീവന്റെ മുന്നാസ്വാദനത്തിനായി ദൈവം നൽകിയിരിക്കുന്ന അമൂല്യദാനം ദൈവവചനമാണ്. വിശ്വാസികൾക്കു ജന്മം നൽകുന്ന ''അനശ്വരബീജം'' എന്ന വിശേഷണമാണ് ലേഖനകർത്താവ് ദൈവവചനത്തെ വിശേഷിപ്പിക്കുന്നത്. വചനത്തിന്റെ നിത്യതയെയും അചഞ്ചലതയെയും സൂചിപ്പിക്കാൻ ഏശ 40:6–8നെ ലേഖനകർത്താവ് ഉദ്ധരിക്കുന്നുണ്ട് (വാ. 24–25). നശ്വരമായ ബീജവും അനശ്വരമായ ബീജവും തമ്മിലുള്ള വ്യത്യാസം ക്രൈസ്തവരും വിജാതീയരും തമ്മിലുള്ള വ്യത്യാസമാണ്. ഏശയ്യായിലെന്നതുപോലെ ഈ വാക്യങ്ങൾ ദൈവമഹത്വം വെളിപ്പെടുത്തപ്പെടുന്നതിന്റെ ഭാഗമാണ്.

1:23 ൽ ''വീണ്ടും ജനിക്കാൻ'' കൃപ നൽകിയ ദൈവത്തെ സ്തുതിക്കാനാണ് അപ്പസ്തോലൻ ഒരുമ്പെടുന്നത്. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ഫലമായി വിശ്വാസികൾക്കു ലഭിച്ച പരിശുദ്ധാത്മാവാണ് ''വീണ്ടും ജനിക്കാൻ'' വിശ്വാസികളെ പ്രാപ്തരാക്കുന്നത്. അനശ്വരമായ വചനത്തെക്കുറിച്ച് ഇവിടെ നൽകപ്പെടുന്ന സൂചന മാമ്മോദീസാ ക്രമത്തിലെ വചന പ്രബോധനത്തിന്റെ ഭാഗമായുള്ള ഉപദേശമായി കരുതാവുന്നതാണ്. മാമ്മോദീസായിൽ പരിശുദ്ധാത്മാവ് നൽകുന്ന പുതിയ ജന്മത്തെ സാധൂകരിക്കുന്നതും സാക്ഷാത്കരിക്കുന്നതും വചനമാണ് എന്ന വസ്തുതയെ ശ്ലീഹാ ഇവിടെ ഊന്നിപ്പറയുകയാണ്.

1:24–25 ൽ ഏശ 40:6–8 ഉദ്ധരിച്ചുകൊണ്ട് നശ്വരവും അനശ്വരവുമായ വചനങ്ങളുടെ വ്യത്യാസമാണ് അപ്പസ്തോലൻ ചൂണ്ടിക്കാട്ടുന്നത്. നശ്വരവചനം എന്നത് വിശ്വാസികൾ മാമ്മോദീസാ സ്വീകരിക്കുന്നതിനു മുമ്പ് നയിച്ച വിജാതീയ ജീവിതശൈലിയെയാണ് സൂചിപ്പിക്കുന്നത്. അനശ്വരവചനമാകട്ടെ ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ടതും മാമ്മോദീസായിലൂടെ വിശ്വാസികൾ സ്വീകരിച്ചതുമായ നിത്യരക്ഷയെയാണ് സൂചിപ്പിക്കുന്നത്. ഏശ 40:6–8 ലെ സുവിശേഷ പ്രഘോഷണവും കർത്താവിനു വഴിയൊരുക്കാനുള്ള ആഹ്വാനവും സ്നാപക യോഹന്നാനോടു ബന്ധപ്പെടുത്തിയാണ് സമാന്തര സുവിശേഷകന്മാർ മനസ്സിലാക്കുന്നത് (മർക്കോ 1:1–3). എന്നാൽ പത്രോസിന്റെ ഒന്നാം ലേഖനമനുസരിച്ച് ഓരോ സുവിശേഷ പ്രഘോഷകനും സമാനമായ രീതിയിൽ കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിനായി വഴിയൊരുക്കുകയാണ്.

**വിചിന്തനങ്ങൾ:** 1. വിശ്വാസിയുടെ അടിസ്ഥാന ലക്ഷണമായി അപ്പസ്തോലൻ ചൂണ്ടിക്കാട്ടുന്നത് വിശുദ്ധിയെയാണ്. ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ വിശ്വാസിയും പരിശുദ്ധനായിരിക്കണം എന്ന ചിന്ത

യ്ക്കാണ് ലേഖനകർത്താവ് ഊന്നൽ നൽകുന്നത്. വിശുദ്ധികൂടാതെ ദൈവസന്നിധിയിൽ എത്താനാകില്ല. ആധുനികലോകം അശുദ്ധിയിലേക്ക് അമിതമായി ആകർഷിക്കപ്പെടുകയാണ്. പ്രായലിംഗഭേദമെന്യേ അശുദ്ധി സകലരിലും കൊടികുത്തി വാഴുന്നതിന്റെ കാരണം മനുഷ്യൻ ദൈവത്തിൽനിന്ന് അകലുന്നതാണ്. ദൈവത്തോട് അടുക്കുംതോറും മനുഷ്യൻ പരിശുദ്ധനാകുന്നു. അവിടുന്നിൽനിന്ന് അകലും തോറും അശുദ്ധിയുടെ അന്ധകാരം വർദ്ധമാനമാകുന്നു.

2. നശ്വരവും അനശ്വരവുമായ വഴികളെക്കുറിച്ച് ശ്ലീഹാ നൽകുന്ന മുന്നറിയിപ്പ് ഏറെ പ്രസക്തമാണ്. ഈ രണ്ടുവഴികളും ഏതൊരു മനുഷ്യന്റെയും മുന്നിലെ സാധ്യതയാണ്. നശ്വരമായവയിൽ പ്രത്യാശയും ലക്ഷ്യവും വയ്ക്കുന്നവർ അവയോടൊപ്പം നശിക്കുന്നു. അനശ്വരമായവയിൽ (ക്രിസ്തുവിലൂടെ കൈവന്ന രക്ഷയിൽ) പ്രത്യാശവയ്ക്കുന്നവർ നിത്യജീവൻ അവകാശമാക്കും. അനശ്വരതയുടെ പ്രകാശം മറച്ച് നശ്വരതയുടെ അന്ധകാരം ലോകത്തെ വിഴുങ്ങുന്നു എന്നതാണ് ആധുനികതയുടെ അപചയം.

3. ക്രിസ്തുവിന്റെ ഉത്ഥാനത്തെ സകല ദുഃഖങ്ങൾക്കും പീഡകൾക്കുമുള്ള നിത്യമായ ഉത്തരമായാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. സഹനങ്ങൾ അർത്ഥപൂർണ്ണമാകുന്നത് ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ മാത്രമാണ്. ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ മുറിവുകളെല്ലാം പ്രകാശം പരത്തുന്ന തിരുമുറിവുകളും രക്ഷയുടെ അടയാളങ്ങളുമായി മാറും. മറ്റൊരു ഭാഷയിൽ ചിന്തിച്ചാൽ, യുഗാന്ത്യത്തിലെ ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മാത്രമേ ഈലോക സഹനങ്ങളെ അർത്ഥപൂർണ്ണമായി നേരിടാൻ വിശ്വാസിക്കു സാധിക്കുകയുള്ളൂ. യുഗാന്ത്യമാനമില്ലാത്ത ജീവിതം അർത്ഥശൂന്യമായ ജീവിതമാണ്.

## 1 പത്രോസ് 2:1-10, ദൈവത്തിന്റെ സ്വന്തം ജനം

തങ്ങൾക്കു ലഭിച്ച സുവിശേഷത്തിന്റെ മൂല്യങ്ങൾക്കനുസരിച്ചു ജീവിക്കാനുള്ള ആഹ്വാനമാണ് അനുവാചകർക്കായി 2:1-10 ൽ ലേഖനകർത്താവു നൽകുന്നത്.

**2:1-3,** കഴിഞ്ഞകാല ജീവിതത്തിലെ തിന്മയുടെ കാലുഷ്യങ്ങളെ ഉപേക്ഷിക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഇവിടെ നൽകുന്നത്. മാമ്മോദീസായിലെ ഉപദേശങ്ങളിൽ ഇപ്രകാരമുള്ള അനുശാസനം പൊതുവേ നൽകപ്പെട്ടിരുന്നു എന്നതിന് ഇതര പുതിയനിയമ സാക്ഷ്യങ്ങളുണ്ട് (റോമാ 13:12; എഫേ 4:22,25; കൊളോ 3:8; യാക്കോ 1:21). ഇവിടെ നൽകപ്പെടുന്ന പാപങ്ങളുടെ പട്ടികയ്ക്ക് ഗലാ 5:19-23 ലെയും 1 കോറി 6:9-10 ലെയും പട്ടികകളോടു സാമ്യമുണ്ട്. തങ്ങളുടെ ഇപ്പോഴത്തെ ജീവിതാവസ്ഥ പഴയ ജീവിതശൈലിയിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്ന് അപ്പസ്തോലൻ അനുസ്മരിപ്പിക്കുന്നുണ്ട്. കാരണം വിശ്വാസികൾ വീണ്ടും ജനിച്ചവരാണ് (1:3,23).





പത്രോസിന്റെ ഒന്നാം ലേഖനത്തിന്റെ അനുവാചകർ അടുത്തകാലത്തു മാത്രം വിശ്വാസം സ്വീകരിച്ചവരാണ് എന്ന നിഗമനത്തെ സാധൂകരിക്കുന്നതാണ് "ആത്മീയമായ പാലിനുവേണ്ടി ദാഹിക്കുക," "ഇളം പൈതങ്ങൾ" തുടങ്ങിയ പദപ്രയോഗങ്ങൾ. 1 കോറി 3:2 ൽ സമാനമായ ശൈലി പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ശൈശവാവസ്ഥയിൽ ലഭിക്കുന്ന പാല് പിന്നീടു ലഭിക്കുന്ന കട്ടിയാഹാരത്തേക്കാൾ തരംതാഴ്ന്നതാണെന്ന അർത്ഥത്തിൽ ഈ വചനത്തെ മനസ്സിലാക്കരുത്. തിന്മയുടെ ശക്തികൾ ഇപ്പോഴും സജീവമായിരിക്കുന്നതും പാപപങ്കിലമായ ഗതകാലത്തിലേക്ക് ഇപ്പോഴും ചാഞ്ഞിരിക്കുന്നതുമായ (ഹെബ്രാ 5:13) അവസ്ഥയെയാണ് ഇവിടെ വിശ്വാസത്തിലെ ശൈശവാവസ്ഥ എന്നതിലൂടെ വിവക്ഷിക്കുന്നത്. "ആത്മീയമായ പാൽ" എന്നു വിവർത്തനം ചെയ്തിരിക്കുന്നതിലെ നാമവിശേഷണത്തിന് (ആത്മീയമായ) "*പ്നെവുമാ*" (ആത്മാവ്) എന്ന മൂലപദമല്ല "*ലോഗിക്കോസ്*" (ശരിയായത്, അനുയോജ്യമായത്) എന്ന മൂലപദമാണ് ഉപയോഗിക്കുന്നത്. *ലോഗിക്കോസ്* എന്ന പദത്തിന് ആത്മീയമായത് എന്ന അർത്ഥം റോമാ 12:2 ലും പി.ഓ.സി വിവർത്തനം നൽകുന്നുണ്ട്. പ്രായത്തിന് അനുയോജ്യമായ ആധ്യാത്മിക ഭക്ഷണം എന്നതാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്. അമ്മയുടെ മുലപ്പാൽ ശിശുക്കളെ പോഷിപ്പിക്കുന്നതുപോലെ ആധ്യാത്മിക ഭക്ഷണം വിശ്വാസികളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ആഴപ്പെടുത്തുകയും ചെയ്യും എന്ന സന്ദേശമാണ് ഇവിടെ നൽകപ്പെടുന്നത്. വിശ്വാസം സ്വീകരിച്ചവർക്ക് ലഭിക്കുന്ന എല്ലാത്തരം ആധ്യാത്മിക വരപ്രസാദങ്ങളെയും സൂചിപ്പിക്കാനാണ് ഇവിടെ "പാൽ" എന്ന പ്രതീകം അവതരിപ്പിച്ചിരിക്കുന്നത്. തന്മൂലം 2:1 ൽ പരാമർശിക്കുന്ന തിന്മകളായ വഞ്ചന, കാപട്യം, അസൂയ, അപവാദം എന്നിവയ്ക്കു വിരുദ്ധമായ ആത്മീയ ജീവിതശൈലിയെയാണ് ഇവിടെ "പാൽ" എന്ന സംജ്ഞയിലൂടെ പ്രതീകവൽക്കരിച്ചിരിക്കുന്നത്.

സങ്കീ 34:8 ലെ "കർത്താവ് നല്ലവനാണ് എന്ന് നിങ്ങൾതന്നെ രുചിച്ചറിയുവിൻ" എന്ന ആഹ്വാനത്തോടെയാണ് (വാ. 3) ഈ ഭാഗം അവസാനിക്കുന്നത്. പാലു കുടിക്കാനുള്ള ആഹ്വാനത്തിന്റെ തുടർച്ചയായി കർത്താവിനെ രുചിച്ചറിയുവാൻ ആവശ്യപ്പെടുന്നത് അർത്ഥവത്താണ്. മാമ്മോദീസായിലൂടെ ലഭിച്ച വരപ്രസാദത്തെ ഉജ്ജ്വലിപ്പിക്കുന്നത് കർത്താവിനെ രുചിച്ചറിയുന്ന വി. കുർബ്ബാന എന്ന കൂദാശയിലൂടെയാണ്. മാമ്മോദീസായിലാരംഭിക്കുന്ന കൗദാശിക ജീവിതം വി. കുർബ്ബാനയിലൂടെയാണു വളർന്നു പക്വത പ്രാപിക്കുന്നത് എന്ന സത്യമാണ് ഇവിടെ പ്രകടമാക്കപ്പെടുന്നത്.

**2:4-8,** പാൽ, രുചി തുടങ്ങിയ പ്രതീകങ്ങളിൽനിന്ന് ക്രിസ്തു "പാറയാണ്" എന്ന പ്രതീകത്തിലേക്കാണ് അപ്പസ്തോലൻ നീങ്ങുന്നത്. ഏശ 28:16; സങ്കീ 118:22 തുടങ്ങിയ വചനഭാഗങ്ങളെ ആധാരമാക്കിയുള്ള ഈ ആഖ്യാനത്തിലൂടെ സഭ ദൈവത്തിന്റെ ഭവനമാണ് എന്ന സത്യമാണ് ലേഖനകർത്താവ് അവതരിപ്പിക്കുന്നത്.

ക്രിസ്തു എന്ന ശിലയുടെ രണ്ടു വിശേഷണങ്ങൾ ലേഖനകർത്താവ് നൽകുന്നുണ്ട്: സജീവവും അമൂല്യവും. ''സജീവം'' എന്നത് ക്രിസ്ത്യാനികൾക്കു ലഭിച്ചിരിക്കുന്ന പുതിയജന്മത്തെയും (1:3,23) ''അമൂല്യം'' എന്നത് ക്രൈസ്തവരുടെ മൂല്യശ്രേണിയിലെ നശ്വരവും അനശ്വരവും തമ്മിലുള്ള വ്യത്യാസത്തെയും (1:7) സൂചിപ്പിക്കുന്നു. സജീവവും അമൂല്യവുമായ ശിലയായ ക്രിസ്തുവിനോടു ചേരുന്നതിലൂടെ വിശ്വാസികൾക്കു ലഭിക്കുന്ന പുതുജീവനും പുതിയ മൂല്യബോധവുമാണ് 2:4 ൽ പ്രതിപാദിക്കുന്നത്. ഈ പുതിയ മൂല്യ ബോധത്തിന്റെ ഭാഗമായി 1:16 ലെ വിശുദ്ധരാകാനുള്ള ആഹ്വാനത്തെ മനസ്സിലാക്കാം. ഇപ്രകാരം ക്രിസ്തുവിനോടു ചേരുന്നവർ ഒരു ''ആത്മീയ ഭവനമായി'' തീരുന്നു (വാ. 5).

ക്രിസ്തു സജീവ ശിലയായിരിക്കുന്നതുപോലെ (2:4) ക്രിസ്തുവിൽ വിശ്വസിക്കുന്നവരും സജീവ ശിലകളായിത്തീർന്ന് ദൈവഭവനത്തിന്റെ ഭാഗമാകുന്നു. ഈ ഭവനത്തിന്റെ മൂലക്കല്ലും ആധാരശിലയും ക്രിസ്തുവാണ്. ക്രിസ്തുവില്ലാതെ സഭയില്ല. ഏശ 28:16 നെ ഉദ്ധരിച്ചുകൊണ്ടാണ് മൂലക്കല്ല് എന്ന പ്രതീകത്തെ അപ്പസ്തോലൻ വിശദമാക്കുന്നത്. ഈ കല്ലിന്റെ പ്രാധാന്യം തിരിച്ചറിയാൻ അനിവാര്യമായി വേണ്ടത് വിശ്വാസമാണ്. വിശ്വാസമില്ലാത്തവർക്ക് ഈ കല്ല് ഉപേക്ഷിക്കപ്പെടേണ്ട കല്ലാണ്. എന്നാൽ വിശ്വാസിക്ക് ഈ കല്ല് മൂലക്കല്ലാകുന്നു. അവർ അതിന്മേൽ തങ്ങളുടെ നിത്യമായ ഭവനം പണിയുന്നു. എന്നാൽ അവിശ്വാസികൾ അവഗണിച്ചു തള്ളിക്കളഞ്ഞ ''കല്ല്'' യഥാർത്ഥത്തിൽ അവിശ്വാസികളെയാണു തള്ളിക്കളഞ്ഞത്. തന്മൂലം ഈ കല്ല് അവർക്ക് ഇടർച്ചയുടെ പാറയാകുന്നു. അവരെ അതു തട്ടിവീഴ്ത്തുന്നു. തന്മൂലം സജീവശിലയായ ക്രിസ്തുവിശ്വാസിക്ക് നിത്യരക്ഷയുടെയും അവിശ്വാസിക്ക് ശിക്ഷാവിധിയുടെയും കാരണമാകുന്നു.

സീയോനിൽ ദൈവം സ്ഥാപിച്ച കല്ല് ജറുസലേം ദേവാലയത്തിന്റെ പ്രതീകമാണ്. പ്രസ്തുത ദേവാലയത്തിനു പകരമായി സീയോനിൽ സ്ഥാപിതമായ ദൈവഭവനം അവിടുത്തെ തിരുസ്സഭയാണ്. ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ സഭയുടെ പീഡകരെയും സഭയിലെ വിശ്വാസികളെയുമാണ് ലേഖനകർത്താവ് ഇവിടെ വിവക്ഷിക്കുന്നത് എന്നു മനസ്സിലാക്കാം. സഭയെ അവഗണിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന അവിശ്വാസികളായ മതമർദ്ദകർക്ക് ക്രിസ്തുവും അവിടുത്തെ സഭയും ഇടർച്ചയുടെ പാറയാകുമെന്നും അന്തിമവിജയം വിശ്വാസികൾക്കായിരിക്കുമെന്നും ലേഖനകർത്താവ് ഈ വാക്യങ്ങളിലൂടെ സമർത്ഥിക്കുകയാണ്.

**2:9-10,** അവിശ്വാസികളുടെ ദൃഷ്ടിയിൽ ക്രൈസ്തവർ അവഗണിക്കപ്പെട്ടവരും നിന്ദ്യരുമായി തോന്നാം. ക്രിസ്തുവും ഇപ്രകാരം വിലയിരുത്തപ്പെട്ടിരുന്നു. എന്നാൽ ക്രിസ്തു മഹത്വീകൃതനായതുപോലെ വിശ്വാസികളും മഹത്വീകൃതരാകും. വിശ്വാസത്തിന്റെ കാഴ്ചപ്പാടും അവിശ്വാസത്തിന്റെ കാഴ്ചപ്പാടും തമ്മിലുള്ള അന്തരമാണ് ശ്ലീഹാ വ്യക്തമാക്കാൻ ശ്രമിക്കുന്നത്. അവിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ സഭ നിന്ദിതയും പീഡിതയുമാണ്. എന്നാൽ, വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ സഭ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനപദവുമാണ്.





ഏശ 43:20-21 വാക്യങ്ങളെ ആധാരമാക്കിയാണ് ലേഖനകർത്താവ് 2:9 ലെ ആഖ്യാനം നടത്തുന്നത്. ഏശയ്യാ 43:20-21 ൽ മരുഭൂമിയിലെ ജീവജാലങ്ങൾക്കു ദൈവം ചെയ്ത നന്മകളെയും പ്രസ്തുത നന്മകളെപ്രതി അവർ നടത്തുന്ന ദൈവസ്തുതികളെയുമാണ് വിവക്ഷിക്കുന്നത്. ആദിമക്രൈസ്തവരും സമാനമായ അവസ്ഥയിൽ മരുഭൂമിയിലെ പ്രവാസത്തിലാണ്. ''തിരഞ്ഞെടുക്കപ്പെട്ട ജനം,'' ''ദൈവത്തിന്റെ ജനം,'' ''ദൈവത്തെ സ്തുതിക്കുക'' എന്നീ മൂന്നുപ്രയോഗങ്ങൾ ഏശ 43:20-21 ൽ നിന്നുള്ളതാണ്.

''രാജകീയ പുരോഹിതഗണവും വിശുദ്ധ ജനപദവും'' എന്ന പദപ്രയോഗം പുറ 19:6 നെ ആധാരമാക്കിയുള്ളതാണ്. ലോകത്തിലെ സാമ്രാജ്യശക്തികളുടെ ദൃഷ്ടിയിൽ പുറപ്പാടു ജനത അവഗണനാർഹരും നിന്ദ്യരുമായിരുന്നു. എന്നാൽ, ദൈവം അവരെ തെരഞ്ഞെടുത്തതോടെ അവർ ജനതകൾക്കും ഉപരിയായ മഹത്വത്തിനു അർഹരായി എന്നാണ് പുറ 19:4-6 ൽ ഗ്രന്ഥകർത്താവ് പറയുന്നത്. സമാനമായ അർത്ഥം തന്നെയാണ് 1 പത്രോ 2:9 ൽ ലേഖനകർത്താവും വിഭാവനം ചെയ്യുന്നത്. ഇവിടെ രണ്ടുതരം വ്യത്യാസങ്ങൾക്ക് ലേഖന കർത്താവു പ്രാധാന്യം നൽകുന്നുണ്ട്: ഒന്നാമതായി, പുറമേയുള്ള ലോകവും വിശ്വാസികളും തമ്മിലുള്ള വ്യത്യാസമാണ്. പുറമേയുള്ളവർ ശക്തരും അധികാരമുള്ളവരും വിശ്വാസികളെ പീഡിപ്പിക്കാൻ കഴിവുള്ള വരുമാണ്. എന്നാൽ ദൈവിക തെരഞ്ഞെടുപ്പിലൂടെ വിശ്വാസികൾ മഹത്വമുള്ളവരായി മാറി. രണ്ടാമതായി, മുൻകാല ഘട്ടവും വർത്തമാനകാലവും തമ്മിലുള്ള വ്യത്യാസമാണ്. മുൻകാലഘട്ടത്തിൽ ഇസ്രായേൽ ഈജിപ്തിലായിരുന്നതുപോലെ വിശ്വാസികൾ വിജാതീയരുടെ ഇടയിലായിരുന്നു. ദൈവം ഇസ്രായേൽക്കാരെ ചെങ്കടൽകടത്തി രക്ഷിച്ചതുപോലെ മാമ്മോദീസായിലൂടെ വിശ്വാസികളെ ദൈവീകഭവനത്തിലെത്തിച്ചു. സ്ഥലകാലങ്ങളിലെ ഈ വ്യത്യാസങ്ങൾ ഗ്രഹിക്കുമ്പോൾ സഹനത്തെ സധൈര്യം നേരിടാൻ വിശ്വാസികൾ പ്രാപ്തരാകും എന്നതാണ് ലേഖനകർത്താവിന്റെ നിലപാട്. പൂർവ്വകാലവും വർത്തമാന കാലവും തമ്മിലുള്ള അന്തരം അവതരിപ്പിക്കുന്ന ശൈലി പൗലോസിന്റെ ലേഖനങ്ങളിലും കാണാനാകും. (എഫേ 5:8; കൊളോ 1:12-13). ക്രൈസ്തവരുടെ മഹത്വം എന്നത് അവരുടെ വ്യക്തിപരമായ മഹത്വമല്ല. മറിച്ച്, ദൈവം അവരെ സ്വന്തം ജനപദമായി തിരഞ്ഞെടുത്തു എന്നതാണ്.

ദൈവം തന്റെ സ്വന്തമായി തങ്ങളെ തിരഞ്ഞെടുത്തതിനാൽ വിശ്വാസികൾ ദൈവപക്ഷത്ത് സജീവമായി നിലയുറപ്പിക്കണം. അതിനുള്ള യഥാർത്ഥവഴി ദൈവം വെളിപ്പെടുത്തിയ സത്യങ്ങളെ അനുസരിച്ചു ജീവിക്കുക എന്നതാണ്. 2:10 ൽ മുൻകാലവും ഇപ്പോഴത്തെകാലവും തമ്മിലുള്ള വൈരുദ്ധ്യത്തെയാണ് ലേഖനകർത്താവനുസ്മരിപ്പിക്കുന്നത്.

ഈ വാക്യം ഹോസി 2:23 ന്റെ വെളിച്ചത്തിലുള്ള ഉദ്ധരണിയാണ്. കരുണ ലഭിക്കാതിരുന്നവർക്ക് ലഭിച്ച കാരുണ്യത്തെ ക്കുറിച്ച് ഹോസിയാ നടത്തുന്ന പ്രഖ്യാപനമാണ് ലേഖനകർത്താവ് ഇവിടെ അനുസ്മ രിക്കുന്നത്. പുതിയ ജനം, ദേശം, നാമം, കാരുണ്യം തുടങ്ങിയവയെല്ലാം മാമ്മോദീസായിലൂടെ വിശ്വാസികൾക്കു കരഗതമാകുന്ന ആത്മീയ ഔന്നത്യത്തെയും പുതിയ ജീവിതശൈലിയെയുമാണ് പ്രതിനിധാനം ചെയ്യുന്നത്.

**വിചിന്തനങ്ങൾ:** 1. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള വ്യത്യാസമെന്ത് എന്ന് പലപ്പോഴും പലരും ചോദിക്കാറുള്ളതാണ്. വിശ്വസിച്ചുതുടങ്ങിയാൽ യാതൊരുവിധ കഷ്ടപ്പാടും ദുഃഖദുരിതങ്ങളും എന്നേക്കുമായി വിട്ടകന്ന് ഐശ്വര്യവും സമൃദ്ധിയും മാത്രം ലഭിക്കുന്ന ജീവിതമായി വിശ്വാസജീവിതത്തെ തെറ്റിദ്ധരിക്കുന്നവർ നിരാശരാകും. എന്നാൽ വിശ്വാസി ജീവിതത്തെ വ്യത്യസ്തമായ കണ്ണിലൂടെ നോക്കിക്കാണുന്നു എന്നതാണ് യഥാർത്ഥ വ്യത്യാസം. സഹനങ്ങളെ നിരാശപ്പെടുത്തുന്ന അനുഭവങ്ങളായി അവിശ്വാസി വിലയിരുത്തുമ്പോൾ സഹനങ്ങളെ സ്വർഗ്ഗത്തിലേക്കുള്ള പടികളായി വിശ്വാസി വിലയിരു ത്തുന്നു. മരണത്തെ സർവ്വനാശമായി അവിശ്വാസി കരുതുമ്പോൾ മരണത്തെ നിത്യജീവനിലേക്കുള്ള ജനനമായി വിശ്വാസി മനസ്സിലാ ക്കുന്നു. കാര്യങ്ങളല്ല കാഴ്ച്ചപ്പാടുകളാണ് വിശ്വാസജീവിതത്തിൽ യഥാർത്ഥമായി മാറുന്നത്.

2. വിശ്വാസികളൊന്നാകെ രാജകീയ പുരോഹിത ജനപദമാണ് എന്ന ലേഖന ഭാഗത്തെ (2:5,9) ആധാരമാക്കി ശുശ്രൂഷാ പൗരോഹിത്യം എന്ന കൂദാശയെ നിഷേധിച്ചു കൊണ്ട് ലൂഥർ പ്രബോധിപ്പിക്കുകയുണ്ടായി. എന്നാൽ, ഇപ്രകാരമൊരു വ്യാഖ്യാനം ഈ ലേഖനത്തോടു നീതിപുലർ ത്തുന്നതല്ല. സഭയിലെ ശുശ്രൂഷാ പൗരോഹിത്യത്തെ നിഷേധിക്കാനല്ല പീഡകളിൽ തളർന്നുപോയ ഒരു ജനതയെ വിശ്വാസത്തിൽ സ്ഥിരത യുള്ളവരാക്കാനായിട്ടാണ് ലേഖനകർത്താവ് ഈ വാക്യം ഉപയോ ഗിക്കുന്നത്. പുരോഹിതരും വിശ്വാസികളും ചേരുന്ന ദൈവഭവനമാകുന്ന സഭയെക്കുറിച്ചാണ് ശ്ലീഹാ യഥാർത്ഥത്തിൽ പഠിപ്പിക്കുന്നത്.

3. മറ്റുള്ളവർ അവഗണിക്കുന്ന കല്ലുകൾ യഥാർത്ഥത്തിൽ മൂലക്കല്ലു കളായി മാറാനുള്ള സാധ്യതയുണ്ട് എന്ന ഗ്രന്ഥകാരന്റെ നിലപാട് ഏറെ അർത്ഥപൂർണ്ണമാണ്.

## 1 പത്രോസ് 2:11–4:11, പ്രവാസ ജീവിതം

തങ്ങൾ ദൈവത്തിന്റെ സ്വന്തം ജനമാണ് എന്ന അവബോധം വിശ്വാസികൾക്കു പകർന്നുനൽകിയതിനുശേഷം അവർ എപ്രകാരമാണ് പ്രതികൂല സാഹചര്യങ്ങളിൽ ജീവിക്കേണ്ടത് എന്ന സന്ദേശമാണ് ഗ്രന്ഥകാരൻ തുടർന്നു നൽകുന്നത്. ഈ ലേഖനത്തിന്റെ അനുവാചകരുടെ സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലം





ഈ ഭാഗത്തെ വിവരണങ്ങളിൽനിന്നു ഗ്രഹിക്കാനാവും. ഇതേക്കുറിച്ച് വിവിധ പണ്ഡിതന്മാരുടെ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

(1) പത്രോസിന്റെ ഒന്നാംലേഖനം ലക്ഷ്യമാക്കുന്ന അനുവാചകർ സമൂഹികമായി പ്രവാചകരും അടിച്ചമർത്തപ്പെട്ട വരുമായിരുന്നു. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു എന്ന കാരണത്താൽ സമൂഹ ഭ്രഷ്ടരാക്കപ്പെട്ടവരുമായിരുന്നു. ഇപ്രകാരം പാർശ്വവത്കരിക്കപ്പെട്ട ഈ അടിയാള വർഗ്ഗത്തിന്റെ സ്വത്വബോധം ഉണർത്താനാണ് 2:11–4:11 ൽ ഗ്രന്ഥകർത്താവു ശ്രമിക്കുന്നത് എന്ന നിഗമനമാണ് ജെ.എച്ച്. എലിയട്ട് എന്ന പണ്ഡിതനുള്ളത് (Home for the Homeless, Fortress, 1981, pp. 23-26).

(2) ബഹുഭൂരിപക്ഷമായ വിജാതീയ സമൂഹത്തിൽനിന്നും ബഹി ഷ്കരിക്കപ്പെട്ടതിനാൽ ഒറ്റപ്പെട്ടുപോയ ഒരു സമൂഹമാണ് ഈ ലേഖനത്തിന്റെ പ്രഥമവായനക്കാർ എന്ന അഭിപ്രായം ഡി.എൽ. ബാഹ് എന്ന പണ്ഡിതൻ രേഖപ്പെടുത്തുന്നുണ്ട് (Let Wives be submissive, pp. 87-88). എന്നാൽ തങ്ങളെ ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങളെ മാതൃകാ പരമായ ജീവിതശൈലികൊണ്ട് അതിജീവിക്കുക എന്ന ആശയമാണ് ഗ്രന്ഥകാരൻ ഊന്നൽ നൽകി അവതരിപ്പിക്കുന്നത്.

ഈ അഭിപ്രായാന്തരങ്ങളെ വിരുദ്ധമായ ആശയങ്ങളായി കരുതേ ണ്ടതില്ല. ലേഖനത്തിന്റെ അനുവാചക സമൂഹം പാർശ്വവൽക്കരിക്ക പ്പെട്ടവരും പീഡിതരുമായിരുന്നു എന്ന് പൊതുവായി അനുമാനി ക്കാനാകും. ഈ വചനഭാഗത്തിന്റെ ഘടനയെ ചുവടെചേർക്കും വിധം മനസ്സിലാക്കാം.

A. എപ്രകാരമാണ് അവിശ്വാസികളും വിജാതീയരുമായ അധികാരിക ളോട് വർത്തിക്കേണ്ടത് (2:11–17)

B. അക്രൈസ്തവരോട് എപ്രകാരം പെരുമാറണം (2:18–3:7)

C. സഹനം എന്ന പ്രതിസന്ധിയെ എപ്രകാരം അഭിമുഖീകരിക്കാനാകും (3:8–22)

D. വിശ്വാസിയുടെ പെരുമാറ്റരീതി എപ്രകാരമായിരിക്കണം (4:1–11)

### 2:11–17, വിജാതീയ അധികാരികളോടുള്ള കടമ

വിശ്വാസികളുടെ പെരുമാറ്റ മര്യാദകളെക്കുറിച്ചുള്ള ദീർഘമായ വിവരണം ആരംഭിക്കുന്ന വാക്യങ്ങളാണിവ. ''പ്രിയപ്പെട്ടവരേ'' എന്ന അഭിസംബോധനയും ''ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു'' എന്ന പ്രസ്താവനയും (വാ. 11) പുതിയൊരു വിവരണത്തിന്റെ തുടക്കത്തെ യാണു സൂചിപ്പിക്കുന്നത്. ''പ്രിയപ്പെട്ടവരേ'' എന്ന അഭിസംബോധനയ്ക്ക് വിശ്വാസികൾ ദൈവത്തിനു പ്രിയപ്പെട്ടവരാണെന്നും (1:2) പരസ്പരം സ്നേഹമുള്ളവരാണെന്നും (1:22) അർത്ഥമുണ്ടാകാം. വിശ്വാസത്തിന്റെ ദൃഷ്ടിയിൽ വിലയുള്ളവരും സ്നേഹഭാജനങ്ങളുമാണ് വിശ്വാസികൾ.

എന്നാൽ ലോകത്തിന്റെ ദൃഷ്ടിയിൽ ക്രൈസ്തവരെ വിലയിരുത്തുന്ന അഭിസംബോധനയായി ഇതിനെ മനസ്സിലാക്കാം.

2:11 ൽ ശാരീരിക പ്രവർത്തനങ്ങളെ ആത്മാവിനെതിരായി പോരാടുന്ന ശക്തികളായി വിശേഷിപ്പിക്കുന്നത് ക്രൈസ്തവർക്കെതിരായി പോരാടുന്ന വിജാതിയരെ അനുസ്മരിപ്പിക്കുന്നുണ്ട്. യേശുവിൽ വിശ്വസിക്കുന്നവരെയാണ് അപ്പസ്തോലൻ ആത്മാവിനാൽ നയിക്കപ്പെടുന്നവരായി വിലയിരുത്തുന്നത്; അല്ലാത്തവർ ജഡത്തിന്റെ ദുരാശകളാൽ നയിക്കപ്പെടുന്നവരാണ്. തന്മൂലം “ജഡികാശകളിൽനിന്ന് അകലം പാലിക്കണം” എന്ന ആഹ്വാനത്തിലൂടെ വിശ്വാസ വിരുദ്ധമായവയിൽനിന്ന് അകന്നുനിൽക്കാനുംകൂടി ശ്ലീഹാ അർത്ഥമാക്കുന്നുണ്ട്. വിശ്വാസികളും വിജാതീയരും തമ്മിലുള്ള സംഘർഷത്തെ നന്മയും തിന്മയും തമ്മിലുള്ള സംഘർഷവുമായും ദൈവവും സാത്താനും തമ്മിലുള്ള സംഘർഷവുമായുമാണ് ലേഖന കർത്താവ് താരതമ്യം ചെയ്യുന്നത്. ജഡത്തിൽ നിന്നുത്ഭവിക്കുന്നതെല്ലാം പുല്ലുപോലെ വാടിപ്പോകും എന്ന സത്യം ഏശ 40:6-8 നെ ഉദ്ധരിച്ചുകൊണ്ട് 1:24-25 ൽ ലേഖനകർത്താവു സമർത്ഥിച്ചതിന്റെ തുടർച്ചയായി ഈ വാക്യങ്ങളെ മനസ്സിലാക്കാം. ജഡത്തിന്റെ വ്യാപാരങ്ങളെ തിന്മയുടെ പ്രവർത്തന മേഖലയായി ചിത്രീകരിക്കുന്ന പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടുതന്നെയാണ് (റോമാ 7:14-20; ഗലാ 5:16-20) 1 പത്രോ 2:11 ലും പ്രതിഫലിക്കുന്നത്.

**2:12,** ക്രൈസ്തവരും അവർ അധിവസിക്കുന്ന ലോകവും തമ്മിലുള്ള അന്തരമാണ് ലേഖനകർത്താവ് ഈ വാക്യത്തിൽ വിവരിക്കുന്നത്. ക്രൈസ്തവർക്കെതിരേ ദുരാരോപണങ്ങൾ ഉന്നയിക്കുന്നവർ അവരുടെ സത്പ്രവൃത്തികൾകണ്ട് വിധിദിവസത്തിൽ ദൈവത്തെ സ്തുതിക്കും എന്ന പ്രസ്താവന യഹൂദസങ്കല്പത്തിൽനിന്നു കടമെടുത്തതാണ്. കർത്താവിന്റെ ദിനത്തിൽ ഇസ്രായേലിന്റെ മഹത്വംകണ്ട് സകല വിജാതീയരും ദൈവത്തെ സ്തുതിക്കും എന്നതായിരുന്നു യഹൂദ വിശ്വാസം. ലേഖനകർത്താവ് ക്രൈസ്തവരെ ഇസ്രായേലിനോടും അക്രൈസ്തവരെ വിജാതീയരോടും താരതമ്യം ചെയ്താണ് ഈ വിവരണം നൽകുന്നത്. ക്രൈസ്തവർക്കെതിരേ വിജാതീയർ ഉന്നയിച്ചിരുന്ന മുഖ്യ ആരോപണം അവർ ശരീരത്തിന്റെ ആഗ്രഹങ്ങളെയും ലോകത്തെയും അവഗണിക്കുന്നു എന്നതായിരുന്നു. ടാസിറ്റസിന്റെയും (Ann. 15:44) സ്യൂട്ടോണിയൂസിന്റെയും (Nero 16:2) രചനകളിൽ ഈ ആരോപണങ്ങൾ കാണാം. തന്മൂലം വിജാതീയരുടെ ജഡമോഹങ്ങൾക്കു വിരുദ്ധമായ ക്രൈസ്തവജീവിതശൈലിയെയാണ് 2:12 ൽ “നിങ്ങളുടെ നല്ല പ്രവൃത്തികൾ” എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്ന് അനുമാനിക്കാം.

തങ്ങൾ അനുഭവിക്കേണ്ടിവരുന്ന സകല പീഡകൾക്കുമുള്ള ശരിയായ ഉത്തരം ലഭിക്കുന്നത് യുഗാന്ത്യത്തിലായിരിക്കും എന്ന വ്യക്തമായ ആഹ്വാനമാണ് അപ്പസ്തോലൻ ഈ വാക്യങ്ങളിൽ പ്രകടമാക്കുന്നത്.





ക്രൈസ്തവരുടെ നന്മപ്രവൃത്തികൾകണ്ട് വിജാതീയർ ദൈവത്തെ സ്തുതിക്കും എന്ന പ്രഖ്യാപനം ഗിരിപ്രഭാഷണത്തെ (മത്താ 5:16) അനുസ്മരിപ്പിക്കുന്നുണ്ട്. വിശ്വാസികളുടെ സത്പ്രവൃത്തികൾ വിശ്വാസികളെയല്ല ദൈവത്തെയാണു മഹത്വപ്പെടുത്തുന്നത് എന്നാണ് ഈ പ്രസ്താവനയുടെ അർത്ഥം.

**2:17,** നിയതമായ സമാന്തരിക രീതിയിലാണ് ഈ വാക്യം ക്രമീകരിച്ചിരിക്കുന്നത്. $A, B, B^{1}, A^{1}$ ശൈലിയിൽ ഈ വാക്യത്തിന്റെ ഘടന മനസ്സിലാക്കാം.

A എല്ലാവരെയും ബഹുമാനിക്കുക

B സഹോദരരെ സ്നേഹിക്കുക

$B^1$ ദൈവത്തെ ഭയപ്പെടുക (=സ്നേഹിക്കുക)

$A^1$ രാജാവിനെ ബഹുമാനിക്കുക

ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്രയായ ദൈവസ്നേഹവും പരസ്നേഹവുമാണ് $B, B^1$ൽ അവതരിപ്പിക്കുന്നത്. ദൈവത്തെയും രാജാവിനെയും ബഹുമാനിക്കണം എന്ന സുഭാ 24:21 ലെ ഉപദേശത്തിന്റെ ആഖ്യാനമായും ഈ വാക്യത്തെ മനസ്സിലാക്കുന്നവരുണ്ട്. എന്നാൽ ലേഖനകർത്താവ് ദൈവത്തെ മാത്രം ഭയപ്പെടാനും രാജാവിനെ മാനിക്കാനുമുള്ള ആഹ്വാനമാണ് നൽകുന്നത് എന്നതു ശ്രദ്ധേയമാണ്.

$A, A^1$ ൽ അവതരിപ്പിച്ചിരിക്കുന്നത് ക്രൈസ്തവർക്ക് വിജാതീയരോടും അധികാരികളോടുമുള്ള മനോഭാവമാണെങ്കിൽ $B, B^1$ ൽ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതത്തിലും സഭാജീവിതത്തിലും പുലർത്തേണ്ട മനോഭാവമാണ് അവതരിപ്പിക്കുന്നത്.

## വിചിന്തനങ്ങൾ

**1.** ക്രിസ്തീയ ജീവിതത്തെ പുതിയ ജനനമായി ആവർത്തിച്ച് അവതരിപ്പിക്കുന്ന ശൈലി ഈ ലേഖനത്തിലുടനീളമുണ്ട്. ക്രിസ്ത്യാനി ആയിരിക്കുക എന്നതിൽ മാറ്റം ഉണ്ടാകേണ്ടതുണ്ട്. അവിശ്വാസികളിൽനിന്നും വിജാതീയരിൽനിന്നും കാഴ്ചപ്പാടുകളിലും ധാർമ്മികതയിലും യഥാർത്ഥമായ വ്യത്യാസം ക്രൈസ്തവർക്കുണ്ടാകണം. ഈ അന്തരത്തെയാണ് വീണ്ടും ജനനം എന്നു വിവക്ഷിക്കുന്നത്. എന്നാൽ ഇന്ന് ക്രൈസ്തവരും ഇതരമതസ്തരും തമ്മിൽ ധാർമ്മിക നിലവാരത്തിലോ കാഴ്ചപ്പാടുകളിലോ പ്രകടമായ യാതൊരു മാറ്റവുമില്ലാതായിരിക്കുന്നു. വീണ്ടും ജനിക്കാൻ മടിക്കുന്ന ക്രൈസ്തവരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നത് ശ്രദ്ധാർഹമാണ്.

**2.** ഭൂരിപക്ഷസമൂഹത്തിനു മുന്നിൽ വിഘടിതവിഭാഗവും അവഗണിക്കത്തക്കവിധത്തിൽ ന്യൂനപക്ഷവുമായ ഒരു ക്രൈസ്തവസമൂഹത്തോടാണ് ലേഖനകർത്താവു സംവദിക്കുന്നത്. ഭാരതത്തിന്റെ പലഭാഗങ്ങളിലും സമാനമായ അവസ്ഥകളെയാണ് സഭ അഭിമുഖീകരിക്കുന്നത്.

ഒറീസ്സായിലും ഗുജറാത്തിലും കർണ്ണാടകയിലും ന്യൂനപക്ഷപീഡനങ്ങൾ നടന്നതിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല. തങ്ങൾ പീഡിപ്പിക്കപ്പെടുന്നു, അവഗണിക്കപ്പെടുന്നു തുടങ്ങിയ ന്യായങ്ങൾ ഉന്നയിച്ച് രാജ്യദ്രോഹപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഒരു ന്യൂനപക്ഷ വിശ്വാസിക്കും അവകാശമില്ല എന്ന ലേഖനകർത്താവിന്റെ അസന്ദിഗ്ദ്ധമായ കല്പനയ്ക്ക് ഏറെ കാലിക പ്രസക്തിയുണ്ട്. ഒരു നല്ല വിശ്വാസി നല്ല പൗരൻ കൂടിയായിരിക്കും എന്നാണ് ഗ്രന്ഥകർത്താവ് വിവക്ഷിക്കുന്നത്.

**3.** ദൈവത്തെയും രാഷ്ട്രത്തെയും ഒരുപോലെ മാനിച്ചു ജീവിക്കുന്നതിനിടയിൽ സംഭവിക്കാനിടയുള്ള വൈരുദ്ധ്യങ്ങളെക്കുറിച്ചും ലേഖനകർത്താവു മുന്നറിയിപ്പു തരുന്നുണ്ട്. ചില സന്ദർഭങ്ങൾ രാജാവിനെ ധിക്കരിക്കേണ്ടി വന്നെന്നിരിക്കാം. എന്നാൽ രാഷ്ട്രീയ നേതൃത്വത്തോടുള്ള വിയോജിപ്പ് വർഗ്ഗീയതയായി മാറാതെ നോക്കാൻ സകലരും ശ്രദ്ധിക്കണം. അതിനാണ് ലേഖനകർത്താവ് ദൈവസ്നേഹത്തോടൊപ്പം സഹോദരസ്നേഹത്തിനും ഊന്നൽ നൽകുന്നത്. ദൈവത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ നടത്തപ്പെടുന്ന വിശുദ്ധയുദ്ധങ്ങളിൽ നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നതും വധിക്കപ്പെടുന്നതും അന്യായവും അതിക്രമവുമാണ്. സഹോദരസ്നേഹം മറന്ന ദൈവസ്നേഹം കാപട്യമാണെന്നു മാത്രമല്ല ഭീകരമായ അപകടം കൂടിയാണത്.

## 1 പത്രോസ് 2:18–3:7, കുടുംബത്തിലെ കടമകൾ

ക്രൈസ്തവ ജീവിതത്തിലെ പെരുമാറ്റ മര്യാദകൾ അവതരിപ്പിക്കുന്നതാണ് ഈ വചനഭാഗം. ഈ വാക്യങ്ങളെ മൂന്നായി തരംതിരിക്കാം.

1. ക്രൈസ്തവരായ അടിമകൾക്കുള്ള നിർദ്ദേശങ്ങൾ (2:18–28)
2. ഭാര്യമാർക്കുള്ള നിർദ്ദേശങ്ങൾ (3:1–6)
3. ഭർത്താക്കന്മാർക്കുള്ള നിർദ്ദേശങ്ങൾ (3:7)

ഇത്തരത്തിലുള്ള ഗാർഹിക പെരുമാറ്റസംഹിതകൾ ഉൾക്കൊള്ളുന്ന വിവരണങ്ങൾ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ സർവ്വസാധാരണമായി കാണാവുന്നതാണ് (കൊളോ 3:18–4:1; എഫേ 5:22–6:9; 1 തിമോ 2:8–15; 6:1–2; തീത്തോ 2:1–10). എന്നാൽ പൗലോസ് ശ്ലീഹാ പലപ്പോഴും അടിമകൾക്കെന്നതുപോലെ യജമാനൻമാർക്കും നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പത്രോസിന്റെ ഒന്നാം ലേഖനമാകട്ടെ അടിമകളെ മാത്രമേ അഭിസംബോധന ചെയ്യുന്നുള്ളൂ.

**2:18–28,** അടിമകൾക്കുള്ള ഉപദേശമായി നൽകപ്പെടുന്ന ഈ ഭാഗം 2:13 ൽ അധികാരികൾക്കു വിധേയരായി ജീവിക്കാനുള്ള ഉപദേശത്തിന്റെ ഭാഗമായി മനസ്സിലാക്കാവുന്നതാണ്. അടിമകളായ വിശ്വാസികൾ തങ്ങളുടെ യജമാനൻമാരിൽനിന്നും അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളെയും പീഡനങ്ങളെയുംകുറിച്ച് ലേഖന കർത്താവിന് വ്യക്തമായ അറിവുണ്ട്. ക്രിസ്തുവിന്റെ കുരിശിലെ സഹനങ്ങൾ എത്രമേൽ അന്യായമായിരുന്നു എന്നു ചിന്തിച്ചുകൊണ്ട് തങ്ങളുടെ സഹനങ്ങളെ ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരാനുള്ള ക്ഷണമായി മനസ്സിലാക്കാനാണ് അപ്പസ്തോലൻ ആഹ്വാനം ചെയ്യുന്നത്. ഏശയ്യാ 53 ലെ സഹനദാസന്റെ ചിത്രം മനസ്സിൽ കണ്ടു കൊണ്ടാണ് ലേഖനകർത്താവ് ഈ ഉപദേശ





ങ്ങൾ നൽകുന്നത് എന്ന് അനുമാനിക്കാം.

അടിമകൾക്കുള്ള ഉപദേശങ്ങൾ നൽകപ്പെടുന്ന പുതിയനിയമത്തിലെ ഇതര ഭാഗങ്ങളിലെന്നപോലെ (1 കോറി 7:21; എഫേ 6:5–8; കൊളോ 3:22–25) ഈ ലേഖനത്തിലും അടിമ വ്യവസ്ഥിതിയെ ഒരു സാമൂഹിക തിന്മയായി അഭിമുഖീകരിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഇതിന്റെ യഥാർത്ഥ കാരണം അറിയണമെങ്കിൽ ബൈബിൾ കാലഘട്ടത്തിലെ അടിമവ്യവസ്ഥിതിയുടെ ഒരു യഥാർത്ഥ ചിത്രം ഗ്രഹിക്കേണ്ടതുണ്ട്.

## അടിമവ്യവസ്ഥിതി ബൈബിൾ വിവരണങ്ങളിൽ

അടിമ എന്ന വാക്കിന് സമാനമായ സുമേറിയൻ പദത്തിന്റെ മൂലാർത്ഥം 'വിദേശി' എന്നാണ്. അന്യനാട്ടുകാരാണ് അടിമപ്പണിക്ക് നിയോഗിക്കപ്പെട്ടിരുന്നത് എന്നതിനാലാണ് ഇപ്രകാരമൊരു പദം ഉണ്ടായത്. യുദ്ധത്തിൽ പരാജയപ്പെടുന്നവരും, കടൽക്കൊള്ളക്കാരാൽ കീഴടക്കപ്പെടുന്നവരുമാണ് സാധാരണഗതിയിൽ അടിമപ്പണിക്ക് നിയോഗിക്കപ്പെട്ടിരുന്നത്.

അടിമക്കച്ചവടത്തെക്കുറിച്ച് ബൈബിളിൽ ഒട്ടേറെ പരാമർശങ്ങളുണ്ട് (എസെ 27:13; ആമോ 1:6–9). തട്ടിക്കൊണ്ടുപോകൽ നിയമംമൂലം നിരോധിക്കപ്പെട്ടിരുന്നതിനാൽ (പുറ 21:16; നിയ 24:7) ബലപ്രയോഗത്തിലൂടെ ഇസ്രായേൽക്കാർ ആരെയും അടിമകളാക്കിയിരുന്നില്ല. മറിച്ച്, വിലകൊടുത്ത് വാങ്ങുകയായിരുന്നു. അടിമക്കച്ചവടത്തിന്റെ വ്യവസ്ഥകൾ പലതും ഹമുറാബിയുടെ നിയമസംഹിതയിൽ (ANET 166, 221, 177) നിന്ന് രൂപംകൊണ്ടതാണ്. പണം കൊടുത്ത് വാങ്ങിയ അടിമയ്ക്ക് 30 ദിവസത്തിനകം അപസ്മാരം ബാധിച്ചാൽ അവൻ സ്വതന്ത്രനാകും. ഉടമസ്ഥൻ അടിമയ്ക്കായി മുടക്കിയ പണം തിരിച്ചു നൽകിയാൽ അടിമയ്ക്ക് സ്വതന്ത്രനാകാം. യഹൂദൻ ഒരിക്കലും മറ്റൊരു യഹൂദനെ അടിമയാക്കാൻ പാടില്ലായിരുന്നു (ലേവ്യ 25:35ff).

അടിമയായി ഒരുവനു തന്നെത്തന്നെ വിൽക്കാം (ANET-220). പിതാവിന് സ്വന്തം പുത്രനെ അടിമയായി വിൽക്കാൻ അവകാശമുണ്ട്. ഭാരിച്ച ഋണബാദ്ധ്യതയും ഒരുവനെ അടിമയാക്കി മാറ്റാം (പുറ 21:1–6; നിയ 15:12; 25:35ff). ഋണബാദ്ധ്യതമൂലമുള്ള അടിമത്തം ആറുവർഷത്തിലധികമാകരുതെന്ന് ഹീബ്രുനിയമം അനുശാസിക്കുന്നു (പുറ 21:1ff, നിയ 15:12ff). അടിമകൾക്കുണ്ടാകുന്ന മക്കളും യജമാനന്റെ അടിമകൾതന്നെ.

അടിമകൾക്ക് എല്ലാവിധ മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടിരുന്നു (പുറ 21:3ff). അടിമകളെ തിരിച്ചറിയാൻ പ്രത്യേകം അടയാളമുണ്ടായിരുന്നു (ANET. 176). കണം കൈയിൽ കെട്ടിയിരുന്ന ചരടായിരുന്നു സാധാരണമായ അടയാളം. ഒളിച്ചോടുന്ന അടിമകളുടെ ശരീരത്തിൽ മായാത്ത അടയാളം പതിക്കുന്ന പതിവുണ്ടായിരുന്നു. സ്വതന്ത്രമനുഷ്യനും അടിമയ്ക്കും നിയമദൃഷ്ടിയിൽ പ്പോലും തുല്യതയുണ്ടായിരുന്നില്ല. അടിമയ്ക്ക് സംഭവിക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത് ഉടമയ്ക്കാണ് (ANET. 175). യഹൂദനിയമമനു

സരിച്ച് ഉടമയ്ക്ക് അടിമയെക്കൊല്ലാൻ അവകാശമില്ല (പുറ 21:20). മോഷ്ടിച്ച സാധനങ്ങൾ തിരികെകൊടുത്തില്ലെങ്കിൽ, മോഷ്ടാവ് ജീവിതകാലം മുഴുവൻ അടിമവേല ചെയ്യേണ്ടതുണ്ട്.

സ്ത്രീകളായ അടിമകൾക്ക് പ്രത്യേക അവകാശങ്ങളുണ്ടായിരുന്നു (പുറ 21:7-11; നിയ 21:10-14; ANET. 170-171). ഒരു അടിമയുടെ മരണശേഷം അടിമയുടെ സ്വത്തിന് അയാളുടെ വിധവയായ ഭാര്യയ്ക്കും ഉടമയ്ക്കും തുല്യാവകാശമുണ്ട്.

ഒളിച്ചോടുന്ന അടിമകൾക്ക് ക്രൂരമായ ശിക്ഷ ലഭിച്ചിരുന്നു. തന്റെ ഉടമയെ തള്ളിപ്പറയുന്നവന്റെ ചെവിമുറിച്ചുകളയും. ഒളിച്ചോടുന്ന അടിമയെ സഹായിക്കുന്ന അടിമയ്ക്ക് വധശിക്ഷ ഉറപ്പായിരുന്നു. എന്നാൽ, ഹീബ്രു നിയമമനുസരിച്ച് അഭയം തേടിയെത്തുന്ന അടിമയ്ക്ക് സംരക്ഷണം നൽകാം (നിയ 23:15-16). ഒരു കാലത്ത് ഇസ്രായേലിന്റെ ജനസംഖ്യയിൽ ഏഴിലൊന്നു ഭാഗം അടിമകളായിരുന്നു (നെഹെ 7:67).

സുവിശേഷങ്ങളിൽ അടിമകളെക്കുറിച്ച് ആകസ്മിക പരാമർശങ്ങളേയുള്ളൂ (മത്താ 10:24ff : ലൂക്കാ 17:7-10; യോഹ 8:35). തന്റെ അനുയായികളിൽ ഒന്നാമനാകേണ്ടവൻ എല്ലാവരുടേയും അടിമയായിരിക്കണമെന്ന് യേശു ആവശ്യപ്പെട്ടു (മത്താ 20:27; മർക്കോ 10:44). അപ്പസ്തോലൻമാർ തങ്ങളെത്തന്നെ ക്രിസ്തുവിന്റെ അടിമകളായാണ് പരിഗണിച്ചിരുന്നത് (റോമാ 1:1; ഫിലി 1:1; തീത്തോ 1:1; യാക്കോ 1:1; യൂദാ 1:1). എന്നാൽ, ദൈവ-മനുഷ്യബന്ധം അടിമ-ഉടമ ബന്ധമല്ലെന്ന് പുതിയനിയമം അസന്ദിഗ്ധമായി പഠിപ്പിക്കുന്നുണ്ട് (ഗലാ 4:1ff). തന്റെ അനുയായികൾ അടിമകളല്ല, സുഹൃത്തുക്കളാണെന്ന് യേശു പഠിപ്പിച്ചു (യോഹ 15:15). മനുഷ്യാവതാരത്തിൽ യേശു തന്നെത്തന്നെ ശൂന്യനാക്കി സ്വയം അടിമയാക്കി (ഫിലി 2:7). സാമൂഹിക നീതിയെക്കുറിച്ച് നിരന്തരം പ്രബോധിപ്പിക്കുന്ന പുതിയനിയമം അടിമവ്യവസ്ഥിതിയെ അപലപിക്കുന്നില്ല എന്നത് അദ്ഭുതത്തിന് വക നൽകുന്നു. ഒരു പരിധിവരെ പുതിയനിയമം അടിമവ്യവസ്ഥിതിയെ അനുകൂലിക്കുകയാണ് (എഫേ 6:5-9; കൊളോ 3:22,4:1; 1 തിമോ 6:1ff; 1 പത്രോ 2:19). എന്നാൽ, അടിമവ്യവസ്ഥിതിയെ നേരിട്ട് ആക്രമിക്കുന്നില്ലെങ്കിലും സാമൂഹ്യനീതിയെയും മനുഷ്യമഹത്ത്വത്തെയുംകുറിച്ച് പ്രഘോഷിക്കുമ്പോൾ, പുതിയനിയമം പരോക്ഷമായി അടിമത്തത്തെ അപലപിക്കുന്നുണ്ട്. അടിമ സ്വാതന്ത്ര്യത്തിനായ് ശ്രമിക്കേണ്ട; കാരണം അവൻ കർത്താവിൽ സ്വതന്ത്രനാണ് (1 കൊളോ 7:21-23). അടിമയും ഉടമയും യേശുക്രിസ്തുവിൽ ഒന്നാണ് (1 കോറി 12:13; ഗലാ 3:28; കൊളോ 3:11). ക്രൈസ്തവ സ്നേഹമാണ് അടിമവ്യവസ്ഥിതിക്കെതിരേ പുതിയനിയമം നിർദ്ദേശിക്കുന്നത്. ചരിത്രത്തിൽ അടിമവ്യവസ്ഥിതിക്ക് ഏറ്റവും ഫലപ്രദമായ അന്ത്യം കുറിച്ചത് ക്രിസ്തുമതമാണ്.

പത്രോസിന്റെ ഒന്നാംലേഖനം അടിമകളെ ദൈവത്തിന്റെ അടിമകളായിട്ടാണ് മനസ്സിലാക്കുന്നത്. അവരുടെ യജമാനന്മാരും ദൈവത്തിന്റെ അടിമകളാകയാൽ അടിമത്തത്തെ ഒരു സാമൂഹിക പ്രശ്നം എന്ന നില





യിലാണ് ലേഖന കർത്താവ് സമീപിക്കുന്നത്. തങ്ങളുടെ വേദനകളെ അഭിമുഖീകരിക്കാനുള്ള മാർഗ്ഗങ്ങളും ലേഖനകർത്താവ് അടിമകൾക്ക് ഉപദേശിച്ചു നൽകുന്നുണ്ട്:

(1) ദൈവചിന്തയോടെ (= സുനേയ്ദേസിസ് = ഈ വാക്കിന്റെ സാധാരണ അർത്ഥം മനസ്സാക്ഷി എന്നാണ്) സഹനങ്ങളെ നേരിടണം. നീതിമാന്റെ സഹനം ദൈവതിരുമുമ്പിൽ വിലയുള്ളതാകയാൽ പീഡകരോട് വെറുപ്പും വിദ്വേഷവും വെടിഞ്ഞ് വ്യാപരിക്കണം

(2) സ്രഷ്ടപ്രപഞ്ചം സ്രഷ്ടാവിനു കീഴ്പ്പെട്ടിരിക്കുന്നതിന്റെ പ്രതീകമായി തങ്ങളുടെ അടിമത്തത്തെ അവർ മനസ്സിലാക്കണം. തങ്ങൾ യഥാർത്ഥത്തിൽ ഭൗമീക യജമാനന്റെയല്ല ദൈവത്തിന്റെ ദാസനാണ് എന്ന ചിന്തയിലേക്കു വളരാൻ ഇത് അവരെ സഹായിക്കുന്നു.

(3) അന്യായമായുള്ള എല്ലാ സഹനങ്ങളും ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കുചേരലാകയാൽ തങ്ങളുടെ സഹനങ്ങളെ ഈശോയുടെ രക്ഷാകരബലിയുടെ ഭാഗമായി മനസ്സിലാക്കണം. ഏശ 53:4,7,9 വാക്യങ്ങളിലെ സഹനദാസ കീർത്തനത്തിലെ ചിന്തകൾ 1 പത്രോ 2:18-28 ൽ പ്രതിഫലിക്കുന്നുണ്ട്.

(4) ലോകമാസകലം സഹനമനുഭവിക്കുന്ന മുഴുവൻ വിശ്വാസികളുടെയും സഹനങ്ങളിൽ പങ്കുചേരാനുള്ള വിളിയുടെ ഭാഗമായി അടിമവ്യവസ്ഥിതിയെ മനസ്സിലാക്കാം.

**3:1-6,** വിശ്വാസികളും കുടുംബിനിമാരുമായ സ്ത്രീകൾക്കുള്ള ഉപദേശമായിട്ടാണ് അപ്പസ്തോലൻ ഈ വാക്യങ്ങൾ അവതരിപ്പിക്കുന്നത്. ഇനിയും വിശ്വാസത്തിലേക്കു കടന്നുവന്നിട്ടില്ലാത്ത വിജാതീയ ഭർത്താക്കന്മാരുള്ള ഭാര്യമാരോട് തങ്ങളുടെ സന്മാതൃകയിലൂടെ ഭർത്താവിനെ വിശ്വാസത്തിലേക്ക് ആനയിക്കാനാണ് പത്രോസ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നത്. അടിമകൾ യജമാനന്മാരെ അനുസരിക്കുന്നതിനു സമാനമായ അനുസരണവും വിധേയത്വവുമാണ് അപ്പസ്തോലൻ ഭർത്താക്കന്മാരുടെ മുന്നിലെ ഭാര്യന്മാരുടെ പെരുമാറ്റത്തിൽനിന്ന് പ്രതീക്ഷിക്കുന്നത്. എന്നാൽ 2:18-28ൽ അടിമകളോട് അപമര്യാദയായി പെരുമാറുന്ന യജമാനൻമാരെപോലെ ഭാര്യമാരോട് പെരുമാറുന്ന ഭർത്താക്കൻമാരുള്ളതായി ശ്ലീഹാ പ്രസ്താവിക്കുന്നില്ല. തന്മൂലം ഭാര്യ-ഭർതൃ ബന്ധത്തെ അടിമ - ഉടമ ബന്ധത്തോട് അപ്പസ്തോലൻ ഉപമിച്ചതായി കരുതാനാവില്ല. വിധേയത്വത്തിന്റെ കാര്യത്തിൽ മാത്രമാണ് ഈ ദൃഷ്ടാന്തവത്ക്കരണം എന്നു കരുതുന്നതാണ് കൂടുതൽ അർത്ഥവത്തായിട്ടുള്ളത്.

സ്ത്രീയുടെ യഥാർത്ഥ സൗന്ദര്യവും അലങ്കാരവും എന്തായിരിക്കണമെന്ന് അപ്പസ്തോലൻ വ്യക്തമാക്കുകയാണ് ഇവിടെ (വാ.3). സത്ഗുണസമ്പന്നവും വരപ്രസാദപൂർണ്ണവുമായ അനശ്വരമായ ആത്മാവാണ് സ്ത്രീയുടെ യഥാർത്ഥ സൗന്ദര്യം. ഈ സവിശേഷണങ്ങൾ ക്രിസ്തീയ വിശ്വാസവുമായി ബന്ധപ്പെടുത്തി ഇതിനോടകം ലേഖനകർത്താവ്

ആവർത്തിച്ച് ഉപയോഗിച്ചിട്ടുള്ളതാണ്.

1:4 - അനശ്വരവും അക്ഷയവും ഒള്ളിമങ്ങാത്തതുമായ അവകാശത്തിലേക്ക്......

1:23 - അനശ്വരമായ ബീജത്തിൽനിന്ന് ജനിച്ചവരാണ്....

3:4 - ആത്മാവാകുന്ന അനശ്വര രത്നം അണിഞ്ഞ.....

ഇവിടെ വിവക്ഷിക്കുന്ന ''ആത്മാവായ അനശ്വര രത്നം'' എന്നത് മാമ്മോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിനെയാണ് സൂചിപ്പിക്കുന്നത്.

അടിമകൾ തങ്ങളുടെ സഹനത്തിൽ ക്രിസ്തുവിനെ മാതൃകയാക്കാൻ ഉപദേശിച്ച അപ്പസ്തോലൻ ഭാര്യമാർക്കു മാതൃകയായി നൽകുന്നത് പൂർവ്വമാതാവായ സാറായെയാണ് (വാ.5). അബ്രാഹത്തെ തന്റെ നാഥ നായി കരുതി അനുസരിച്ച സാറായാണ് സകല ക്രൈസ്തവഭാര്യമാ രുടെയും മാതൃക. എന്നാൽ സാറാ അബ്രാഹത്തിന്റെ വിശ്വാസം പങ്കു വച്ചിരുന്നവളാണ്. ലേഖനകർത്താവാകട്ടെ അവിശ്വാസികളായ ഭർത്താ ക്കന്മാരെ സന്മാതൃകയിലൂടെ വിശ്വാസത്തിലേക്ക് ആനയിക്കാൻ ഭാര്യ ന്മാരെ ആഹ്വാനം ചെയ്യുന്നുണ്ട് (വാ.1). അതിനാൽ സാറായുടെ മാതൃ കയെ ഭർതൃവിധേയത്വം എന്നതലത്തിൽ മാത്രമാണ് ലേഖനകർത്താവു വിവക്ഷിക്കുന്നത് എന്ന് വ്യക്തമാണ്. സാറാ അബ്രാഹത്തെ നാഥാ എന്നു വിളിച്ചു എന്ന പ്രസ്താവന ഉൽപ 18:12നെ ആധാരമാക്കിയാണ്. തനിക്കു ജനിക്കാനിരിക്കുന്ന കുഞ്ഞിനെക്കുറിച്ചുള്ള ദൈവദൂതന്റെ അറി യിപ്പാണ് ഉൽപ 18:12 ന്റെ സന്ദർഭം. സകലക്രൈസ്തവരെയും അബ്രാ ഹത്തിന്റെ സന്തതികളായി പരിഗണിക്കുന്ന ആദിമസഭാപാരമ്പര്യം (റോമാ 4:13-25) 1 പത്രോ 3:5-6 നു പശ്ചാത്തലമായി വർത്തിക്കുന്നുണ്ട്.

**3:7,** ഭർത്താക്കന്മാർക്കുള്ള ഉപദേശം അടങ്ങുന്ന ഈ വാക്യം ഇതര ഉപദേശങ്ങളോടു (2:18-28; 3:1-6) താരതമ്യം ചെയ്യുമ്പോൾ വളരെ ഹ്രസ്വ മാണ്. ഭാര്യമാരെ സ്നേഹിക്കണം എന്ന ആശയത്തിനാണ് ഇവിടെ പ്രാമുഖ്യം. എഫേ 5:22 ൽ പൗലോസ് ശ്ലീഹാ സൂചിപ്പിക്കുന്ന ദാമ്പത്യ ത്തിലെ പരസ്പരവിധേയത്വം എന്ന ആശയത്തിന് ഇവിടെ പ്രാധാന്യമി ല്ല. എന്നാൽ ദൈവകൃപയ്ക്ക് പുരുഷനു തുല്യമായ അവകാശം സ്ത്രീയ്ക്കുമുണ്ട് എന്ന പ്രസ്താവന സ്ത്രീയുടെ മഹത്വത്തെയും തുല്യ തയെയും ഊന്നിപ്പറയുന്നുണ്ട്.

സ്ത്രീ ''ബലഹീന പാത്ര''മാണ് എന്ന പ്രസ്താവന ഏറെ ദുർവ്യാ ഖ്യാനം ചെയ്യപ്പെടാറുണ്ട്. എന്നാൽ, അജപാലനലേഖനങ്ങളുടെ പൊതു പശ്ചാത്തലത്തിൽ മാത്രമേ ഇവയെ മനസ്സിലാക്കാനാകുകയുള്ളൂ. ഒന്നാ മതായി, ''ബലഹീനപാത്രം'' എന്ന പരാമർശം പുരുഷനുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീക്കുള്ള ശാരീരിക ക്ഷമതയുടെയും കായബലത്തി ന്റെയും കുറവിനെയാണ് സൂചിപ്പിക്കുന്നത്. രണ്ടാമതായി, അബദ്ധ പ്രബോധനങ്ങളിലേക്ക് എളുപ്പത്തിൽ വഴുതി വീഴുന്നത് സ്ത്രീകളാണ് എന്നൊരു കാഴ്ചപ്പാട് അജപാലക ലേഖനങ്ങളിൽ ദൃശ്യമാണ്. ഈ





അർത്ഥത്തിലും സ്ത്രീകൾ ബലഹീന പാത്രങ്ങളായി പരിഗണിക്കപ്പെ ട്ടിരുന്നു.

എന്നാൽ, ഭർത്തക്കന്മാരേക്കാൾ ആഴമുള്ള സത്യവിശ്വാസം മുറകെ പ്പിടിച്ചിരുന്ന വിശ്വാസിനികളായ ഭാര്യമാർ ഏഷ്യാമൈനറിൽ ഉണ്ടായിരു ന്നതിനാൽ (3:1-2) സ്ത്രീകളെ മുഴുവനായും ബലഹീന പാത്രങ്ങളായി കരുതുന്ന നിലപാടാണ് ലേഖനകർത്താവിനുള്ളത് എന്നു കരുതാനാവി ല്ല. പുരുഷാധിപത്യത്തിന്റെ സംസ്കാരത്തിൽ സ്ത്രീകളെക്കുറിച്ചുള്ള ഒരു സാമാന്യധാരണയെ ലേഖനകർത്താവ് ഉദ്ധരിച്ചു എന്നു കരുതാ നാണ് കൂടുതൽ ന്യായമുള്ളത്.

ദമ്പതികൾ പരസ്പരം ബഹുമാനിക്കുന്നതിൽ വീഴ്ചവരുത്തുന്നത് പ്രാർത്ഥനാ ജീവിതത്തിനു തടസ്സം സൃഷ്ടിക്കും എന്ന ലേഖനകർത്താ വിന്റെ നിലപാട് ഏറെ ശ്രദ്ധേയമാണ്. ക്രിസ്തീയ പ്രാർത്ഥനയും ആധ്യാ ത്മികതയും സത്പ്രവൃത്തികളുമായി അഭേദ്യം ബന്ധപ്പെട്ടതാണ്. തകർന്ന കുടുംബബന്ധങ്ങൾ പലപ്പോഴും തകർന്ന ആധ്യാത്മികതയുടെ ഭാഗമാകാം. (യാക്കോ 4:3). ഭാര്യാ - ഭർത്താക്കന്മാർക്കു മാത്രമാണ് ഈ ലേഖനകർത്താവ് ഉപദേശങ്ങൾ നൽകുന്നത്. എഫേ 6:1-4 ലേതിനു സമാ നമായി മക്കൾക്കുള്ള ഉപദേശം അപ്പസ്തോലൻ നൽകുന്നില്ല എന്നതു ശ്രദ്ധേയമാണ്.

## വിചിന്തനങ്ങൾ

**1.** സ്വാതന്ത്ര്യത്തെക്കുറിച്ച് ലേഖനകർത്താവു പുലർത്തുന്ന കാഴ്ച പ്പാടുകൾക്ക് കാലിക പ്രസക്തിയുണ്ട്. സാമൂഹികവും കുടുംബപരവുമായ ബന്ധങ്ങളിലെ അധിനിവേശശൈലികളെയോ അവയ്ക്കെതിരായ പോരാ ട്ടങ്ങളെയോ ലേഖനകർത്താവ് പ്രോത്സാഹിപ്പിക്കുന്നില്ല. സൃഷ്ടപ്രപഞ്ചവും സകല മനുഷ്യരും സ്രഷ്ടാവും പിതാവുമായ ദൈവത്തിന്റെ ദാസന്മാരാണ് എന്ന വിശാലമായ പശ്ചാത്തലത്തിലാണ് ലേഖനകർത്താവ് സമൂഹ ത്തെയും കുടുംബത്തെയും നോക്കിക്കാണുന്നത്. അവകാശങ്ങൾക്കുവേ ണ്ടിയുള്ള പോരാട്ടങ്ങളും ചെറുത്തുനിൽപ്പുകളും അധിനിവേശത്തിനുള്ള ആവേശങ്ങളും അവയ്ക്കെതിരായ വർഗ്ഗസമരങ്ങളും സമൂഹത്തെ സ്വാധീ നിക്കുന്നത് ദൈവവിരുദ്ധമായ ഒരു സംസ്കാരം വളരുന്നതിന്റെ ലക്ഷണ മാണ്. സകല അനീതികളും അധിനിവേശങ്ങളും അവസാനിപ്പിക്കാനായി ദൈവമാണ് തങ്ങളുടെ ഏക ഉടയവൻ എന്ന ചിന്തയിലേക്ക് സമൂഹം വള രണം എന്നതാണ് ലേഖനകർത്താവിന്റെ നിലപാട്. സാമൂഹിക വിപ്ലവ ത്തിനുള്ള ഏറ്റവും ശക്തവും കുറ്റമറ്റതുമായ പടവാൾ വിശ്വാസത്തിന്റേ താണ് എന്ന സത്യമാണ് ഇവിടെ പ്രകടമാകുന്നത്.

**2.** ആധുനിക കുടുംബസങ്കൽപ്പങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഭർത്താ ക്കന്മാർക്കു വിധേയരായി ജീവിക്കാനുള്ള ആഹ്വാനമാണ് ലേഖനകർത്താവ് ഭാര്യമാർക്കു നൽകുന്നത്. ദൈവകൃപയുടെ തുല്യ അവകാശികളാണ് ദമ്പ

തികൾ എന്ന ഉറച്ച ബോധ്യമുണ്ടായിട്ടും ഭർത്താവിനു വിധേയപ്പെടുന്ന ഭാര്യ എന്ന കാഴ്ചപ്പാടാണ് ശ്ലീഹാ അവതരിപ്പിക്കുന്നത്. സ്ത്രീ വിമോചന പ്രസ്താനങ്ങളും അവയുടെ അവകാശവാദങ്ങളും സാമൂഹികമായ ആവശ്യമാണെന്ന് അംഗീകരിക്കുമ്പോഴും ഭർത്താവിനു വിധേയയായ ഭാര്യ എന്ന കാഴ്ചപ്പാട് കുടുംബഭദ്രതയ്ക്ക് അനിവാര്യമാണ്. ഇപ്രകാരമുള്ള വിധേയത്വമില്ലാത്ത കുടുംബങ്ങൾ വിവാഹമോചനത്തിലേക്ക് നയിക്കപ്പെടുന്നത് സർവ്വസാധാരണമാണ്. എന്നാൽ ഈ വിധേയത്വത്തെ പുരുഷന്റെ അടിമയാണ് സ്ത്രീ എന്നു ദുർവ്യാഖ്യാനം ചെയ്യുന്നത് അന്യായമാണ്. പുത്രൻ തമ്പുരാൻ പിതാവായ ദൈവത്തിനു വിധേയനായിരിക്കുന്നതു പോലെ തിരുസ്സഭ ക്രിസ്തുവിനു വിധേയമായിരിക്കുന്നതുപോലെ സ്നേഹ പൂർണ്ണമായ ആത്മസമർപ്പണമാണ് ഈ വിധേയത്വം.

**3.** ശരിയായ ജീവിതവും ശരിയായ പ്രാർത്ഥനയും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ച് ഗ്രന്ഥകാരൻ നല്കുന്ന ഉപദേശങ്ങൾ വി. ഗ്രന്ഥത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്. പ്രവാചകന്മാർ ഈ സത്യം ഊന്നിപ്പറയുന്നുണ്ട് (ആമോ 5:21-24). ഗിരിപ്രഭാഷണത്തിൽ സഹോദര സ്നേഹം മറന്ന് പ്രാർത്ഥിക്കാൻ വരരുത് എന്ന് ക്രിസ്തു പഠിപ്പിക്കുന്നുണ്ട് (മത്താ 5:23-24). പരസ്പര സ്നേഹമില്ലാതെ കർത്താവിന്റെ മേശ പങ്കിടുന്നവൻ പാപം ചെയ്യുന്നു എന്ന് പൗലോസ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നുണ്ട് (1 കോറി 11:29). സ്വാർത്ഥമായ പ്രാർത്ഥനകൾ തിരസ്കരിക്കപ്പെടുമെന്നും (യാക്കോ 4:3) നീതിമാന്റെ പ്രാർത്ഥന ശക്തിയുള്ള ആയുധമാണെന്നും (യാക്കോ 5:16) യാക്കോബ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നുണ്ട്.

## 1 പത്രോസ് 3:8-12; വിശ്വസ്തരുടെ സഹനങ്ങൾ

ക്രൈസ്തവർ സമൂഹത്തിലെ ഇതരമതസ്തരോടും വിജാതീയരോടും എപ്രകാരം വർത്തിക്കണം എന്ന ഉപദേശമാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. വിശ്വാസത്തോടുള്ള വിശ്വസ്തത ഒരുവനെ സഹനത്തിന്റെ ദുരിതപർവ്വങ്ങളിലേക്കു നയിക്കും എന്ന മുന്നറിയിപ്പാണ് ഇവിടെ നൽകുന്നത്. മതമർദ്ദനത്തെ അഭിമുഖീകരിക്കുന്ന സഭാംഗങ്ങളെ സധൈര്യരാക്കുക എന്ന ലക്ഷ്യമാണ് ഗ്രന്ഥകാരൻ ഇവിടെ നിർവ്വഹിക്കുന്നത്.

**3:8-9,** ക്രിസ്തീയ വിശ്വാസികളായ സകലരും (ഉടമകളും അടിമകളും ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും) അനുഷ്ഠിക്കേണ്ട പുണ്യങ്ങളുടെ വിവരണമാണ് ഇവിടെ പ്രതിപാദിക്കുന്നത്. കൂട്ടായ്മ, സഹിഷ്ണത, സഹോദരസ്നേഹം, ദീനാനുകമ്പ, സ്നേഹം തുടങ്ങിയ പുണ്യങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. 1 കോറി 13ൽ പൗലോസ് നടത്തുന്ന സ്നേഹകീർത്തനത്തിനു സമാനമായ ഉപദേശമായി ഈ വചനഭാഗത്തെ മനസ്സിലാക്കാം.

ക്രൈസ്തവർ തമ്മിൽ മാത്രമല്ല തങ്ങളെ ശത്രുതാമനോഭാവത്തോടെ വീക്ഷിക്കുന്ന സമൂഹത്തിലെ ഇതരവിഭാഗങ്ങളോടും ക്രിസ്തീയ പുണ്യപൂർണ്ണതയിൽ തന്നെ വർത്തിക്കണം എന്ന ഉപദേശമാണ് ഗ്രന്ഥകാരൻ നൽകുന്നത് (വാ. 9). അനുസരണവും കാരുണ്യവും കൈവിടാതെ വ്യാപരിക്കുമ്പോഴാണ്





സ്നേഹത്തിന്റെ ഈ സാമൂഹികക്രമം സാധ്യമാകുന്നത്. തിന്മയ്ക്കെതിരായി പ്രതികാരത്തിനു മുതിരരുത് എന്ന് നിർദ്ദേശിക്കുന്ന ഇതര വചനഭാഗങ്ങളുടെ അനുരണനങ്ങൾ ഈ വചനത്തിൽ ദർശിക്കാം (മത്താ 5:38-42; ലൂക്കാ 6:29-31; റോമാ 12:19-21).

ശത്രുക്കളെ അനുഗ്രഹിക്കുന്നതിലൂടെ ദൈവാനുഗ്രഹത്തിന് സ്വയം അർഹരാകുക എന്ന ഉപദേശം ആദിമസഭയുടെ ആഴമേറിയ ആധ്യാത്മിക ചിന്തകളിലൊന്നായിരുന്നു: ക്ഷമിക്കാതെ ദൈവത്തിന്റെ ക്ഷമ അനുഭവിക്കാനാവില്ല എന്ന കർതൃപ്രാർത്ഥനയുടെ അർത്ഥവും (മത്താ 6:14-15; ലൂക്കാ 6:35) സമാനമായ അർത്ഥത്തിലുള്ളതാണ്. ശത്രുവിനെ അനുഗ്രഹിക്കുന്നതിലൂടെ അനുഗ്രഹം പ്രാപിക്കാനുള്ള ആഹ്വാനം ഈ ലേഖനത്തിൽ ആവർത്തിക്കപ്പെടുന്നുണ്ട് (1:15; 2:9-21; 5:10).

**3:10-12,** സങ്കീ 34:12-16 ഉദ്ധരിച്ചുകൊണ്ട് ക്രിസ്തീയ ജീവിതശൈലിക്ക് ഉപോദ്ബലകമായ തത്ത്വമാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. 2 പത്രോസ് 2:3ലും ഈ സങ്കീർത്തനവാക്യം പരാമർശിക്കപ്പെടുന്നുണ്ട്. ഇവിടെ പരാമർശിക്കപ്പെടുന്ന "ജീവിതവും നല്ല ദിവസങ്ങളും" യുഗാന്ത്യദിനങ്ങളെയാണ് വിവക്ഷിക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിലും തിന്മ പ്രവർത്തിക്കുന്നവർ ശത്രുക്കൾക്കു മുന്നിലും തിന്മയായതൊന്നും പറയാതെയും പ്രവർത്തിക്കാതെയും നില കൊള്ളണമെന്നാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. സകലതിന്മകൾക്കും അനീതിയ്ക്കും മുന്നിൽ നന്മമാത്രം പ്രവർത്തിച്ച ക്രിസ്തുവാണ് വിശ്വാസിയുടെ സനാതനമായ മാതൃക (2:21). നിത്യജീവിതത്തിലുള്ള അചഞ്ചലമായ പ്രത്യാശയെയാണ് സഹനങ്ങളെയും തിന്മകളെയും നേരിടാനുള്ള യഥാർത്ഥശക്തിയായി ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്.

3:11 ൽ "സമാധാനം അന്വേഷിക്കു"ന്നതിനെക്കുറിച്ചുള്ള പരാമർശം 2:18-3:7 ൽ നിർദ്ദേശിക്കുന്ന നിയമങ്ങൾ പാലിച്ചു ജീവിക്കുക എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തിലും സമൂഹത്തിലും അന്യായം പ്രവർത്തിക്കുന്നവരുടെ പ്രാർത്ഥനയ്ക്ക് കർത്താവ് ഉത്തരം നൽകുകയില്ല എന്നാണ് ഗ്രന്ഥകർത്താവ് അർത്ഥമാക്കുന്നത്. സങ്കീ 34:12-16നെ മേൽപറഞ്ഞ ഉപദേശങ്ങൾക്ക് അനുയോജ്യമായ ഉപസംഹാരം എന്ന നിലയിലാണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത് എന്ന് അനുമാനിക്കാം.

## 3:13-22, മതമർദ്ദനങ്ങളെ നേരിടാനുള്ള മാർഗ്ഗം

ഈ ലേഖനത്തിന്റെ ഹൃദയഭാഗം എന്നു വിശേഷിപ്പിക്കാവുന്ന വചനഭാഗമാണിത്. രണ്ടു വസ്തുതകൾക്കാണ് ഈ വചനഭാഗത്തിൽ ഊന്നൽ നൽകുന്നത്: (1) മതമർദ്ദനങ്ങളുടെ ഭീകരതയിൽ പതറാതെ വിശ്വാസത്തിൽ ഉറച്ചുനിൽക്കണം. (2) ശത്രുക്കളും അവിശ്വാസികളുമായ മതമർദ്ദകരോട് എപ്രകാരമാണ് ക്രിസ്തീയമായി പ്രതികരിക്കേണ്ടത്.

**3:13–15,** നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവർ പീഡനങ്ങളെ നിസ്സാരമായി തള്ളിക്കളയാൻ കരുത്തുള്ളവരാകും എന്നാണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്. എന്നാൽ അന്യായമായ സഹനങ്ങളെ ലേഖനകർത്താവ് ന്യായീകരിക്കുന്നില്ല എന്ന് 4:15ലെ മുന്നറിയിപ്പിൽനിന്ന് ഗ്രഹിക്കാം. നന്മ ചെയ്തിട്ടും സഹിക്കേണ്ടിവരുന്നതിനെ ''ഭാഗ്യം'' എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. 3:9ൽ തിന്മയെ തിന്മകൊണ്ടു നേരിടാത്തവർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹം (= *എവ്ലൂളോഗിയ*) തന്നെയാണ് ഇവിടെയും വിവക്ഷിക്കുന്നത്. എന്നാൽ 3:14ൽ ഉപയോഗിക്കുന്ന ഭാഗ്യവാൻ (= മക്കാറിയോസ്) എന്ന പദം അഷ്ടസൗഭാഗ്യങ്ങളിൽ വിവരിക്കുന്ന ഭാഗ്യത്തിനു സമാനമാണ് (മത്താ 5:11–12....). മറ്റുള്ളവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ എന്ന ഗിരിപ്രഭാഷകന്റെ വാക്കുകൾതന്നെയാണ് ലേഖനകർത്താവ് ഇവിടെ ഉദ്ധരിക്കുന്നത്.

''അവരുടെ ഭീഷണി നിങ്ങൾ ഭയപ്പെടേണ്ട'' എന്ന ഉപദേശം (വാ. 14) ഏശ 8:12–13 നെ ആധാരമാക്കിയുള്ള ഉദ്ധരണിയാണെന്ന് കരുതുന്ന പണ്ഡിതന്മാരുണ്ട്. എന്നാൽ ഇവിടെ പി.ഓ.സി ബൈബിളിലെ വിവർത്തനം ശരിയല്ല. അവരുടെ ഭീഷണിയെ നിങ്ങൾ ഭയപ്പെടേണ്ട എന്നല്ല ''അവർ ഭയപ്പെടുന്നതിനെ നിങ്ങൾ ഭയപ്പെടേണ്ട'' എന്ന വിവർത്തനമാണ് ശരി. മറ്റുള്ളവർ ഭയപ്പെടുന്നവയെ അല്ല ദൈവത്തെമാത്രമാണ് വിശ്വാസികൾ ഭയപ്പെടേണ്ടത് എന്നാണ് ശ്ലീഹാ നൽകുന്ന ഉപദേശം. ഏശ 8:12–13 ൽ യാഹ്വെയെക്കുറിച്ച് പ്രവാചകൻ നൽകുന്ന ഉപദേശം 1 പത്രോ 3:14ൽ ശ്ലീഹാ ക്രിസ്തുവിനെക്കുറിച്ചു നൽകുന്നു എന്നതാണ് ശ്രദ്ധേയമായ വസ്തുത. ക്രിസ്തുവിനോടുള്ള ആദരവും സ്നേഹവും വിശ്വാസികളുടെ ഹൃദയത്തെ വിശുദ്ധീകരിക്കാൻ (=*ഹഗിയാസ്സോ*) പര്യാപ്തമാണ്. ഏശ 8:14 നെ 1 പത്രോ 2:8 ൽ ഇതിനോടകം ഉദ്ധരിച്ചിട്ടുള്ളതാണ്. ഏശയ്യാ 8–ാം അധ്യായവും 1 പത്രോസും തമ്മിലുള്ള ആഖ്യാനബന്ധം കേവലമായ ഉദ്ധരണികളുടേതല്ല ആശയപരമാണ് എന്നു മനസ്സിലാക്കാനാകും. ഏശയ്യാ യാഹ്വെയെ ഇസ്രായേലിന്റെ പ്രത്യാശയുടെ പാറയായി അവതരിപ്പിക്കുന്നതുപോലെ ലേഖനകർത്താവ് ക്രിസ്തുവിനെ വിശ്വാസികളുടെ പ്രത്യാശയുടെ പാറയായി അവതരിപ്പിക്കുകയാണ്.

**3:16,** നന്മ ചെയ്യുമ്പോഴും തിന്മ മാത്രം പ്രതിഫലമായി ലഭിക്കുമ്പോൾ വിശ്വാസി എപ്രകാരം പ്രതികരിക്കണം എന്നതാണ് ഈ വാക്യത്തിലെ പ്രമേയം. തങ്ങളുടെ പ്രത്യാശയെ ചോദ്യം ചെയ്യുന്നവരോടു മറുപടി പറയാൻ അറിഞ്ഞിരിക്കണം എന്നാണ് ശ്ലീഹാ ഉപദേശിക്കുന്നത്. ക്രൈസ്തവർക്കെതിരേ നിയമനടപടികൾക്കൊരുങ്ങുന്നവർക്ക് നിയമപരമായ മറുപടി പറയാൻ അറിഞ്ഞിരിക്കണം എന്നാണ് ഇവിടെ അർത്ഥമാക്കുന്നത് എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഇവിടെ വിവക്ഷിക്കുന്ന ''മറുപടി'' തിന്മയെ നന്മകൊണ്ടു നേരിടുക എന്നുതന്നെയാണ്. ക്രിസ്തീയവിശ്വാസത്തിന്റെ മുഴുവൻ സംഗ്രഹം എന്ന നിലയിലാണ് പത്രോസിന്റെ ഒന്നാം ലേഖനം ''പ്രത്യാശ'' എന്ന പദം ഉപയോഗിക്കുന്നത് (1:13, 13, 21; 2:12; 4:13; 5:4; 6:10). തങ്ങളോടു ശത്രുത പുലർത്തുന്ന വിജാതീയരോട് എളിമയോടും സൗമ്യ





തയോടുംകൂടി വർത്തിക്കാൻ പഠിക്കുന്നതിലൂടെയാണ് ക്രൈസ്തവർ തങ്ങളുടെ ''പ്രത്യാശയെ'' അർത്ഥപൂർണ്ണമായി വ്യാഖ്യാനിക്കുന്നത്. തിന്മയ്ക്കുപകരമായി നന്മചെയ്യുന്നവൻ തിന്മപ്രവർത്തിക്കുന്നവനെ ലജ്ജിതനാക്കും എന്ന ഗ്രന്ഥകാരന്റെ വിശ്വാസം ക്രിസ്തീയ ജീവിതശൈലിയുടെ മർമ്മമാണ് വ്യക്തമാക്കുന്നത്.

**3:17–18,** നന്മ പ്രവർത്തിക്കുന്നവൻ അനുഭവിക്കേണ്ടി വരുന്ന കഷ്ടതയെക്കുറിച്ചാണ് ഈ വാക്യം പരാമർശിക്കുന്നത്. 3:14ലും 4:14ലും പരാമർശിക്കുന്ന ഭാഗ്യങ്ങളുടെ പരമ്പരയിലാണ് ഈ ഭാഗ്യത്തെയും മനസ്സിലാക്കേണ്ടത്. തിന്മക്കു പ്രതിഫലം സഹനമാണ് എന്ന സാമാന്യ തത്വത്തെയാണു ലേഖനകർത്താവ് ഇവിടെ തിരുത്തുന്നത്. സഹനത്തെ ഭാഗ്യമായികരുതുന്നതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുംവിധം ഗ്രഹിക്കാം:

(1) തങ്ങൾ സഹിക്കുന്നത് തിന്മയ്ക്കുള്ള ശിക്ഷയായിട്ടല്ല എന്ന തിരിച്ചറിവുതന്നെ സഹനത്തെ സന്തോഷപൂർവ്വം സമീപിക്കാൻ സഹായകമാണ്.

(2) തങ്ങളുടെ സഹനങ്ങൾക്കു പിന്നിൽ ദൈവകരമുണ്ടെന്ന തിരിച്ചറിവ് സഹനത്തെ സന്തോഷമാക്കിമാറ്റുന്നു.

(3) സഹനത്തിലൂടെയാണ് രക്ഷ എന്ന ക്രൈസ്തവദർശനം സാക്ഷാത്കരിക്കാനുള്ള ദൃഷ്ടാന്തമാണ് നീതിമാന്റെ സഹനം.

നീതിമാന്റെ സഹനത്തിന്റെ വിശദീകരണം എന്നനിലയിൽ ക്രിസ്തുവിന്റെ മരണത്തെ അവതരിപ്പിക്കാനുള്ള ശ്രമമാണ് ഗ്രന്ഥകാരൻ 3:18 ൽ നടത്തിയിരിക്കുന്നത്. ''ക്രിസ്തു പാപങ്ങൾക്കുവേണ്ടി മരിച്ചു'' എന്ന പി.ഓ.സി വിവർത്തനത്തേക്കാൾ ''ക്രിസ്തു പാപങ്ങളെപ്രതി സഹിച്ചു'' (= *ക്രിസ്തോസ് പെറിഹമർത്തിയോൻ എപ്പാത്തേൻ*) എന്ന വിവർത്തനമാണ് കൂടുതൽ ശരിയായിട്ടുള്ളത്.

3:13–18 ൽ ആഖ്യാനശൈലി 2:18–25 ലെ വിവരണത്തിനുസമാനമായി രൂപപ്പെടുത്തിയിരിക്കുന്നതാണ് എന്നുകരുതാം. വിശ്വാസിയായ അടിമയ്ക്ക് അവിശ്വാസിയായ യജമാനനിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെ സകലവിശ്വാസികൾക്കും അവിശ്വാസികളായ വിജാതീയ ഭരണകൂടങ്ങളിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളോടാണ് അപ്പസ്തോലൻ ഉപമിക്കുന്നത് (2:20 = 3:14; 2:21 = 3:18). ക്രിസ്തുവിനെ അനുകരിക്കുക എന്നതിന് ക്രിസ്തുവിന്റെ സഹനങ്ങളെ അനുകരിക്കുക എന്നുകൂടി അർത്ഥമുണ്ട്. ക്രിസ്തുവിന്റെ സഹനം ക്രിസ്ത്യാനിക്ക് ജീവിതമാതൃക മാത്രമല്ല; ക്രൈസ്തവന്റെ ജീവിതാസ്ഥിത്വങ്ങളെ മുഴുവൻ നിർണ്ണയിക്കുന്ന ആധാരശിലകൂടിയാണ്. സഹനങ്ങളിലൂടെ ക്രിസ്തുനേടിത്തന്ന രക്ഷയെയും മതമർദ്ദനങ്ങളെ അഭിമുഖീകരിച്ച് ക്രൈസ്തവർ നേടുന്ന രക്ഷയും തമ്മിലുള്ള താത്പര്യമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ക്രിസ്തു എന്നേക്കുമായി ഒരിക്കൽ മാത്രം സഹിച്ചപ്പോൾ വിശ്വാസിയുടെ സഹനം ഒന്നിനുപിന്നാലെ ഒന്നായി തുടരുന്ന സഹനങ്ങളാണ്. ക്രിസ്തു നീതിമാനായിരിക്കേ സഹിച്ച് ശരീരത്തിൽ മരിച്ചപ്പോൾ അവി

ടുന്ന് ആത്മാവിൽ ശക്തനായതുപോലെ നീതിമാനായിരിക്കേ സഹിക്കു ന്നവർക്ക് ക്രിസ്തുവിന്റെ ആത്മാവിന്റെ ശക്തിലഭിക്കുന്നു.

ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവിക്കുക എന്നതിനെ ആദിമസഭ യുടെ ക്രിസ്തുവിജ്ഞാനീയത്തിന്റെ പശ്ചാത്തലത്തിലേ മനസ്സിലാക്കാ നാകൂ (റോമാ 1:3; 1 തിമോ 3:16). ശരീരത്തെ ക്ഷയോന്മുഖമായ അവ സ്ഥയുടെ പ്രതീകമായാണ് ലേഖനകർത്താവു വിവക്ഷിക്കുന്നത് (1:24; ഏശ 40:6-8). എന്നാൽ "ശരീരം" ക്രിസ്തുവിന്റെ മനുഷ്യാവതാരം ചെയ്ത അവസ്ഥയെ സൂചിപ്പിക്കുന്നതായും "ആത്മാവ്" ക്രിസ്തുവിന്റെ മഹത്വീകൃതമായ അവസ്ഥയെ സൂചിപ്പിക്കുന്നതായും കരുതുന്നതിൽ തെറ്റില്ല. ശരീരം എന്നതിന് മനുഷ്യന്റെ ആഗ്രഹാഭിലാഷങ്ങൾ എന്ന അർത്ഥം കൂടിയുള്ളതിനാൽ വികാരങ്ങളെ നിയന്ത്രിക്കാത്തവൻ ക്രിസ്തു വിനെ മരണത്തിന് ഏല്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത് എന്ന അർത്ഥവും ഈ വചനഭാഗത്തിന് നല്കാനാകും.

**3:19-21:** "ആത്മാവോടു കൂടിച്ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാ ക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനു സരിക്കാത്തവരായിരുന്നു."

യേശു പാതാളത്തിൽ ബന്ധനസ്ഥരായി കഴിഞ്ഞ നരകവാസികളായ ആത്മാക്കളോട് വചനം പ്രസംഗിച്ച് അവരെ രക്ഷിച്ചു എന്ന അർത്ഥത്തി ലാണ് സ്പിരിറ്റ് ഇൻ ജീസസ് ഈ വചനത്തെ വ്യാഖ്യാനിക്കുന്നത്. ഈ വചനത്തിന്റെ യഥാർത്ഥ അർത്ഥമെന്ത് എന്ന് നമുക്കു പരിശോധിക്കാം.

മതമർദ്ദനം അനുഭവിക്കുന്ന സമൂഹത്തെ സഹനത്തിൽ ശക്തിപ്പെടു ത്താനായി നൽകുന്ന ഉപദേശങ്ങളുടെ (3:13-22) ഭാഗമായിട്ടാണ് ഈ വചനം പ്രത്യക്ഷപ്പെടുന്നത്. സഹിക്കുന്ന വിശ്വാസികളെ ധൈര്യപ്പെടു ത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ വചനം എഴുതപ്പെട്ടത് എന്ന് മനസ്സിലാക്കിക്കൊണ്ടുവേണം ഈ വചനം വ്യാഖ്യാനിക്കാൻ. യഹൂദരുടെ ഇടയിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു കഥയെ അവലംബമാക്കി യാണ് ലേഖനകർത്താവ് തന്റെ ലക്ഷ്യം നിർവ്വഹിക്കുന്നത്. പ്രസ്തുത കഥയുടെ രൂപരേഖ ചുവടെ ചേർക്കുന്നു (1 ഏനോക്ക് (6) 10-16;21;2 ബാറു 56:12 f; CD 2:18-21).

ദൈവകല്പന ലംഘിച്ച മാലാഖാമാർ അനുസരണയില്ലാത്തവരായി എണ്ണപ്പെട്ടു (1 ഏനോക്ക് 21:6). വഴി തെറ്റിയ ഈ മാലാഖമാർ മനുഷ്യരെ ദുർമ്മാർഗ്ഗങ്ങളിലേക്ക് നയിച്ചു. തത്ഫലമായി മനുഷ്യ വർഗ്ഗത്തെ മുഴു വനായും (നോഹയുടെ കുടുംബത്തിലെ എട്ടുപേരെ ഒഴിച്ച്) ദൈവത്തിന് ജലപ്രളയത്തിലൂടെ നശിപ്പിക്കേണ്ടി വന്നു. മനുഷ്യരെ വഴിതെറ്റിച്ച മാലാ ഖമാരെ ദൈവം ഭൂമിക്കടിയിൽ ബന്ധനസ്ഥരാക്കി (1 ഏനോക്ക് 21:10).അന്ത്യവിധിയുടെ നാൾ വരെയാണ് അവർ അവിടെ കഴിയുന്നത്. എന്നാൽ ദൈവം ഏനോക്കിനെ അവരുടെ അടുക്കലേക്കയച്ച് അവരുടെ ശിക്ഷ നിത്യമാണെന്നും അന്ത്യവിധിയിൽ അവർ കാരുണ്യം പ്രതീക്ഷി





ക്കേണ്ടതില്ലെന്നും അറിയിച്ചു. ഈ കഥ യഹൂദരുടെ ഇടയിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുള്ള കഥയാണ് (*ജൂബിലി* 5:6, 1 *ഏനോക്ക്* 18:12-14; 2 *ഏനോക്ക്* 7:1-3ച *ലേവിയുടെ ഉടമ്പടി* 3:2). ഈ കഥയെ അവലംബമാക്കിക്കൊണ്ടാണ് ലേഖനകർത്താവ് തന്റെ സമൂഹം അഭിമുഖീകരിക്കുന്ന മതമർദ്ദനത്തിന്റെ സാഹചര്യത്തെ വിലയിരുത്തു ന്നത്.

ആത്മാക്കൾ (*പ്നെവുമാത്ത*) എന്ന ബഹുവചന രൂപം ഉപയോഗി ക്കുമ്പോൾ, പുതിയ നിയമത്തിൽ വിശേഷിച്ചും, മാലാഖമാരെയോ ദുഷ്ടാ രൂപികളെയോ ആണ് വിവക്ഷിക്കുന്നത് (നട 23:8; ഹെബ്രാ 1:14; 12:9, വെളി 1:4; 3:1; ദുഷ്ടാരൂപികളെ സൂചിപ്പിക്കുന്ന നിയതമായ അർത്ഥത്തിൽ മർക്കോ 1:23, നട 19:15f; 16:16). പുതിയ നിയമത്തിന്റെ പൊതുവായുള്ള ഈ രീതി അനുസരിച്ച് "ആത്മാക്കൾ" എന്ന് 1 പത്രോ 3:19 ൽ വിവക്ഷി ക്കുന്നത് മരിച്ചുപോയവരുടെ ആത്മാക്കളെയല്ല മറിച്ച് മാലാഖമാരെയോ ദുഷ്ടാരൂപികളെയോ ആണെന്നു വ്യക്തമാണ്. ആരാണ് ഈ ആത്മാ ക്കൾ എന്നതിലേക്ക് സൂചന നൽകുന്നതാണ് "നോഹയുടെ കാലത്തെ അനുസരണയില്ലാത്തവർ" എന്ന പദപ്രയോഗം. യഹൂദപാരമ്പര്യത്തിൽ പരാമർശിക്കുന്ന, ദൈവത്തോടു മറുതലിച്ച് നിത്യശിക്ഷയിൽപ്പെട്ടുപോയ, വഴിതെറ്റിയ മാലാഖാമാരെക്കുറിച്ചാണ് "ബന്ധനസ്ഥരായ ആത്മാക്കൾ" എന്നു പറഞ്ഞിരിക്കുന്നത് എന്നു വ്യക്തമാകും.

ദുഷ്ടാരൂപികളായ ഈ ആത്മാക്കളുടെ ശിക്ഷയുടെ നിത്യതയെക്കു റിച്ച് ഏനോക്ക് ഓർമ്മിപ്പിച്ചതുപോലെ ദൈവപുത്രനായ ക്രിസ്തുവും അവരുടെ ശിക്ഷയുടെ നിത്യതയെക്കുറിച്ചാണ് അവരോട് പ്രഖ്യാപിച്ച ത്. "സുവിശേഷം" പ്രസംഗിച്ചു എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്ന "കെറുസ്സെയ്ൻ" എന്ന ക്രിയാപദത്തിന് പ്രഖ്യാപിച്ചു എന്നതാണ് നിയ തമായ അർത്ഥം. ക്രിസ്തുവിലൂടെ കൈവരുന്ന രക്ഷയുടെ വിജയസ ന്ദേശം ദുഷ്ടാരൂപികളോട് പ്രഖ്യാപിച്ചു എന്ന അർത്ഥത്തിലാണ് ഈ വചനം മനസ്സിലാക്കേണ്ടത്. ക്രിസ്തുവിന്റെ വചനത്തിലൂടെ ദുഷ്ടാരൂ പികളോ വഴിതെറ്റിയ മാലാഖമാരോ രക്ഷപ്രാപിച്ചതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ല. ഹെബ്രാ 2:16 ൽ സ്പഷ്ടമായി പറയുന്നതു പോലെ "എന്തെന്നാൽ, അവൻ സ്വന്തമായി സ്വീകരിച്ചത് ദൈവദൂതൻമാ രെയല്ല, അബ്രാഹത്തിന്റെ സന്തതികളെയാണ്." കൊളോ 1:20 ൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജി പ്പിക്കുകയും ചെയ്തു". യേശുവിന്റെ ബലിയിലൂടെ സ്വർഗ്ഗത്തിലും ഭൂമി യിലുമുള്ള സമസ്തവസ്തുക്കളും യേശുവിൽ ദൈവത്തോട് അനുരഞ്ജ നപ്പെട്ട് രക്ഷ പ്രാപിച്ചു. എന്നാൽ പാതാളത്തിലോ നരകത്തിലോ ഉള്ള ആരെങ്കിലും രക്ഷപ്രാപിക്കുന്നതായി വചനം പറയുന്നില്ല.

19-ാം വാക്യത്തിന്റെ ആരംഭത്തിൽ "*എൻ ഹോ കായി*" എന്ന ഗ്രീക്ക് സംയോജനരൂപം (Conjunction) ഉപയോഗിച്ചിട്ടുണ്ട്. "എന്നിരുന്നാലും" "അതിനുസമാനമായി", "അതുപോലെ തന്നെ" എന്നൊക്കെയാണ് ഈ

ശൈലി അർത്ഥമാക്കുന്നത്. 1 പത്രോ. 1:16 ലും ഇതേ ശൈലി ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ (3:18–19) രണ്ടു കാര്യങ്ങളെയാണ് വിപരീതാർത്ഥത്തിൽ അവതരിപ്പിക്കുന്നത്.

(1) തന്റെ മരണത്തിലൂടെ നീതിരഹിതമായ മനുഷ്യരെ ക്രിസ്തു ദൈവത്തിലെത്തിക്കുന്നു (വാ. 18).

(2) ബന്ധനസ്ഥരായ ആത്മാക്കളോട് (ദുഷ്ടാരൂപികളോട്) അവരുടെമേലുള്ള തന്റെ വിജയം യേശു പ്രഖ്യാപിക്കുന്നു (വാ. 19).

ഈ രണ്ടുകാര്യങ്ങളും ഒരേസമയം നടക്കുന്ന സത്യങ്ങളായാണ് സൂചിപ്പിക്കുന്നത്. നീതിരഹിതരായ മനുഷ്യരെ ദൈവത്തിലെത്തിക്കുന്നത് ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളിലൂടെയാണല്ലോ. അതുപോലെതന്നെ യേശുവിന്റെ മരണോത്ഥാനങ്ങളുടെ അനന്തരഫലമാണ് നരകവാസികളുടെമേലുള്ള വിജയപ്രഘോഷണവും. യേശു തന്റെ മരണത്തിനും ഉത്ഥാനത്തിനുമിടയിൽ പാതാളത്തിൽ പോയി സുവിശേഷം പ്രസംഗിച്ചു എന്നു വ്യാഖ്യാനിക്കാനുള്ള യാതൊരു സാധുതയും ഈ വചനഭാഗത്തില്ല.

യേശുവിന്റെ മരണത്തിലൂടെ രക്ഷയിലേക്കു വീണ്ടെടുക്കപ്പെട്ടവർ (വാ. 18) പത്രോസിന്റെ സഭയിലെ വിശ്വാസികളാണ്. നോഹിന്റെ പെട്ടകം പ്രതിനിധാനം ചെയ്യുന്ന സഭയിലെ അംഗങ്ങളാണവർ. എന്നാൽ മതമർദ്ദകരായ എതിരാളികളാകട്ടെ നോഹയുടെ കാലത്തെ അനുസരണയില്ലാത്തവരെപ്പോലെയാണ്. അവരുടെ നിത്യനാശം യേശുവിന്റെ മരണത്തിലൂടെ ഉറപ്പിക്കപ്പെട്ടതാണെന്ന് ലേഖനകർത്താവ് സമർത്ഥിക്കുന്നു. സഭയിലെ അംഗങ്ങളായിട്ടുള്ളവർക്ക് യേശുവിന്റെ കുരിശുമരണത്തിലൂടെ രക്ഷ എപ്രകാരം ഉറപ്പിക്കപ്പെട്ടിട്ടുണ്ടോ അതുപോലെതന്നെ മതമർദ്ദകർക്ക് നിത്യശിക്ഷയും ഉറപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ വചനത്തിന്റെ അർത്ഥം. തങ്ങളുടെ മർദ്ദകരുടെമേൽ അന്തിമവിജയം ക്രിസ്തുവിനാണ് എന്ന തിരിച്ചറിവ് വിശ്വാസിക്ക് പകർന്നു നൽകി ക്ലേശങ്ങളിൽ അവരെ ശക്തിപ്പെടുത്താനാണ് ലേഖനകർത്താവ് ശ്രമിക്കുന്നത്.

ഇതിനു സമാനമായ ഒരു പ്രഖ്യാപനം 1 തിമോ 3:16 ലും കണ്ടെത്താനാവും. ശരീരത്തിൽ പ്രത്യക്ഷപ്പെട്ടവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു ദൂതന്മാർക്കു ദൃശ്യനായി; ജനപദങ്ങളുടെയിടയിൽ പ്രഘോഷിക്കപ്പെട്ടു; ലോകം അവനിൽ വിശ്വസിച്ചു. മഹത്വത്തിലേക്ക് അവൻ സംവഹിക്കപ്പെട്ടു. വചനം പ്രഘോഷിക്കപ്പെടുന്നതും രക്ഷിക്കപ്പെടുന്നതും ഈ ലോകത്തിലെ ജനപദങ്ങളാണ്. പാതാളത്തിലെ ദൂതന്മാർക്കാവട്ടെ അവൻ ദൃശ്യനാകുന്നതേയുള്ളൂ. അവരോട് വചനം പ്രഘോഷിക്കപ്പെടുന്നതായോ അവർ രക്ഷിക്കപ്പെടുന്നതായോ ഉള്ള യാതൊരു സൂചനകളും ഈ വചനഭാഗങ്ങളിലൊന്നും ഇല്ല.

**3:22,** യേശുവിന്റെ സ്വർഗ്ഗപ്രവേശനത്തെ സൂചിപ്പിക്കുന്ന ഈ വാക്യം 1 തിമോ 3:16 ന്റെ ആവർത്തനമായി കരുതുന്നവരുണ്ട്. ക്രൈ സ്തവ ജീവിതത്തിന്റെ (= മാമ്മോദീസായുടെ) ദൈവശാസ്ത്രത്തിന്റെ സാരാംശമായി ഈ വചനഭാഗത്തെ മനസ്സിലാക്കാം. ക്രിസ്തുവിനെപ്പോലെ ശരീ





രത്തിൽ മരിച്ച് ആത്മാവിൽ ജീവിക്കാനുള്ള നിയോഗമാണ് ക്രൈസ്തവനുള്ളത്. ഒരുവനെ രക്ഷിക്കുന്നത് മാമ്മോദീസായല്ല മറിച്ച് മാമ്മോദീസായിലൂടെ പ്രസ്തുത വ്യക്തി പങ്കുചേരുന്ന ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളാണ്.

### വിചിന്തനങ്ങൾ

**1.** പ്രതികാര നിയമങ്ങളെ ജന്മാവകാശംപോലെ താലോലിച്ചു കൊണ്ടിരുന്ന യഹൂദ സംസ്കൃതിയിലാണ് ക്രിസ്തു ശത്രുസ്നേഹത്തിന്റെ ദിവ്യമായ പ്രബോധനം നൽകിയത്. ക്രിസ്തുമതത്തിന്റെ അനന്യതയ്ക്ക് അടിസ്ഥാനമായ ദർശനങ്ങളിൽ ഏറ്റവും പ്രസക്തമായത് ശത്രുസ്നേഹമാണ്. ശത്രുവിനെ അനുഗ്രഹിക്കുമ്പോൾ ഒരുവൻ ദൈവാനുഗ്രഹത്തിന് അർഹനായിത്തീരും എന്ന സത്യമാണ് പത്രോസിന്റെ ഒന്നാം ലേഖനം ആവർത്തിച്ചു പഠിപ്പിക്കുന്നത്. അസമാധാനം നിറഞ്ഞ ഈ ലോകത്തിന് സമാധാനത്തിന്റെ വിഹായസ്സിലേക്കു പറന്നുയരാനുള്ള പാത ക്ഷമയും കരുണയും സ്നേഹവും ഒന്നുചേർന്ന ശത്രുസ്നേഹമാണ്. ശത്രുവിനോട് കാണിക്കാനാകുന്ന സ്നേഹത്തിന്റെ ആഴവും അവന്റെ ഉൽക്കർഷത്തിലുള്ള ആത്മാർത്ഥമായ ആനന്ദവുമാണ് ഒരുവന്റെ ക്രിസ്തീയതയുടെ ആഴമറിയാനുള്ള അളവുകോൽ.

**2.** തിന്മയുടെ ശക്തികളുടെമേൽ യേശുനടത്തുന്ന വിജയപ്രഘോഷണം (3:19–21) ഏറെ അർത്ഥവത്താണ്. തിന്മയുടെ വിജയങ്ങൾ താൽക്കാലികമാണെന്നും തിന്മയെ പരാജയപ്പെടുത്തി ദൈവപുത്രൻ അന്തിമമായ വിജയപ്രഖ്യാപനം നടത്തും എന്ന തിരിച്ചറിവ് ആത്മീയതയിലെ ഏറ്റവും വലിയ ആശ്വാസമാണ്. തിന്മയുടെ ആകർഷണങ്ങളോടുള്ള നൈരന്തര്യമായ സംഘർഷത്തിലാണ് കാലയാപനം നടത്തുന്നത്. ഈ വൈരുദ്ധ്യാത്മക സംഘർഷങ്ങൾക്ക് അറുതിയുണ്ടെന്നും അവസാനവിജയം ദൈവപുത്രന്റേതായിരിക്കുമെന്നും തിരിച്ചറിയാൻ കഴിയുന്നവൻ സംഘർഷങ്ങളിലുടനീളം ദൈവികതയുടെ പക്ഷത്ത് അടിയുറച്ചു നിലകൊള്ളും.

**3.** മറ്റുള്ളവർ അമൂല്യമായി കരുതുന്നവയല്ല ദൈവത്തെയാണ് ക്രൈസ്തവർ അമൂല്യമായി കരുതേണ്ടത് എന്ന ചിന്ത ലേഖനകർത്താവ് പങ്കുവയ്ക്കുന്നുണ്ട്. മനുഷ്യന്റെ മൂല്യബോധങ്ങൾ സാഹചര്യത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. സമ്പത്തും ശരീരവും കസേരകളും അവന്റെ മൂല്യശ്രേണിയിൽ പ്രാമാണ്യങ്ങളാകാം. എന്നാൽ വിശ്വാസിക്ക് ദൈവം എന്ന മൂല്യത്തിനപ്പുറത്ത് മറ്റൊന്നും ഉണ്ടാകാൻ പാടില്ല.

## 1 പത്രോസ് 4:1–11, രക്ഷയുടെ ജീവിതം

ഏഷ്യാമൈനറിലെ ക്രൈസ്തവരെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരാകാൻ ഉപദേശിച്ച അപ്പസ്തോലൻ (3:8–17) പ്രസ്തുത വിശ്വാസസ്ഥിരതയുടെ ക്രിസ്തുവിജ്ഞാനീയപരമായ കാരണങ്ങളാണ് 4:1–11ൽ അവതരിപ്പിക്കുന്നത്. ക്രിസ്തീയ ധാർമ്മികത വിശ്വാസത്താൽ

പ്രേരിതമായ ധാർമ്മികതയാണെന്ന വസ്തുതയാണ് അപ്പസ്തോലൻ വിവക്ഷിക്കുന്നത്.

**4:1-2;** ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളാണ് ക്രിസ്ത്യാനിയുടെ സഹനങ്ങൾക്കു പിന്നിലെ നിത്യപ്രചോദനം എന്ന സത്യം ലേഖന കർത്താവ് ഇവിടെ സമർത്ഥിക്കുന്നു. ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരുന്നവർ ശരീരത്തിന്റെ ദുരാശകളെ അതിജീവിക്കുന്നവരാണ്. അതായത് ശാരീരിക വേദനകളും രോഗങ്ങളും അനുഭവിക്കുന്ന വ്യക്തി ശരീരത്തിന്റെ പാപകരമായ മോഹങ്ങളെ അതിജീവിക്കും. ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ തന്റെ ശരീരത്തിലെ സഹനങ്ങൾ മാത്രമായല്ല തന്റെ ശരീരത്തിന്റെ അഭിലാഷങ്ങൾക്കുമേലുള്ള നിത്യ മായ വിജയമായാണ് മനസ്സിലാക്കേണ്ടത്. ശരീരത്തിന്റെമേലുള്ള ആത്മാവിന്റെ വിജയമായിട്ടാണ് അപ്പസ്തോലൻ ക്രിസ്തുവിന്റെ മര ണത്തെ അവതരിപ്പിക്കുന്നത്.

ആയുധം ധരിക്കാനുള്ള ആഹ്വാനത്തെ (വാ.1) തിന്മയ്ക്കെതിരായ സമ രത്തിനായി സജ്ജമാകുക എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ട ത്. യുദ്ധസന്നാഹത്തിന്റെ ഭാഷയിൽ ഇവിടെ അവതരിപ്പിക്കുന്ന യുദ്ധം അലറുന്ന പിശാചിനെതിരേ നടത്തേണ്ട യഥാർത്ഥ യുദ്ധത്തിന്റെ (5:8) മുന്നൊരുക്കമായാണ് മനസ്സിലാക്കേണ്ടത്. ശരീരത്തിന്റെ ദുരാശകളെ പിശാചിന്റെ പ്രവർത്തനവേദിയായി ലേഖനകർത്താവ് മനസ്സിലാക്കുന്നു എന്ന് അനുമാനിക്കാം. തിന്മയ്ക്കെതിരായി ക്രിസ്തുവിനുണ്ടായിരുന്ന ''അതേ മനോഭാവം'' സകലവിശ്വാസികൾക്കും ഉണ്ടായിരിക്കണം എന്നാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഫിലി 2:2ൽ ''ക്രിസ്തുവിന്റെ അതേ സ്നേഹം'' എന്ന് പൗലോസ് പറയുന്നതിന് സമാനമാണ് ഈ വാക്യം.

ശാരീരിക സഹനങ്ങളെ തിന്മയ്ക്കെതിരായ ഘോരസംഘർഷത്തിന്റെ അസ്വസ്ഥതകളായി മനസ്സിലാക്കണം എന്നാണ് ലേഖനകർത്താവ് അർത്ഥമാക്കുന്നത്. ശരീരത്തിന്റെ ദുരാശകൾക്കും അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന സാത്താനും എതിരായുള്ള യുദ്ധത്തിന്റെ കെടുതിക ളായി ശാരീരിക വേദനകളെ മനസ്സിലാക്കുന്ന ഈ ചിന്താഗതി വി.ഗ്രന്ഥ ത്തിൽ ഉൾപ്പെടുന്നുണ്ട്. തന്മൂലം വിശ്വാസികൾ വിട്ടുപേക്ഷിച്ച വിജാതീയ ജീവിതശൈലികളിൽനിന്ന് അകലം സൂക്ഷിക്കേണ്ടതിന്റെ ആവശ്യക തയും പരോക്ഷമായി ഇവിടെ പരാമർശിക്കുന്നുണ്ട്. വിജാതീയർ അനു ഷ്ഠിച്ച തിന്മകൾക്കായി നിങ്ങൾ ''വേണ്ടതിലധികം സമയം'' ചിലവഴിച്ചു എന്ന കുറ്റപ്പെടുത്തലും ലേഖനകർത്താവ് നൽകുന്നുണ്ട്. വിജാതീയരുടെ മനസ്സിനെ (= *ബൗളൂമ*) യേശുവിന്റെ മനസ്സിനു വിരുദ്ധമായാണ് ഗ്രന്ഥ കാരൻ അവതരിപ്പിക്കുന്നത്. വിജാതീയ വികാരങ്ങൾക്ക് (= *എപ്പിദൂമി യായ്*) അടിപ്പെട്ട ജീവിതത്തെ പാപങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടു ത്തുന്നത്.

4:3ൽ അവതരിപ്പിക്കുന്ന പാപങ്ങളുടെ പട്ടിക പുതിയനിയമത്തിലെ ഇതര പാപപ്പട്ടികകളുടെ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. അതി





നാൽ ഇവിടെ പരാമർശിക്കപ്പെടുന്ന പാപങ്ങൾ ഏഷ്യാമൈനറിലെ വിശ്വാ സികളുടെ പ്രത്യേകപാപങ്ങൾ എന്ന നിലയിലല്ല, വിശ്വാസജീവിതത്തിൽ ഒഴിവാക്കേണ്ട തിന്മകളുടെ ഗണമായിട്ടാണ് ഗ്രഹിക്കേണ്ടത്. റോമാ 13:13-14; ഗലാ 5:19-21; 1 കോറി 6:9-11 എന്നിവയാണ് പുതിയനിയമത്തിലെ ശ്രദ്ധേയമായ പാപപ്പട്ടികകൾ. എല്ലാ പട്ടികകളിലും വിഗ്രഹാരാധനയെ യാണ് ഏറ്റവും ഗുരുതരമായ തിന്മയായി അവതരിപ്പിക്കുന്നത്. റോമാ 1:18-27ൽ വിഗ്രഹാരാധനയും അനുബന്ധതിന്മകളും തമ്മിലുള്ള പാര സ്പര്യം പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്.

വിജാതീയർ എന്തുകൊണ്ടാണ് ക്രൈസ്തവരെ അധിക്ഷേപിക്കുന്നത് എന്നതിന്റെ വിശദീകരണമാണ് തുടർന്ന് ലേഖനകർത്താവു നൽകുന്ന ത്. ഒരു കാലത്ത് തങ്ങളോടൊത്ത് തിന്മകളിലും മ്ലേച്ഛതകളിലും മുഴുകി യിരുന്നവർ ക്രിസ്തീയവിശ്വാസം സ്വീകരിച്ചതോടെ തിന്മയുടെ മാർഗ്ഗം വെടിഞ്ഞത് വിജാതീയർക്ക് ഉൾക്കൊള്ളാനായില്ല. ഇതിലുള്ള അസൂ യയും കോപവുമാണ് വിജാതീയരെ ക്രൈസ്തവർക്കെതിരായി തിരിയാൻ പ്രേരിപ്പിച്ചത് എന്നാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്.

വിജാതീയരുടെ ആരോപണങ്ങൾ ക്രൈ സ്തവരെ വ്യക്തിപരമായി അപമാനിക്കുന്നവയാണെന്നു മാത്രമല്ല അവ ദൈവദൂഷണപരവുമാണ് (2:12; 3:9-16). ഇത്തരം അപമാനങ്ങൾ ക്രിസ്തുവും സഹിച്ചതാണ് (2:22-23). യേശുവിൽ വിശ്വസിക്കുന്നവരെ അപമാനിക്കുന്നതിലൂടെ വി ജാതീയർ യേശുവിനെയാണ് അപമാനിക്കുന്നതെന്നും ഇത് ദൈവദൂഷ ണപരമാണെന്നും ലേഖനകർത്താവ് ചൂണ്ടിക്കാട്ടുന്നു. മർക്കോ 3:28-30 ൽ സൂചിപ്പിക്കുന്ന വ്യാജമായ ആരോപണങ്ങൾക്കു സമാനമായ ദൈവ ദൂഷണമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഒരു വിശ്വാസി അപമാനി ക്കപ്പെടുമ്പോൾ അവർ ആരാധിക്കുന്ന ദൈവമാണ് അപമാനിക്കപ്പെടു ന്നത് എന്ന ചിന്തയാണ് ലേഖനകർത്താവിനുള്ളത്.

**4:5-6,** വിജാതീയരും ക്രൈസ്തവരും തമ്മിലുള്ള വ്യത്യാസത്തിന് യുഗാന്ത്യപരമായ അർത്ഥമാണ് ലേഖനകർത്താവ് ഈ വചനഭാഗത്ത് നൽകുന്നത്. ഇപ്പോൾ ക്രൈസ്തവരെ തെറ്റായി കുറ്റം വിധിക്കുന്ന വിജാ തീയർ യുഗാന്ത്യത്തിൽ യഥാർത്ഥ വിധിയാളനായ ക്രിസ്തുവിനാൽ വിധിക്കപ്പെടും എന്ന സന്ദേശമാണ് ഗ്രന്ഥകാരൻ നൽകുന്നത്.

''വിജാതീയരുടെ ദുർവൃത്തികളിൽ ഇപ്പോൾ നിങ്ങൾ പങ്കു ചേരാത്ത തുകൊണ്ട്, അവർ വിസ്മയിക്കുകയും നിങ്ങളെ ദുഷിക്കുകയും ചെയ്യു ന്നു. എന്നാൽ, ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന വന്റെ മുമ്പിൽ അവർ കണക്കുകൊടുക്കേണ്ടിവരും. എന്തെന്നാൽ, ശരീ രത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെ പ്പോലെ ജീവിക്കുന്നതിനുവേണ്ടിയാണ് മരിച്ചവരോടുപോലും സുവി ശേഷം പ്രസംഗിക്കപ്പെട്ടത്.''

ഈ വചനഭാഗത്തെ പരേതാത്മാക്കളോട് വചനം പറയുന്നതിനും അവരെ സ്നാനപ്പെടുത്തുന്നതിനുമുള്ള അടിസ്ഥാനമായി സ്പിരിറ്റ് ഇൻ

ജീസസ് കരുതുന്നുണ്ട്. തന്മൂലം ഈ വചനഭാഗത്തെ സ്പഷ്ടമായി മന സ്സിലാക്കേണ്ടതുണ്ട്. ആദ്യമായിതന്നെ, ഈ വചനഭാഗത്തെ 3:18-21 ൽ വിവരിച്ചുതുടങ്ങിയ ആശയത്തിന്റെ തുടർച്ചയായി വേണം മനസ്സിലാ ക്കാൻ. സമാന ആശയംതന്നെ രണ്ടുഭാഗത്തും ആവർത്തിക്കുന്നുണ്ട്.

3:18... ക്രിസ്തു ശരീരത്തിൽ മരിച്ച്, ആത്മാവിൽ ജീവിക്കുന്നു.

4:6.... ശരീരത്തിൽ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെ പ്പോലെ ജീവിക്കുന്നു.

ക്രിസ്തുവിന്റെ സഹനവുമായി വിശ്വാസികളുടെ സഹനത്തെ താര തമ്യം ചെയ്യുക എന്നതാണ് ലേഖനകർത്താവിന്റെ ലക്ഷ്യം. മുൻപ് 3:18-20 ന്റെ വചനവ്യാഖ്യാനത്തിൽ സൂചിപ്പിച്ചതുപോലെ വിജാതീയരിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന മതമർദ്ദനങ്ങളുടെ പശ്ചാത്തലത്തിൽവേണം ഈ വചനഭാഗത്തെയും മനസ്സിലാക്കാൻ. ശരീരത്തിൽ മരിച്ച ക്രിസ്തു വിനെപ്പോലെ മതമർദ്ദനംമൂലം അനേകം വിശ്വാസികൾ പത്രോസിന്റെ സഭയിൽ മരിച്ചിട്ടുണ്ട്. രക്തസാക്ഷികളായ പ്രസ്തുതവിശ്വാസികളും ഉത്ഥിതനായ ക്രിസ്തുവിനെപ്പോലെ ദൈവത്തിൽ ജീവിക്കും എന്ന പ്രത്യാശയുടെ സന്ദേശമാണ് ലേഖനകർത്താവ് നൽകുന്നത്.

''മരിച്ചവരോട് സുവിശേഷം പ്രസംഗിക്കപ്പെട്ടു'' എന്ന 6-ാം വാക്യ ത്തിന്റെ വ്യാഖ്യാനമാണ് വിവാദങ്ങൾക്ക് നിദാനമാകുന്നത്. ഇവിടെ പരാ മർശിക്കപ്പെടുന്ന ''മരിച്ചവർ'' ആരാണ് എന്നതാണ് പ്രശ്നം. ''ആത്മീ യമായി മരിച്ചവർ'' എന്ന അർത്ഥത്തിലാണ് 6-ാം വാക്യത്തെ മനസ്സിലാ ക്കേണ്ടത് എന്നാണ് സഭാപിതാവായ അലക്സാണ്ട്രിയായിലെ ക്ലെമെന്റ് അഭിപ്രായപ്പെടുന്നത് (Adumbrationes, ANF II,571572). ലൂക്കാ 9:59-60; യോഹ 5:25; എഫേ 2:1,5 എന്നീ വചനഭാഗങ്ങളെ ഇത്തരമൊരു വ്യാഖ്യാ നത്തിന് ആധാരമായി ക്ലെമന്റ് അവതരിപ്പിക്കുന്നുണ്ട്. ലേഖനത്തിന്റെ മതമർദ്ദന പശ്ചാത്തലം കേവലം ആത്മീയമായ മരണം എന്ന ആശ യത്തെ സാധൂകരിക്കുന്നില്ല. തന്നെയുമല്ല ''പ്രസംഗിക്കപ്പെട്ടു'' എന്ന ക്രിയ (*എവംഗലിസ്തേ*) ഭൂതകാലത്തിലാകയാൽ (aorist) ആത്മീയമരണം എന്ന വർത്തമാനകാല യാഥാർത്ഥ്യത്തെയല്ല സൂചിപ്പിക്കുന്നത് എന്നു കരുതാം.

4:6 ലെ ''മരിച്ചവർ'' ആരാണ് എന്ന് മനസ്സിലാക്കാൻ 4:5 ലെ ''ജീവി ക്കുന്നവരെയും മരിച്ചവരെയും'' എന്ന പദപ്രയോഗത്തിന്റെ അർത്ഥവ്യാ ഖ്യാനം ഗ്രഹിക്കേണ്ടതുണ്ട് ''ജീവിക്കുന്നവരെയും മരിച്ചവരെയും'' (*സോ ന്താസ് കായി നെക്രൂസ്*) ''വിധിക്കുന്നവൻ'' എന്ന പദപ്രയോഗം ആദിമ സഭയിൽ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്നു. 2 തിമോ 4:1; 1 തെസ്സ 4:13-17; ബാർണ്ണബാസിനുള്ള ലേഖനം 7:2 (ANF I, 129) എന്നീ രേഖക ളിൽ ഈ പദപ്രയോഗം സ്പഷ്ടമായി കാണപ്പെടുന്നുണ്ട്. ''മരിച്ചവർ'' എന്ന പദപ്രയോഗത്തിലൂടെ നരകത്തിലാണ്ടുപോയ, നിത്യശിക്ഷക്കു വിധിക്കപ്പെട്ട പരേതാത്മാക്കൾ എന്ന ആശയം മേൽപറഞ്ഞ രേഖകളി ലൊന്നുമില്ല.





ഈ പദപ്രയോഗത്തിന്റെ അർത്ഥം വി. പൗലോസ് ശ്ലീഹാ വിശദ മായി നൽകുന്നുണ്ട്. ''അവസാന കാഹളം മുഴങ്ങുമ്പോൾ മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും (ജീവിച്ചിരിക്കുന്നവർ) രൂപാ ന്തരപ്പെടുകയും ചെയ്യും'' (1 കോറി 15:52). മരിച്ചവരും ജീവിക്കുന്നവരും എന്ന പദപ്രയോഗം പ്രത്യക്ഷത്തിൽ സകല വിശ്വാസികളും എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്നുവ്യക്തമാണ്. ക്രിസ്തു വിന്റെ രണ്ടാം വരവിനുമുമ്പേ മരണമടയുന്ന വിശ്വാസികളുടെ ഭാവിയെ ക്കുറിച്ചുള്ള ആദിമ ക്രൈസ്തവരുടെ ആശങ്കയെ ദൂരീകരിക്കാനാണ് ഇത്തരമൊരു പദപ്രയോഗം ഉപയോഗിച്ചത്. അന്ത്യവിധിയിൽ സൃഷ്ട പ്രപഞ്ചം മുഴുവനും (നാനാജാതി മനുഷ്യരും) അണിനിരക്കുന്നു എന്ന വിശ്വാസം വി. ഗ്രന്ഥത്തിൽ ശക്തമാണെങ്കിലും ''മരിച്ചവരെയും ജീവി ക്കുന്നവരെയും'' എന്ന പദപ്രയോഗം ക്രിസ്തുവിൽ വിശ്വസിക്കുന്ന സ കലരെയു (മരിച്ചവരും ജീവിക്കുന്നവരും) മാണ് സൂചിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ 4:6 ലെ മരിച്ചവർ ആരെന്ന് വ്യക്തമാണ്. വചനപ്രഘോ ഷണം കേട്ട് ക്രിസ്തുവിൽ വിശ്വസിക്കുകയും മതമർദ്ദകരാൽ വധിക്ക പ്പെടുകയും ചെയ്ത രക്തസാക്ഷികളെയാണ്'' മരിച്ചവരോടും (*കായി നെക്രോയിസ്*) എന്ന പദത്തിലൂടെ ലക്ഷ്യമാക്കുന്നത്. വിജാതീയരുടെ ''ദുഷ്കർമ്മത്തിൽ പങ്കുചേരാത്തവർ'' (വാ. 4), വിജാതീയരാൽ ദുഷിക്ക പ്പെട്ടവർ, ശരീരത്തിൽ വിധിക്കപ്പെട്ടവർ (വാ. 5), ദൈവത്തെപ്പോലെ ജീവി ക്കുന്നവർ (വാ. 6), എന്നീ വിശേഷണങ്ങളെല്ലാം ''രക്തസാക്ഷികളായ വിശ്വാസികൾ''എന്ന അർത്ഥവുമായി തികച്ചും ഒത്തുപോകുന്നുണ്ട്.

ആരാണ് മരിച്ചവരോട് സുവിശേഷം പ്രസംഗിച്ചത് എന്ന ചോദ്യം പ്രസ ക്തമാണ്. 4:6 ലെ ''പ്രഘോഷിക്കപ്പെട്ടു'' (*എവംഗലിസ്തേ*) എന്ന കർമ്മി ണിപ്രയോഗത്തിലുള്ള ക്രിയയുടെ കർമ്മമായാണ് ''മരിച്ചവർ'' എന്ന പദം ഉപയോഗിക്കുന്നത്. ഇതാകട്ടെ സംയോജികാവിഭക്തി (dative case) യിലാണുതാനും (*നെക്രോയിസ്*). 1 പത്രോ 1:25 ൽ ഇതേ ക്രിയയുടെ കർമ്മം പ്രതിഗ്രാഹികാവിഭക്തി (accusative case) യിലാണ് (*എവംഗ ലിസ്തേൻ എയ്സ് ഹുമാസ്*). സാധാരണഗതിയിൽ പുതിയ നിയമത്തിൽ ഈ ക്രിയയുടെ കർത്താവായി നിർദ്ദേശികാവിഭക്തി (nominative case)യിലുള്ള നാമങ്ങളാണ് ഉപയോഗിക്കുന്നത് (ഉദാ. മത്താ 11:5; ലൂക്കാ 7:22; ഹെബ്രാ 4:2,6) 4:6 ലെ പ്രഘോഷിക്കപ്പെട്ടു (*എവംഗലിസ്തേ*) എന്ന സകർമ്മകക്രിയയുടെ കർത്താവ് ആരാണെന്ന് വചനഭാഗത്തുനിന്ന് സ്പഷ്ടമല്ല. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ''മരിച്ചവരോട്'' സുവിശേഷം പ്രസംഗിച്ചതാരാണ് എന്ന് 4:6-ൽ നിന്നു വ്യക്തമല്ല. ക്രിസ്തു തന്നെ യാണ് മരിച്ചവരോട് സുവിശേഷം പ്രസംഗിച്ചത് എന്നു കരുതാൻ പോരുന്ന സാന്ദർഭികമോ (contextual) വ്യാകരണപരമോ (grammatical) ആശയ പരമോ (semantic) ആയ യാതൊരു അടിസ്ഥാനവും 4:6ൽ ഇല്ല. പിന്നെ ആരാണ് മരിച്ചവരോട് സുവിശേഷം പ്രസംഗിച്ചത്? പത്രോസിന്റെ ഒന്നാം ലേഖനംതന്നെ ഇതിന് ഉത്തരം തരുന്നുണ്ട്. താഴെപ്പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

1:12 സ്വർഗ്ഗത്തിൽനിന്നയയ്ക്കപ്പെട്ട പരിശുദ്ധാത്മാവുവഴി സുവിശേഷപ്രസംഗകർ ഇക്കാര്യങ്ങൾ നിങ്ങളെ അറിയിച്ചിട്ടുണ്ടല്ലോ?

1:25 കർത്താവിന്റെ വചനം എന്നും നിലനില്ക്കുന്നു. ആ വചനം തന്നെയാണ് നിങ്ങളോട് പ്രഘോഷിക്കപ്പെട്ട വചനം.

ഈ രണ്ടു വാക്യങ്ങളുടെയും വെളിച്ചത്തിൽ, ലേഖനകർത്താവ് 4:6ൽ ഉദ്ദേശിക്കുന്ന ''മരിച്ചവരോട്'' സുവിശേഷം പ്രഘോഷിച്ചവർ പ്രസ്തുത സഭയിലെ വചനപ്രഘോഷകർ തന്നെയാണെന്നു വ്യക്തമാകും. പ്രസ്തുത പ്രഘോഷകർ പാതാളങ്ങളിൽ ഇറങ്ങിച്ചെന്ന് നരകവാസികളോട് സുവിശേഷം പ്രസംഗിച്ച് മാനസാന്തരപ്പെടുത്തി എന്നു കരുതാൻ യാതൊരു ന്യായവുമില്ലല്ലോ. സഭയിലെ വചന പ്രഘോഷകരുടെ പ്രഭാഷണം കേട്ട് ക്രിസ്തുവിൽ വിശ്വസിക്കുകയും പ്രസ്തുത വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത മരിച്ചവരെയാണ് 4:6-ൽ വിവരിക്കുന്നത്.

ശരീരത്തിൽ വിധിക്കപ്പെട്ടെങ്കിലും അവർ ദൈവതിരുമുമ്പിൽ ജീവിക്കുന്നു. ഈ ആശയം എഴുതുമ്പോൾ ലേഖനകർത്താവിന്റെ മനസ്സിൽ ജ്ഞാനം 3:1-9; 5:15 എന്നീ വചനഭാഗങ്ങളുടെ സ്വാധീനമുണ്ടായിരുന്നു എന്ന് അനുമാനിക്കാം. ''നീതിമാൻ മരിച്ചതായി ഭോഷൻമാർ കരുതുമെങ്കിലും ....അവരാകട്ടെ ശാന്തി അനുഭവിക്കുന്നു'' (3:4) എന്ന ആശയം തന്നെയാണ് 1 പത്രോ 4:6 ലും വിശദീകരിക്കുന്നത്.

''പ്രഘോഷിക്കപ്പെട്ടത്'' (*എവംഗലിസ്തേ*) എന്ന ഭൂതകാലക്രിയ (aorist) ഉപയോഗിച്ചിരിക്കുന്നതിനാൽ പ്രസ്തുതപ്രഘോഷണപ്രക്രിയ മരിച്ചവരുടെയിടയിൽ നിത്യകാലം തുടരേണ്ട പ്രഘോഷണത്തെയല്ല സൂചിപ്പിക്കുന്നത്. മറിച്ച് മരണത്തിനുമുമ്പ് പ്രഘോഷിക്കപ്പെട്ട സുവിശേഷത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്. മരിച്ചവരുടെ ആത്മാക്കളോട് വചനം പ്രഘോഷിക്കുന്നു എന്ന് അവകാശപ്പെടുന്ന വിഭാഗങ്ങൾ തങ്ങളുടെ പ്രവൃത്തിയെ ന്യായീകരിക്കാൻ 1 പത്രോ 4:6 നെ ഉപയോഗിക്കുന്നതിൽ അർത്ഥമില്ലെന്ന് വ്യക്തമാണല്ലോ.

## യേശുവിന്റെ പാതാളസന്ദർശനത്തെ സൂചിപ്പിക്കുന്നതായി കരുതപ്പെടുന്ന ഇതര പുതിയനിയമ ഭാഗങ്ങളുടെ വ്യാഖ്യാനം

യേശുവിന്റെ പാതാളസന്ദർശനത്തിനു തെളിവായി പല വിഘടിത വിഭാഗങ്ങളും ചൂണ്ടിക്കാട്ടുന്നത് പുതിയനിയമത്തിലെ ചില വചനഭാഗങ്ങളാണ്. യൂദായുടെ ലേഖനം ആറാംവാക്യം; എഫേ 4:8-10; യോഹ 5:26 എന്നിവയാണ് സാധാരണഗതിയിൽ ഇക്കൂട്ടർ ഉദാഹരിക്കുന്നത്. ഈ വചനഭാഗങ്ങളുടെ വ്യാഖ്യാനം ചുവടെ ചേർക്കുന്നു:

### യൂദാ 6

''സ്വന്തം നിലമറന്ന് തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ ദൂതന്മാരെ, മഹാദിനത്തിലെ വിധിവരെ അവിടുന്ന് അന്ധകാരത്തിൽ നിത്യബന്ധനത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് ഓർക്കുക.''

**സന്ദർഭം:** അപ്പസ്തോലിക പ്രബോധനത്തിലൂടെ വിശ്വാസം സ്വീകരിച്ച തന്റെ സഭയിലെ അംഗങ്ങളുടെയിടയിൽ വ്യാജപ്രബോധനങ്ങളുമായി ചില വിഭാഗീയ ചിന്താഗതിക്കാർ രംഗപ്രവേശനം ചെയ്തപ്പോൾ അവരെ എതിർക്കുവാനായാണ് ഈ ലേഖനം രചിക്കപ്പെട്ടത്. വ്യാജ പ്രബോധകർ സഭാനേതൃത്വത്തെ ധിക്കരിക്കുകയും (വാ. 8), സ്വന്തം അനുചരവൃന്ദത്തെ രൂപീകരിക്കുകയും (വാ. 19, 22,23) സാമ്പത്തിക നേട്ടം ലക്ഷ്യമാക്കുകയും (വാ. 11-12, 16) ചെയ്യുന്നവരായിരുന്നു (സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രവർത്തനശൈലിക്ക് യൂദാ യുടെ സഭയിലെ വ്യാജപ്രബോധകരുടെ ശൈലിയുമായുള്ള സാധർമ്മ്യം ശ്രദ്ധിക്കുക). ദൈവജനത്തെ വഴിതെറ്റിക്കുന്ന വ്യാജപ്രബോധകരെ രക്ഷാകര ചരിത്രത്തിലെ തീരാകളങ്കമായിത്തീർന്ന തിന്മകളുടെ ശിക്ഷാവിധികളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതാണ് വാ. 6 ന്റെ വചനസന്ദർഭം.

മൂന്നുതിന്മകളെയും അവയ്ക്കു ലഭിച്ച ശിക്ഷാവിധികളെയുംകുറിച്ചാണ് ലേഖനകർത്താവ് സംസാരിക്കുന്നത്.

1. ഈജിപ്തിൽനിന്നു രക്ഷിക്കപ്പെട്ട ഇസ്രായേൽക്കാരിൽ അവിശ്വാസികളായി ദൈവജനത്തിനിടയിൽ കലാപമുണ്ടാക്കിയവരെ ദൈവം ശിക്ഷിച്ചു (വാ. 5). 11-ാം വാക്യത്തിന്റെ വെളിച്ചത്തിൽ കോറഹിന്റെ നേതൃത്വത്തിൽ മോശയ്ക്കെതിരേ നടന്ന കലാപമാണ് (സംഖ്യ 16:1-35; 26;9-10) ഇവിടുത്തെ വിവക്ഷ എന്നു വ്യക്തമാണ്.

2. അഹങ്കാരംമൂലം ദൈവസന്നിധിയിൽ നിന്നു പുറംതള്ളപ്പെട്ട മാലാഖമാർ മനുഷ്യരുടെയിടയിൽ പാപം വർദ്ധിപ്പിക്കുന്നതിനാൽ (ഉൽപ 6:1-4) ജലപ്രളയകാലത്ത് അവരെ ബന്ധനസ്ഥരാക്കി ദൈവം പാതാളത്തിലടച്ചു (1 ഏനോക്ക് 88:1-3). ഈ കഥയുടെ പൂർണ്ണരൂപം 1 പത്രോ 3:18-21 ന്റെ വ്യാഖ്യാനത്തോടൊപ്പം ചേർത്തിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഇപ്രകാരം ബന്ധനസ്ഥരായ ദൂതന്മാർ അന്ത്യവിധിവരെ (കർത്താവിന്റെ ആഗമനദിവസംവരെ) പാതാളത്തിൽ ബന്ധനത്തിൽ കഴിയുകയും അന്ത്യവിധിദിനത്തിൽ നിത്യാഗ്നിയിലേക്ക് എറിയപ്പെടുകയും ചെയ്യും എന്നതാണ് യഹൂദവിശ്വാസം. ഇപ്രകാരം ബന്ധനസ്ഥരായവർ അന്ത്യദിനത്തിലോ അതിനു മുൻപോ സ്നാനപ്പെട്ട് സ്വർഗ്ഗത്തിലെത്തും എന്ന വിശ്വാസം യഹൂദപാരമ്പര്യത്തിലൊരിടത്തുമില്ല. തന്മൂലം സ്പിരിറ്റ് ഇൻ ജീസസിന്റെ പഠനങ്ങൾക്ക് ഈ വചനഭാഗം യാതൊരുവിധ സാധൂകരണവും നൽകുന്നില്ല. ഏനോക്കിന്റെ പുസ്തകത്തിൽ വിവരിക്കുന്ന കഥതന്നെയാണ് ലേഖന കർത്താവ് വിവക്ഷിക്കുന്നതെന്ന് വാ. 14 ൽ നിന്ന് വ്യക്തമാണ്.

3. തിന്മയുടെ അതിപ്രസരംമൂലം നാശം ക്ഷണിച്ചു വരുത്തിയ സോദോം ഗോമോറായുടെ പതനകഥയാണ് (ഉൽപ 19:1-29) മൂന്നാമത്തെ ഉദാഹരണം.

ഈ മൂന്നു കഥകളും ഒരുമിച്ച് പാപത്തിന്റെ അടിസ്ഥാനസ്വഭാവത്തെ സൂചിപ്പിക്കുന്ന കഥകളായി യഹൂദരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ഈ മൂന്നു സംഭവങ്ങളെയുംകുറിച്ചുള്ള പരാമർശം സംയുക്തമായി യഹൂദരചനകളിൽ കാണാം. (പ്രഭാ 16:7-10; CD 2:17-3:12; 3 മക്ക 2:4-7). 2 പത്രോ 2:4-10 ലും ഈ മൂന്ന് ശിക്ഷാവിധികളെയും ഒരുമിച്ച് പരാമർശിക്കുന്നുണ്ട്. പ്രചാരത്തിലിരുന്ന ദൈവനിഷേധത്തിന്റെ മൂന്നുകഥകളെയാണ് ലേഖനകർത്താവ് ഇവിടെ വിവക്ഷിക്കുന്നത്. അന്ത്യദിനംവരെ ദൂതന്മാരെ അടച്ചിട്ടു എന്നതിന്റെ  അർത്ഥം അന്ത്യദിനത്തിൽ അവരെ മാനസാന്തരപ്പെടുത്തി സ്വർഗ്ഗത്തിലെത്തിക്കും എന്നല്ല; മറിച്ച് അന്ത്യവിധിദിനത്തിൽ അവർ നിത്യാഗ്നിയിലേക്ക് എറിയപ്പെടും എന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്. മരണശേഷം മാനസാന്തരം സാധ്യമല്ല എന്ന ആശയംതന്നെയാണ് ഈ മൂന്നു സംഭവങ്ങളും അടിവരയിട്ട് സമർത്ഥിക്കുന്നത്. ദൂതന്മാർക്കു ലഭിച്ച ശിക്ഷയെ (ബന്ധനാവസ്ഥയെ) തനതുവിധിയുമായി താരതമ്യം ചെയ്തു മനസ്സിലാക്കാവുന്നതാണ്. തനതുവിധിയിലൂടെ ലഭിക്കുന്ന ശിക്ഷാവിധി അന്ത്യവിധിയിൽ മാറ്റപ്പെടുന്നില്ല എന്ന കത്തോലിക്കാ പഠനത്തിന്റെ അസന്ദിഗ്ദ്ധമായ സാക്ഷ്യം കൂടിയാണ് ഈ വിവരണം.

## എഫേസൂസ് 4:8-10

"അതിനാൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: അവൻ ഉന്നതങ്ങളിലേക്ക് ആരോഹണം ചെയ്തപ്പോൾ അസംഖ്യം തടവുകാരെ കൂടെകൊണ്ടുപോയി, മനുഷ്യർക്ക് അവൻ ദാനങ്ങൾ നൽകി. അവൻ ആരോഹണം ചെയ്തു എന്നതിന്റെ അർത്ഥം എന്താണ്? അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നുകൂടി അല്ലേ. ഇറങ്ങിയവൻ തന്നെയാണ് എല്ലാ സ്വർഗ്ഗങ്ങൾക്കുമുപരി ആരോഹണം ചെയ്തത്."

**സന്ദർഭം:** വിശാസികൾക്ക് ലഭിക്കുന്ന വരദാനങ്ങളെക്കുറിച്ചാണ് ലേഖനത്തിന്റെ ഈ ഭാഗത്ത് (4:7-11) പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത്. വരദാനങ്ങൾ ലഭിക്കാൻ വിശ്വാസിയെ യോഗ്യനാക്കുന്നത് ക്രിസ്തുസംഭവമാണ്; അതായത് ക്രിസ്തുവിന്റെ മനുഷ്യാവതാരവും മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും. ക്രിസ്തുസംഭവത്തെ സൂചിപ്പിക്കാനാണ് അവരോഹണ-ആരോഹണ പദശൈലി പൗലോസ് ഉപയോഗിക്കുന്നത്.

രണ്ടു പ്രശ്നങ്ങളാണ് ഈ വചനഭാഗത്ത് വിചിന്തനവിഷയമാകുന്നത്. (1) അവൻ ഉന്നതങ്ങളിലേക്ക് ആരോഹണം ചെയ്തപ്പോൾ അസംഖ്യം തടവുകാരെ കൂടെക്കൊണ്ടുപോയി. (2) അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്കിറങ്ങി. ഈ രണ്ടു വചനങ്ങളെയും ബന്ധിപ്പിച്ചു വ്യാഖ്യാനിക്കുന്നവരുണ്ട് (ഉദാ. സ്പിരിറ്റ് ഇൻ ജീസസ്). പ്രസ്തുതവ്യാഖ്യാനമനുസരിച്ച് ക്രിസ്തു മരണശേഷം ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് (പാതാളത്തിലേക്ക്) ഇറങ്ങി അനേകം തടവുകാരെ രക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. തന്മൂലം, വചനപ്രഘോഷണത്തിലൂടെ, നരകവാസികളായ ആത്മാക്കളെ രക്ഷിക്കാനാവും എന്നും ഇക്കൂട്ടർ കരുതുന്നു. ഈ വ്യാഖ്യാനം  അടിസ്ഥാനരഹിതമാണ്.





**"അവൻ തടവുകാരെ കൂടെ കൊണ്ടു പോയി"**: യേശുവിന്റെ മഹത്വത്തിലേക്കുള്ള പ്രവേശനത്തെയാണ് അപ്പസ്തോലൻ ഇവിടെ വിവക്ഷിക്കുന്നത്. ഒരു പഴയനിയമഭാഗം ഉദ്ധരിച്ചുകൊണ്ട് അതിന് ആനുകാലികവ്യാഖ്യാനം നൽകുന്ന "പെഷേർ" ശൈലിയാണ് ഇവിടെ അപ്പസ്തോലൻ ഉപയോഗിക്കുന്നത്.

"ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു" എന്ന വാ. 8-ലെ പരാമർശം തുടർന്നുവരുന്ന ഭാഗം പഴയനിയമ ഉദ്ധരണിയാണ് എന്ന് വ്യക്തമാക്കുന്നു. സങ്കീ 68:18 ഉദ്ധരിച്ചുകൊണ്ട് (വാ. 8) പൗലോസ് തുടർന്നുള്ള വാചകത്തിൽ അതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നുണ്ട്. "അവൻ ആരോഹണം ചെയ്തു എന്നതിന്റെ അർത്ഥം എന്താണ്?" എന്ന ചോദ്യം സങ്കീർത്തനഭാഗത്തിന്റെ ക്രിസ്തുസംഭവവുമായി ബന്ധപ്പെട്ട അർത്ഥമാണ് തുടർന്നു പറയുന്നത് എന്ന് വ്യക്തമാക്കുന്നു. സങ്കീ 68:18-ൽ ദൈവത്തിന്റെ വിജയഘോഷയാത്രയെയാണ് വിവരിക്കുന്നത്. രാജാക്കന്മാർ വിജയഘോഷയാത്രനടത്തുമ്പോൾ തങ്ങളുടെ മഹത്വം വെളിപ്പെടുത്താൻ തങ്ങൾ പരാജയപ്പെടുത്തിയ രാജ്യത്തിലെ പ്രജകളെ തടവുകാരായി കൂടെകൊണ്ടുപോകുന്ന പതിവുണ്ട്. ഈ രാഷ്ട്രീയ ഘോഷയാത്രാ സങ്കല്പമാണ് ഇവിടുത്തെ പരാമർശത്തിനാധാരം. എന്നാൽ ക്രിസ്തു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് തടവുകാരെയല്ല കൂടെ കൊണ്ടുപോയത്. മറിച്ച് അവിടുന്ന് തടവറയെ തന്നെയാണ് ബന്ധിതമാക്കിയത്. "*ഏക്മലോതെവുസെൻ ഐക് മലോസിയാൻ*" എന്ന 8-ാം വാക്യത്തെ തടവുകാരെ കൂടെകൊണ്ടുപോയി എന്ന അർത്ഥത്തിലുള്ള POC വിവർത്തനം ശരിയല്ല. ചില ഇംഗ്ലീഷ് വിവർത്തനങ്ങളെ അനുകരിക്കാൻ ശ്രമിച്ചതുകൊണ്ടാവാം POC വിവർത്തനത്തിൽ ഇപ്രകാരമൊരു അബദ്ധം കടന്നുകൂടിയത്. NRSV ബൈബിൾ കൃത്യമായ അർത്ഥത്തിൽ ഈ വാക്യംവിവർത്തനം ചെയ്തിട്ടുണ്ട്. "He made captivity itself a captive." അവൻ ബന്ധനാവസ്ഥയെത്തന്നെ ബന്ധനസ്ഥമാക്കി എന്നാണ് 4:8 നെ വിവർത്തനം ചെയ്യേണ്ടത്. തിന്മയുടെ മൂലശക്തിയെത്തന്നെ ബന്ധിച്ചുകൊണ്ട് ക്രിസ്തു മനുഷ്യർക്കു ദാനങ്ങൾ നൽകി എന്നാണ് അപ്പസ്തോലൻ അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആരോഹണത്തിലൂടെ തിന്മയുടെ (അടിമത്തത്തിന്റെ) ശക്തികൾ തോല്പിക്കപ്പെട്ടു. ക്രിസ്തുവിന്റെ സ്വർഗ്ഗപ്രവേശനത്തെക്കുറിച്ചുള്ള ഇതര വചനഭാഗങ്ങളുമായി (യോഹ 3:13; നട 2:32-35; cf. സങ്കീ 110:1) ചേർന്നു പോകുന്നതാണ് മേൽപറഞ്ഞ വ്യാഖ്യാനം. തടവുകാരെ കൂടെ കൊണ്ടുപോയി എന്ന വിവർത്തനം തെറ്റാകയാൽ അതിനെ ആധാരമാക്കി സ്പിരിറ്റ് ഇൻ ജീസസ്സ് പടുത്തുയർത്തിയിട്ടുള്ള എല്ലാ അവകാശവാദങ്ങളും അടിസ്ഥാനമില്ലാത്തതായിതീരുന്നു.

രണ്ടാമതായി, ക്രിസ്തു "ഭൂമിയുടെ അധോഭാഗങ്ങളിലേക്കിറങ്ങി" എന്ന വാക്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. *എയിസ് താ കത്തോതെറാ തേസ് ഗേസ്* എന്ന ഗ്രീക്കു മൂലത്തെയാണ് ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് എന്നു വിവർത്തനം ചെയ്തിരിക്കുന്നത് എയ്സ് എന്നത്

ലക്ഷ്യത്തെ സൂചിപ്പിക്കുന്ന ഗതി (preposition) ആണ്. "അതിലേക്ക്"(to) എന്നർത്ഥം. *കത്തോതെറാ* എന്നാൽ "അധോഭാഗം" എന്ന് അർത്ഥം ലഭിക്കുന്നു. *ഗേ - ഗേസ്* എന്നത് ഭൂമിയെ സൂചിപ്പിക്കുന്നു. ഈ വാചകത്തിന് വ്യാകരണമനുസരിച്ച് രണ്ടു വിധത്തിൽ അർത്ഥം കല്പിക്കാം.

1. അവൻ അധോഭാഗങ്ങളിലേക്ക്, അതായത്, ഭൂമിയിലേക്ക് ഇറങ്ങി (genitive aposition). ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തവനെ സംബന്ധിച്ചിടത്തോളം അധോഭാഗം എന്നത് ഭൂമിയാണെന്നു സ്പഷ്ടമാണല്ലോ. യഹൂദരുടെ പ്രപഞ്ചവീക്ഷണമനുസരിച്ച് ഉപരിമണ്ഡലം സ്വർഗ്ഗമാണ്. അധോമണ്ഡലമാകട്ടെ ആകാശത്തിനു കീഴിലുള്ള വായുവിതാനവും അതിനടിയിലുള്ള ഭൂമിയും ചേർന്നതാണ്. തന്മൂലം സ്വർഗ്ഗത്തിൽനിന്ന് അധോ മണ്ഡലത്തിലേക്കിറങ്ങി എന്നതിന്റെ അർ ത്ഥം ഭൂമിയിലേക്കിറങ്ങി എന്നാണ്. ഈ വ്യാഖ്യാനമനുസരിച്ച് ക്രിസ്തുവിന്റെ പാതാളസന്ദർശനം എന്ന ആശയവുമായി ഈ വചനഭാഗത്തിന് ബന്ധമൊന്നുമില്ല. ക്രിസ്തുവിന്റെ പാതാള സന്ദർശനം എന്ന ആശയം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ ഒരിക്കലും കാണപ്പെടുന്നുമില്ല. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയാണ് ഭൂമിയിലേക്കുള്ള അവരോഹണമായി പൗലോസ് പറയുന്നത്.

2. അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് (പാതാളത്തിലേക്ക്) ഇറങ്ങി എന്ന വ്യാഖ്യാനവും വ്യാകരണമനുസരിച്ച് സാധ്യമാണ്. (proper genitive). മരണശേഷം ഭൂമിയുടെ അടിയിൽ സംസ്ക്കരികപ്പെട്ട ഈശോ (1 കോറി 15:4) മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തു എന്ന അർത്ഥത്തിനാണ് ഇവിടെ പ്രാമുഖ്യം കൈവരുന്നത്. "എല്ലാ സ്വർഗ്ഗങ്ങൾക്കുമുപരി" (*ഹുപ്പേറാനോൻ പാന്തോൻ തോൻ ഹുറാനോൻ*) എന്ന ശൈലിയുമായി (വാ. 10) പൂർണ്ണവൈരുദ്ധ്യം ലഭിക്കുന്നത് ഈ രണ്ടാമത്തെ വ്യാഖ്യാനത്തിലാണ്. എല്ലാ സ്വർഗ്ഗങ്ങൾക്കും ഉപരിയായി ഉയർന്നവൻ എല്ലാതലങ്ങൾക്കും താഴെയുള്ള തലത്തിലേക്ക് (പാതാളത്തിലേക്ക്) ഇറങ്ങി എന്ന വ്യാഖ്യാനമാണ് ഇവിടെ കൂടുതൽ പൊരുത്തപ്പെടുക. ക്രിസ്തുവിന്റെ ശൂന്യവത്ക്കരണത്തെക്കുറിച്ചുള്ള (ക്രിസ്തു സംഭവത്തെക്കുറിച്ചുള്ള) മറ്റൊരു വീക്ഷണമായി ഈ വ്യാഖ്യാനത്തെ കാണാനാവും. പ്രപഞ്ചത്തിന്റെ സർവ്വതലങ്ങളിലും വ്യാപിക്കുന്ന മഹത്വീകൃതനായ ക്രിസ്തുവിന്റെ അധികാരത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാകരമായ അധികാരത്തിന്റെ അടിസ്ഥാനം, ലേഖനകർത്താവിന്റെ വീക്ഷണത്തിൽ, അവിടുത്തെ മരണവും (1:20, 2:16, 5:2,25) ഉത്ഥാനവും (1:20-23; 2:5) ആണ്. അവിടുത്തെ മരണത്തെ അധോമേഖലയിലേക്കുള്ള അവരോഹണമായും ഉത്ഥാനത്തെ എല്ലാ സ്വർഗ്ഗങ്ങൾക്കും മേലുള്ള ആരോഹണമായും ലേഖന കർത്താവ് വിവരിക്കുകയാണിവിടെ.

മേൽവിവരിച്ച രണ്ടു വ്യാഖ്യാന സാധ്യതകളും ക്രിസ്തുസംഭവത്തിന്റെ രക്ഷാകരമാനത്തെയാണ് സൂചിപ്പിക്കുന്നത്. ഒന്നാമത്തെ വ്യാഖ്യാനം മനുഷ്യാവതാരത്തിനു പ്രാമുഖ്യം നൽകുമ്പോൾ രണ്ടാമത്തെ വ്യാഖ്യാനം ക്രിസ്തുവിന്റെ മരണോത്ഥാനങ്ങൾക്കു പ്രാധാന്യം





നൽകുന്നു. രണ്ടു വ്യാഖ്യാനങ്ങളിലും പാതാളങ്ങളിലിറങ്ങി മരിച്ചവരോടുള്ള ക്രിസ്തുവിന്റെ വചന പ്രഘോഷണത്തിനോ നരകവാസികളുടെ മോചനത്തിനോ യാതൊരു സ്ഥാനവുമില്ല എന്നു വ്യക്തമാണല്ലോ. 1:20-21 ലും 2:1-7 ലും ലേഖന കർത്താവ് വിവരിക്കുന്ന രക്ഷാകരരഹസ്യത്തിന്റെ വിശദീകരണം മാത്രമാണ് 4:8-10 ൽ ഉള്ളത്. 1:20-21 ലും 2:1-7 ലും ക്രിസ്തുവിനെ മരിച്ചവരിൽ നിന്നുയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ മഹിമയുടെ വലതു ഭാഗത്തിരുത്തുകയും ചെയ്യുന്ന ദൈവികപ്രവൃത്തിയുടെ മഹനീയ ശക്തിയെയാണ് അവതരിപ്പിക്കുന്നത്. ഈ സത്യത്തിന്റെ വിശദമായ ആഖ്യാനമായി വേണം 4:8-10 നെ കാണാൻ.

മരണശേഷം പാതാളത്തിൽ ഇറങ്ങിച്ചെന്ന് ക്രിസ്തു പരേതാത്മാക്കളോട് വചനം പ്രസംഗിച്ച് അവരെ വീണ്ടെടുത്തു എന്നത് ജ്ഞാനവാദികളുടെ (gnostics) അബദ്ധ വ്യാഖ്യാനമാണ്. സ്വർഗ്ഗീയ രക്ഷകൻ (heavenly redeemer) ഭൂമിയുടെ അധോഭാഗങ്ങളിലൂടെ ജൈത്രയാത്ര ചെയ്ത് രക്ഷ നൽകുന്നു എന്ന ആശയം പൂർണ്ണമായും ജ്ഞാനവാദം എന്ന പാഷണ്ഡത പ്രചരിപ്പിച്ചവരുടെ വീക്ഷണമാണ് (cf. W. Bousset, *Kyrios Christos*, 32). ഈ വീക്ഷണത്തിന്റെ അഭിനവവക്താക്കളായ സ്പിരിറ്റ് ഇൻ ജീസസ്സും പാഷണ്ഡതയുടെ കെണിയിലാണെന്ന് വ്യക്തമാണല്ലോ.

## യോഹന്നാൻ 5:25

"എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല.......... മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു അല്ല, അതു വന്നുകഴിഞ്ഞു."

ഈ വചനത്തെ സ്പിരിറ്റ് ഇൻ ജീസസ്സിന്റെ രംഗപ്രവേശനത്തെ സൂചിപ്പിക്കുന്ന വചനമായി അവർ വ്യാഖ്യാനിക്കാറുണ്ട്. ക്രിസ്തുവിന്റെ ഈ വചനം സാക്ഷാത്കരിക്കപ്പെട്ടത് സ്പിരിറ്റ് ഇൻ ജീസസ്സിന്റെ പരേതാത്മാക്കളോടുള്ള വചനപ്രഘോഷണത്തിലൂടെയാണ് എന്നാണ് ഇക്കൂട്ടരുടെ അവകാശവാദം. എന്നാൽ, യോഹന്നാന്റെ സുവിശേഷത്തിലെ രക്ഷയെക്കുറിച്ചും യുഗാന്ത്യത്തെക്കുറിച്ചുമുള്ള വീക്ഷണം ഗ്രഹിക്കാത്തവരാണ് മരിച്ചവർ സുവിശേഷം ശ്രവിക്കുന്നു എന്ന അർത്ഥത്തിൽ ഈ വചന ഭാഗത്തെ വ്യാഖ്യാനിക്കുന്നത്. യോഹന്നാന്റെ വീക്ഷണത്തിൽ യേശുവിന്റെ വരവോടെ യുഗാന്ത്യം ആരംഭിച്ചുകഴിഞ്ഞു (realised eschatology). യേശുവിനോടുള്ള ഒരുവന്റെ വ്യക്തിപരമായ മനോഭാവമാണ് അവന്റെ രക്ഷയെ സാധിതമാക്കുന്നത്. യേശുവിനെ സ്വീകരിക്കുന്നവന് രക്ഷയും സ്വീകരിക്കാത്തവന് ശിക്ഷാവിധിയും നൽകപ്പെടുന്നു. (3:18-21, 31:36). യേശുവിന്റെ വചനം കേൾക്കുകയും അതിൽ നിലനിൽക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. (17:3-4). പുത്രനിൽ വിശ്വസിക്കുന്നവർ മാത്രമാണ് നിത്യജീവന്റെ അവകാശികൾ (3:36).

പുത്രനിൽ വിശ്വസിക്കാതെ അവിശ്വാസത്തിൽ കഴിയുന്ന സകലരും മൃതരാണ്. കാരണം, പുത്രനെ സ്വീകരിക്കാത്ത സകലരും ശിക്ഷാവിധിക്ക് വിധേയരാണ് (3:20). നിത്യജീവന്റെ വിപരീതപദമാണ് ശിക്ഷാ

വിധി; തന്മൂലം ശിക്ഷാവിധിയെന്നാൽ യോഹന്നാന്റെ ഭാഷ്യത്തിൽ മരണമാണ്.

ഈ ദൈവശാസ്ത്ര പശ്ചാത്തലത്തിലാണ് 5:24-25 വ്യാഖ്യാനിക്കേണ്ടത്. 24-ാം വാക്യവും 25-ാം വാക്യവും ഒരേ പോലെയാണ് ആരംഭിക്കുന്നത്: ''ആമ്മേൻ, ആമ്മേൻ, ഞാൻ നിങ്ങളോടു പറയുന്നു....'' ഇപ്രകാരമുള്ള ശൈലീസാദൃശ്യം ഉള്ളടക്കത്തിന്റെ സാദൃശ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

യേശുവിന്റെ വചനം കേൾക്കുന്നവനും യേശുവിനെ അയച്ച പിതാവിൽ വിശ്വസിക്കുന്നവനും നിത്യജീവൻ (*സോവേൻ അയോണിയോൻ*) ഉണ്ട്. മരണം (തനാത്തോസ്), ജീവൻ (സൊവേ) എന്നിവയെ പ്രതീകാത്മകമായാണ് 24-ാം വാക്യത്തിൽ അവതരിപ്പിക്കുന്നത്. യേശുവിൽ വിശ്വസിക്കുന്നവർ മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് മരണശേഷമുള്ള ജീവനല്ല മറിച്ച് ഈ ലോകത്തിൽതന്നെയുള്ള ജീവനാണെന്ന് വ്യക്തമാണല്ലോ. വീണ്ടും ജനിച്ചവന്റെ ജീവിതമാണത് (3:5). 25-ാം വാക്യമാകട്ടെ മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കുന്നതിനെക്കുറിച്ചു പറയുന്നു. ഇവിടെ പരാമർശിക്കുന്ന ''മരിച്ചവർ'' യേശുവിൽ വിശ്വസിക്കാത്തവരാണ്. ''ദൈവപുത്രന്റെ സ്വരം കേട്ടു കഴിഞ്ഞു'' എന്ന പരാമർശം തൊട്ടുമുമ്പുള്ള അധ്യായങ്ങളിൽ വചനം കേട്ട് യേശുവിലുള്ള വിശ്വാസത്തിലേക്കു കടന്നുവരുന്നവരെ സൂചിപ്പിക്കുന്നതാണ്. നിക്കോദേമൂസ് (3:1-11), സമരിയാക്കാരി സ്ത്രീ (4:7-24), സിക്കാർ പട്ടണവാസികൾ (4:39-42), ശതാധിപന്റെ കുടുംബം (4:46-54) തുടങ്ങിയവരെല്ലാം മൃതരായിരുന്നു. എന്നാൽ യേശുവിന്റെ വചനം കേട്ടതിലൂടെ അവർ ജീവനിലേക്കു പ്രവേശിച്ചു തുടങ്ങി. ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന ''മരിച്ചവർ'' യഥാർത്ഥത്തിൽ ഭൗതികമായി ജീവിച്ചിരിക്കുന്നവരാകയാൽ പരേതാത്മാക്കളോട് സുവിശേഷം പ്രസംഗിക്കുന്ന സ്പിരിറ്റ് ഇൻ ജീസസ്സിന്റെ പ്രവൃത്തിയുമായി ഈ വചനത്തിന് യാതൊരു ബന്ധവുമില്ല എന്ന് വ്യക്തമാണല്ലോ.

യുഗാന്ത്യം യേശുവിന്റെ വരവോടെ ആരംഭിച്ചുകഴിഞ്ഞതാണെങ്കിലും അന്ത്യവിധി എന്ന പുതിയനിയമ ആശയത്തെ യോഹന്നാൻ മുറുകെ പിടിക്കുന്നുണ്ട്. യോഹ 5:28-29 ൽ ''കല്ലറയിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും''. ഇവിടെ കല്ലറയിലുള്ളവർ എന്നതിലൂടെ ശാരീരികമായും മരിച്ചവരെയാണ് വിവക്ഷിക്കുന്നത്. നന്മ ചെയ്തവർ എന്നതിലൂടെ യേശുവിൽ വിശ്വസിച്ചവർ എന്നും തിന്മ ചെയ്തവർ എന്നതിലൂടെ യേശുവിനെ അവിശ്വസിച്ചവർ എന്നുമാണ് യോഹന്നാൻ അർത്ഥമാക്കുന്നത്. യേശുവിൽ വിശ്വസിക്കുന്നവർ ജീവനിലേക്കു പ്രവേശിച്ചുകഴിഞ്ഞു എന്ന 24 -ാം വാക്യത്തിലെ ആശയത്തിന്റെ തുടർച്ചയായിവേണം നന്മചെയ്തവരുടെ ''ജീവന്റെ ഉയിർപ്പ് '' എന്ന ആശയത്തെ മനസ്സിലാക്കാൻ. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ യേശുവിനെ അവിശ്വസിച്ചവരാകട്ടെ





ശിക്ഷാവിധിയുടെ ഉയിർപ്പിനായി (നിത്യമരണത്തിനായി) പുറത്തു വരും. ശാരീരിക മരണശേഷം മാനസാന്തരത്തിനുള്ള അവസരമില്ല എന്നുകൂടി ഈ വചനങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ട്.

**4:7,** യുഗാന്ത്യവും അന്ത്യവിധിയും ആസന്നമായിരിക്കുന്നതിനാൽ ക്രൈസ്തവർ തങ്ങൾക്കു ലഭിച്ച വിശ്വാസജീവിതത്തിൽ വിശ്വസ്തതയോടെ വ്യാപരിക്കണം എന്ന ചിന്തയാണ് ലേഖനകർത്താവ് പങ്കുവയ്ക്കുന്നത്. പടിവാതിൽക്കലെത്തിയ വിധിക്ക് ഒരുങ്ങുവാനായി ''ബുദ്ധിപൂർവ്വം ചിന്തിക്കാനും'' (= *സൊഫ്രോണേവോ*) ''മിതത്വമുള്ളവരാകാനും'' (= *നേഫോ*) ലേഖനകർത്താവ് ഉപദേശിക്കുന്നുണ്ട്. 1:13 ലും 5:8 ലും പരാമർശിക്കുന്ന ''മിതത്വത്തിന്റെ'' പശ്ചാത്തലത്തിലാണ് 4:7 ലെ നിർദ്ദേശത്തെയും ഗ്രഹിക്കേണ്ടത്. ശരിയായ ജ്ഞാനവും മിതത്വവും പ്രാർത്ഥനയ്ക്കുള്ള മുന്നൊരുക്കങ്ങളാണെന്ന സൂചനയും ഈ വാക്യത്തിലുണ്ട്. മറ്റൊരർത്ഥത്തിൽ ശരിയായ പ്രാർത്ഥനയിലൂടെയാണ് യഥാർത്ഥ ജ്ഞാനവും മിതത്വവും ആർജ്ജിക്കുന്നത് എന്നും ഈ വചനത്തെ മനസ്സിലാക്കാം.

**4:8,** പുണ്യങ്ങളുടെ മാതാവായി സ്നേഹത്തെ പ്രതിഷ്ഠിക്കുന്ന പരമ്പരാഗത ക്രിസ്ത്യൻ ശൈലിയിൽ ഈ വാക്യത്തെ മനസ്സിലാക്കാം. എന്നാൽ ''സ്നേഹം ഒരുപാടു പാപങ്ങളെ മറയ്ക്കുന്നു'' എന്ന പ്രസ്താവന ഏറെ ആഖ്യാനക്ലേശം സൃഷ്ടിക്കുന്നുണ്ട്. യാക്കോ 5:20ൽ സമാനമായ ശൈലി കാണാനാകും. സത്യവിശ്വാസത്തിൽനിന്ന് അകന്ന ഒരുവനെ സ്നേഹപൂർവ്വം തിരികെകൊണ്ടുവരുന്നതിനെക്കുറിച്ചാണ് യാക്കോബ് ശ്ലീഹാ പരാമർശിക്കുന്നത്. ഈ വാക്യം ആദിമ സഭയിൽ നിലനിന്നിരുന്ന പഴഞ്ചൊല്ലുകളിൽ ഒന്നായിരുന്നു എന്നു കരുതുന്നവരുണ്ട്. സുഭാ 10:12ന്റെ ആഖ്യാനമായി ഈ പഴഞ്ചൊല്ലിനെ മനസ്സിലാക്കാം. ഈ വാക്യത്തിന്റെ വിവിധ വ്യാഖ്യാനങ്ങൾ ചുവടെ ചേർക്കുന്നു:

**(1)** യഥാർത്ഥ സ്നേഹം അവിശ്വാസികളുടെയും ശത്രുക്കളുടെയും പാപത്തിനു പരിഹാരമാകുന്നു.

**(2)** പാപത്തെ സ്നേഹം നിസ്സാരവൽക്കരിക്കും എന്ന അർത്ഥത്തിൽ ഈ വാക്യം വ്യാഖ്യാനിക്കുന്നത് ലേഖനത്തിന്റെ പ്രമേയത്തെ നിഷേധിക്കുന്നതാണ്.

**(3)** പാപം ദൈവത്തിന്റെ വിധിക്കു വിധേയമാകുന്നതും വിശ്വാസികൾ ഒഴിവാക്കേണ്ട തലവുമാകയാൽ (4:2-4) ശത്രുക്കളുടെ പാപം എന്നതിനേക്കാൾ വിശ്വാസികൾക്കിടയിലുള്ള പാപങ്ങളാകാം സ്നേഹത്തിലൂടെ മറയ്ക്കപ്പെടുന്നത്.

**(4)** സഹനം പാപത്തെ നിർവീര്യമാക്കുന്നതുപോലെ (4:1-2) സ്നേഹവും പാപകരമായ വഴികളെ വിട്ടുപേക്ഷിച്ച് വിശ്വാസമാർഗ്ഗം സ്വീകരിക്കാനുള്ള പ്രേരണ നൽകുന്നു എന്നാകാം ലേഖനകർത്താവ് വിവക്ഷിക്കുന്നത്.

**(5)** സ്നേഹം ഒരു ശാരീരികപ്രവൃത്തിയല്ല, മറിച്ച് ആത്മാവിന്റെ പ്രവൃത്തിയാണ്. അതിനാൽ പാപത്തെ ഇല്ലാതാക്കുന്നത് പരിശുദ്ധാത്മാവാണ് എന്ന അർത്ഥത്തിലും ഈ വചനം വ്യാഖ്യാനിക്കാനാകും.

**4:9-11,** ആതിഥേയത്വത്തിന്റെ പ്രാധാന്യമാണ് ഈ വാക്യങ്ങളിൽ വ്യക്തമാകുന്നത്. ആതിഥേയത്വത്തെ ആദിമസഭ വലിയൊരു പുണ്യമായാണ് മനസ്സിലാക്കിയിരുന്നത്. വിശ്വാസികൾ പരസ്പരം നൽകുന്ന ആതിഥേയത്വവും പ്രാദേശിക സഭകൾ വചനപ്രഘോഷകരായി ദേശാടനം നടത്തുന്ന പ്രവാചകർക്കും പ്രേഷിതർക്കും നൽകുന്ന ആതിഥ്യവും ഈ പുണ്യത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിവക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ 4:9-11ൽ സഹോദര വിശ്വാസികൾക്കിടയിൽ ഉണ്ടാകേണ്ട സാഹോദര്യത്തെയും അതിഥ്യമര്യാദകളെയുംകുറിച്ചാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്. എല്ലാതലമുറകളിലുമുള്ള വിശ്വാസികൾക്ക് അവശ്യംവേണ്ട പുണ്യമായാണ് ആതിഥ്യമര്യാദയെ അവതരിപ്പിക്കുന്നത്.

4:10-11 ലെ വരദാനങ്ങളെക്കുറിച്ചുള്ള പരാമർശം 1 കോറി 13-14ലും എഫേ 4ലും ഉള്ള വിവരണങ്ങൾക്കു സമാനമാണ്. ക്രൈസ്തവർ തങ്ങൾക്കു "ദാനമായി ലഭിച്ച" വരദാനങ്ങളുടെ "കാര്യസ്ഥരും" അവയെ "ശുശ്രൂഷയ്ക്കായി" വിനിയോഗിക്കുന്നവരുമാണ് എന്ന വ്യാഖ്യാനമാണ് വരദാനങ്ങളെക്കുറിച്ച് ലേഖനകർത്താവിനുള്ളത്. വരദാനങ്ങൾ ദൈവദത്തമാകയാൽ അവയുടെമേൽ വിശ്വാസികൾക്കല്ല ദൈവത്തിനാണ് അവകാശമുള്ളത്. തന്മൂലം ശുശ്രൂഷയ്ക്കായി വരദാനങ്ങൾ ഉത്തരവാദിത്വബോധത്തോടെ വിനിയോഗിക്കാൻ വിശ്വാസികൾക്കു കടമയുണ്ട്. വരദാനങ്ങൾ അനവധിയാകയാൽ 4:11ൽ പരാമർശിക്കുന്ന സംസാരിക്കാനും പ്രവർത്തിക്കാനുമുള്ള വരങ്ങൾ എന്ന സൂചന ക്രിസ്തീയ ജീവിതത്തിലെ മുഴുവൻ പുണ്യങ്ങളെയും വിവക്ഷിക്കുന്നുണ്ട്.

ക്രിസ്തീയ വിശ്വാസത്തിലെ വരദാനങ്ങളൊന്നും വിശ്വാസികളെ മറ്റുള്ളവരുടെമേൽ ആധിപത്യ സ്വഭാവമുള്ളതാക്കാൻ ഉദ്ദേശിച്ചുള്ളവയല്ലെന്ന് ലേഖനകർത്താവ് സവിശേഷമായി ഇവിടെ ഊന്നിപ്പറയുന്നുണ്ട്. വരദാനങ്ങൾ ശുശ്രൂഷക്കുവേണ്ടിയുള്ളതാകയാൽ എളിമയുടെ മനസ്സില്ലാത്തവന് വരദാനങ്ങൾ ശുശ്രൂഷോപാധികളായി ഉപയോഗിക്കാനാവില്ല. വിശ്വാസികളെ വരദാനങ്ങളാൽ സമ്പന്നരാക്കുന്ന ദൈവത്തിനുള്ള സ്തുതിപ്പോടെയാണ് ഈ വചനഭാഗം അവസാനിക്കുന്നത്.

### വിചിന്തനങ്ങൾ

**1.** അവിശ്വാസികൾ എന്നതിലൂടെ ദൈവഹിതത്തിനു വിരുദ്ധമായി സ്വന്തം ദുർമോഹങ്ങളാൽ നയിക്കപ്പെടുന്നവർ എന്നാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്. വിജാതീയർ, അവിശ്വാസികൾ എന്നതിന് മതസംഹിതകളുടെ അതിർത്തി വലയങ്ങളല്ല ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനമാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.





**2.** സ്നേഹം ഒരുപാടു പാപങ്ങളെ മറയ്ക്കുന്നു എന്ന പ്രസ്താവനയിലൂടെ ധാർമ്മിക മൂല്യങ്ങളുടെ മാതാവായി സ്നേഹത്തെയാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് (വാ.8). സ്നേഹിക്കുന്നവരുടെ അപരാധങ്ങളോടും വീഴ്ചകളോടും മൃദുസമീപനം സ്വീകരിക്കുന്നതും ശത്രുവിന്റെ നിസ്സാരവീഴ്ചകളെപ്പോലും പർവ്വതീകരിക്കുകയും ചെയ്യുന്നത് മനുഷ്യസഹജമാണല്ലോ. പാപത്തിന്റെ കാഠിന്യത്തെ നിർവ്വീര്യമാക്കാൻ സ്നേഹത്തിനു കഴിയുമെന്ന കണ്ടെത്തലിൽ ദൈവസ്നേഹവും പാപിയോടുള്ള അവിടുത്തെ കാരുണ്യവും തമ്മിലുള്ള പാരസ്പര്യം മനസ്സിലാക്കാനാകും.

## 1 പത്രോസ് 4:12-19, സഹനമെന്ന സമസ്യ

പത്രോസിന്റെ ഒന്നാം ലേഖനം 4:11 വരെ മാമ്മോദീസാർത്ഥിക്കുള്ള ഉപദേശമായി മനസ്സിലാക്കാമെങ്കിൽ 4:12-5:11 നെ വിശ്വാസത്തിൽ സ്ഥിരതയോടെ നിലകൊള്ളാനുള്ള ഉപദേശങ്ങളായി മനസ്സിലാക്കാവുന്നതാണ്. ഇതിലെ ആദ്യഭാഗം (4:12-19) സഹനങ്ങളിൽ സ്ഥിരതയോടെ നിൽക്കാനുള്ള ആഹ്വാനമാണ്.

**4:12-16,** ക്രിസ്തീയ ജീവിതത്തിലെ വേദനകളെ ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കാളിത്തമായി മനസ്സിലാക്കണം എന്നാണ് അപ്പസ്തോലൻ ഉപദേശിക്കുന്നത്. സമാഗതമായ വിധിയെക്കുറിച്ച് 4:7 ൽ നൽകുന്ന സൂചനയുടെ വെളിച്ചത്തിലാണ് ഈ വചനഭാഗം വായിക്കേണ്ടത്. ഏതെങ്കിലും പ്രത്യേകമായ പീഡനസന്ദർഭമോ തത്തുല്യമായ സാഹചര്യങ്ങളോ സംജാതമായതുകൊണ്ടാണോ ഇപ്രകാരമൊരു ആഖ്യാനമാറ്റം എന്ന് സംശയിക്കുന്നവരുണ്ട്. എന്നാൽ ഏതു സാഹചര്യത്തിലും പ്രതീക്ഷിക്കാവുന്ന മതമർദ്ദനത്തിന്റെ പശ്ചാത്തലം ലേഖനത്തിന്റെ സ്വീകർത്താക്കൾക്കു മുന്നിലെ ഒരു സജീവ യാഥാർത്ഥ്യമായിരുന്നതിനാൽ ഈ ഉപദേശങ്ങളെ മതമർദ്ദനങ്ങളെ മുന്നിൽക്കണ്ടുള്ള മുൻകരുതൽ നിർദ്ദേശങ്ങളായി മനസ്സിലാക്കുന്നതാണ് കൂടുതൽ കരണീയം.

"പ്രിയപ്പെട്ടവരേ" എന്ന സംബോധന 2:11 ലേതിനു സമാനമാണ്. രണ്ടുസന്ദർഭങ്ങളിലും പുതിയൊരു വിവരണം തുടങ്ങുന്നതിനെയാണ് ഈ സംബോധന ദ്യോതിപ്പിക്കുന്നത്. ലേഖനകർത്താവിനും ദൈവത്തിനും യേശുക്രിസ്തുവിനും പ്രിയപ്പെട്ടവർ (1:3-4, 9-10) എന്ന അർത്ഥത്തിൽ ഈ പദത്തെ മനസ്സിലാക്കാം. പരിഭ്രമിക്കരുത് (= *ക്സെനിസ്സേസ്തേ*) എന്ന ഉപദേശം 4:4 ൽ വിജാതീയരുടെ മനോഭാവത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. കാര്യമറിയാത്ത വിജാതീയർ പരിഭ്രമം പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ സത്യമറിയാവുന്ന ക്രൈസ്തവർ കഷ്ടതകൾക്കു മുന്നിൽ പരിഭ്രമിക്കേണ്ടതില്ല.

സഹനത്തെ വിശ്വാസത്തിന്റെ പരീക്ഷണമായി കരുതുന്ന സമീപനം 1:6-7 ൽ ലേഖനകർത്താവ് ഇതിനോടകം അനുവർത്തിച്ചതാണ്. സഹനങ്ങളെ സ്ഫുടം ചെയ്യുന്ന അഗ്നിയോടാണ് അപ്പസ്തോലൻ ഉപമിക്കുന്നത് (1:7 = 4:12). ക്രിസ്തുവിന്റെ സഹനത്തെ വിശ്വാസികളുടെ സഹന

ത്തിന്റെ മാതൃകയും രക്ഷയുടെ ഉറവിടവുമായാണ് ലേഖന കർത്താവ് അവതരിപ്പിക്കുന്നത് (2:21-25; 3:8). ക്രിസ്തുവിന്റെ സഹനങ്ങളിലുള്ള കൂട്ടായ്മ (= കൊയ്നോണിയ) എന്ന പദമാണ് ഇവിടെ ഉപയോഗിക്കുന്നത്. കർത്താവിന്റെ അത്താഴത്തിലെ പങ്കാളിത്തം എന്ന് പൗലോസ് നടത്തുന്ന പരാമർശത്തിനു സമാനമാണ് ഈ പദപ്രയോഗം (1 കോറി 10:16).

രക്ഷയുടെ വർത്തമാനകാലവും ഭാവിമാനവും തമ്മിലുള്ള വൈരുധ്യാത്മകത (already....but not yet) ലേഖനകർത്താവ് ആവർത്തിച്ചു സൂചിപ്പിക്കുന്നുണ്ട്. സഹനത്തിലൂടെ ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളിത്തം കിട്ടിയ ക്രൈസ്തവർക്ക് യുഗാന്ത്യത്തിൽ അവന്റെ മഹത്വം വെളിപ്പെടുത്തുമ്പോൾ സമ്പൂർണ്ണമായ ആനന്ദം സംജാതമാകും. ക്രിസ്തുവിന്റെ സഹനം ഉത്ഥാനത്തിലൂടെ മഹത്വീകരിക്കപ്പെടുന്നതുപോലെ ക്രിസ്തീയ സഹനങ്ങൾ യുഗാന്ത്യത്തിലാണ് പൂർണ്ണ മഹത്വത്തിലെത്തുന്നത്.

ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കുചേർന്നുള്ള ജീവിതത്തെ ആത്മാവിന്റെ ശക്തിയാലുള്ള വിശ്വാസമായാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത് (വാ. 14-16). പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ ലേഖനത്തിലുടനീളമുള്ള പരാമർശങ്ങൾക്ക് (3:18; 4:6) പൗലോസ് ശ്ലീഹാ, സഭയിൽ ആത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു നടത്തുന്ന പരാമർശങ്ങളോടു സാമ്യമുണ്ട് (2 കോറി 3:18; 4:17; കൊളോ 3:4). അന്തിമ മഹത്വം കാത്തിരിക്കുന്ന വിശ്വാസികളുടെയുള്ളിൽ മഹത്വത്തിന്റെ ആത്മാവായ പരിശുദ്ധാരൂപി വസിക്കുന്നുണ്ട് (4:13-14) യേശുവിന്റെ നാമത്തെപ്രതി പീഡിതരാകുന്നവർ അനുഗ്രഹിക്കപ്പെടുന്നതിന്റെ കാരണം അവരുടെയുള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. 3:14 ൽ എന്നതുപോലെ ഇവിടെയും "അനുഗൃഹീതർ" (= *മക്കാരിയോയി*) എന്ന വിശേഷണം യുഗാന്ത്യമാനമുൾക്കൊള്ളുന്നതാണ്. ഈലോക പീഡനങ്ങൾക്കുള്ള യഥാർത്ഥ അനുഗ്രഹം യുഗാന്ത്യത്തിലാണു ലഭിക്കുന്നത് എന്ന് അപ്പസ്തോലൻ വ്യക്തമാക്കുകയാണിവിടെ. യേശുവിന്റെ നാമത്തിൽ സഹിക്കുക എന്ന ആശയം ഗിരിപ്രഭാഷണത്തിൽ യേശു നടത്തുന്ന പരാമർശങ്ങളുമായി ഏറെ സാമ്യമുള്ളതാണ് (മത്താ 5:11-12). അടിമകൾക്കും (2:20) ക്രൈസ്തവ സമൂഹത്തിനു മുഴുവനായും നൽകിയ ഉപദേശത്തിന്റെ ചുവടുപിടിച്ച് തിന്മയെ നന്മകൊണ്ടു നേരിടാനുള്ള ഉപദേശത്തിനാണ് ഇവിടെ പ്രാമുഖ്യം.

4:16 ൽ ഉപയോഗിക്കുന്ന ക്രിസ്ത്യാനി എന്ന പേര് ആദിമസഭയിലെ വിശ്വാസികൾ തങ്ങളെത്തന്നെ പരാമർശിക്കാൻ ഉപയോഗിച്ചിരുന്നില്ല. അപ്പ 11:26 ലും 26:28 ലും ഈ പദം ഉപയോഗിക്കുന്നുണ്ടെങ്കിലും അവ വിജാതീയർ ക്രൈസ്തവ വിശ്വാസികളെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളാണ്. വിജാതീയരിൽ നിന്നുള്ള പീഡനങ്ങളെക്കുറിച്ചു പറയുന്നതിനിടയിൽ ലേഖനകർത്താവ് "ക്രിസ്ത്യാനി" എന്ന പദം ഉപയോഗിക്കുന്നതും വിജാതീയ വീക്ഷണത്തെ സൂചിപ്പിക്കാനായിരിക്കാം. ഈ പദം ക്രൈസ്തവർ തങ്ങളെത്തന്നെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചു തുടങ്ങിയത്





ഒന്നാം നൂറ്റാണ്ടിന്റെ ഒടുവിലായതിനാൽ ഈ ലേഖനത്തിന്റെ രചനാകാലത്തെ പ്രസ്തുത കാലഘട്ടത്തോടനുബന്ധിച്ച് നിരൂപിക്കുന്നവരുണ്ട്.

വിജാതീയരായ അയൽക്കാരിൽനിന്ന് നേരിടേണ്ടിവരുന്ന അപമാനങ്ങളെയും പരിഹാസങ്ങളെയുംകുറിച്ചു മാത്രമല്ല ഭരണനേതാക്കളുടെ വിവേചനങ്ങളും പീഡനങ്ങളും അപ്പസ്തോലൻ ഇവിടെ വിവക്ഷിക്കുന്നുണ്ട്. ഏഷ്യാമൈനറിലെ ഗവർണറായിരുന്ന പ്ലീനി ക്രൈസ്തവരെക്കുറിച്ച് ട്രാജൻ ചക്രവർത്തിക്ക് എഴുതിയ കത്തിൽ (Pliny Letters, X. 96) ക്രൈസ്തവർക്കെതിരായി വർദ്ധിച്ചു വരുന്ന ജനരോഷത്തെക്കുറിച്ചും ജനപ്രീതിനേടാൻ ഭരണാധികാരികൾ ക്രൈസ്തവരെ പീഡിപ്പിക്കുന്നതിനെക്കുറിച്ചും സൂചനകളുണ്ട്.

**4:17-19,** യുഗാന്ത്യത്തിലെ ശിക്ഷാവിധിയുടെ കാഠിന്യമാണ് 4:17-19 ലെ പ്രമേയം. യുഗാന്ത്യസമയത്തെ സൂചിപ്പിക്കുന്ന "*കായ്റോസ്*" എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സാധാരണ സമയത്തെ സൂചിപ്പിക്കുന്ന "*ക്രോണോസ്*" എന്ന പദമല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത് എന്നതിനാൽ യേശുവിൽ പൂർത്തീകരിക്കപ്പെട്ട സമയത്തെയാണ് (= *കായ്റോസ്*) ഗ്രന്ഥകാരൻ ഇവിടെ വിവക്ഷിക്കുന്നത് എന്ന് അനുമാനിക്കാം (മർക്കോ 1:15). ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സഹനങ്ങൾ യുഗാന്ത്യവിധിയുടെ ഭാഗമായി കരുതാനാണ് ലേഖനകർത്താവ് മുന്നറിയിപ്പ് നൽകുന്നത്.

ദൈവത്തിന്റെ വിധി ആരംഭിക്കുന്നത് 'ദൈവഭവന'ത്തിലാണ് എന്ന മുന്നറിയിപ്പും ശ്രദ്ധേയമാണ്. സഭയെ സൂചിപ്പിക്കാനാണ് "ദൈവഭവനം" എന്ന പദം സാധാരണഗതിയിൽ ഉപയോഗിച്ചിരിക്കുന്നത് (2:5). ക്രിസ്തുവാകുന്ന മൂലക്കല്ലിൻമേൽ പണിയപ്പെട്ട സഭ ദൈവത്തിന്റെ "രാജകീയ"പുരോഹിതരും വിശുദ്ധ ജനപദവുമാണ്. ലോകത്തിലെ ഇതര ജനവിഭാഗങ്ങളിൽനിന്നും സഭയെ വേർതിരിക്കുന്നതിനാണ് 2:5 ൽ "ദൈവഭവനം" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. സമാനമായ അർത്ഥത്തിലാണ് 4:17-19 ലും ഈ സംജ്ഞ ഉപയോഗിച്ചിരിക്കുന്നത് എന്ന അനുമാനിക്കാം. 4:18 ലെ പഴയനിയമ ഉദ്ധരണി (സുഭാ 11:31) ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. സഭയിലുള്ളവരും (വിശ്വാസികളും) സഭയ്ക്കു വെളിയിലുള്ളവരും (ദുഷ്ടന്മാരും) തമ്മിലുള്ള വൈരുദ്ധ്യം അവതരിപ്പിക്കുന്നതിന്റെ ലക്ഷ്യമിതാണ്. സഭയ്ക്കു പുറമെയുള്ളവർ (മതമർദ്ദകർ) യുഗാന്ത്യത്തിൽ അനുഭവിക്കേണ്ടിവരുന്ന കഠിന ശിക്ഷയുമായി താരതമ്യം ചെയ്യുമ്പോൾ അവർ മൂലം തങ്ങൾ അനുഭവിക്കേണ്ടി വരുന്ന കഷ്ടതകൾ തുലോം നിസ്സാരമാണെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുകയാണ്.

4:19 ന്റെ പ്രാരംഭത്തിലെ "ആകയാൽ" എന്ന സംയോജന പ്രയോഗത്തിലൂടെ 4:12 മുതലുള്ള വിവരണത്തിന്റെ ഉപസംഹാരമാണ് ഈ വാക്യം എന്ന് വ്യക്തമാക്കപ്പെടുന്നുണ്ട്. വർത്തമാനകാലത്ത് അഭിമുഖീകരിക്കുന്ന മതമർദ്ദനങ്ങളും സമീപഭാവിയിൽ സംഭവിക്കാനുള്ള വിധിയെയും പരിഗണിച്ച് ക്രൈസ്തവർ രണ്ടുകാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ലേഖനകർത്താവ് നിർദ്ദേശിക്കുന്നുണ്ട്: ഒന്നാമതായി, സകലതിനെയും നീതിയോടും കാരുണ്യത്തോടുംകൂടി പരിപാലിക്കുന്ന സർവ്വശക്തനിൽ അടി

യുറച്ചു വിശ്വസിക്കണം. ദൈവത്തെ ''വിശ്വസ്തനായ സ്രഷ്ടാവ്'' എന്നാണ് വിശേഷിപ്പിക്കുന്നത് (വാ. 19). രണ്ടാമതായി, ദൈവത്തിന്റെ നീതിയിലും കാരുണ്യത്തിലും വിശ്വസിക്കുന്നവർ നന്മചെയ്യുന്നതിൽ വീഴ്ച വരുത്താതെ ജീവിക്കണം. 2:14-15,20; 3:6,17 എന്നീ വാക്യങ്ങളിൽ സമാനമായ ആശയം കാണാം. സഹിക്കുന്നത് ദൈവഹിതമാണ് എന്ന വീക്ഷണം ഗ്രന്ഥകർത്താവിനില്ല; എന്നാൽ, സഹനത്തെ നേരിടേണ്ടത് ദൈവഹിതാനുസൃതമായിരിക്കണം എന്നാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്.

### വിചിന്തനങ്ങൾ

**1.** സകല സഹനങ്ങൾക്കുമുള്ള ഉത്തരം യുഗാന്ത്യവുമായി ബന്ധപ്പെടുത്താതെ പറയാനാകില്ല എന്ന ലേഖനകർത്താവിന്റെ നിലപാട് ശ്രദ്ധേയമാണ്. സഹനങ്ങൾക്ക് ഈ ലോകത്തിന്റെ പരിമിതിക്കുള്ളിൽനിന്നു കണ്ടെത്തുന്ന ഉത്തരങ്ങളെല്ലാം അപൂർണ്ണങ്ങളായിരിക്കും. സഹനത്തെ പാപത്തിന്റെ ശിക്ഷയായും ദൈവത്തിന്റെ ശാപമായും പൂർവ്വികരുടെ സ്വാധീനമായുമൊക്കെ വ്യാഖ്യാനിക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നതിന്റെ കാരണം സഹനത്തിന്റെ യുഗാന്ത്യമാനം അവഗണിക്കുന്നതാണ്.

**2.** നീതിമാന്റെ സഹനം എന്നത് ആത്മീയതയിൽ എക്കാലത്തെയും ഉത്തരം കിട്ടാത്ത സമസ്യയാണ്. വിശുദ്ധഗ്രന്ഥം ഈ സമസ്യയെ അനാവരണം ചെയ്യാൻ പലവുരു പരിശ്രമിക്കുന്നുണ്ട്. ജോബിന്റെ പുസ്തകം മുഴുവൻ ഈ ഒരു പരിശ്രമത്തിന്റെ ഭാഗമാണ്. പത്രോസിന്റെ ഒന്നാം ലേഖനവും ഈ സമസ്യയ്ക്കുള്ള ഉത്തരം തേടുന്നുണ്ട്. പ്രധാനമായും മൂന്ന്, ഉത്തരങ്ങളാണ് ലേഖനകർത്താവ് നൽകുന്നത്. ഒന്നാമതായി, സഹിക്കുന്ന മനുഷ്യൻ ക്രിസ്തുവിന്റെ കുരിശിലെ സഹനത്തോടു ചേർന്ന് ദൈവഹിതത്തിനു കീഴ്വഴങ്ങി ജീവിക്കുന്ന വ്യക്തിയാണ്. രണ്ടാമതായി, ഈ ഭൂമിയിലെ സഹനം എന്നത് യുഗാന്ത്യത്തിലെ ശിക്ഷാവിധിയിൽ നിന്നുള്ള വിടുതലാണ്. മൂന്നാമതായി, മനുഷ്യന്റെ സഹനവും പീഡനവും ദൈവഹിതമല്ല; എന്നാൽ സഹനത്തെ നേരിടുന്നതിലും സഹനത്തിനു കാരണമായവരോടുള്ള പ്രതികരണത്തിലും നാം ദൈവഹിതമനുസരിച്ചു ജീവിക്കണം.

## 1 പത്രോസ് 5:1-11, ദൈവഭവനത്തിന്റെ കരുതൽ

*ഞാൻ നിങ്ങളെ ഉപദേശിക്കുന്നു* എന്ന ശൈലി ലേഖനങ്ങളിൽ പുതിയൊരു ഭാഗത്തിന്റെ തുടക്കം കുറിക്കുന്നതാണ് (റോമാ 15:30; 1 കോറി 16:15; ഹെബ്രാ 13:22). സഭയെക്കുറിച്ചാണ് (ദൈവഭവനം) ലേഖനകർത്താവ് ഈ ഉപദേശം നൽകുന്നത്.

**5:1-5,** ''ശ്രേഷ്ഠന്മാർ'' എന്നത് സഭയുടെ നേതൃനിരയെയായിരിക്കാം വിവക്ഷിക്കുന്നത്. ''പ്രായമായ ക്രൈസ്തവർ'' എന്നും ഇതിനർത്ഥമുണ്ടാകാം. ക്രിസ്തുവിനെ സകലത്തിലും മാതൃകാ പുരുഷനായി ചിത്രീകരിക്കുന്ന ഒരു ശൈലിയാണ് ഈ ലേഖനത്തിലുടനീളം ഗ്രന്ഥകർത്താവ്





അനുധാവനം ചെയ്യുന്നത്. സഭാനേതാക്കളെ ക്രിസ്തുവിന്റെ സഹനേതാക്കളും ക്രിസ്തുവിന്റെ സഹനത്തിൽ സഹകാരികളുമായിട്ടാണ് ലേഖനകർത്താവ് അവതരിപ്പിക്കുന്നത്. ഈ നേതാക്കന്മാർ ക്രിസ്തുവിന്റെ സാക്ഷികളാകാൻ തയ്യാറുള്ളവരാണ്. ക്രിസ്തുവിന്റെ സാക്ഷിയാകുക എന്നതിന് ''രക്തസാക്ഷിയാകുക'' എന്ന അർത്ഥമാണ് ലേഖനമെഴുതുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നത്. ഏഷ്യാമൈനറിൽ വിശ്വാസത്തിനു വേണ്ടി രക്ഷസാക്ഷിത്വം വരിച്ചവരെക്കുറിച്ചുള്ള ചിന്തയോടെയാകാം ഗ്രന്ഥകാരൻ ഈ വചനം എഴുതുന്നത്.

സഭാനേതാക്കന്മാർക്കായി നൽകപ്പെടുന്ന ഈ ഉപദേശങ്ങൾ പുതിയനിയമത്തിലെ ഇതരഗ്രന്ഥങ്ങളിലെ വിവരണങ്ങളുമായി സാമ്യമുള്ളവയാണ് (അപ്പ 20:33-34; 1 തിമോ 3:1-7; തീത്തോ 1:5-9). ''ആടുകളെ പരിപാലിക്കുന്നവൻ'' എന്നതിന് ആദിമസഭയിൽ പത്രോസ് എന്നും (യോഹ 21:16) അർത്ഥവ്യത്യാസമുണ്ടെങ്കിലും ഇവിടെ വിവക്ഷിക്കുന്നത് ക്രിസ്തുവിനെത്തന്നെയാണെന്ന് സാഹചര്യങ്ങളിൽ വ്യക്തമാണ്. അപ്പസ്തോലന്മാരുടെ മുൻഗണനാപ്പട്ടികയെക്കുറിച്ചുള്ള സൂചനയായും ഈ വചനഭാഗത്തെ മനസ്സിലാക്കാം. ആദ്യം ക്രിസ്തു, തുടർന്നു പത്രോസ് തുടർന്ന് ഇതര അജപാലകർ തുടങ്ങിയ ഒരു ക്രമമാണ് ശ്ലീഹാ ഇവിടെ വിവക്ഷിക്കുന്നത്.

ശ്രേഷ്ഠന്മാർക്കുള്ള ആദ്യനിർദ്ദേശം അവർ ഭരമേറ്റിരിക്കുന്ന ആടുകൾ ദൈവത്തിന്റേതാണ് എന്ന സത്യമാണ്. തന്മൂലം അവർ ആടുകളുടെ പരിപാലകർ മാത്രമാണ് ഉടമകളല്ല. രണ്ടാമതായി, അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഭാരമായി കരുതാതെ സന്തോഷത്തോടെ ചെയ്യണം. മൂന്നാമതായി, ആധിപത്യമനോഭാവംവെടിഞ്ഞ് കൂട്ടായ്മയിൽ ശുശ്രൂഷചെയ്യാൻ അജപാലകർക്കു കഴിയണം. ഈ ഉപദേശത്തിന് സുവിശേഷത്തിൽ സമാനതകളുണ്ട് (മത്താ 20:25; ലൂക്കാ 10:42). ഈ കാര്യങ്ങളിലെല്ലാം ''വിശ്വാസികൾക്ക് മാതൃക ക്രിസ്തുവായിരുന്നു.

**5:5,** യുവാക്കൾക്കുള്ള ഉപദേശമായിട്ടാണ് ഈ വാക്യങ്ങൾ എഴുതിയിരിക്കുന്നത്. എന്നാൽ ലേഖനത്തിന്റെ ആഖ്യാനപശ്ചാത്തലത്തിൽ ഇവിടെ വിവക്ഷിക്കപ്പെടുന്നത് യുവാക്കളായ സഭാനേതാക്കളാണെന്നു വ്യക്തമാണ്. പ്രായവും അനുഭവപരിജ്ഞാനവുമുള്ള നേതാക്കൾക്കു വിധേയരായി യുവാക്കളായ സഭാശുശ്രൂഷകർ പ്രവർത്തിക്കണം എന്നാണ് ലേഖനകർത്താവ് ഉപദേശിക്കുന്നത്. എന്നാൽ പരസ്പരസ്നേഹവും എളിമയും യുവാക്കൾക്കു മാത്രമല്ല സകല ശുശ്രൂഷകർക്കും അനിവാര്യമാണെന്നു പഠിപ്പിക്കാനും ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നുണ്ട് (വാ. 5b). 3:8 ൽ എന്നതുപോലെ, വിനയത്തിന്റെ ആവശ്യകത സകലക്രൈസ്തവർക്കും ബാധകമാണെന്ന നിലപാടാണ് ലേഖനകർത്താവ് സ്വീകരിക്കുന്നത്. അഹങ്കാരികൾക്കെതിരായ നിലപാടായി ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് സുഭാ 3:34 ൽ നിന്നുള്ള ഉദ്ധരണിയാണ്. 1 പത്രോ 4:17 ൽ വിധിയെക്കുറിച്ചുനടത്തിയ പരാമർശ

ത്തിനു സമാനമായാണ് ഈ വാക്യവും അവതരിപ്പിച്ചിരിക്കുന്നത്. 4:17 നെ 5:5 നോടു താരതമ്യം ചെയ്യുമ്പോൾ വിനയമുള്ളവർ എന്നത് കർത്താവിന്റെ ഭവനത്തിലെ (സഭയിലെ) അംഗങ്ങളെ സൂചിപ്പിക്കുന്നതായും അഹങ്കാരികൾ എന്നത് സഭയ്ക്കുവെളിയിലുള്ളവരെ സൂചിപ്പിക്കുന്നതായും മനസ്സിലാക്കാം. ചുരുക്കത്തിൽ സഭയിലെ അംഗങ്ങൾക്ക് (വിശ്വാസികൾക്ക്) വിനയം അനിവാര്യമാണെന്ന് അപ്പസ്തോലൻ സമർത്ഥിക്കുകയാണിവിടെ.

**5:6,** യുവാക്കൾക്കും മുതിർന്നവർക്കുമുള്ള ഉപദേശങ്ങളെ ഉപസംഹരിച്ചുകൊണ്ട് സഹനങ്ങളിൽ ദൈവാശ്രയബോധം നഷ്ടപ്പെടുത്താതെ നിലകൊള്ളാനുള്ള ആഹ്വാനം നൽകുന്ന വാക്യമാണിത്. എളിമയെക്കുറിച്ച് 5:5 ൽ നൽകിയ പ്രബോധനത്തിന്റെ തുടർച്ചയായി ഈ വാക്യത്തെ മനസ്സിലാക്കാം. ഒരുവൻ യഥാർത്ഥത്തിൽ എളിമപ്പെടേണ്ടത് ദൈവതിരുമുമ്പിലാണ്. ദൈവതിരുമുമ്പിൽ എളിമപ്പെടാനുള്ള അവസരമായാണ് ലേഖനകർത്താവ് സഹനത്തെ മനസ്സിലാക്കുന്നത്. അപ്രകാരം എളിമയോടെ സഹിക്കുന്നവരെ ദൈവം അതിശയകരമായി ഉയർത്തും (മഹത്വപ്പെടുത്തും) എന്ന ആശ്വാസമാണ് ഗ്രന്ഥകർത്താവ് പ്രകടമാക്കുന്നത്.

**5:7-8,** തങ്ങളെ സഹനത്തിലൂടെ എളിമപ്പെടുത്തുന്ന ദൈവം തങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ് എന്ന ഉറച്ചബോധ്യം സ്വന്തമാക്കാൻ ലേഖനകർത്താവ് ഈ വാക്യങ്ങളിലൂടെ തന്റെ അനുവാചകരെ ആഹ്വാനം ചെയ്യുകയാണ്. സകല ആകുലതകളും കർത്താവിനെ ഭരമേല്പിച്ച് സമചിത്തതയോടെ ഉണർന്നിരിക്കാനാണ് ആഹ്വാനം (1:13; 4:7).

5:8 ൽ ''അലറുന്ന സിംഹത്തെപ്പോലെ'' മനുഷ്യനെതേടിയെത്തുന്ന സാത്താനെക്കുറിച്ചുള്ള മുന്നറിപ്പാണുള്ളത്. 7 -ാം വാക്യത്തിലെ ജാഗ്രതാമുന്നറിയിപ്പിന്റെ കാരണം സാത്താന്റെ ഈ ആഗമനമാണ്. യാതൊരുവിധ ജാഗ്രതയുമില്ലാതെ വ്യാപരിച്ചിരുന്ന തങ്ങളുടെ പൂർവ്വകാലത്തിന്റെ മനോഭാവത്തിന് (4:3-4) വിരുദ്ധമായ മനോഭാവം ആർജ്ജിക്കാനുള്ള ആഹ്വാനമാണ് ഈ വാക്യങ്ങളിലുള്ളത്. ഇപ്രകാരമുള്ള ജാഗ്രതാനിർദ്ദേശങ്ങൾ യുഗാന്ത്യ പ്രബോധനങ്ങളുടെ ഭാഗമായി പുതിയനിയമത്തിൽ അന്യത്ര ദൃശ്യമാണ് (മർക്കോ 13:34; 1 തെസ്സ 5:6).

സിംഹം എന്ന പ്രതീകത്തെ സഹനകാരണമായി അവതരിപ്പിക്കുന്ന ശൈലി സങ്കീ 22:13 ൽ ദൃശ്യമാണ്. സിംഹം മനുഷ്യനെ ശത്രുവായി കരുതുന്നു എന്നതാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഇവിടെ സാത്താൻ നേരിട്ടുനടത്തുന്ന ആക്രമണങ്ങളെയല്ല; മതമർദ്ദകരും സഭാദ്വേഷികളുമായ വ്യക്തികളിലൂടെ പ്രവർത്തനനിരതമാകുന്ന തിന്മയുടെ ദുരന്തങ്ങളെയാണ് ലേഖനകർത്താവ് ലക്ഷ്യമാക്കുന്നത്.

**5:9-11,** 5:7 ലെ ജാഗ്രതാനിർദ്ദേശത്തിനു കാരണമായ മറ്റൊരു വസ്തുതയാണ് 5:9 ലെ പ്രമേയം. ലോകമാസകലമുള്ള വിശ്വാസികൾ ക്രിസ്തുവിനെപ്രതി സഹിക്കുന്നു എന്നതിനാൽ തങ്ങളുടെ സഹനത്തെ സഭയുടെ മുഴുവൻ സഹനത്തിന്റെ ഭാഗമായി മനസ്സിലാക്കാനാണ് ലേഖനകർത്താവ് ആവശ്യപ്പെടുന്നത്. സഭയൊന്നാകെ സഹിക്കുന്നതിന്റെ ഭാഗമാണ് തങ്ങളുടെ സഹനം എന്ന തിരിച്ചറിവിലൂടെ സഹനത്തെ കൂട്ടായ്മയുടെ ശുശ്രൂഷയായി മനസ്സിലാക്കാനാകും.





5:10-11 ൽ സഹനത്തിൽനിന്നുള്ള വിടുതലും ആശ്വാസവുമാണ് പ്രഘോഷിക്കപ്പെടുന്നത്. സമാഗതമാകുന്ന യുഗാന്ത്യത്തിൽ സകല ദുഃഖങ്ങളും പീഡനങ്ങളും ആനന്ദമായി മാറും. ഇതിനുള്ള തെളിവായി ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നത്. ദൈവത്തിന്റെ ലക്ഷണങ്ങളായി ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളുടെ സമാഹാരമായി ഈ വാക്യങ്ങളെ മനസ്സിലാക്കാം. 1) ദൈവം കൃപാദായകനാണ് (1:2,10,13; 2:9,21; 3:9). 2) മഹത്വപൂർണ്ണനായ ദൈവം തന്റെ മഹത്വത്തിലേക്കു വിശ്വാസികളെ ക്ഷണിക്കുന്നു (1:7,11,21; 4:11, 13-14; 5:1,4).

ദൈവം ഇപ്രകാരമുള്ള തന്റെ രക്ഷാകര പ്രവൃത്തികളെല്ലാം ചെയ്യുന്നത് തന്റെ പുത്രനായ ഈശോമിശിഹായിലൂടെയാണ്. ഈശോ തന്റെ സഹനത്തിലൂടെ സാത്താന്റെമേൽ നേടിയ വിജയത്തിന്റെ പൂർണ്ണത വിശ്വാസികൾക്കു സംലഭ്യമാകുന്ന യുഗാന്ത്യംവരെയുള്ള ഇടവേളയുടെ സവിശേഷതയായി ഇപ്പോൾ അനുഭവിക്കേണ്ടിവരുന്ന സഹനങ്ങളെ മനസ്സിലാക്കാനാണ് ഗ്രന്ഥകാരൻ ആഹ്വാനംചെയ്യുന്നത്. സാത്താനെയും അവന്റെ വക്താക്കളായി ഇപ്പോൾ പ്രവർത്തിക്കുന്ന മതമർദ്ദകരെയും ദൈവം അന്തിമമായി പരാജയപ്പെടുത്തും എന്നതിനാൽ വിശ്വാസികൾ നഷ്ടധൈര്യരാകാതെ നിലകൊള്ളണം.

## വിചിന്തനങ്ങൾ

**1.** സഭയിലെ അധികാര ശ്രേണിയെക്കുറിച്ചുള്ള (hierarchy) വ്യക്തമായ സൂചന ലേഖനകർത്താവ് നൽകുന്നുണ്ട്. ശ്രേഷ്ഠന്മാർക്ക് (episcopoi) വിധേയരായി ചെറുപ്പക്കാരായ സഭാനേതാക്കൾ വ്യാപരിക്കണം എന്നും ശ്രേഷ്ഠന്മാരിൽ പ്രധാനിയായവനെ സകലരും മാനിക്കണം എന്നുമുള്ള നിർദ്ദേശങ്ങൾ സഭാഘടനയുടെ വ്യക്തമായ രൂപരേഖ നൽകുന്നുണ്ട്. സഭയിലെ അധികാരശ്രേണി റോമൻ ചക്രവർത്തിയുടെ മാനസാന്തരത്തിനുശേഷം സംഭവിച്ചതാണെന്നും അതിനാൽ സഭയിലെ അധികാരഘടന അപ്രസക്തമാണെന്നും വാദിക്കുന്ന വിഘടിത വിഭാഗങ്ങളുടേയും പുതിയ തലമുറയിലെ ''സഭ''കളുടെയും അവകാശവാദങ്ങൾ അർത്ഥരഹിതമാണെന്ന് ഈ ലേഖനം വ്യക്തമാക്കുന്നുണ്ട്. ഒന്നാം നൂറ്റാണ്ടുമുതൽതന്നെ സഭയ്ക്ക് നിയതമായ രൂപഘടനയുള്ളതിനാൽ പ്രസ്തുതഘടന ദൈവഹിതാനുസൃതം സ്ഥാപിതമായതാണെന്ന് അനുമാനിക്കാം.

**2.** ''എളിമയോടെ ജീവിച്ചാൽ മഹാനാകും'' എന്ന ചിന്ത പലരേയും എളിമ അഭിനയിക്കാൻ പ്രേരിപ്പിക്കാറുണ്ട്. എന്നാൽ ഈ ലേഖന

ത്തിൽ എളിമയിലൂടെ കൈവരുന്ന മഹത്വത്തെ യുഗാന്ത്യമഹത്വമായിട്ടാണ് അവതരിപ്പിക്കുന്നത്. ദൈവതിരുമുമ്പിൽ സ്വയം എളിമപ്പെടുത്താനുള്ള മാർഗ്ഗങ്ങളായിട്ടാണ് ഗ്രന്ഥകാരൻ സഹനത്തെ മനസ്സിലാക്കുന്നത്.

## 1 പത്രോസ് 5:12-14, സമാപനാശംസകൾ

ഈ ലേഖനത്തിന്റെ "എഴുത്തുകാരൻ" സിൽവാനോസാണെന്ന് ആമുഖത്തിൽ സൂചിപ്പിച്ച സത്യം തന്നെയാണ് സമാപനത്തിലും ആവർത്തിക്കുന്നത് (വാ. 12). "സിൽവാനോസുവഴി" എന്നതിൽ നിന്ന് ഈ ലേഖനത്തിന്റെ വാഹകനായി സിൽവാനോസിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ, "സിൽവാനോസുവഴി താൻ എഴുതിനൽകുന്ന ലേഖനം" എന്ന അർത്ഥത്തിൽ ഈ പ്രയോഗത്തെ വ്യാഖ്യാനിക്കാവുന്നതാണ്.

5:12b യിൽ ലേഖനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ് വ്യക്തമാക്കുന്നത്. പീഡനങ്ങളുടെയും മതമർദ്ദനങ്ങളുടെയും പശ്ചാത്തലത്തിൽ മനസ്സു പതറുന്ന വിശ്വാസികളെ നഷ്ട ധൈര്യരാകാതെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുക എന്നതായിരുന്നു ലേഖനകർത്താവിന്റെ ലക്ഷ്യം. സഹിക്കുന്ന സകല വിശ്വാസികളും ക്രിസ്തുവിനോടൊത്താണ് സഹിക്കുന്നത് എന്നതിനാൽ അവിടുത്തെ മഹത്വത്തിന് അർഹരാകും എന്ന സന്ദേശമാണ് ആത്യന്തികമായി ലേഖനകർത്താവിനു നൽകാനുള്ളത്.

"ബാബിലോണിലെ സഭ" എന്നത് (വാ. 13) റോമിലെ സഭയെക്കുറിച്ചുള്ള സൂചനയാണ്. റോമിനെ സൂചിപ്പിക്കാൻ ആദിമ ക്രൈസ്തവരും യഹൂദരും ഉപയോഗിച്ചിരുന്ന രഹസ്യസംജ്ഞയാണ് ബാബിലോൺ എന്നത് (വെളി 14:8; 16:19; 17:5,18; 2 ബാറൂക്ക് 11:1-2; 4 എസ്രാ 3:1-2). ക്രൈസ്തവരെ സൂചിപ്പിക്കാൻ ബാബിലോൺ എന്ന പദം തിരഞ്ഞെടുത്തതിനു പിന്നിൽ പ്രത്യേകമായ അർത്ഥമുണ്ട്. ബാബിലോൺ യൂദയായുടെ പ്രവാസഭൂമിയായിരുന്നു. മതമർദ്ദനമനുഭവിക്കുന്ന ക്രൈസ്തവർ പ്രവാസകാലത്തിനു സമാനമായ പീഡനങ്ങളിലൂടെയാണു കടന്നുപോകുന്നത് എന്ന സന്ദേശമാണ് ഇവിടെ നൽകുന്നത്. ബാബിലോൺ പ്രവാസം അരനൂറ്റാണ്ടിനുള്ളിൽ അവസാനിച്ചതുപോലെ തങ്ങളുടെ പീഡനങ്ങളും അവസാനിക്കും എന്ന പ്രത്യാശ ഈ പദപ്രയോഗത്തിനു പിന്നിലുണ്ട്.

5:13 ൽ പരാമർശിക്കുന്ന മർക്കോസ് സുവിശേഷകനായ മർക്കോസ് തന്നെയായിരിക്കാനാണു സാധ്യത. പൗലോസിന്റെ സഹപ്രവർത്തകനായ മർക്കോസ് പിന്നീട് പത്രോസിന്റെ സഹപ്രവർത്തകനും എഴുത്തുകാരനുമായി മാറിയതായി സഭാപിതാവായ യൗസേബിയൂസ് സാക്ഷ്യ





പ്പെടുത്തുന്നുണ്ട് (HM 2.15.1). സിൽവാനോസിനോടൊത്ത് ഈ ലേഖനത്തിന്റെ എഴുത്തു പണിയിൽ സഹകരിച്ചതിനാലാകാം മർക്കോസിന്റെ പേര് ഇവിടെ പരാമർശിക്കപ്പെടുന്നത്. അഥവാ ലേഖനത്തിന്റെ ആധികാരികതയ്ക്കുവേണ്ടി എഴുത്തുകാരൻ അദ്ദേഹത്തിന്റെ പേരുകൂടി ഉൾപ്പെടുത്തിയതാകാം.

സമാധാനം സകലർക്കും ആശംസിച്ചുകൊണ്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്. സഹനത്തെ ദൈവഹിതാനുസൃതം നേരിടുന്നതിലൂടെ സമൂഹത്തിലും ഹൃദയത്തിലും സംജാതമാകുന്ന സമാധാനത്തെയാണ് ലേഖനകർത്താവ് ഇവിടെ വിവക്ഷിക്കുന്നത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ഈശോ കുരിശിൽ സഹനത്തെ നേരിട്ട് ലോകത്തിനു നേടിത്തന്ന സമാധാനം ഈശോയെ അനുകരിച്ച് സ്വന്തമാക്കാനാണ് ലേഖനകർത്താവ് ഉപദേശിക്കുന്നത്.

***ഡോ. ജോസഫ് പാംപ്ലാനി***

03

# പത്രോസ് എഴുതിയ രണ്ടാം ലേഖനം

## ആമുഖം

കത്തോലിക്കാബൈബിളിലെ ഗ്രന്ഥങ്ങളുടെ ക്രമമനുസരിച്ച്, ഏഴു കാതോലികലേഖനങ്ങളിൽ മൂന്നാമത്തേതാണ് മൂന്നധ്യായങ്ങൾ മാത്രമുള്ളതും വിശുദ്ധ പത്രോസിന്റെ രണ്ടാമത്തെ ലേഖനമായി അറിയപ്പെടുന്നതുമായ ഈ പുതിയനിയമഗ്രന്ഥം. വെളിപാടുസാഹിത്യത്തിന്റെ മേമ്പൊടി ചേർത്തു രചിക്കപ്പെട്ടിട്ടുള്ള ഈ ലേഖനത്തിനു യൂദാസിന്റെ ലേഖനവുമായുള്ള സാമ്യം ശ്രദ്ധേയമാണ്.

പത്രോസിന്റെ ഒന്നാംലേഖനത്തിനു ലഭിച്ചതുപോലെ ഒരു സ്വീകാര്യത ഈ രണ്ടാം ലേഖനത്തിന് ആദ്യകാലങ്ങളിൽ ലഭിച്ചിട്ടില്ല. ഇതിന്റെ രചയിതാവിനെക്കുറിച്ചുള്ള സംശയമാണ് പ്രധാനകാരണം. കാനോനികമെന്ന് അംഗീകരിക്കപ്പെടാൻ താരതമ്യേന കാലതാമസമെടുത്ത യൂദാസിന്റെ ലേഖനവുമായി ഇതിനുള്ള സാമ്യവും മറ്റൊരു കാരണമാണ്. ഏ.ഡി. 400- നോടടുത്താണ് ഈ ഗ്രന്ഥം കാനോനികമായി അംഗീകരിക്കപ്പെട്ടത്.

## കർതൃത്വവും കാലവും

താൻ, "അപ്പസ്തോലനായ ശിമയോൻ പത്രോസാ"ണെന്ന് ആമുഖത്തിലും (1:1), യേശുവിന്റെ രൂപാന്തരീകരണസമയത്ത് അവനോടൊപ്പം ഉണ്ടായിരുന്നവനാണെന്നു ആദ്യ അധ്യായത്തിലും (1:16-18) ഗ്രന്ഥകർത്താവ് തന്നെത്തന്നെ പരിചയപ്പെടുത്തുന്നതുകൊണ്ട്





ആരാണ് ഈ ലേഖനത്തിന്റെ രചയിതാവ് എന്ന അന്വേഷണത്തിനു സാംഗത്യമില്ല എന്നു ലേഖനം വായിക്കുന്ന ആർക്കും തോന്നാം. മാത്രവുമല്ല,ഇതു തന്റെ രണ്ടാമത്തെ ലേഖനമാണെന്ന് വ്യക്തമായി രേഖപ്പെടുത്തി യിരിക്കുന്നതും (3:1)പൗലോസിനെ സഹോദരൻ എന്നു സംബോധന ചെയ്യുന്നതും (3:15-16) മറ്റു ലേഖനങ്ങളിൽ തികച്ചും അസാധാരണമാണ്. ഇവയെല്ലാം ലേഖനത്തിന്റെ ഗ്രന്ഥകർതൃത്വത്തിന് ആധികാരികത നല്കുന്നതായി പരിഗണിക്കപ്പെടാം. എന്നിരുന്നാലും, ഇത് ശിഷ്യ പ്രമുഖനായിരുന്ന പത്രോസിന്റേതല്ല എന്ന അഭിപ്രായം രണ്ടാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ പ്രബലമായിരുന്നു എന്നതാണു വസ്തുത. സഭാപിതാക്കന്മാരും, ഒപ്പം ആധുനിക പണ്ഡിതരും ലേഖനകർത്താവ് അപ്പസ്തോലനായ പത്രോസല്ല എന്നഭിപ്രായപ്പെടുന്നുണ്ട്. ഉദാഹരണമായി ഇരണേവൂസ് (*ca.*ഏ.ഡി. 185), തന്റെ രചനയിൽ (*Against Heresis* IV. 9.2) "പത്രോസ് പറഞ്ഞിരിക്കുന്നപ്രകാരം" എന്നുപയോഗിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആദ്യലേഖനത്തെ ഉദ്ധരിക്കുന്നുണ്ടെങ്കിലും രണ്ടാംലേഖനത്തിന്റെ കർതൃത്വം പത്രോസിൽ ആരോപിക്കുന്നില്ല. ഒരിജനാകട്ടെ (ഏ.ഡി. 217-251), പത്രോസിൽനിന്ന് "ഒരു ലേഖനം മാത്രമേ വാസ്തവമായി ലഭിച്ചിട്ടുള്ളൂ" എന്നു രേഖപ്പെടുത്തിയിട്ടുണ്ട് (*Commentary on John* V.3). അതുപോലെ സഭാചരിത്രകാരനായ എവുസേബിയൂസ്, ഒന്നാം ലേഖനമൊഴിച്ചുള്ള പത്രോസിന്റെ പേരിലറിയപ്പെടുന്ന മറ്റു രചനകളോടൊപ്പം രണ്ടാംലേഖനവും അന്നത്തെ സഭാശ്രേഷ്ഠന്മാർ അംഗീകരിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു (*Church History*, II.23, 25; III.3.1,4).

എന്നാൽ, തുടർന്നുവന്ന സഭാപിതാക്കന്മാരായ അത്തനാസിയൂസ്, ജറോം എന്നിവർ ഈ ലേഖനത്തെ കാനോനികമായി അംഗീകരിക്കുന്നുണ്ട്. എന്നിരുന്നാലും, പത്രോസിന്റേതാണ് ഈ ലേഖനമെന്ന അഭിപ്രായം പൊതുവേ അക്കാലത്ത് സ്വീകാര്യമല്ലായിരുന്നു എന്ന കാര്യം ജറോം തുറന്നു സമ്മതിക്കുന്നുണ്ട്. ആദ്യതലമുറയിൽപ്പെട്ട ക്രൈസ്തവരെ പിതാക്കന്മാർ എന്നു വിളിക്കുന്നതും (3:4) പത്രോസിന്റെ ഒന്നാം ലേഖനത്തിൽനിന്നു വ്യതിരിക്തമായിരിക്കുന്ന ശൈലിയും രചനാകാലം അപ്പസ്തോലിക കാലഘട്ടത്തിന്റേതല്ല എന്ന് അനുമാനിക്കുന്നതിന് അവരെ പ്രേരിപ്പിക്കുന്നു. മാത്രമല്ല, പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ചുള്ള പരാമർശവും ഈ ലേഖനകാലഘട്ടം കുറച്ചു കൂടി വൈകിയതാണെന്ന സൂചനയാണു നല്കുക. അതുകൊണ്ട് പത്രോസിന്റെ ശിഷ്യരിലൊരാൾ അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ പേരിൽ രചിച്ചതാണ് ഇത് എന്നു കരുതുകയാണുത്തമം. ഭാഷാശൈലി നോക്കിയാൽ യവന-യഹൂദ പശ്ചാത്തലമുള്ള ഒരു ക്രൈസ്തവനായിരിക്കണം ഇതിന്റെ കർത്താവ്. മേൽപറഞ്ഞ കാരണങ്ങളാൽത്തന്നെ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ രണ്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ ഇതിന്റെ രചന നടന്നുവെന്നനുമാനിക്കാം.

## ലേഖനത്തിന്റെ സ്വീകർത്താക്കൾ

ലേഖനം ആരംഭിക്കുന്നതുതന്നെ, തങ്ങളോടൊത്ത് "ഒരേ വിശ്വാസം തന്നെ സ്വീകരിച്ചവർക്ക്" (1:1) എഴുതുന്നു എന്നുപറഞ്ഞുകൊണ്ടാണ്. ഏതെങ്കിലും പ്രത്യേക സഭയെ ഉദ്ദേശിച്ച് എഴുതിയതാണോ എന്നതിന് ആമുഖത്തിലോ, അതിന്റെ ഉള്ളടക്കത്തിലോ തെളിവില്ല. അതിനാൽ ത്തന്നെ അപ്പസ്തോലിക കാലഘട്ടം കഴിഞ്ഞ് സഭാസമൂഹത്തിൽ പൊതുവായുണ്ടായിരുന്ന പ്രശ്നങ്ങൾക്ക്, പ്രത്യേകിച്ച് യേശുവിന്റെ പ്രത്യാഗമനം ഒരു കെട്ടുകഥയാണെന്നും അതുണ്ടാവുകയില്ലെന്നും പഠിപ്പിക്കുകയും അധാർമ്മികമായി ജീവിച്ച് വിശ്വാസികൾക്ക് ഉറപ്പു നല്കുകയും ചെയ്ത വ്യാജപ്രവാചകരിൽനിന്ന് അവരെ രക്ഷിക്കുന്നതിന് എഴുതപ്പെട്ടതാണിത് എന്നു കരുതാം.

അവർക്ക് യേശുവിന്റെ രൂപാന്തരീകരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായിരുന്നു. പത്രോസിന്റെ ഒന്നാംലേഖനത്തെക്കുറിച്ചും പൗലോസിനെയും അദ്ദേഹത്തിന്റെ ലേഖനങ്ങളെയുംകുറിച്ചും ലേഖനത്തിൽത്തന്നെ പരാമർശമുള്ളതുകൊണ്ട് വിശ്വാസം സ്വീകരിച്ച് അതിൽ വളർന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവ സമൂഹമാണ് ലേഖനത്തിന്റെ സ്വീകർത്താക്കൾ എന്നും മനസ്സിലാക്കാം. ലേഖനത്തിൽനിന്നു സമകാല ക്രൈസ്തവ സമൂഹത്തെയും അവരുടെ പ്രധാന പ്രശ്നങ്ങളെയും മനസ്സിലാക്കാൻ കഴിയും. സഭാസമൂഹം യഹൂദ-വിജാതീയ ക്രിസ്ത്യാനികളുടെ ഒരു ഗ്രൂപ്പായിരുന്നു എന്നതും വ്യക്തമാണ്. 2-3 അധ്യായങ്ങളിൽ കാണുന്ന പഴയ നിയമ പരാമർശങ്ങൾ ഇരുകൂട്ടർക്കും പരിചിതമാണെന്നതുതന്നെയാണ് ഇതിനു ഉപോദ്ബലകമായിരിക്കുന്നത്. നോഹയുടെ കാലത്തെ പ്രളയം, സ്വർഗീയദൂതരുടെ വീഴ്ച (2:4; ഉൽപ 6) എന്നിവയെക്കുറിച്ച് ഇസ്രായേലിനു പുറത്തുള്ളവരുടെ പുരാണങ്ങളിലും കാണാവുന്നതാണ്. യുഗാന്ത്യപ്രതീക്ഷ വിജാതീയ സമൂഹങ്ങൾക്കുകൂടി പൊതുവായിട്ടുള്ളതായിരുന്നു. അതിനാൽ വിവിധ മത-സാംസ്കാരിക പശ്ചാത്തലങ്ങളുള്ള ക്രിസ്തീയ സമൂഹങ്ങളെ പൊതുവായി അഭിസംബോധന ചെയ്യുന്നതിനും അവരുടെ പ്രശ്നങ്ങളെ വിശദീകരിക്കുന്നതിനും പഴയനിയമപ്രതീകങ്ങൾ ഉപയോഗിക്കുന്നതിന് ലേഖനകർത്താവിനു കഴിഞ്ഞുവെന്നു കരുതാം.

വ്യാജപ്രബോധനങ്ങളെ, പ്രത്യേകിച്ച്, ക്രിസ്തുവിന്റെ രണ്ടാ മത്തെ ആഗമനത്തെക്കുറിച്ച് അപ്പസ്തോലന്മാർ നല്കിയ പ്രബോധനത്തിനെതിരായി പ്രചരിച്ചിരുന്ന തെറ്റായ പഠനങ്ങളെയാണ് ലേഖനം നേരിടുന്നത്. വിശ്വാസത്തിൽ ബലംപ്രാപിക്കാത്ത സഭാസമൂഹത്തിന്റെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന ഇത്തരം പഠനങ്ങളെ തിരിച്ചറിയുന്ന ലേഖനകർത്താവ് അടിയന്തിരശ്രദ്ധ കൊടുത്തുകൊണ്ട് അവയെ തിരുത്തുന്നു.

## ആദിമസഭയും യുഗാന്ത്യപ്രതീക്ഷയും

"ക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവി"ന്റെ ഭാഗമായിരുന്നു അവിടുന്നു വീണ്ടും വരുമെന്നും അതോടൊപ്പം നന്മതിന്മകൾക്കനുസരിച്ചുള്ള ന്യായവിധി ഉണ്ടാകുമെന്നുമുള്ള വിശ്വാസം. പ്രത്യക്ഷപ്പെടൽ എന്നർത്ഥം വരുന്ന *പരൂസിയ* (parousia) എന്ന





പദമാണ് കർത്താവിന്റെ പ്രത്യാഗമനം എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ചക്രവർത്തിയുടെ/ദേവന്റെ ആഗമനത്തെ സൂചിപ്പിച്ചിരുന്ന ഈ പദം ബൈബിളിൽ ദൈവത്തിന്റെ രക്ഷാകര ഇടപെടലിനെ ദ്യോതിപ്പിക്കുന്നു. പുറപ്പാടു സംഭവത്തിൽ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടൽ അനുഭവിച്ച ഇസ്രായേൽജനം അവർക്കുണ്ടാകുന്ന ഓരോ പ്രതിസന്ധിഘട്ടത്തിലും ദൈവത്തിന്റെ ഇടപെടൽ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. കാലാന്തരത്തിൽ ഇത് ദൈവം അയയ്ക്കുന്ന രക്ഷകനെക്കുറിച്ചുള്ള മെസയാനിക പ്രതീക്ഷ ആയിത്തീരുകയും യുഗാന്ത്യ ചിന്തകളാൽ സ്വാധീനിക്കപ്പെടുകയും ചെയ്തു (ഉദാ. ആമോ 5: 18ff; ജോയേ 1:15; 2:30ff; ഏശ 2:9ff; 65:17ff).

പുതിയനിയമത്തിൽ മിശിഹായുടെ ആഗമനത്തെ തിരിച്ചറിഞ്ഞ ദൈവജനം മിശിഹായുടെ രണ്ടാം ആഗമനത്തെ പ്രതീക്ഷിച്ചു. ദൈവിക ഇടപെടലിന്റെ പരകോടിയായ ഈ ദിവസത്തെ "പ്രത്യാഗമനദിന"മെന്നും "യുഗാന്ത്യ"മെന്നും ഒപ്പം, "കർത്താവിന്റെ ദിനം" (1കോറി 1:18; 2പത്രോ 3:10), "ദൈവത്തിന്റെ ദിവസം" (1 കോറി 5:5;1 തെസ 5:2; 2 തെസ 2:2), "മനുഷ്യപുത്രന്റെ ദിവസം" (ലൂക്കാ 12:22; 24: 26 -30), "ക്രിസ്തുവിന്റെ ദിവസം" (ഫിലി 1:6, 10; 2:16), "ക്രോധത്തിന്റെ ദിവസം" (1 തെസ 5:4; ഹെബ്രാ 10:20) എന്നിങ്ങനെ പലരീതിയിൽ വിളിച്ചിരുന്നു. യേശുവിന്റെ മനുഷ്യാവതാര-മരണ-ഉത്ഥാന രഹസ്യങ്ങളുടെ തുടർച്ചയും പൂർത്തീകരണവുമായി അവിടുത്തെ ദ്വിതീയാഗമനത്തെ അവർ കണ്ടു. ഈ വിശ്വാസം സുവിശേഷങ്ങളുടെയും (മത്താ 24:24; 25:31; മർക്കോ 8:38–9:1; 10:37; 13:6–7, 22, 27; 14:62; ലൂക്കാ 12:8ff, 37ff; 17:20ff; 21:27; യോഹ 14:3, 28; 21:22–23) മറ്റു പുതിയനിയമഗ്രന്ഥങ്ങളുടെയും (ഉദാ 1 കോറി 1: 7–8; 7:25,15:23–24; കൊളോ 3:4; 1 തെസ 1:9–10; 2:19; 3:13; 4:15–17; 5:2ff, 23; ഹെബ്രാ 9: 28; 1 പത്രോ 1:8; 2:12; 1 യോഹ 2:28; യൂദാ 6, 21, 24) പ്രധാന പ്രബോധനമാണെന്നു കാണാം. വെളിപാടുഗ്രന്ഥമാകട്ടെ, മതപീഡനത്തിന്റെ പശ്ചാത്തലത്തിൽനിന്നു കൊണ്ട് ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ പ്രതീകാത്മകമായി അവതരിപ്പിക്കുന്നതുതന്നെയാണ്. എല്ലാറ്റിന്റെയും കർത്താവായി ക്രിസ്തു മഹത്വീകൃതനാകുന്ന നിമിഷവും രക്ഷാകര കർമ്മത്തിന്റെ പൂർത്തീകരണവുമാണ് അവിടുത്തെ പ്രത്യാഗമനം.

ഗ്രീക്കു പുതിയനിയമത്തിൽ, *പരൂസിയ* എന്ന പദം 24 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് എന്നതിൽനിന്ന് ആദിമസഭയിൽ ഈ പ്രതീക്ഷ എത്ര പ്രബലമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഈ വിശ്വാസത്തിനു തട്ടിയ കോട്ടമാണ് ലേഖനപശ്ചാത്തലമായിരിക്കുന്നത്. ആസന്നമാണെന്നു പ്രതീക്ഷിച്ചിരുന്ന ക്രിസ്തുവിന്റെ പ്രത്യാഗമനം വൈകുന്നത് പല വ്യാജപ്രബോധനങ്ങളും ഉടലെടുക്കുന്നതിനു കാരണമായി. പ്രത്യാഗമനത്തെക്കുറിച്ചുള്ള പ്രബോധനം സത്യമല്ലെന്നും, യുഗാന്ത്യ വിധി എന്നൊന്നില്ലായെന്നും അവർ പ്രചരിപ്പിച്ചു തുടങ്ങി. യുഗാന്ത്യ പ്രതീക്ഷയിൽ ഭക്തിയിലും പ്രാർത്ഥനയിലും കഴിഞ്ഞിരുന്ന വിശ്വാസികൾക്ക് പ്രലോഭനഹേതുവാകത്തക്കവണ്ണം അധാർമിക പ്രവൃത്തികളിൽ മുഴുകിയ ഇത്തരം വ്യാജപ്രബോധകർ പെരുകിയ

സാഹചര്യത്തിൽ സത്യവിശ്വാസത്തിനു സാധൂകരണം നല്കുകയെന്നതാണ് ലേഖനലക്ഷ്യം.

സഭ നേരിടുന്ന ഈ ഒരു പ്രതിസന്ധിയിൽ അപ്പസ്തോലനും സഭയുടെ തലവനുമായിരുന്ന പത്രോസിന്റെ പേരിൽ, അദ്ദേഹം തന്റെ വേർപാടിന്റെ സമയമായി എന്നനുസ്മരിപ്പിച്ചു കൊണ്ട് മരണപത്രികയായി നല്കുന്നു എന്ന തോന്നലുളവാകത്തക്കവണ്ണം അദ്ദേഹത്തിന്റെ പിൻഗാമികളിലാരോ രചിച്ച ലേഖനമാണിത്. യേശുവിന്റെ പ്രത്യാഗമനം ഉറപ്പാണെന്നും, വ്യാജപ്രബോധകരെ അകറ്റിനിർത്തണമെന്നും യുഗാന്ത്യപ്രതീക്ഷയിൽ അടിസ്ഥാനമിട്ട് ജീവിതത്തെ ക്രമീകരിക്കണമെന്നും ഗ്രന്ഥകർത്താവ് ഉപദേശിക്കുന്നു. യേശുവിന്റെ പ്രത്യാഗമനം ഉണ്ടാകുകയില്ലെന്നു ധരിപ്പിച്ചു കൊണ്ട് അധാർമ്മികജീവിതത്തിനു പ്രലോഭിപ്പിക്കുന്ന വ്യാജപ്രബോധകർക്ക്/പ്രവാചകർക്കെതിരേയുള്ള അദ്ദേഹത്തിന്റെ വാക്കുകൾ അതിശക്തമാണ്. എന്തുകൊണ്ട് യേശുവിന്റെ പ്രത്യാഗമനം വൈകുന്നു എന്നതിനു കാരണവും, അതിനായി ഒരുങ്ങിയിരിക്കാൻ ആഹ്വാനവും നല്കിക്കൊണ്ടാണ് ലേഖനം ഉപസംഹരിക്കുക.

## ലേഖനത്തിന്റെ ഘടന

ഇതിൽ പ്രതിപാദിച്ചിരിക്കുന്ന പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ലേഖനത്തിന്റെ ഘടന വളരെ ലളിതമാണ്. യേശുവിന്റെ പ്രത്യാഗമനമാണ് ഇതിലെ കേന്ദ്രപ്രമേയം. ഈ പ്രമേയത്തെ വിശദീകരിക്കുന്ന മൂന്നു ഭാഗങ്ങളെ മൂന്നധ്യായങ്ങളിലായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ക്രൈസ്തവന്റെ വിളിയെക്കുറിച്ചും യേശുവിന്റ മഹത്ത്വത്തിനു ദൃക്സാക്ഷിയായവരുടെ വചനങ്ങൾക്ക് വിളി ലഭിച്ചവർ നല്കേണ്ട അനുസരണത്തെക്കുറിച്ചും ഒന്നാമധ്യായത്തിൽ വിവരിക്കുമ്പോൾ രണ്ടാമധ്യായം അതിനെതിരായ പ്രബോധനം നല്കുന്നവരെക്കുറിച്ചാണ്. മൂന്നാമധ്യായം, ക്രിസ്തുവിന്റെ രണ്ടാമാഗമനത്തെ വീണ്ടും ഉറപ്പിക്കുന്നു. ഉള്ളടക്കമനുസരിച്ച് ഘടന ഇപ്രകാരമാണ്:

1:1-2 ആമുഖം

**I. 1:3-21 ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്**

1:3-15 ക്രിസ്തീയജീവിതം

1:16-21 അപ്പസ്തോലന്റെ സാക്ഷ്യം

**II. 2:1-22 വ്യാജപ്രവാചകരും വിനാശവും**

2:1-3 വ്യാജപ്രവാചകന്മാർ

2:4-9 വ്യാജപ്രവാചകരുടെ ശിക്ഷാവിധി

2:10-22 വ്യാജപ്രവാചകരുടെ ഹീനത്വം

**III. 3:1-18 കർത്താവിന്റെ പ്രത്യാഗമനം.**

3:1-7 വ്യാജപ്രബോധനം

3:8-13 യുഗാന്ത്യം

3:13-18 പ്രതീക്ഷയോടെയുള്ള ജീവിതം





# 2 പത്രോസ് 1:1-2, ആമുഖവും ആശംസയും

പത്രോസിന്റെ രണ്ടാം ലേഖനം ആരംഭിക്കുന്നത് മൂന്നു ഘടകങ്ങൾ ഉൾച്ചേരുന്ന ഒരു ശീർഷകത്തോടെയാണ്: ലേഖനകർത്താവിനെ പരിചയപ്പെടുത്തുന്നതാണ് ആദ്യഭാഗം. ശിമയോൻ പത്രോസ് എന്ന നാമവും ഈശോയുടെ ദാസനും അപ്പസ്തോലനും എന്ന അഭിധാനവും ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ശിമയോൻ എന്നത് പാലസ്തീനിയൻ ക്രൈസ്തവ സമൂഹങ്ങൾ പത്രോസിനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന പേരാണ് (അപ്പ 15:14). യേശുക്രിസ്തുവിന്റെ ദാസൻ എന്നത് ക്രിസ്ത്യാനികൾ സ്വയം വിശേഷിപ്പിക്കുന്ന സാദാപദമായിരുന്നു (1 കോറി 7:22-23; എഫേ 6:6; 1 പത്രോ 2:16). പാപത്തിന്റെ അടിമത്തത്തിലായിരുന്നവരെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു വീണ്ടെടുത്തവനാകയാൽ യേശുവിന്റെ ദാസരായി സ്വയം പരിഗണിക്കുന്നത് അർത്ഥവത്താണെന്ന് ആദിമക്രൈസ്തവർ കരുതിയിരുന്നു. ദാസൻ എന്നത് ക്രൈസ്തവനേതാക്കൾ സ്വയം വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദമാണ് (ഫിലി 1:1; യാക്കോ 1:1; യൂദാ 1). ഇസ്രായേലിന്റെ മഹാരഥന്മാരായ നേതാക്കന്മാരെ "കർത്താവിന്റെ ദാസർ" എന്ന് അഭിസംബോധന ചെയ്തിരുന്നതിന്റെ ചുവടുപിടിച്ചാണ് (പുറ 32:13; നിയ 9:27; സങ്കീ 89:3) ക്രൈസ്തവ നേതാക്കളും ഈ അഭിധാനം സ്വീകരിച്ചത് എന്ന് അനുമാനിക്കാം. സ്വയം ദാസനെപ്പോലെ നേതൃശുശ്രൂഷ നിർവ്വഹിച്ച ക്രിസ്തുവിനെ അനുകരിക്കുക എന്നതും ഈ പദത്തിന്റെ പരിപ്രേക്ഷ്യത്തിൽപെടുന്നുണ്ട്.

അപ്പസ്തോലൻ എന്ന പദവും നേതൃനിയോഗത്തെ സൂചിപ്പിക്കുന്നതാണ്. യേശുവിന്റെ പന്ത്രണ്ട് ശിഷ്യരെ വിളിക്കാൻ ആദിമസഭ ആദരവോടെ ഉപയോഗിച്ചിരുന്ന ഈ പദത്തിന് ശിമയോൻ പത്രോസ് തികച്ചും അർഹനായിരുന്നു. കാരണം അപ്പസ്തോലഗണത്തിന്റെ നേതാവും വക്താവും ശിമയോനായിരുന്നു (മത്താ 16:18-19; മർക്കോ 3:13-16). താൻ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവനാണ് എന്ന തിരിച്ചറിവ് പ്രേഷിതന്റെ അനിവാര്യമായ തിരിച്ചറിവാണ്. ദാസൻ അപ്പസ്തോലൻ എന്നീ ദ്വന്ദ്വാഭിധാനങ്ങൾ പൗലോസ് ശ്ലീഹാ റോമാ 1:1 ൽ ഉപയോഗിക്കുന്നുണ്ട്.

ലേഖനത്തിന്റെ സ്വീകർത്താക്കളെക്കുറിച്ചാണ് രണ്ടാമതായി പ്രതിപാദിക്കുന്നത്. യേശുക്രിസ്തുവിലുള്ള നീതീകരണംവഴി വിശ്വാസികളായിത്തീർന്നവരെ ലക്ഷ്യമാക്കിയാണ് ഈ ലേഖനം എഴുതപ്പെടുന്നത്. ഈ വാക്യത്തിന്റെ മൂലരൂപത്തെ രണ്ടുവിധത്തിൽ വിവർത്തനം ചെയ്യാനാകും.

"നമ്മുടെ ദൈവത്തിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും നീതിവഴി നിങ്ങൾ സ്വീകരിച്ച വിശ്വാസം..."

"നമ്മുടെ ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നീതിവഴി നിങ്ങൾ സ്വീകരിച്ച വിശ്വാസം..."

പി.ഒ.സി ബൈബിൾ ആദ്യവിവർത്തനമാണ് സ്വീകരിച്ചിട്ടുള്ളതെങ്കിലും രണ്ടാമത്തെ വിവർത്തനമാണ് മൂലഗ്രന്ഥത്തോട് കൂടുതൽ വിശ്വസ്തത

പുലർത്തുന്നത്. യേശുവിനെ ദൈവമായി അഭിസംബോധന ചെയ്യുന്ന അപൂർവ്വം പുതിയനിയമഭാഗങ്ങളിലൊന്നായി (യോഹ 1:1-3; 20:28) ഈ വചനഭാഗത്തെ മനസ്സിലാക്കാം. വിശ്വാസത്തെ യേശുവിലുള്ള നീ തീക രണംവഴി ലഭിക്കുന്ന ദാനമായി വ്യാഖ്യാനിക്കുന്ന പൗലോസിന്റെ ലേഖ നങ്ങളിലെ ശൈലിയാണ് ഇവിടെ ആവർത്തിക്കുന്നത്. വിശ്വാസം സ്വീക രിച്ചവർ നീതീകരിക്കപ്പെട്ട അവസ്ഥയിൽതന്നെ നിലനിൽക്കണമെന്ന വിവ ക്ഷയും ഈ വാക്യങ്ങളിലുണ്ട്.

1:2 ലെ ആശംസാവാക്യം യേശുവിനെക്കുറിച്ചുള്ള പൂർണ്ണമായ പരി ജ്ഞാനത്തെക്കുറിച്ച് (എപ്പിഗ്നോസിസ്) സൂചന നൽകുന്നുണ്ട് (1:2-3,8; 2:20). ഈ ജ്ഞാനം കേവലം ബൗദ്ധികമല്ല മാനസാന്തരപ്പെട്ട് യേശു വിൽ വിശ്വസിക്കുന്നതിലൂടെ സംജാതമാകുന്നതാണ്. ഈശോയെക്കു റിച്ചുള്ള യഥാർത്ഥ ജ്ഞാനമാണ് ഒരുവന്റെ ജീവിതത്തെ കൃപയിലും സമാധാനത്തിലും നിലനിർത്തുന്നത് എന്നു ഗ്രന്ഥകാരൻ വിവക്ഷിക്കു ന്നുണ്ട്.

**വിചിന്തനങ്ങൾ**

**1.** ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനു ലഭിക്കുന്നത് അവിടുന്ന് കുരിശിലെ ബലിയിലൂടെ നേടിത്തന്ന നീതീകരണം വഴിയായിട്ടാണ്. ഈ വിശ്വാസം സ്വീകരിക്കുന്നവന്റെ ജീവിതം ദൈവതിരുമുമ്പിൽ സദാ നീതീകരിക്കപ്പെടുന്ന അവസ്ഥയിലായിരിക്കണം. വിശ്വാസം വൈയക്തി കമായ നീതീകരണങ്ങൾക്കുള്ള പ്രതിഫലമല്ല. എന്നാൽ വിശ്വാസിയുടെ ജീവിതം മുഴുവൻ വൈയക്തികവും സാമൂഹികവുമായ നീതീകരണ ത്തിന്റെ പാതയിലായിരിക്കും.

**2.** കൃപയും സമാധാനവും ഈശോയെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനത്തിലൂടെയാണു ലഭിക്കുന്നത്. ഈശോയെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനത്തിന്റെ അഭാവമാണ് കൃപയും സമാധാനവും ആധു നിക ലോകത്തിന് അന്യമാകാൻ ഇടവരുത്തുന്നത്.

## 2 പത്രോസ് 1:3-21, ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്

രണ്ടു പ്രധാനഭാഗങ്ങളാണ് ആമുഖ വാക്യങ്ങളെത്തുടർന്ന് ഒന്നാമധ്യായത്തിൽ കാണുക. യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് എന്തെന്നു വിശദീകരിക്കുകയും അതിൽ നിലനിൽക്കേണ്ടതെങ്ങനെ യെന്ന് ഉപദേശിക്കുകയും ചെയ്യുന്നതാണ് ആമുഖവാക്യങ്ങളെത്തുടർന്ന് ആദ്യഭാഗത്തുള്ള 3-15 വാക്യങ്ങളിൽ കാണുക. തുടർന്നുള്ള ഭാഗം (16-21) ഇതുവരെ നല്കിയ പ്രബോധനം സത്യപ്രബോധനമാണെന്നതിനു ഗ്രന്ഥ കർത്താവു നല്കുന്ന സാധൂകരണവും സാക്ഷ്യവുമാണ്.





## 2 പത്രോസ് 1:3-15, ക്രിസ്തീയ ജീവിതം

ലേഖനത്തിന്റെ ഉള്ളടക്കവും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കുന്ന വചനഭാഗമാണ് 1:3-15. ഇതിന്റെ ആദ്യഭാഗം (1:3-11) വിശ്വാസികളെ തങ്ങ ളുടെ മഹത്തായ പാരമ്പര്യങ്ങൾ അനുസ്മരിപ്പിക്കാനും രണ്ടാംഭാഗം (വാ. 12-15) അവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താനുമാണ് എഴുതപ്പെട്ടു ന്നത് എന്ന് ലേഖനകർത്താവ് വ്യക്തമാക്കുന്നുണ്ട്. 1:3-11 ൽ വിവരിക്കുന്ന കാര്യങ്ങൾ അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളുടെ ഉള്ളടക്കമായി പര മ്പരാഗതമായി നൽകിയിരുന്ന കാര്യങ്ങളുടെ സംഗൃഹീത രൂപമാണ്.

**1:3-4,** രക്ഷാകരചരിത്രത്തിൽ ഇടപെട്ട് ദൈവം നടത്തുന്ന പ്രവർത്ത നങ്ങളുടെ അനുസ്മരണമാണ് ഈ വചനങ്ങളുടെ പ്രതിപാദ്യം. ദൈവ വുമായി യേശു പങ്കുവയ്ക്കുന്ന തന്റെ ശക്തിയാൽ "ദൈവികതയിൽ" (= എവുസേബിയാ) ജീവിക്കാനാവശ്യമായ സകലകൃപയും വിശ്വാസി കൾക്കു ലഭിക്കുമെന്ന് ലേഖനകർത്താവ് വ്യക്തമാക്കുന്നുണ്ട്. ക്രിസ്തീ യമൂല്യങ്ങളിലധിഷ്ഠിതമായ പരിപക്വമായ ജീവിതമാണ് ഒരുവൻ ക്രിസ്തുവിനാൽ വിളിക്കപ്പെട്ടവനും തിരഞ്ഞെടുക്കപ്പെട്ടവനുമാണോ എന്നു തിരിച്ചറിയാനുള്ള മാനദണ്ഡം. പുതിയ ആകാശത്തിലും പുതി യ ഭൂമിയിലും കറയോ ചുളിവോ ഇല്ലാത്തവർക്കു മാത്രമാണ് പ്രവേ ശനമുള്ളത് (3:11-14) എന്നതിനാൽ ദൈവികത സ്വന്തമാക്കുക എന്നത് സകലവിശ്വാസികളുടെയും ആവശ്യകതയാണ്. ഈ ദൈവികതയിൽ പ്രവേശിക്കാനുള്ള ഏകമാർഗ്ഗം യേശുവിനെക്കുറിച്ചുള്ള അറിവാണ്. യേശുവിലുള്ള വിശ്വാസം സ്വീകരിച്ച് മാനസാന്തരപ്പെടുന്നതിനും ഈ ലോകമാലിന്യങ്ങളിൽനിന്നു വിമുക്തരായി ജീവിക്കാൻ നമ്മെ പര്യാപ്ത രാക്കുന്നതും യേശുവിലുള്ള ജ്ഞാനമാണ് (1:2-4; 2:20; 3:18).

ദൈവികതയിൽ ജീവിക്കാൻ ക്രിസ്തു നൽകുന്ന രക്ഷാകരമായ കൃപ യോടു സഹകരിച്ചവരിൽ ക്രിസ്തു തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരി ക്കുമെന്ന് ലേഖനകർത്താവ് ഉറപ്പു നൽകുന്നുണ്ട്. വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തെ യുഗാന്ത്യവുമായി ബന്ധപ്പെടുത്തിയാണ് ലേഖന കർത്താവ് അന്യത്ര പരാമർശിക്കുന്നത് (3:4,9,13). ഈ ലോകത്തിന്റെ മലിനതകളിൽനിന്നും ദുരാശകളിൽനിന്നും രക്ഷപ്പെടുന്നതായുള്ള പരാ മർശത്തെ (1:3) യുഗാന്ത്യവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാവുന്ന താണ്. ഈ ലോകജീവിതത്തിലെ പാപമുക്തമായ ജീവിതത്തെയോ മര ണസമയത്ത് ദൈവവുമായുണ്ടാകുന്ന സമാഗമത്തെയോ അല്ല യുഗാ ന്ത്യത്തിൽ ക്രിസ്തുവിൽ ഒന്നുചേരുന്ന രക്ഷയുടെ പൂർത്തീകരണത്തെ യാണ് ഇവിടെ വിവക്ഷിക്കുന്നത്. ദുരാശകളിൽനിന്നുള്ള വിടുതൽ (2:10,18-19) ദൈവസ്വഭാവത്തിനും അക്ഷയത്വത്തിനും നമ്മെ അർഹരാ ക്കുന്നു. ദൈവസ്വഭാവവും അക്ഷയത്വവും തമ്മിലുള്ള പാരസ്പര്യം ബൈബിളിൽ അന്യത്ര പരാമർശിക്കപ്പെട്ടിട്ടുണ്ട് (ജ്ഞാനം 2:23; റോമാ 8:18-25; 1 കോറി 15:42-57) മരണത്തെ ജയിച്ച് അക്ഷയനായിത്തീർന്ന ക്രിസ്തുവിനോടുള്ള ഐക്യം ക്രൈസ്തവരെ ലോകത്തിന്റെ വിനാ ശങ്ങളിൽനിന്ന് കാത്തുരക്ഷിക്കുന്നു.

**1:5-7,** വിശ്വാസത്തിലൂടെ ദൈവം ക്രൈസ്തവർക്കു നൽകിയിരിക്കുന്ന കൃപാദാനങ്ങളാലാണ് ദൈവികസ്വഭാവത്തിന് അനുഗുണമായ ജീവിതം നയിക്കാൻ അവർ പ്രാപ്തരാകുന്നത്. എന്നാൽ കൃപയുടെ ജീവിതമോ അതുവഴി ലഭിക്കുന്ന അനശ്വരതയോ യാന്ത്രികമായി ലഭിക്കുന്നതല്ല. അവ നേടുന്നതിനായി വിശ്വാസികൾ ധാർമ്മികതയുടെ ജീവിതം വിശ്വസ്തതയോടെ നയിക്കണം എന്ന് അപ്പസ്തോലൻ ആവശ്യപ്പെടുന്നുണ്ട് (1:5,10; 3:14). ധാർമ്മികമൂല്യങ്ങളിൽ ഏഴെണ്ണം ലേഖനകർത്താവ് ഇവിടെ പ്രത്യേകം പരാമർശിക്കുന്നുണ്ട്. സമാനമായ പുണ്യപാപങ്ങളുടെ പട്ടിക പുതിയനിയമത്തിൽ അന്യത്ര ദൃശ്യമാണ് (ഗലാ 5:19-23). പടിപടിയായി മുന്നേറുന്ന പുണ്യപാപങ്ങളുടെ പട്ടിക യവന ധാർമ്മിക ശാസ്ത്രത്തിൽ സർവ്വസാധാരണമായിരുന്നു (റോമാ 5:3-5). സമാനമായ ശൈലിയാണ് ഇവിടെയും അനുവർത്തിച്ചിരിക്കുന്നത്.

പുണ്യങ്ങളുടെ ഈ ശ്രേണിയിൽ പ്രഥമസ്ഥാനം വിശ്വാസത്തിനാണ് നൽകിയിരിക്കുന്നത്. സകലപുണ്യങ്ങളുടെയും അടിത്തറയായി വർത്തിക്കുന്നത് വിശ്വാസമാണെന്ന് ഇതിലൂടെ വ്യക്തമാകുന്നുണ്ട്. വിശ്വാസത്തെ പോഷിപ്പിക്കുന്നവയുടെ ഗണത്തിലാണ് പുണ്യങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. അവസാനത്തേതും ഏറ്റവും പൂർണ്ണതയുള്ളതുമായ പുണ്യമായി അവതരിപ്പിക്കുന്നത് സ്നേഹത്തെയാണ് (= അഗാപ്പേ). വിശ്വാസത്തിൽ ആരംഭിച്ച് സ്നേഹത്തിൽ അവസാനിക്കുന്ന ഈ പുണ്യപ്പട്ടികയിൽ സകല ക്രിസ്തീയ പുണ്യങ്ങളും വിവക്ഷിക്കപ്പെടുന്നുണ്ട് എന്ന് അനുമാനിക്കാം.

ഈ പട്ടികയിൽ പരാമർശിക്കുന്ന ഇതര പുണ്യങ്ങൾ താഴെപ്പറയുന്നവയാണ്:

സുകൃതം (= *അരേത്തേ*) - ധാർമ്മിക മൂല്യങ്ങളുടെ സമഗ്രതയെ സൂചിപ്പിക്കുന്നു.

അറിവ് (= *ഗ്നോസിസ്*) - ക്രിസ്തുമാർഗ്ഗത്തിൽ ജീവിക്കുന്നതിലൂടെ ലഭിക്കുന്ന ജ്ഞാനം

ആത്മനിയന്ത്രണം (= *എക്ക്രാത്തേയിയ*) - ഭൗതികമോഹങ്ങളുടെയും ലൈംഗികമോഹങ്ങളുടെയും മേലുള്ള നിയന്ത്രണം

ക്ഷമ (= *ഹുപ്പോമൊനേ*) - തിന്മയുടെയും സഹനത്തിന്റെയും പ്രലോഭനങ്ങളുടെയും മുന്നിൽ ശരിയായവ മാത്രം തുടരാനുള്ള കഴിവ്

ഭക്തി (= *എവുസെബേയിയ*) - ദൈവത്തിന്റെ മഹത്വവും അധികാരവും അംഗീകരിക്കുന്ന മനോഭാവം.

സഹോദരസ്നേഹം (= *ഫിലാദെൽഫിയ*) - സഹോദരങ്ങളോടുള്ള കരുണാമസൃണമായ പെരുമാറ്റം.

ഇവയെല്ലാം വിശ്വാസത്തിൽനിന്നുത്ഭവിക്കുന്നതും സ്നേഹത്തിലേക്കു നയിക്കുന്നവയുമായ പുണ്യങ്ങളാണെന്ന് ലേഖനകർത്താവു സമർത്ഥിക്കുന്നുണ്ട്.





**1:8-9,** മേൽവിവരിച്ച പുണ്യങ്ങൾ അഭ്യസിക്കുന്നതിന്റെ പ്രയോജനങ്ങളാണ് ഈ വചനഭാഗത്ത് പ്രതിപാദിക്കുന്നത്. വിശ്വാസത്തെ പുണ്യങ്ങൾകൊണ്ട് വളർത്തുന്നവർ ഫലശൂന്യരായി മാറില്ല. സമാനമായ ഉപദേശങ്ങൾ ഗലാ 5:22-23; കൊളോ 1:9-10; തീത്തോ 3:14; യാക്കോ 2:20 എന്നീ വചനഭാഗങ്ങളിൽ കാണാം. പുണ്യങ്ങളഭ്യസിക്കാത്ത വിശ്വാസി ദീർഘവീക്ഷണമില്ലാത്തവനും അന്ധനുമായി സത്യത്തെ ഗ്രഹിക്കാൻ കഴിവില്ലാത്തവനായി മാറുന്നു (1 യോഹ 2:11; വെളി 3:17). വിശ്വാസത്തെ പുണ്യംകൊണ്ടു പിന്തുണയ്ക്കാത്തവൻ പഴയ പാപാവസ്ഥയിലേക്കു പിന്തിരിയും (ഹെബ്രാ 6:4; 10:32).

**1:10,** പുണ്യങ്ങളുടെ പട്ടികയുടെ ഉപസംഹാരവാക്യമായി ഈ വചനഭാഗത്തെ മനസ്സിലാക്കാം. 1:5 ൽ പരാമർശിച്ച ആശയംതന്നെയാണ് ഇവിടെ ആവർത്തിക്കപ്പെടുന്നത്. ക്രിസ്തീയജീവിതത്തിൽ എപ്രകാരം പക്വത പ്രാപിക്കാനാകും എന്ന ആശയമാണ് ഇവിടെ വിവരിക്കപ്പെടുന്നത്. തങ്ങൾക്കുലഭിച്ച വിളിയിലും തിരഞ്ഞെടുപ്പിലും കൂടുതൽ ജാഗ്രതയും ഉത്സാഹവുമുള്ളവരാകുവാനുള്ള ആഹ്വാനമാണ് ഇവിടെ നൽകപ്പെടുന്നത്. വിളി (= *ക്ലേസിസ്*), തിരഞ്ഞെടുപ്പ് (= *എക്ലോഗേ*) എന്നീ വാക്കുകൾക്ക് സമാനാർത്ഥങ്ങളാണ്. മാനസാന്തരപ്പെടാനും അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കാനുമുള്ള യേശുവിന്റെ ആഹ്വാനമാണ് ആത്യന്തികമായി എല്ലാ വിളിയുടെയും പിന്നിലുള്ളത്. വിളി നഷ്ടപ്പെടുത്തരുത് എന്നതിന് രക്ഷ നഷ്ടപ്പെടുത്തരുത് എന്ന അർത്ഥംകൂടിയുണ്ട് (യൂദാ 24).

**1:11,** യുഗാന്ത്യത്തെ മുൻനിർത്തിയുള്ള പ്രത്യാശയുടെ പ്രകരണമായി ഈ വാക്യത്തെ മനസ്സിലാക്കാം. ക്രൈസ്തവർ പുണ്യങ്ങളഭ്യസിക്കുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ആത്യന്തികമായ ലക്ഷ്യം കേവലം ഭൗതികമായ ഏതെങ്കിലും നേട്ടമല്ല മറിച്ച്, സ്വർഗ്ഗം എന്ന പരമമായ ലക്ഷ്യമാണ്. സ്വർഗ്ഗരാജ്യത്തിലെ പ്രവേശനം എന്ന പരമമായ നന്മയാണ് ഭൗമിക നന്മകളുടെയെല്ലാം ആത്യന്തികമായ ലക്ഷ്യം.

**1:12-15,** ലേഖനത്തിന്റെ ഉള്ളടക്കത്തിലേക്കുള്ള പ്രവേശിക എന്ന നിലയിലാണ് ഈ വചനഭാഗത്തെ മനസ്സിലാക്കേണ്ടത്. ഗ്രന്ഥകാരനും വായനക്കാരും ഒരുപോലെ പങ്കുചേരുന്ന സത്യവിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ അവതരിപ്പിക്കുക എന്നതാണ് ലേഖനത്തിന്റെ ലക്ഷ്യം. സത്യവിശ്വാസം വരുംതലമുറയ്ക്കായി അവികലമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നുണ്ട്.

പത്രോസിന്റെ ശ്ലൈഹികമായ അധികാരത്തെ മുൻനിർത്തിയാണ് ഗ്രന്ഥകാരൻ തന്റെ പ്രബോധനങ്ങൾക്ക് ആധികാരികത നൽകുന്നത്. പത്രോസ്ശ്ലീഹാതന്നെ വ്യാജപ്രബോധകരോടു സംസാരിക്കുന്നു എന്ന അർത്ഥത്തിലാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. തങ്ങളുടെ വിശ്വാസപൈതൃകത്തെ (വാ. 12) ആവർത്തിച്ചുവായിച്ചുറപ്പിക്കണം എന്നതാണ് ഗ്രന്ഥകാരന്റെ നിർദ്ദേശം (വാ. 15). അപ്പസ്തോലിക അധികാരത്തോടെ

യുള്ള പ്രബോധനം എന്ന ആശയത്തിന് ലേഖനകർത്താവ് ഏറെ ഊന്നൽ നൽകുന്നുണ്ട് (1:15; 3:1-2).

1:3-11 ൽ അവതരിപ്പിച്ച ക്രിസ്തീയ വിശ്വാസത്തെ "സത്യം" എന്ന ഒറ്റവാക്കിലാണ് 1:12 ൽ വിശേഷിപ്പിക്കുന്നത്. പൗലോസും (3:15-16) പത്രോസും (3:1) ഇതര അപ്പസ്തോലന്മാരും (1:16-18) നൽകിയ പ്രബോധനങ്ങളുടെയെല്ലാം ഉള്ളടക്കം ഈ "സത്യ"മായിരുന്നു. സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ഈ സത്യത്തിന്മേലാണ്. വായനക്കാരെ ഈ സത്യത്തിൽ സ്ഥിരതയുള്ളവരാക്കുക എന്നതാണ് ലേഖന കർത്താവിന്റെ ലക്ഷ്യം.

താൻ വാർധക്യത്തിലെത്തി എന്ന സന്ദേശംകൂടി പത്രോസ്ശ്ലീഹാ ഈ ലേഖനത്തിൽ നൽകുന്നുണ്ട്. ഇതിനെ സൂചിപ്പിക്കാൻ രണ്ടു പ്രതീകങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. "കൂടാരത്തിൽനിന്നുള്ള വേർപാട്" എന്ന പ്രതീകം ആത്മാവ് ശരീരത്തിൽനിന്നു പിരിയുന്നതിന്റെ സൂചനയാണ് (1 കോറി 5:1-5). "ഭൂമിയിൽനിന്നുള്ള പുറപ്പാട്" എന്നതാണ് രണ്ടാമത്തെ പ്രതീകം (വാ. 15). ഈ പുറപ്പാടാകട്ടെ നിത്യജീവനിലേക്കുള്ള പ്രവേശനത്തിനായുള്ളതാണ് (വാ. 11). ലേഖനകർത്താവ് സമീപസ്ഥമായ തന്റെ മരണത്തെ മുന്നിൽ കണ്ട് എഴുതുന്ന വരികളായി ഈ വചനത്തെ മനസ്സിലാക്കാം.

### വിചിന്തനങ്ങൾ

**1.** ക്രിസ്തുവിനെക്കുറിച്ചുള്ള ശരിയായ അറിവ് ഒരുവനെ ശരിയായ ധാർമ്മികതയിലേക്കു നയിക്കും (orthodoxy leads to orthopraxis) എന്ന ലേഖനകർത്താവിന്റെ ദർശനത്തിന് കാലാതിവർത്തിയായ പ്രസക്തിയുണ്ട്. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് നേടുക എന്നത് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണ് (1:5-7). ഈ ജ്ഞാനമാണ് പാപത്തിന്റെ വിനാശത്തിൽനിന്ന് മനുഷ്യന് രക്ഷനൽകുന്നത് (1:8-9). ഒരുവൻ തന്റെ വിളിയിൽ വളരുന്നത് ധാർമ്മിക മൂല്യങ്ങളിൽ വളർന്നുകൊണ്ടാണ്.

**2.** ക്രിസ്തുവിനെക്കുറിച്ചുള്ള ശരിയായ അറിവും ധാർമ്മികതയിലുള്ള വിശ്വസ്തതയും ദൈവികമായ വാഗ്ദാനങ്ങൾക്ക് വിശ്വാസികളെ അർഹരാക്കുന്നു. നിത്യജീവിതവും പാപത്തിന്റെ മാലിന്യമേശാത്ത ഈലോക ജീവിതവുമാണ് ഈ വാഗ്ദാനങ്ങൾ. ഒരു വ്യക്തി വിശ്വാസത്തിൽ വളർന്നോ എന്നു തിരിച്ചറിയാനുള്ള മാനദണ്ഡം പ്രസ്തുത വ്യക്തിക്ക് പാപരഹിതമായ ജീവിതം നയിക്കാൻ സാധിക്കുന്നുണ്ടോ എന്നതാണ്.

**3.** പുണ്യങ്ങളുടെയെല്ലാം മാതാവായ പുണ്യം വിശ്വാസമാണെങ്കിൽ സകല പുണ്യങ്ങളും ചെന്നുചേരുന്ന പരമമായ പുണ്യമാണു സ്നേഹം എന്ന് ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നുണ്ട് (വാ. 5-8). വിശ്വാസത്തിൽ നിന്നുത്ഭവിച്ച് സ്നേഹത്തിലേക്കു വളരാനുള്ളതാണ് സകല ക്രിസ്തീയ പുണ്യങ്ങളും. സ്നേഹത്തെ നിഷേധിക്കുന്നവയ്ക്കൊന്നിനും ക്രിസ്തീയതയിൽ സ്ഥാനമില്ല. അതുപോലെ വിശ്വാസത്തെ ബലികൊടുത്തുള്ള പുണ്യങ്ങളും ക്രിസ്തീയതയിൽ അപ്രസക്തമാണ്.





**4.** വിശ്വാസത്തെ പുണ്യങ്ങൾകൊണ്ടു ബലപ്പെടുത്തിയില്ലെങ്കിൽ അതു ദുർബ്ബലമാകുകയും നശിക്കുകയും ചെയ്യും എന്ന ലേഖന കർത്താവിന്റെ നിരീക്ഷണവും ഏറെ പ്രസക്തമാണ്. വിശ്വാസം എന്ന സത്യം ധാർമ്മിക പുണ്യങ്ങളാൽ ബലപ്പെടുത്താത്തിടത്തോളം കാലം വിശ്വാസം അമൂർത്തമായ ഒരു സങ്കല്പം മാത്രമാണ്. കുറേക്കൂടി ലളിതമായ ഭാഷയിൽ പറഞ്ഞാൽ ജീവിതസാക്ഷ്യമില്ലാത്ത വിശ്വാസം ദുർബ്ബലവും നാശോന്മുഖവുമാണ്.

**5.** തലമുറകൾ കടന്നുപോകും. എന്നാൽ തലമുറകൾ കൈമാറുന്ന വിശ്വാസം അവികലമായി പരിരക്ഷിക്കപ്പെടണം. തങ്ങൾക്കു ലഭിച്ച വിശ്വാസത്തെ തന്നിഷ്ടപ്രകാരം ദുർവ്യാഖ്യാനം ചെയ്യുന്ന വ്യാജപ്രബോധകർ തലമുറകളോട് അന്യായം പ്രവർത്തിക്കുന്നു എന്നതാണ് ഗ്രന്ഥകാരന്റെ നിലപാട്.

## 2 പത്രോസ് 1:16-21, അപ്പസ്തോലന്റെ സാക്ഷ്യം

ക്രിസ്തുവിലൂടെ ദൈവം നല്കിയ രക്ഷയാണ് (1:3,8) ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. അതിനു വിശ്വാസികൾ നൽകേണ്ട പ്രത്യുത്തരത്തെക്കുറിച്ചു പറഞ്ഞശേഷം (വാ. 3-15), തന്റെ പ്രബോധനങ്ങളുടെ ആധികാരികതയെ വ്യക്തമാക്കുന്നതാണ് ഈ ഭാഗത്തു നാം കാണുക (1:16-21). അപ്പസ്തോലനെന്ന നിലയിൽ ക്രിസ്തുവിന്റെ മഹത്വത്തിന്റെ ദൃക്സാക്ഷിത്വം (16-18), വിശുദ്ധലിഖിതങ്ങളുടെ പരിശുദ്ധാത്മ പ്രചോദനം (1:19-21) എന്നീ രണ്ടു കാര്യങ്ങളാണ് തന്റെ പ്രബോധനങ്ങളുടെ ആധികാരികതയ്ക്കു തെളിവായി അദ്ദേഹം നല്കുന്നത്.

**1:16-19a, യേശുവിന്റെ ശക്തിയുടെ ദൃക്സാക്ഷി:** "യേശുവിന്റെ ശക്തിയെയും പ്രത്യാഗമനത്തെയുംകുറിച്ചുള്ള" അറിവ് തനിക്കു ലഭിച്ചിരിക്കുന്നതാണ് അവിടുത്തെ ശക്തിപ്രാഭവത്തിനു താൻ ദൃക്സാക്ഷിയായിരുന്നു എന്നതിനും അവയുടെ ആധികാരികതയക്കും ആദ്യത്തെ തെളിവ്. അത് "കൗശലപൂർവം മെനഞ്ഞെടുത്ത കല്പിത കഥകൾ" അല്ലെന്നു പറഞ്ഞുകൊണ്ട്, കൗശലപൂർവം തെറ്റായ വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരേ അപ്പസ്തോലികപാരമ്പര്യത്തിന്റെ വിശ്വാസ്യതയെ പ്രഖ്യാപിക്കുന്നു. "യേശുവിന്റെ ശക്തി" അവിടുത്തെ പ്രത്യാഗമനത്തിൽ പ്രപഞ്ചത്തിൽ ഉണ്ടാകാൻപോകുന്ന പ്രതിഭാസങ്ങളിൽ പ്രകടമാകുന്നതാണ്. അവിടുത്തെ ശക്തിപ്രാഭവം രൂപാന്തരീകരണസമയത്ത് വെളിപ്പെട്ടു. കാരണം, സ്വർഗത്തിൽനിന്നുള്ള സ്വരം, അതായത് മഹിമപ്രതാപവാനായ ദൈവം, യേശുവിന്റെ രൂപാന്തരീകരണസമയത്ത് ദൈവത്തിന്റെ പുത്രനാണ് യേശുവെന്നു സാക്ഷ്യപ്പെടുത്തി. താനും അവനോടൊപ്പം മലയിൽ ഉണ്ടായിരുന്നു. ദൈവത്തിന്റെ സ്വരം അവിടെവച്ചു

താൻ കേട്ടു. അതുകൊണ്ട് മറ്റാരെക്കാളും ആധികാരികത തനിക്കുണ്ട് എന്നദ്ദേഹം ഓർമിപ്പിക്കുന്നു. അപ്പസ്തോലിക പാരമ്പര്യത്തിന്റെ ആധികാരികത ഇങ്ങനെ ലേഖനകർത്താവ് ഉറപ്പിക്കുന്നു.

ഈ ദർശനം പ്രവാചകവചനങ്ങളെക്കുറിച്ച് കൂടുതലായി ലഭിച്ച ഉറപ്പായും ഗ്രന്ഥകർത്താവു കരുതുന്നു. "പ്രവാചകവചനങ്ങൾ" എന്നത് പഴയനിയമലിഖിതങ്ങളെ പൊതുവായി സൂചിപ്പിക്കുന്നു. അപ്പ 3:21, ക്രിസ്തുവിലൂടെയുള്ള പുനഃസ്ഥാപനത്തെക്കുറിച്ചു പറയുമ്പോൾ അത് "പ്രവാചകന്മാർവഴി ദൈവം അരുളിച്ചെയ്തിട്ടുള്ള"താണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സമാന്തരസുവിശേഷങ്ങളിൽ കൊടുത്തിരിക്കുന്ന രൂപാന്തരീകരണവിവരണങ്ങളിൽ മോശയും ഏലിയായും അവിടെ പ്രത്യക്ഷപ്പെട്ടിരുന്നതായി കാണുന്നുണ്ട്. പ്രവാചകരുടെ പ്രതീകമായി പ്രത്യക്ഷപ്പെട്ട അവർ യേശുവിനു സാക്ഷ്യം നല്കി എന്ന അവ്യക്തമായ സൂചനയും ഇവിടെ കാണാവുന്നതാണ്.

**1:19b-21 ദൈവനിവേശിത വചനങ്ങൾ:** യേശുവിന്റെ പ്രത്യാഗമനം ഉണ്ടെന്നുള്ളതിനു രണ്ടാമത്തെ തെളിവായി അദ്ദേഹം നല്കുന്നത് പരിശുദ്ധാത്മപ്രചോദനത്താൽ എഴുതപ്പെട്ട പ്രവാചകവചനങ്ങളാണ്. വി. ഗ്രന്ഥത്തിന്റെ ദൈവനിവേശിതത്വത്തെക്കുറിച്ച് വി. ഗ്രന്ഥം തന്നെ സാക്ഷ്യപ്പെടുന്നത് ഇവിടെ കാണാം.

പ്രവാചകവചനങ്ങൾ ഇരുളിൽ പ്രകാശിക്കുന്ന ദീപമെന്നപോലെ കരുതപ്പെടേണ്ടതാണ്. എന്നാൽ, "പ്രഭാതം പൊട്ടിവിടരുകയും പ്രഭാത നക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ" എന്ന പരിധി പ്രവാചകവചനങ്ങളെ സ്വീകരിക്കുന്നതിനു നല്കുന്നുണ്ട്. പ്രവാചകവചനങ്ങളാകുന്ന ദീപത്തിന്റെ ദൗത്യം പ്രഭാതനക്ഷത്രമായ യേശുവിന്റെ വരവോടുകൂടിമാത്രമേ പരിപൂർണമാക്കപ്പെടുന്നുള്ളൂ. അതിനാൽ അതുവരെ പ്രവാചകവചനങ്ങൾ നമുക്കു മാർഗദീപമാണ്. യേശുവിന്റെ രണ്ടാമാഗമനത്തെയാണ് പ്രഭാത നക്ഷത്രത്തിന്റെ ആഗമനത്തോടുപമിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രവാചകവചനങ്ങളെ സ്വന്തമായി വ്യാഖ്യാനിക്കാതെ അവയെ ദൈവനിവേശിതമായി കണക്കാക്കി അവയെ വിശ്വസിക്കണമെന്നും, അത് സ്വന്തമായ വ്യാഖ്യാനത്തിനു വിധേയപ്പെടുത്താതെ യുഗാന്ത്യംവരെ അനുസരിക്കപ്പെടേണ്ടതാണെന്നുമുള്ള ഉപദേശമാണിത്.

**വിചിന്തനം:** ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത് വചനത്തിലൂടെയാണ്. സൃഷ്ടിയിലൂടെയും നിയമത്തിലൂടെയും പ്രവാചകരിലൂടെയും വെളിപ്പെട്ട വചനം യേശു ക്രിസ്തുവിലൂടെ മാംസംധരിച്ചപ്പോൾ അവിടുത്തെ വെളിപ്പെടുത്തൽ പൂർണമായി. യേശുവിന്റെ പ്രബോധനത്തിലും പ്രവർത്തനത്തിലും അവിടുത്തെ സഹന-മരണ-ഉത്ഥാന ങ്ങളിലും ദൈവം വെളിപ്പെട്ടു, ദൈവത്തിന്റെ പദ്ധതിയും വെളിപ്പെട്ടു. ദൈവത്തിന്റെ പ്രത്യേക നിവേശനത്താൽ ലിഖിതരൂപത്തിലാക്കപ്പെട്ട ഈ വചനം അർഹമായ വണക്കത്തിനു യോഗ്യമാണ്.

വി. ഗ്രന്ഥം പരിശുദ്ധാത്മനിവേശനത്താൽ ലിഖിതപ്പെടുത്തിയവയാകയാൽ അതേ ആത്മാവിന്റെ സഹായത്താൽ അതു വായിക്കപ്പെ





ടുകയും വേണമെന്നു സഭ പഠിപ്പിക്കുന്നു. അതുപോലെ, "അതിലെ വാക്യങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കണം" (ദൈവാവിഷ്ക്കരണം, 12). മാത്രവുമല്ല, സഭയുടെ വിശ്വാസ സത്യങ്ങളും പാരമ്പര്യവും മനസ്സിലാക്കി അതിനോടുള്ള പൊരുത്തം കണക്കിലെടുത്ത് സഭയിലാണ് വചനം വ്യാഖ്യാനിക്കേണ്ടത്.

തെറ്റായ വചനവ്യാഖ്യാനത്താൽ വിശ്വാസികൾ ഒരിക്കലും വശീകരിക്കപ്പെടരുതെന്നും ഈ ഗ്രന്ഥം ഉപദേശിക്കുന്നു. കാരണം, അത് മാനുഷികചോദനയാൽ രൂപം കൊണ്ടതല്ല (1:21). ദൈവിക പ്രചോദനത്താൽ വ്യാഖ്യാനിക്കപ്പെടേണ്ട വചനം വേണ്ടത്ര അറിവില്ലാതെയും പരിശുദ്ധാത്മചൈതന്യമില്ലാതെയും വ്യാഖ്യാനിക്കാവുന്നതല്ല. അതു പോലെ, സ്വാർത്ഥ ലക്ഷ്യങ്ങൾക്കുവേണ്ടി വചനത്തെ വളച്ചൊടിക്കുകയോ, അങ്ങനെ ചെയ്യുന്നവരുടെ പ്രബോധനത്തിനു വശംവദരാകുകയോ ചെയ്യാതിരിക്കാനും വിശ്വാസികൾ ശ്രദ്ധിക്കുക ആവശ്യമാണ്. വചനത്തെ തെറ്റായി വ്യാഖ്യാനിക്കുകയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യുന്ന അനേകം സെക്ടുകൾ ഇന്നു നിലവിലുള്ള സാഹചര്യത്തിൽ ഈ ശ്രദ്ധ ഏറ്റവും ആവശ്യമാണ്.

## 2 പത്രോസ് 2:1–22, വ്യാജപ്രവാചകരും വിനാശവും

തങ്ങളുടെ ക്രിസ്തീയ വിളിയെക്കുറിച്ച് അവബോധമില്ലാത്തവർ മറ്റാരുടെ വിളിയിലും വീണുപോകും. ഇതു തിരിച്ചറിഞ്ഞുകൊണ്ട് വിശ്വാസികളെ തങ്ങളുടെ വിളിയിലും വിശ്വാസത്തിലും ഉറപ്പിക്കുന്നതിനു നല്കുന്ന ഉപദേശത്തെ തന്റെ സാക്ഷ്യംകൊണ്ട് ആധികാരികമാക്കിയ ശേഷം വ്യാജപ്രബോധകർക്കും പ്രബോധനങ്ങൾക്കുമെതിരേ ജാഗരൂകത പാലിക്കുവാൻ ആവശ്യപ്പെടുന്നതാണ് രണ്ടാമധ്യായത്തിൽ കാണുക.

ഈ ഭാഗത്തിനു യൂദാസിന്റെ ലേഖനവുമായുള്ള സാമ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. യൂദാസ് (വാ. 4-13) പത്രോസിന്റെ രണ്ടാംലേഖനത്തോടു കടപ്പെട്ടിരിക്കുന്നുവെന്നും അതല്ല, മറിച്ച്, 2 പത്രോസ് യൂദാസിന്റെ ലേഖനത്തോടു കടപ്പെട്ടിരിക്കുന്നുവെന്നുമുള്ള വാദം പണ്ഡിതലോകത്ത് സാധാരണമാണ്. രണ്ടുപേരും ഏതെങ്കിലും പൊതുവായ രേഖയെ അടിസ്ഥാനമാക്കി സ്വതന്ത്രമായ ഭാഷ്യം നല്കിയതാണെന്നു വിചാരിക്കുകയേ തരമുള്ളൂ.

ഈ അധ്യായത്തെ മൂന്നുഭാഗങ്ങളായി തിരിക്കാവുന്നതാണ്. വ്യാജോപദേഷ്ടാക്കൾ എന്നുമുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ടു തുടങ്ങുന്ന ആദ്യഭാഗം (വാ. 1-3) അവരെക്കുറിച്ചു മാത്രം പറയുന്ന ഈ ഭാഗത്തിന് ഒരാമുഖമായിരിക്കുന്നു. തുടർന്നുവരുന്ന ഭാഗം വ്യാജപ്രവാചകർക്കു ലഭിച്ച ശിക്ഷയെക്കുറിച്ച് പഴയ നിയമചരിത്രത്തിൽനിന്ന് വിവരിക്കുന്നതാണ് (വാ. 4-10a). അവസാനഭാഗം വ്യാജപ്രവാചകരുടെ ഹീനസ്വഭാവത്തെ വെളിവാക്കുന്നതാണ് (വാ. 10b-22).

## 2 പത്രോസ് 2:1–3, വ്യാജപ്രവാചകന്മാർ

ആമുഖമായി നല്കിയിരിക്കുന്ന മൂന്നു വാക്യങ്ങൾ രണ്ടാമധ്യായത്തിന്റെ സംഗ്രഹമാണ്. ഒന്നാം വാക്യം വ്യാജപ്രവാചകരെ ഇസ്രായേൽ ചരിത്രവുമായി ബന്ധിപ്പിക്കുന്നു. ഇന്നത്തെ വ്യാജപ്രവാചകർക്ക് ശിക്ഷയുണ്ടാകുമെന്നുള്ള മുന്നറിയിപ്പ് (വാ. 3). അടുത്ത ഉപവിഭാഗമായ വാ. 4–10a, ഇസ്രായേലിലെ വ്യാജപ്രവാചകർക്കു ലഭിച്ച ശിക്ഷാവിധിയുടെ സംഭവവിവരണങ്ങൾ കൊണ്ടു വിപുലമാക്കിയിരിക്കുന്നു. അവരുടെ ദുഷിച്ച മാർഗം (വാ. 2) ഇസ്രായേലിലുണ്ടായിരുന്ന വ്യാജപ്രവാചകരുടെ ഹീനസ്വഭാവത്തെ ഉദാഹരിച്ചുകൊണ്ട് വ്യക്തമാക്കുന്നത് അവസാനഭാഗത്തു കാണാം (10b–22).

**2:1, എല്ലാക്കാലത്തുമുള്ള വ്യാജന്മാർ:** പ്രവാചകവചനങ്ങൾ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല എന്ന പ്രബോധനത്തെത്തുടർന്നാണ് വചനങ്ങളെ വളച്ചൊടിക്കുന്ന വ്യാജപ്രബോധകരെക്കുറിച്ചു മുന്നറിയിപ്പു നല്കുന്ന ഈ പ്രബോധനം നല്കുക. ക്രിസ്തുവിന്റെ സഭയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന വ്യാജപ്രവാചകരെയും അവരുടെ പ്രബോധനങ്ങളെയുംകുറിച്ച് അതിശയിക്കുകയോ അമ്പരക്കുകയോ ചെയ്യേണ്ടതില്ല എന്ന് അവരെ ഇസ്രായേലിലെ വ്യാജപ്രവാചകരോടു ബന്ധപ്പെടുത്തിക്കൊണ്ട് (നിയമാ 13:1–5; 18:20; 1 രാജാ 22; ജറ 5:31; എസെ 13:3) ലേഖകൻ പറയുന്നു.

പഴയനിയമപ്രവചനത്തിന്റെ തുടർച്ചയും പൂർത്തീകരണവും ക്രിസ്തുവിലും അവിടുന്നു ഭരമേല്പിച്ച അപ്പസ്തോലന്മാരിലൂടെയുമാണ് ഇന്നു സഭയ്ക്കു ലഭിക്കുക. അവ സത്യവും അവയുടെ അനുസരണം വ്യക്തികൾക്കും ലോകത്തിനു മുഴുവൻ നന്മയ്ക്കു നിദാനവുമാണ്. എന്നാൽ വ്യാജപ്രവാചകരുടെ വചനങ്ങൾ "ശീഘ്രനാശം വരുത്തിവയ്ക്കുന്ന"തും, "വിനാശകരമായ അഭിപ്രായങ്ങ"ളും "തങ്ങളെ വിലകൊടുത്തുവാങ്ങിയ നാഥനെപ്പോലും നിഷേധിക്കുന്ന"തുമാണ്. വ്യാജപ്രബോധകർ തങ്ങളുടെ അഭിപ്രായങ്ങൾക്കും തങ്ങൾക്കുണ്ടായേക്കാവുന്ന നേട്ടങ്ങൾക്കും അനുസരിച്ചുള്ള പ്രബോധനമാണു നല്കുക. അതിനാൽ അതു താല്ക്കാലികമായ നന്മ അവർക്കുണ്ടാക്കിയാലും പിന്നീട് അവർക്കെന്നതുപോലെ ഏവർക്കും അത് നാശകരമായി ഭവിക്കും. "തങ്ങളെ വിലകൊടുത്തുവാങ്ങിയ നാഥൻ", തന്റെ അമൂല്യരക്തത്താൽ നമ്മെ വീണ്ടെടുത്ത ക്രിസ്തുതന്നെയാണ് (1 പത്രോ 1:18–19). അനേകർക്കു മോചനദ്രവ്യമായിത്തീരുവാൻ വന്നവനും (മർക്കോ 10:45), നമ്മെ വിലകൊടുത്തു വാങ്ങിയവനുമാണെന്ന പുതിയനിയമപ്രബോധനം തന്നെയാണിവിടെ കാണുക. ഈ രക്ഷയെ നിഷേധിക്കുന്നവരാണ് വ്യാജപ്രബോധകർ.

**2:2–3, നിന്ദിക്കപ്പെടുന്ന സത്യമാർഗം**: വാ. 10b മുതൽ ഉള്ള ഭാഗത്തു വിപുലീകരിച്ചിരിക്കുന്ന വ്യാജപ്രബോധകരുടെ ഹീനതയെക്കുറിച്ചുള്ള വിവരണത്തെ സംഗ്രഹിച്ചിരിക്കുകയാണ് ഈ വാക്യങ്ങളിൽ. വിനാശകരമായ അവരുടെ പ്രബോധനം പല രീതിയിലാണ് ദൈവജനത്തെ





സ്വാധീനിക്കുക. അവരുടെ പ്രബോധനത്തെതുടർന്ന് അവരുടെ വഴി തേടുന്നവരെക്കുറിച്ചാണ് ആദ്യമായി പറയുക. അവരുടെ പ്രബോധനം അനേകരെ ആകർഷിക്കുന്ന വിധത്തിലാണ്. കാരണം, അസത്യത്തെ കൗശലപൂർവം അവർ സത്യമായും നേട്ടമായും അവതരിപ്പിക്കും. *അസേൽ ഗെയിയാ* എന്ന ഗ്രീക്കുപദമാണ് 'ദുഷിച്ച മാർഗം' എന്നു തർജ്ജിമ ചെയ്യപ്പെട്ടിരിക്കു ന്നത്. 'ദൈവത്തെയോ മനുഷ്യരെയോ മാനിക്കാത്ത തന്നിഷ്ടത്തിന്റെ വഴി' എന്നാണിതർത്ഥമാക്കുന്നത്. ഈ അധാർമികതയുടെ എളുപ്പവഴികൾ പലർക്കും ആകർഷണീയമാകുമെന്നതിനാൽ അനേകർ അവരോടു കൂടി ചേരും. അതുമൂലം ക്രിസ്തുവിൽ നിന്ന് ലഭിച്ച സത്യമാർഗം, ക്രിസ്തുതന്നെയായ സത്യമാർഗം അവഗണിക്കപ്പെടുന്നു, അഥവാ നിന്ദിക്കപ്പെടുന്നു.

യേശുക്രിസ്തുവിനെക്കുറിച്ചുള്ള പൂർണമായ അറിവു പകരുക എന്നതോ, അങ്ങനെ എല്ലാവരിലും കൃപയും സമാധാനവും വർധിക്കാനിടയാകുക (1:2) എന്നതോ അവരുടെ ലക്ഷ്യമല്ല. മറിച്ച്, അത്യാഗ്രഹമാണ് അവരുടെ പ്രബോധനങ്ങളുടെ പ്രേരകശക്തി. അതിനാൽ സത്യം പറയുന്നതിലല്ല, വ്യാജം പറയുന്നതിലാണ് അവരുടെ ശ്രദ്ധയും താൽപ്പര്യവും. 'അത്യാഗ്രഹം' എന്നു തർജമചെയ്യപ്പെട്ടിരിക്കുന്ന *പ്ലെയോനെ ക്സിയ* എന്ന ഗ്രീക്കു പദം അർത്ഥമാക്കുന്നത്, 'കൂടുതൽ കൂടുതൽ സ്വന്തമാക്കാനുള്ള പാപകരമായ ആഗ്രഹം' എന്നാണ്. അത്, അന്യരുടെ സമ്പത്തു കൈക്കലാക്കാനുള്ള ആഗ്രഹമാകാം; കാമപൂർത്തിക്കായി അന്യരെ തന്റെ സ്വന്തമാക്കാനുള്ള ആഗ്രഹമാകാം; അതുപോലെ, അധികാരത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള വഴിവിട്ട ആഗ്രഹമാകാം. അതിനാൽ, ആരെയും ചൂഷണം ചെയ്യുന്നതിനവർ മടിക്കുകയില്ല. ഇത്തരത്തിലുള്ളവർ അധാർമ്മികജീവിതത്തിനായി തങ്ങളെ വിട്ടുകൊടുത്തിരിക്കുന്നവരും അനേകരെ അതിലേക്ക് ആകർഷിക്കുന്നവരുമായിരിക്കും. എന്നാൽ, പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ച പ്രവചനങ്ങളും (1:21) അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളും അനുസരിച്ച് കർത്താവിന്റെ പ്രത്യാഗമനത്തിൽ അവനെ വരവേല്ക്കുന്നതിനായി ഒരുങ്ങുന്നവർ രക്ഷിക്കപ്പെടുകയും, വ്യാജപ്രവചനങ്ങളിൽ വിശ്വസിച്ച് ദുഷ്ടരുടെ മാർഗത്തിൽ ചരിക്കുന്നവർ നാശത്തിൽ അവസാനിക്കുകയും ചെയ്യും.

**വിചിന്തനം:** നന്മയ്ക്കായാലും തിന്മയ്ക്കായാലും ഉദാഹരണം ചരിത്രത്തിലുണ്ട്. ഇസ്രായേലിന്റെ ചരിത്രം ദൈവഹിതത്തിനു കീഴ്വഴങ്ങിയവരുടെയും ഒപ്പം ദൈവത്തെ ധിക്കരിച്ചവരുടെയുമാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമാണെങ്കിലും ആ ദൈവികകാരുണ്യത്തിന്റെ വില മനസ്സിലാക്കാതെ അവിടുത്തെ നിയമത്തിന്റെ ഇടുങ്ങിയ വഴിയിൽ നിന്നു മാറി, വിശാലമായ തന്നിഷ്ടത്തിന്റെ വഴിതേടിയവർ ദൈവത്തിന്റെ വാഗ്ദാനങ്ങളിലേക്കു പ്രവേശിച്ചില്ല എന്നു വചനം പഠിപ്പിക്കുന്നു. ദൈവനിവേശനത്താൽ നമുക്കായി എഴുതപ്പെട്ട ഈ വചനങ്ങൾ പ്രബോധനാത്മകവുമാണ്. അവയിൽനിന്നു പാഠം ഉൾക്കൊള്ളുക വിശ്വാസ ജീവിതത്തിനാവശ്യമാണ്.

## 2:4-10a, വ്യാജപ്രവാചകരും ശിക്ഷാവിധിയും

വ്യാജപ്രവാചകരുടെ നാശത്തെക്കുറിച്ചു സംഗ്രഹമായി നല്കിയിരിക്കുന്ന മൂന്നാം വാക്യത്തിന്റെ വിശദീകരണമാണ് 4 മുതൽ 10a വരെയുള്ള ഉപവിഭാഗത്തിൽ കാണുക. ഇതോടൊപ്പം നീതിമാന്മാരെ ദൈവം എങ്ങനെ കാത്തുസൂക്ഷിച്ചുവെന്നും ലേഖനകർത്താവ് വിശ്വാസികളെ അനുസ്മരിപ്പിക്കുന്നുണ്ട്.

**2:4, പാപം ചെയ്ത ദൂതന്മാർ:** ശിക്ഷാവിധിയിലുൾപ്പെട്ട മൂന്നുകൂട്ടരെക്കുറിച്ച് ഈ ഭാഗം പരാമർശിക്കുന്നുണ്ട്: പാപം ചെയ്ത ദൂതന്മാർ, നോഹയുടെ കാലത്തെ ദുഷ്ടർ, സോദോം, ഗൊമോറായിലെ ജനം. യൂദാസിന്റെ ലേഖനത്തിലും ഈ ശിക്ഷാവിധിയെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (വാ. 5-7). ദൂതന്മാർക്കും, സോദോം, ഗൊമോറാ പ്രദേശങ്ങളിലെ ജനങ്ങൾക്കും ലഭിച്ച ശിക്ഷാവിധി രണ്ടു ലേഖനങ്ങൾക്കും പൊതുവാണെങ്കിലും നോഹയുടെ കാലത്തെ ദുഷ്ടരുടെ ശിക്ഷയെക്കുറിച്ചുള്ള പരാമർശം ഒഴിവാക്കി ഈജിപ്തിന്റെ ശിക്ഷയെക്കുറിച്ചു യൂദാസ് രേഖപ്പെടുത്തിയിരിക്കുന്നു.

നാലാംവാക്യം പരാമർശിക്കുന്നത് പാപം ചെയ്ത ദൂതന്മാർക്കുള്ള ശിക്ഷയെക്കുറിച്ചാണ്. പാപം ചെയ്ത ദൂതന്മാരെ "നരകത്തിലെ ഇരുൾക്കുഴികളിലേക്കു" ദൈവം തള്ളിവിട്ടു എന്നു പത്രോസിന്റെ രണ്ടാംലേഖനവും, "അന്ധകാരത്തിലെ നിത്യബന്ധനത്തിൽ (ചങ്ങലയിൽ) സൂക്ഷിച്ചിരിക്കുന്നു" എന്നു യൂദാസിന്റെ ലേഖനവും വ്യത്യസ്തമായി രേഖപ്പെടുത്തുന്നു. 'ഇരുൾക്കുഴികൾ', 'ചങ്ങല', എന്നിവയ്ക്കു യഥാക്രമം ഗ്രീക്കിലുള്ള *സെയ്റായിസ്*, *സിറോയിസ്* എന്നീ പദങ്ങൾക്കുള്ള സമാനതയാകാം ഈ പാഠഭേദങ്ങൾക്കു കാരണം. അതിനാൽത്തന്നെ, പഴയ കൈയ്യെഴുത്തുപ്രതികളും നവീന തർജ്ജിമകളും 'ഇരുൾക്കുഴികൾ' എന്നതിനു പകരം 'ചങ്ങല' എന്നുപയോഗിച്ചിരിക്കുന്നതു കാണാം (ഉദാ. KJV, 'chains'; RSV, 'pits').

പാപം ചെയ്ത ദൂതന്മാരെക്കുറിച്ചുള്ള ഈ വിവരണത്തിനു പിന്നിൽ ഉല്പ 6:1-5ന്റെയും ഹെനോക്കിന്റെ പുസ്തകം എന്ന അപ്രാമാണികഗ്രന്ഥത്തിന്റെയും സ്വാധീനമുണ്ടെന്നു കരുതാം (cf. 1. കോറി 11:10). അതെന്തായാലും, ലേഖനത്തിൽ ഈ പരാമർശം നല്കിയിരിക്കുന്നത് ദൈവത്തെ ധിക്കരിക്കുന്നവർക്ക്, അതാരുതന്നെയായാലും ശിക്ഷാവിധി ഉണ്ടാകും എന്നു വ്യക്തമാക്കാനാണ്.

**2:5, നോഹയുടെ കാലത്തെ ദുഷ്ടർ:** ദൂതന്മാർക്കുള്ള ശിക്ഷാവിധിയുടെ തുടർച്ചയായിട്ടാണ് ഉൽപത്തിപ്പുസ്തകത്തിൽനിന്നെടുത്തിട്ടുള്ള പരാമർശങ്ങളും നല്കിയിരിക്കുന്നത് . ക്രമമനുസരിച്ച് ആദ്യം നോഹയെയും നോഹയുടെ കാലത്തെ ദുഷ്ടരെക്കുറിച്ചുമാണ് ഉൽപത്തിപ്പുസ്തകം വിവരിക്കുക. ഈ ക്രമമാണ് ലേഖനവും പിന്തുടരുന്നത്.

ജലപ്രളയമയച്ചു ദുഷ്ടരെ ശിക്ഷിച്ചപ്പോൾ പഴയലോകത്തോടു ദൈവം കരുണ കാണിച്ചില്ല എന്നുപറയുന്ന ഗ്രന്ഥകർത്താവ് പക്ഷേ,





നീതിമാനെ രക്ഷിച്ചുകൊണ്ട് ദൈവം ലോകത്തെ നിലനിർത്തി എന്നും നിരീക്ഷിക്കുന്നുണ്ട്. നോഹയെ മറ്റേഴുപേരോടുകൂടി രക്ഷിച്ചുവെന്നത്, നോഹയുടെ ഭാര്യ, മൂന്നു പുത്രന്മാർ, അവരുടെ ഭാര്യമാർ എന്നിവരെ ഉദ്ദേശിച്ചാണെന്നു വ്യക്തം. വ്യാജപ്രബോധക രുടെ പിന്നാലെ അനേകർ പോകുമ്പോൾ, വിശ്വസ്തരായി നിലനില്ക്കുക വിശ്വാസികൾക്കു പരീക്ഷണഘട്ടമാണ്. എങ്കിലും, നോഹയെപ്പോലെ, ഒരാളുടെ വിശ്വസ്തത അനേകർക്കു രക്ഷയ്ക്കു കാരണമായി എന്നത് ചരിത്രപാഠം.

**2:6-8, സോദോം, ഗൊമോറായിലെ ശിക്ഷാവിധി:** വ്യാജപ്രവാചകർക്കുള്ള ശിക്ഷാവിധിയെക്കുറിച്ച് അനുസ്മരിപ്പിക്കുമ്പോൾ പഴയനിയമത്തിൽനിന്ന് വീണ്ടും ഒരു ഉദാഹരണം ഗ്രന്ഥകർത്താവു നല്കുന്നുണ്ട്; സോദോം, ഗൊമോറാ നഗരങ്ങളുടെ നാശം (ഉല്പ 19). ആറാം വാക്യത്തിൽ ശിക്ഷയെക്കുറിച്ചും തുടർന്നുവരുന്ന രണ്ടു വാക്യങ്ങളിൽ ലോത്തിന്റെ രക്ഷയെക്കുറിച്ചുമാണ് നാം വായിക്കുക.

സോദോം, ഗൊമോറാ നഗരങ്ങളെ "ചാമ്പലാക്കി" എന്നത് പരിപൂർണ നാശത്തിനു വിധേയമാക്കി എന്നു വായിക്കാവുന്നതാണ്. തിന്മയിൽ നിന്നും നന്മയെ ഉരുവാക്കുന്ന ദൈവം ദുഷ്ടരെ/തിന്മയെ നശിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒരു നന്മ, ദൈവഭയമില്ലാതെ ജീവിക്കുന്നവർക്ക് അത് ഒരു ഗുണപാഠമായിത്തീരും എന്നതാണ്. അതുവഴി അവരിൽ ദൈവഭയമുണ്ടാകുകയും തിന്മയുടെ വഴിവിട്ടു നന്മയുടെ വഴിയിൽ നടക്കാൻ അവർക്കു പ്രേരണയുണ്ടാകുകയും ചെയ്യുമെന്നതാണ്.

സോദോം ഗൊമോറാ പ്രദേശങ്ങളെ നശിപ്പിക്കുമ്പോഴും നന്മയുടെ കണികയെ ദൈവം അവശേഷിപ്പിക്കുന്നു എന്നത് അവിടുത്തെ കരുണയാണ്. നീതിമാനായ ലോത്ത് ദുഷ്ടരിൽനിന്നു ''വളരെ വേദന സഹിച്ച"വനായിരുന്നു എന്ന് ലേഖനകർത്താവു കൂട്ടിച്ചേർക്കുന്നുണ്ട്. തന്റെ പക്കൽവന്ന അതിഥികളെ രക്ഷിക്കാൻ അദ്ദേഹം സഹിച്ച കഷ്ടതയെക്കുറിച്ചാകാം ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. തന്നെ വളഞ്ഞിരിക്കുന്ന ദുഷ്ടരോടു ചേരുന്നതിനല്ല, സഹിക്കേണ്ടിവന്നാലും നീതിയിൽ നിലനില്ക്കുന്നതിനാണ് ലോത്തു ശ്രമിച്ചത്. ആ നീതിയിൽ ദൈവം ലോത്തിനോടുകൂടിയുണ്ടായിരുന്നു, അദ്ദേഹത്തിനതു രക്ഷയായി ത്തീർന്നു.

**9-10a, രക്ഷയും ശിക്ഷയും:** മൂന്ന് ഉദാഹരണങ്ങൾ അവതരിപ്പിച്ചശേഷം അവയുടെ ദൈവികരഹസ്യത്തിലേക്കു കടക്കുകയാണ് ഗ്രന്ഥകർത്താവ്. ദൈവഭയമുള്ളവരെ രക്ഷിക്കുന്നതും അനീതി ചെയ്യുന്നവരെ ശിക്ഷിക്കുന്നതും ദൈവിക പദ്ധതിയാണ്. അനീതിചെയ്യുന്നവരുടെ അന്തിമവിധി, കർത്താവിന്റെ പ്രത്യാഗമദിവസത്തിലാണ് എന്ന പുതിയനിയമ വിശ്വാസമാണിവിടെയും കാണുന്നത് (cf. 3:3- 7; മത്താ 10:15; 11:22, 24; ലൂക്കാ 16:23-29; 1 പത്രോ 3:19; യൂദാ 6-7). ശിക്ഷാവിധിയിൽത്തന്നെ, അനീതി പ്രവർത്തിക്കുന്നവർക്കു തരംതിരിവുണ്ട് എന്നാണ് ഗ്രന്ഥകർത്താവിന്റെ നിലപാട്. മ്ലേച്ഛമായ അഭിലാഷങ്ങൾക്ക്

അടിമപ്പെടുക, അധികാരത്തെ നിന്ദിക്കുക എന്നത് വ്യാജപ്രവാചകരുടെ പ്രത്യേക സ്വഭാവമായിരുന്നു എന്നതിനാലാകാം ഇത്. അങ്ങനെ, ശിക്ഷയെക്കുറിച്ചുള്ള ഉദാഹരണങ്ങൾക്കുചിതമായ ഉപസംഹാരമായി 9-10a നില കൊള്ളുന്നു.

**വിചിന്തനം:** ശിക്ഷാവിധിയുടെ ലക്ഷ്യം നാശമല്ല, നന്മയാണ്. നന്മയുള്ളവരെ കാത്തു സൂക്ഷിക്കുന്ന ദൈവം, ഭൂമിയിൽനിന്നു നന്മയെ ഒഴിവാക്കാൻ അനുവദിക്കുന്നില്ല. നന്മയുടെ തിരഞ്ഞെടുക്കൽ ദൈവികപദ്ധതിയുടെ ഭാഗമാണ്.

ഇസ്രായേൽ ചരിത്രത്തിൽ കാണുന്ന ദൈവികതിരഞ്ഞെടുപ്പുകൾ നമ്മുടെ തിരഞ്ഞെടുപ്പുകൾക്കും മാതൃകയാണ്. നമ്മുടെ സമൂഹത്തിലും നമ്മിൽത്തന്നെയും നന്മയുടെ കണികകൾ എപ്പോഴും അവശേഷിപ്പിച്ചിരിക്കും. അത് തിരഞ്ഞെടുക്കുകയും സ്വന്തമാക്കുകയും വളർത്തുകയും ചെയ്യുക ദൈവികപദ്ധതിയോടു സഹകരിക്കുന്നതു തന്നെ യാണ്.

പഴയനിയമത്തിലെ ശിക്ഷാവിധി തെറ്റിനെത്തുടർന്നു ഉടനെ കാണപ്പെടുന്നുണ്ട്. നോഹയുടെ കാലത്തും ലോത്തിന്റെ കാലത്തുമുണ്ടായ ശിക്ഷാവിധി അങ്ങനെയാണെന്ന് ഒരു പക്ഷേ, നമുക്കു കരുതാൻ കഴിയും. ഗോതമ്പിനോടൊപ്പം കളകളെയും വളരാനനുവദിക്കുന്ന പുതിയനിയമപ്രബോധനം (മത്താ 13:24-30) ശിക്ഷാവിധിയെ അന്ത്യദിനത്തിലേക്കു മാറ്റിയിരിക്കുന്നതു കാണാം. നന്മയ്ക്കു നന്മയും തിന്മയ്ക്കു തിന്മയും എന്ന സാമാന്യ നീതി അന്ത്യവിധിയിൽ നടപ്പാകുമെന്നു തന്നെയാണ് ഈ ലേഖനഭാഗവും നമ്മെ പഠിപ്പിക്കുന്നത്.

## 2 പത്രോസ് 2:10b-22, വ്യാജപ്രവാചകരുടെ ഹീനത

വ്യാജപ്രവാചകരുടെ ഹീനസ്വഭാവത്തെക്കുറിച്ച് വളരെ നീണ്ട വിവരണമാണ് ഗ്രന്ഥകർത്താവു ഇവിടെ നല്കുന്നത്. പ്രതീകങ്ങളും ഉപമകളുംകൊണ്ട് സമ്പന്നമാണീഭാഗം. അഭിലഷണീയമല്ലാത്ത മോഹങ്ങളുടെ അടിമകളും മറ്റുള്ളവർക്കു പ്രലോഭനഹേതുക്കളും ആയ അവരുടെ ജീവിതത്തിന്റെ വ്യർത്ഥതയെ ചിത്രീകരിച്ചുകൊണ്ട് അവരിൽ നിന്ന് ഒഴിഞ്ഞു മാറാൻ വിശ്വാസികൾക്കു നല്കുന്ന ഒരു മുന്നറിയിപ്പാണിത്.

**2:10b-11, ദൂഷണം പറയുന്നവർ:** യൂദാസിന്റെ ലേഖനത്തിൽ, "അധികാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നവരാണ്" വ്യാജോപദേഷ്ടാക്കൾ എന്ന കുറ്റപ്പെടുത്തൽ കേൾക്കാം (വാ. 8). ഈ ലേഖനവും ഇപ്രകാരം അവരെ കുറ്റപ്പെടുത്തുന്നുണ്ട്. "മഹിമയണിഞ്ഞവർ" (*ദൊക്സായി*) എന്നുദ്ദേശിക്കുന്നത് മാലാഖമാരെയാണ്. ആരെയും ദൂഷണം പറയാൻ മടിക്കാത്ത വ്യാജപ്രവാചകരുടെ





ദുഷ്ടസ്വഭാവത്തിന്റെ വ്യാപ്തിയെ സ്പഷ്ടമാക്കുന്നത്, ദൈവദൂതന്മാരുടെ സ്വഭാവത്തോടു താരതമ്യം ചെയ്തു കൊണ്ടാണ്: "... ദൂതന്മാർപോലും കർത്താവിന്റെ സന്നിധിയിൽ അവർക്കെതിരായി അപമാനകരമായ വിധിപറയുന്നില്ല". ഈ പരാമർശത്തിനടിസ്ഥാനമായി നില്ക്കുന്നത് *ഹെനോക്കിന്റെ പുസ്തകം* എന്ന അപ്രമാണികഗ്രന്ഥത്തിലെ മിഖായേൽദൂതനും പിശാചും തമ്മിലുള്ള വാഗ്വാദത്തിന്റെ വിവരണമാണ്. ശക്തിയിലും മഹിമയിലും പരിശുദ്ധിയിലും വിളങ്ങിനില്ക്കുന്ന ദൂതന്മാർ തിന്മയുടെ വക്താക്കളുടെമേൽപോലും വിധി പറയാതെ, വ്യക്തിബഹുമാനം കാത്തുസൂക്ഷിക്കുന്നു. ഈ സ്വഭാവമഹിമയാണ് വിശ്വാസികൾക്ക് ഉചിതം.

**2:12-14, സഹജവാസനയാൽ നയിക്കപ്പെടുന്നവർ:** 2:2 ലെ പ്രമേയത്തിന്റെ വികസിത രൂപമാണിവിടെ കാണുന്നത്. 'ദൈവത്തെയോ മനുഷ്യരെയോ മാനിക്കാത്ത തന്നിഷ്ടത്തിന്റെ വഴി' (*അസേൽഗെയിയാ*) തേടുന്നവർ, സഹജവാസനയാൽ പോഷിപ്പിക്കപ്പെടുമ്പോൾ, മ്ലേച്ഛമായ അഭിലാഷങ്ങൾക്കു വശപ്പെടുന്നു. ജന്മവാസനയാൽ നയിക്കപ്പെടുന്നതുകൊണ്ടും മാത്രമല്ല, നാശത്തിലൊടുങ്ങുന്നതുകൊണ്ടും അവർ മൃഗങ്ങൾക്കു തുല്യരാണെന്നാണ് ലേഖനകർത്താവിന്റെ അഭിപ്രായം. വിശേഷബുദ്ധിയില്ലാത്ത മൃഗതുല്യർ (cf. യൂദാ 10), ദൂഷണം പറയുന്നവർ, മദ്യത്തിലും മദിരോത്സവത്തിലും മുഴുകുന്നവർ, കളങ്കവും വൈകല്യവും വ്യഭിചാരാസക്തിയും നിറഞ്ഞവർ, പാപത്തിൽനിന്നു വിരമിക്കാത്ത കണ്ണുകളുള്ളവർ, വശീകരിക്കുന്നവർ, അത്യാഗ്രഹത്തിൽ തഴക്കം നേടിയ ഹൃദയമുള്ളവർ, ശാപത്തിന്റെ സന്തതികൾ, എന്നൊക്കെയാണ് വ്യാജപ്രവാചകരെ ലേഖനം വിശേഷിപ്പിക്കുക. "നിങ്ങളോടൊത്തു ഭക്ഷണം കഴിക്കുമ്പോൾ" എന്നുള്ളത് സഭാസമൂഹത്തിന്റെ പൊതുഭക്ഷണത്തെയാകാം ഉദ്ദേശിക്കുന്നത്.

ഏതുവഴി തിരഞ്ഞെടുക്കണം എന്നുള്ള വിവേചനമോ തീരുമാനമോ ഇല്ലാത്ത ദുഷ്ടർ മൃഗങ്ങളെപ്പോലെ, ജന്മവാസനയാൽ നയിക്കപ്പെടുമ്പോൾ മൃഗങ്ങളിൽനിന്ന് അവർ വ്യത്യസ്തരായിരിക്കുന്നത് അവരുടെ ദുഷ്ടതയിൽ മാത്രമാണ്. സ്വാർത്ഥപൂർത്തീകരണത്തിനായി ഏതു ദുഷ്ടതയും ചെയ്യാൻ മടിയില്ലാത്തവരാണവർ. വ്യാജപ്രവാചകരുടെ സ്വഭാവവും അവരുടെ നാശവും വ്യക്തമാക്കുന്ന ഈ വിശദീകരണം വിശ്വാസികൾക്ക് അവരിൽനിന്നു മാറിനില്ക്കാനുള്ള അതിശക്തമായ താക്കീതാണ്.

**2:15-16, ബാലാമിന്റെ മാർഗം പിന്തുടരുന്നവർ:** ഇതുവരെ പറഞ്ഞ വ്യാജപ്രവാചകരുടെ പാപത്തിന്റെ വഴികളെ, ബാലാമിന്റെ വഴിയോട് ഉപമിച്ചുകൊണ്ട് ഉപസംഹരിക്കുകയാണ് ഈ വാക്യങ്ങളിൽ. നേർവഴിയിൽനിന്നു മാറി തിന്മ ചെയ്യുന്ന അവരെ തിന്മയുടെ പ്രതിഫലത്തെ സ്നേഹിച്ച ബാലാമിനോടു തുല്യരാക്കുന്നു.

"നേർവഴി" എന്നത് 2:2ൽ പറഞ്ഞിരിക്കുന്ന "സത്യത്തിന്റെ മാർഗം" തന്നെയാണ്. യഹൂദവിശ്വാസമനുസരിച്ച് ബാലാം വ്യാജപ്രവാചകരുടെ

പ്രതിനിധിയാണ്. സംഖ്യയുടെ പുസ്തകത്തിലാണു ഈ കഥാപാത്രത്തെ കണ്ടുമുട്ടുക (സംഖ്യ 22-24). മൊവാബ്യരാജാവായ ബാലാക് ഇസ്രായേൽക്കാർക്കെതിരായി പ്രവചിക്കാൻ ക്ഷണിച്ചതാണ് ബാലാമിനെ. വഴിയിൽവച്ച് ബാലാമിനു തിരിച്ചറിയാൻ കഴിയാതിരുന്ന കർത്താവിന്റെ ദൂതനെ ബാലാമിന്റെ കഴുത കാണുകയും ബാലാമിനോട് സംസാരിക്കുകയും ചെയ്തു (22:21-30). എന്നാൽ, ബാലാം ഇസ്രായേൽക്കാർക്കനുകൂലമായി പ്രവചിച്ചു. "അത്യുന്നതന്റെ അറിവിൽ പങ്കുചേർന്ന" ബാലാമിന് ബാലാക്കിൽനിന്നു പ്രതിഫലം ലഭിച്ചുമില്ല. എന്നാൽ മൊവാബ്യരുമായുള്ള കൂട്ടുകെട്ടിൽ ഇസ്രായേൽജനം ദൈവത്തിന്റെ കല്പനകൾ മറന്നു (cf. 25:1-3). ബാലാമിന്റെ ജനത്തിന്റെ വഴിയിലേക്കു മാറി (cf. 31:16). അതുകൊണ്ട് മോശ അവരെ പരാജയപ്പെടുത്തി, ബെയോറിന്റെ മകനായ ബാലാമിനെ അവരുടെ രാജാക്കന്മാരോടൊപ്പം വധിച്ചു (സംഖ്യ 31:).

ബാലാമിന്റെ കഥയിലെ വിശദാംശങ്ങൾ ഇവിടെ കാണുന്നില്ലെങ്കിലും ബാലാംമൂലം ഇസ്രായേൽ നേർവഴിയിൽനിന്നു വ്യതിചലിച്ചു എന്ന് സംഖ്യയുടെ ഗ്രന്ഥം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ബാലാമിന്റെ വഴികൾ ഇസ്രായേൽ ജനത്തിന് സ്വീകാര്യമായതുപോലെ, വ്യാജപ്രവാചകരുടെ വഴികൾ വിശ്വാസി സ്വീകാര്യമായി കരുതരുത് എന്ന മുന്നറിയിപ്പാണ് ലേഖനകർത്താവു നല്കുന്നത്.

**2:17-19, നാശത്തിന്റെ അടിമകൾ:** ഈ ഭാഗത്ത് വ്യാജപ്രവാചകരെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങളെല്ലാം നാശത്തെ സൂചിപ്പിക്കുന്നവയാണ്. "വെള്ളമില്ലാത്ത അരുവി", "കൊടുങ്കാറ്റിനാൽ തുരത്തപ്പെടുന്ന മൂടൽമഞ്ഞ്',' "അന്ധകാരത്തിന്റെ അധോലോകം" എന്നിവപോലെ ഇല്ലായ്മയാണ് അവരുടെ ജീവിതം. അവയെല്ലാം നിരാശാജനകമാണ്. അതുപോലെ, സത്യമായ, ഉണ്മയുടെ വാക്കുകളല്ല, നാശകാരണവും ഇല്ലായ്മയുമായ വ്യർത്ഥവാക്ധോരണിയാണവരിൽനിന്നു വരുന്നത്. ഈ വാക്ധോരണിയിൽ മയങ്ങുന്നവർ വിശ്വാസത്തിലടിയുറച്ചവരോ സത്യത്തെ സ്നേഹിക്കുന്നവരോ അല്ല, മറിച്ച്, തെറ്റിൽ ജീവിക്കുന്നവരിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടവരാണ്. അവർ ബലഹീനരാണ്, പ്രത്യേകിച്ചും വിഷയാസക്തിയുടെ കാര്യത്തിൽ. അതുകൊണ്ട് വ്യാജപ്രവാചകർക്ക് അവരെ എളുപ്പത്തിൽ നാശത്തിലേയ്ക്കു വശീകരിക്കുവാൻ കഴിയും. 19-ാം വാക്യം സ്വാതന്ത്ര്യത്തെക്കുറിച്ചും അടിമത്തത്തെക്കുറിച്ചും സംസാരിക്കുന്നു. ദുഷിച്ച മാർഗത്തിലൂടെ നടക്കുന്ന വ്യാജപ്രവാചകർ നാശത്തിലവസാനിക്കുമെന്നുറപ്പായിരിക്കേ അവർ മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു എന്ന വൈരുദ്ധ്യവും ഗ്രന്ഥകർത്താവ് ചൂണ്ടിക്കാണിക്കുന്നു.

'സ്വാതന്ത്ര്യം' (*എലെവുത്തേരിയ*) എന്ന പദം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ കൂടെക്കൂടെ കാണുന്ന ഒന്നാണ്. പരിശുദ്ധാത്മാവിന്റെ





നിവേശനങ്ങളാൽ നയിക്കപ്പെടുന്നവനാണ് സ്വാതന്ത്ര്യമനുഭവിക്കുന്ന വ്യക്തി (ഗലാ 5:13-17) എന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി (ഗലാ 5:1) എന്നും ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ശ്ലീഹായുടെ പ്രബോധനത്തെ വളച്ചൊടിക്കുന്നവർ (3:16) സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രബോധനത്തെയും തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ട് എന്നു കരുതാം. വ്യാജപ്രവാചകന്മാർ വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്യം അധാർമികതയ്ക്കുള്ള സ്വാതന്ത്ര്യമാണ്.

"ഏതിനാൽ ഒരുവൻ തോല്പിക്കപ്പെടുന്നുവോ, അവൻ അതിന്റെ അടിമയാണ്" എന്ന ചൊല്ല്, "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്" (യോഹ 8:34) എന്ന യേശുവചനത്തെ അനുസ്മരിപ്പിക്കുന്നു. അടിമകൾ രണ്ടു വിധത്തിലാണ്: "മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ; അല്ലെങ്കിൽ നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ" (റോമാ 6:16). ഇവരിൽ രണ്ടാമത്തെ കൂട്ടരുടേത് യഥാർത്ഥത്തിൽ സ്വാതന്ത്ര്യമാണ്, അത് പരിശുദ്ധാത്മാവു നല്കുന്ന സ്വാതന്ത്ര്യമാണ്. ഈ സ്വാതന്ത്ര്യമാണ് വിശ്വാസികൾ അവകാശമാക്കേണ്ടത്.

**2:20-22, രക്ഷപ്രാപിച്ചശേഷം വീണ്ടും കുരുങ്ങുന്നവർ:** വ്യാജപ്രബോധകരുടെ വാക്ധോരണിയിൽ കുരുങ്ങുന്നവരെക്കുറിച്ച് 18-ാം വാക്യം നല്കുന്ന സൂചനയുടെ വിപുലീകരണമാണ് ഈ മൂന്നു വാക്യങ്ങളിലുള്ളത്.

ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചവർ വീണ്ടും അവയിൽ കുരുങ്ങിയാൽ രക്ഷ അസാധ്യമാണെന്നാണ് 20-ാം വാക്യം ഓർമിപ്പിക്കുക. അവർ കഷ്ടിച്ചു രക്ഷപെട്ടവർ (വാ. 18) ആയതുകൊണ്ട് രണ്ടാമതൊന്നുകൂടി ലോകത്തിന്റെ മാലിന്യത്തിൽ നിപതിച്ചാൽ രക്ഷപെടുക കൂടുതൽ വിഷമകരമാണ്, ഒന്നുകൂടി പറഞ്ഞാൽ, അസാധ്യമാണ്. "ലോകത്തിന്റെ മാലിന്യം" എന്നത് വ്യാജപ്രവാചകരെയോ അവരുടെ പ്രബോധനത്തെയോ ആകാം സൂചിപ്പിക്കുന്നത്. വ്യാജപ്രബോധനത്താൽ തോൽപിക്കപ്പെടുന്നവരുടെ സ്ഥിതിയെക്കുറിച്ചു പറയാനുപയോഗിക്കുന്ന "അവരുടെ അന്ത്യസ്ഥിതി ആദ്യത്തേതിനേക്കാൾ മോശമായിരിക്കും" എന്ന പ്രയോഗം യേശുവിന്റെ വചനങ്ങളായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതു കാണാം (മത്താ 12:45, ലൂക്കാ 11:26). "കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവുമൂലം" (വാ. 19) എന്നും "തങ്ങൾക്കു ലഭിച്ച വിശുദ്ധകൽപനയെ അറിഞ്ഞിട്ട്" എന്നും പറയുന്നതുകൊണ്ട് വിശ്വാസികളാണ് വ്യാജപ്രബോധകരുടെ വചനങ്ങൾകേട്ടു വിശ്വാസത്യാഗത്തിനു മുതിരുന്നതെന്നും, അവരുടെ കുറ്റം കൂടുതൽ ഗൗരവതരമാണെന്നും സൂചന ലഭിക്കുന്നുണ്ട്.

**വിചിന്തനം:** വിശ്വാസികൾ, ദൈവത്തെയും കർത്താവായ യേശുക്രിസ്തുവിനെയും കുറിച്ചുള്ള പൂർണമായ ജ്ഞാനത്താൽ നിറഞ്ഞു സുകൃതസമ്പന്നമായ ജീവിതത്തിനു വിളിക്കപ്പെട്ടിരിക്കുന്നു. ജന്മവാസനകളെ വിശേഷ ബുദ്ധിയാൽ നിയന്ത്രിക്കുകയും ഉദാത്തമാക്കുകയും ചെയ്യുകയാണാവശ്യം. മൃഗങ്ങളുടെ നാശത്തിനു വിധിക്കപ്പെട്ടവരല്ല,

ക്രിസ്തുവിന്റെ മഹത്വത്തിലേക്കും ഔന്നത്യത്തിലേക്കും വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ.

വിശ്വാസികളുടെ ജീവിതം ശൂന്യമായിത്തീരേണ്ട ഒന്നല്ല. ''വെള്ളമില്ലാത്ത അരുവി'' ആയിരിക്കാനോ ''കൊടുങ്കാറ്റിനാൽ തുരത്തപ്പെടേണ്ട മൂടൽമഞ്ഞാ''യിരിക്കാനോ അല്ല അവർ വിളിക്കപ്പെട്ടിരിക്കുന്നത്. ജീവജലം നിറഞ്ഞൊഴുകുന്ന അരുവികളായി ലോകത്തെ മുഴുവൻ ജീവിപ്പിക്കാനുള്ള വിളി ലഭിച്ചിട്ടുള്ള ക്രിസ്തു അനുയായികൾ ആ വിളി മറന്നു ജീവിച്ചാൽ തന്നെത്തന്നെ മാത്രമല്ല, ലോകത്തെക്കൂടി നിത്യനാശത്തിലേക്കു നയിക്കുകയായിരിക്കും ചെയ്യുക. യേശുവിന്റെ പ്രത്യാഗമനമുണ്ടെന്നും ഈ ലോകം നശ്വരമാണെന്നും അന്ത്യവിധി ഉണ്ടാകുമെന്നുമുള്ള വിശ്വാസം ഏറ്റുപറയുന്നവരാണ് നാം. ഈ വിശ്വാസത്തിനനുസരിച്ച് നമുക്കു ജീവിക്കാൻ പരിശ്രമിക്കാം. അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവരായ നമുക്ക് ആ ലക്ഷ്യത്തോടെ മുന്നേറാം.

## 2 പത്രോസ് 3:1–18, കർത്താവിന്റെ പ്രത്യാഗമനം

പ്രവാചകവചനങ്ങളുടെയും അപ്പസ്തോലികപ്രബോധനങ്ങളുടെ യും സാധുതയെക്കുറിച്ചു സംസാരിച്ചുകൊണ്ടാണ് കർത്താവിന്റെ പ്രത്യാഗമനത്തെക്കുറിച്ചുള്ള ഉറപ്പിലേക്കു ലേഖനകർത്താവ് വിശ്വാസികളെ നയിക്കുക. യേശുവിന്റെ രണ്ടാമത്തെ ആഗമനം പ്രമേയമാക്കിയിരിക്കുന്ന ഈ ഭാഗത്തും മൂന്നു ഉപവിഭാഗങ്ങൾ കാണാവുന്നതാണ്.

3:1–7, വ്യാജപ്രബോധനം
3:8–13, യുഗാന്ത്യം
3:14–18, പ്രതീക്ഷയോടെയുള്ള ജീവിതം

രണ്ടാമധ്യായം വ്യാജപ്രബോധകരെക്കുറിച്ചായിരുന്നെങ്കിൽ മൂന്നാമധ്യായം തുടങ്ങുന്നത് അവരുടെ തെറ്റായ പ്രബോധനങ്ങളെ എടുത്തുപറഞ്ഞുകൊണ്ടാണ് (വാ. 1–7). അതിനു ശേഷം കർത്താവിന്റെ ആഗമനം സുനിശ്ചിതമാണെന്നതിനുള്ള ന്യായാന്യായവിചാരം നടത്തുന്നതാണു കാണുക (8–13). ഇതു യുഗാന്ത്യത്തോടു ബന്ധപ്പെടുത്തിയാണു അവതരിപ്പിക്കുന്നത് എന്നതും സവിശേഷമായിരിക്കുന്നു. യുഗാന്ത്യപ്രതീക്ഷയിൽ ജീവിക്കാനുള്ള ആഹ്വാനത്തോടെയാണു ലേഖനം ഉപസംഹരിക്കുന്നത് (വാ. 14–18). ഓരോ ഉപവിഭാഗവും "പ്രിയപ്പെട്ടവരേ" എന്ന സംബോധനകൊണ്ടാരംഭിക്കുന്നു എന്ന പ്രത്യേകതയും ഈ ഭാഗത്തു കാണാവുന്നതാണ്.





## 2 പത്രോസ് 3:1–7, വ്യാജപ്രബോധനം

ഒരേകാര്യംതന്നെ ആവർത്തിക്കുന്നതിൽ മടുപ്പുതോന്നാതെ വിശ്വാസത്തെ പ്രബലപ്പെടുത്തുന്ന ശൈലി ഗ്രന്ഥകർത്താവ് ഇവിടെ സ്വീകരിച്ചിരിക്കുന്നു. അങ്ങനെ പ്രത്യാഗമനത്തെ സംബന്ധിച്ചുള്ള അപ്പസ്തോലന്റെ പ്രബോധനം അദ്ദേഹം ആവർത്തിക്കുന്നതും അതിനെ നിരാകരിച്ചുകൊണ്ടുള്ള വ്യാജപ്രബോധകരുടെ പ്രതികരണവും മൂന്നാമധ്യായത്തിലെ ആദ്യഉപവിഭാഗത്തിൽ നാം വായിക്കുന്നു.

**3:1–2, പ്രവാചകവചനങ്ങളുടെയും കല്പനകളുടെയും മൂല്യം:** വ്യാജപ്രബോധനത്തെക്കുറിച്ചു പറയുന്നതിനുമുമ്പ് സത്യവിശ്വാസത്തെക്കുറിച്ചു ഗ്രന്ഥകർത്താവ് പ്രബോധിപ്പിക്കുന്നതാണ് ഈ ഭാഗത്തെ ആദ്യവാക്യങ്ങളിൽ കാണുന്നത്. വിശ്വാസികൾ സത്യത്തിൽ ഉറച്ചുനില്ക്കുന്നവരാണെങ്കിലും അവരെ സത്യത്തെക്കുറിച്ച് വീണ്ടും വീണ്ടും അനുസ്മരിപ്പിക്കുക ആവശ്യമാണ് എന്ന് ശ്ലീഹാ നേരത്തെ പറഞ്ഞുവച്ചത് (1:12–15) അദ്ദേഹംതന്നെ ആവർത്തിക്കുന്നതാണ് ആദ്യത്തെ രണ്ടു വാക്യങ്ങളിൽ നാം കേൾക്കുക. വിശ്വാസികളെ ദൈവിക സത്യങ്ങൾ ആവർത്തിച്ചനുസ്മരിപ്പിക്കുക എന്നത് അപ്പസ്തോലിക ദൗത്യമാണ് എന്ന കാര്യത്തിലേക്കാണ് ലേഖനകർത്താവ് വിരൽചൂണ്ടുന്നത്.

"ഞാൻ നിങ്ങൾക്ക് എഴുതുന്ന രണ്ടാമത്തെ ലേഖനമാണല്ലോ ഇത്" എന്നു ഗ്രന്ഥകർത്താവു പറയുന്നുണ്ടെങ്കിലും നാം നേരത്തെ കണ്ടതുപോലെ, പത്രോസിന്റേതെന്നറിയപ്പെടുന്ന രണ്ടു ലേഖനങ്ങളും വ്യത്യസ്ത കരങ്ങളിൽ രൂപപ്പെട്ടതാണ് എന്ന് അതിന്റെ ഉള്ളടക്കം, ശൈലി, പദപ്രയോഗം എന്നിവയിൽനിന്നു മനസ്സിലാക്കാം. എങ്കിലും, ക്രിസ്തുവിന്റെ പ്രത്യാഗമനത്തെക്കുറിച്ച് രണ്ടാം ലേഖനമെന്നപോലെ, ഒന്നാം ലേഖനവും പ്രാധാന്യം നല്കുന്നുണ്ട് (1:4–7; 4:5–7, 13, 18; 5:4, 10) എന്നത് ശ്രദ്ധേയമായിരിക്കുന്നു.

"നിങ്ങളുടെ നിഷ്ക്കളങ്കമനസ്സ്" എന്ന പ്രയോഗത്തിന് പാഷണ്ഡതകൾകൊണ്ട് കളങ്കിതമാകാത്തതും സത്യപ്രബോധനത്തെ സ്വീകരിച്ചിരിക്കുന്നതുമായ മനസ്സ് എന്ന അർത്ഥമാണുള്ളത്. ഈ നിഷ്ക്കളങ്കമനസ്സിനെയാണ് പ്രവാചകവചനത്തെക്കുറിച്ചും അപ്പസ്തോലന്മാർക്ക് ലഭിച്ചിരിക്കുന്ന കർത്താവായ രക്ഷകന്റെ കല്പനയെക്കുറിച്ചും അനുസ്മരിപ്പിക്കുന്നത്. ഇവ അനുസ്മരിക്കുന്ന ഇത്തരം സുമനസ്സുകൾ വ്യാജപ്രബോധനത്തിന്റെ ഭോഷത്തത്തെ തിരിച്ചറിയുമെന്നതിനാൽ, തുടർന്ന് അതേക്കുറിച്ചു സംസാരിക്കുകയാണ് ലേഖനകർത്താവ്.

**3:3–4, പരിഹാസകരുടെ ചോദ്യങ്ങൾ:** വ്യാജപ്രവാചകരുടെ ഹീനസ്വഭാവത്തെക്കുറിച്ചു നേരത്തെ പറഞ്ഞിരിക്കുന്നവ ആവർത്തിച്ചുകൊണ്ട് (അധമവികാരങ്ങൾക്കു അടിമപ്പെട്ടു ജീവിക്കുന്ന നിന്ദകർ, വാ. 12–14) അവർ പ്രത്യാഗമനത്തിനെതിരായി ഉന്നയിക്കുന്ന ചോദ്യം അവതരിപ്പിക്കുകയാണ് ഈ വാക്യങ്ങളിൽ. "അവന്റെ പ്രത്യാഗമനത്തെ

ക്കുറിച്ചുള്ള വാഗ്ദാനമെവിടെ?" എന്ന ചോദ്യമാണ് ക്രിസ്തുവിന്റെ പ്രത്യാഗമനത്തെ നോക്കിപ്പാർത്തിരുന്ന ക്രൈസ്തവരോടു ചോദിക്കുന്നത്? അത് അവരിൽ പലരുടെയും വിശ്വാസജീവിതത്തെ ഉലച്ചുവെന്നു ലേഖനത്തിൽനിന്നു വ്യക്തമാണ്. ഈ പശ്ചാത്തലമാണ് അവരെ കഠിനമായി വിമർശിക്കുന്നതിനു ലേഖന കർത്താവിനെ പ്രേരിപ്പിച്ചതെന്നും സ്പഷ്ടം. അവരുടെ ചോദ്യത്തെ സാധൂകരിക്കുന്നതാണ് തുടർന്നുള്ള അഭിപ്രായം: "സകലകാര്യങ്ങളും സൃഷ്ടിയുടെ ആരംഭത്തിലുണ്ടായിരുന്ന സ്ഥിതിയിൽതന്നെ തുടരുന്നല്ലോ". ക്രിസ്തുവിന്റെ രണ്ടാമാഗമനത്തോടു ചേർന്നുണ്ടാകുന്ന യുഗാന്ത്യപ്രതിഭാസത്തെ ഉദ്ദേശിച്ചാണ് അവരുടെ ഈ സംസാരം. "പിതാക്കന്മാർ" സഭയുടെ അടിസ്ഥാനമായ അപ്പസ്തോലന്മാർ ആണ്. ഗ്രന്ഥകർത്താവ് ഇതിനു നല്കുന്ന ഉത്തരമാണ് തുടർന്നു കാണുക.

**3:5-7, വിധിദിനംവരെ സൂക്ഷിക്കപ്പെടുന്ന പ്രപഞ്ചം:** കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചും അതിനു മുമ്പുണ്ടാകുന്ന ദുരിതകാല ഘട്ടത്തേക്കുറിച്ചും ലേഖനകർത്താവിനു ഉറപ്പുണ്ട്. കാരണം, ഇത് ക്രൈസ്തവ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമായിക്കഴിഞ്ഞിരുന്നു (ഉദാ. മത്താ 10:23; 16:28; 24:3, 27-31, 34, 42; അപ്പ 1:11; 1 തെസ 4:16-17). യഹൂദരുടെ പ്രപഞ്ച വീക്ഷണമാണ് ഗ്രന്ഥകർത്താവിനുമുള്ളത്. വെള്ളത്തിലും വെള്ളത്താലും ഉറപ്പിക്കപ്പെട്ടിരുന്നതിനാലാണ് നോഹയുടെ കാലത്ത് ഭൂമിയിൽ പ്രളയമുണ്ടായത് എന്നവർ വിശ്വസിച്ചു. ഭൂമി വെള്ളത്തിലും വെള്ളത്താലും ഉറപ്പിക്കപ്പെട്ടിരുന്നു എന്ന രീതിയിലുള്ള സങ്കല്പത്തിൽനിന്നുകൊണ്ടാണ് വ്യാജപ്രവാചകരുടെ വാദങ്ങൾക്കു ലേഖകൻ മറുപടി നല്കുന്നത്.

നോഹയുടെ കാലത്തെ ജനങ്ങൾ പ്രളയമുണ്ടാകുമെന്നു വിശ്വസിച്ചില്ല എന്നതുപോലെ ഇന്നും വ്യാജപ്രവാചകർ കർത്താവിന്റെ പ്രത്യാഗമനത്തിൽ ആകാശവും ഭൂമിയും അഗ്നിക്കിരയാകുമെന്ന അപ്പസ്തോലവചനങ്ങൾ വിശ്വസിക്കുന്നില്ല. എന്നുമാത്രമല്ല, അവ സംഭവിക്കില്ലായെന്നു വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുകകൂടി ചെയ്യുന്നു. ഇത്തരുണത്തിൽ ഗ്രന്ഥകർത്താവ് ലോകാന്ത്യം വൈകുന്നതിന്റെ കാരണം എന്ത് എന്നു വിശദീകരിക്കുന്നുണ്ട്. വിധിയുടെയും ദുഷ്ടമനുഷ്യരുടെ നാശത്തിന്റെയും ദിനത്തിനുവേണ്ടി ആകാശവും ഭൂമിയും കാത്തുസൂക്ഷിക്കപ്പെടുന്നു എന്നതാണത്.

**വിചിന്തനം:** അന്ത്യവിധിയെക്കുറിച്ചോ, ആത്മാവിന്റെ അനശ്വരതയെക്കുറിച്ചോ ചിന്തയില്ലാത്തവർ ഈ ലോകത്തെയാണു വിലമതിക്കുക. അതിനനുസരിച്ചുള്ള വ്യാജപ്രസ്താവനകൾ അവർ നടത്തുകയും ചെയ്യും. വിശ്വാസത്തിൽ ബലമില്ലാത്തവർ ഇത്തരം പ്രസ്താവനകളെ വിശ്വസിക്കുകയും തങ്ങളുടെ താല്പര്യങ്ങൾക്കു ചേരുന്നതിനാൽ അതിൽ നിലനില്ക്കുകയും ചെയ്യും.

എന്നാൽ "നമ്മുടെ പൗരത്വം സ്വർഗത്തിലാണ്" എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ ലോകത്തെ സ്വർഗത്തെക്കാൾ കൂടുതൽ





കാമ്യമായി കണക്കാക്കാതിരിക്കാൻ നമ്മെ സഹായിക്കുന്നു. സ്വർഗത്തിൽ നിത്യമായി ദൈവത്തോടൊത്തു തുടരേണ്ട ജീവിതമായതുകൊണ്ട് ഈ ലോകത്തിലും സ്വർഗത്തിനടുത്ത വിശുദ്ധിയിൽ ജീവിക്കാനുള്ള വിളിയെ ഏറ്റവും പ്രധാനമായി കണ്ടുകൊണ്ട് മറ്റു പ്രബോധനങ്ങളെ പിഞ്ചെല്ലാതിരിക്കാനുള്ള പ്രചോദനം ഈ ലേഖനഭാഗം നമുക്കുതരുന്നു.

## 2 പത്രോസ് 3:8-13, യുഗാന്ത്യം

ആസന്നമാണെന്നു വിശ്വസിച്ച കർത്താവിന്റെ രണ്ടാമത്തെ ആഗമനം വൈകുന്നതിനെക്കുറിച്ചുള്ള ആദിമസഭയുടെ ഉൽകണ്ഠ അവ്യക്തമെങ്കിലും ഇവിടെ സൂചിതമാണ്. അതിനോടു പ്രതികരിക്കുന്ന ശ്ലീഹായുടെ വിശ്വാസദാർഢ്യം അവരുടെ വിശ്വാസത്തിന്റെ ദൃഢതയെത്തന്നെയാണ് സൂചിപ്പിക്കുന്നത്.

**3:8-9, കാലത്തിനതീതനായ കർത്താവ്:** ആദിയുമന്തവും ഇല്ലാത്തവനായ ദൈവത്തെ കാലത്തിനതീതനായി മനസ്സിലാക്കുന്ന ലേഖനകർത്താവ് അതു മനോഹരമായി അവതരിപ്പിക്കുന്നതാണ് 8-ാം വാക്യത്തിൽ കാണുന്നത്. അവിടുത്തെമുമ്പിൽ ആയിരം വർഷവും ഒരു ദിവസവും തുല്യമാണ്. അവിടുത്തെ പദ്ധതിയിൽ കാലവിളംബം എന്ന പ്രതിഭാസം ഇല്ല. തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്നതല്ല, അവിടുത്തെ പ്രത്യാഗമനത്തിൽ എല്ലാവരും രക്ഷിക്കപ്പെടേണ്ടതിന് അവിടുന്നു ദീർഘക്ഷമ കാണിക്കുന്നു എന്നതാണ് പ്രത്യാഗമനം വൈകുന്നതിന്റെ കാരണം.

വിശുദ്ധമായ ജീവിതം കർത്താവിന്റെ പ്രത്യാഗമനത്തെ ത്വരിതപ്പെടുത്തും എന്ന യഹൂദവിശ്വാസവും ഗ്രന്ഥകർത്താവിനെ സ്വാധീനിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. മിശിഹായുടെ വരവിനെ സംബന്ധിച്ച് "ജനത്തിന്റെ പാപം മിശിഹായുടെ വരവിനെ തടസ്സപ്പെടുത്തുന്നു" എന്നും, "ഒരുദിവസം മാത്രമെങ്കിലും യഥാർത്ഥത്തിൽ അനുതപിച്ചിരുന്നെങ്കിൽ മിശിഹാ പണ്ടേവരുമായിരുന്നു" എന്നും അവർ "ഒരു ദിവസത്തേക്കു മാത്രമെങ്കിലും നിയമങ്ങൾ കാത്തു ജീവിച്ചിരുന്നെങ്കിൽ മിശിഹാ അവതരിക്കുമായിരുന്നു" എന്നും യഹൂദറബ്ബിമാർ പഠിപ്പിച്ചിരുന്നു.

എല്ലാവരെയും രക്ഷിക്കുകയാണ് യേശുവിന്റെ പ്രത്യാഗമന ലക്ഷ്യമെങ്കിൽ അനുതപിക്കുന്ന ഒരു ജനം അഥവാ വിശുദ്ധമായ ജീവിതം നയിക്കുന്ന ഒരു ജനം ഈ പ്രത്യാഗമനത്തെ ത്വരിതപ്പെടുത്തും. ഇക്കാര്യമാണ് അടുത്ത വാക്യങ്ങളിൽ വിശദമാക്കുന്നത്.

**3:10-13, കള്ളനെപ്പോലെ വരുന്ന കർത്താവിന്റെ ദിനം:** നാലു വാക്യങ്ങളിൽ ഒന്നും മൂന്നും ഏറെക്കുറെ സമാനമാണ്. അവ യുഗാന്ത്യത്തിൽ ആകാശവും ഭൂമിയും അഗ്നിക്കിരയാകും എന്ന വിശ്വാസം

പ്രതിഫലിപ്പിക്കുന്നു. അതുപോലെ, രണ്ടും നാലും വാക്യങ്ങൾ യുഗാന്ത്യത്തെ പ്രതീക്ഷിച്ചുകൊണ്ട് ഉത്തമമായ ജീവിതം നയിക്കണമെന്നു ദ്ബോധിപ്പിക്കുന്നു.

എല്ലാവരും അനുതപിക്കുകയും വിശുദ്ധിയോടും ദൈവഭക്തിയോടും കൂടെ ജീവിക്കുന്നതിൽ ശുഷ്ക്കാന്തിയുള്ളവരായിരിക്കുകയും പുതിയ ഭൂമിയും പുതിയ ആകാശവും കാത്തിരിക്കുകയും വേണം. ഇങ്ങനെയുള്ള ജീവിതം രക്ഷാകരമാകയാൽ, വിധികർത്താവായി വീണ്ടുംവരുന്ന കർത്താവിന് എല്ലാവരെയും രക്ഷിക്കുകയെന്ന തന്റെ ദൗത്യം നിർവഹിക്കുക എളുപ്പമാകും. മറ്റുവാക്കുകളിൽ, അങ്ങനെയുള്ള സമൂഹം അവിടുത്തെ ആഗമനത്തെ ആസന്നമാക്കും. അനുതാപം വ്യക്തികളെ നവമാക്കുന്നതുപോലെ, കർത്താവിന്റെ ആഗമനത്തിൽ ഈലോകവും നവമാക്കപ്പെടും. പുതിയവ പഴയതിൽനിന്നും വ്യത്യസ്തമാണ്. ഈ പുതിയക്രമത്തിൽ, മലിനമാക്കപ്പെട്ട ലോകമല്ല, മറിച്ച് നീതി നിവസിക്കുന്ന നവമായ ലോകമാണ് അവർ പ്രതീക്ഷയോടെ കാത്തിരിക്കേണ്ടത്.

**വിചിന്തനം:** അനുതപിക്കുന്ന പാപിയെ വിളിക്കാനാണു കർത്താവു വരുന്നത് എന്ന ചിന്തയോട് കർത്താവിന്റെ പ്രത്യാഗമനവും ചേർത്തു വയ്ക്കാം. ആരും നശിച്ചുപോകാതെ എല്ലാവരും രക്ഷിക്കപ്പെടണം എന്നതുകൊണ്ട് രക്ഷയുടെ കാലഘട്ടം നമ്മുടെ തലമുറയിലേക്കുകൂടി നീട്ടിയതായിരിക്കുമെന്നു നമുക്കു വിശ്വസി ക്കാം. അതുകൊണ്ട്, കർത്താവിന്റെ ദീർഘക്ഷമയുടെ ഈ കാലഘട്ടം, നമ്മുടെ അനുതാപത്തിന്റെ കാലഘട്ടവും വിശുദ്ധീകരണത്തിന്റെ കാലഘട്ടവുമാകണം, കളങ്കമോ കറയോ ഇല്ലാത്ത ജീവിതത്തിന്റെ കാലഘട്ടമാകണം. അപ്പോൾ കർത്താവ് നമ്മോടുകൂടെയാണ്. അങ്ങനെയുള്ള ഈലോകജീവിതം കർത്താവിന്റെ പ്രത്യാഗമനദിവസത്തിൽ കർത്താവിനോടുകൂടി എന്നേയ്ക്കുമുള്ള ജീവിതത്തിലേക്കു പ്രവേശിക്കും.

നമ്മുടെ കർത്താവായ ഈശോ 'പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നു. അവിടെനിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും വിശ്വസിക്കുന്നു' എന്നു ദിവസവും ഏറ്റുപറയുന്ന നമുക്ക് "മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നള്ളുന്ന" (മത്താ 25:31) വിധിയുടെ ദിനത്തിലേക്ക്, അവിടുത്തെ വലതുഭാഗത്തു നിൽക്കുവാൻ തക്കവിധം ഒരുങ്ങുവാൻ ഈ ലേഖനഭാഗം സഹായകമാകട്ടെ.





## 2 പത്രോസ് 3:14-18, പ്രതീക്ഷയുടെ ജീവിതം

ആദിമസഭയുടെ പ്രതീക്ഷകളെ പ്രതിഫലിപ്പിക്കുകയും പ്രതീക്ഷകൾക്കനുസരിച്ചുള്ള ജീവിതത്തിന് - മതാനുസാരവും ധാർമ്മികവുമായ ജീവിതത്തിന് - അന്നെന്നപോലെ ഇന്നും ക്രൈസ്തവരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് ലേഖനത്തിലെ ഉപസംഹാരമായ വചനങ്ങൾ

**3:14, പ്രതീക്ഷയുടെ ജീവിതം:** ലേഖനത്തിന്റെ അവസാനഭാഗത്ത്, കർത്താവിന്റെ പ്രത്യാഗമനം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ ജാഗ്രതയോടുകൂടി ജീവിക്കുക എന്ന ഉപദേശമാണു കാണുന്നത്. ഈ ഭാഗത്തിന് ആരംഭമായിരിക്കുന്ന "ആകയാൽ" എന്ന സംയോജകപദം, ഇതുവരെ പറഞ്ഞവയെ അവസാന നിർദ്ദേശങ്ങളോടു ബന്ധിപ്പിക്കുക മാത്രമല്ല, തുടർന്നു പറയാൻ പോകുന്നവയ്ക്ക് പ്രത്യേക ഊന്നൽ നല്കുകയും ചെയ്യുന്നുണ്ട്. "പ്രിയപ്പെട്ടവരേ" എന്ന സംബോധന, തന്റെ ശ്രോ താക്കളുടെ ശ്രദ്ധയെ ഇനി പറയുന്ന കാര്യങ്ങളിലേയ്ക്ക് അധികമായി ക്ഷണിക്കുന്നതും അതോടൊപ്പം, അവരോടുള്ള താല്പര്യത്തെയും ഹൃദയ അടുപ്പത്തെയും വെളിവാക്കുന്നതുമാണ്.

കർത്താവ് വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ വിശ്വാസികൾ അവനു മുമ്പിൽ നില്ക്കേണ്ടത് കളങ്കവും കറയുമില്ലാതെ സമാധാനത്തിൽ കഴിയുന്നവരായിട്ടാണ്. "കളങ്കവും കറയുമില്ലാതെ" കാണപ്പെടുക എന്ന ഉപദേശം, ലോകത്തിന്റെ മാലിന്യമായ വ്യാജപ്രവാചകരിൽ നിന്നും അകന്നിരിക്കാനുള്ള ഉപദേശംതന്നെയാണ്.

**3:15-16, പൗലോസിന്റെ പ്രബോധനം:** കർത്താവിന്റെ പ്രത്യാഗമനം വൈകുന്നത് അവിടുത്തെ ദീർഘക്ഷമമൂലമാണെന്ന തന്റെ പ്രബോധനത്തിന് അവലംബമായി പൗലോസിന്റെ പ്രബോധനങ്ങളെ ഗ്രന്ഥകർത്താവ് കൂട്ടുപിടിക്കുകയാണ്. എന്നാൽ, ഗ്രന്ഥകർത്താവിന്റെ വാദങ്ങൾക്ക് പിൻബലമായിരിക്കുന്ന ഈ പ്രബോധനങ്ങളെ അവഗണിച്ചു കൊണ്ട് പൗലോസിന്റെ ലേഖനത്തിൽനിന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഭാഗമെടുത്ത് വളച്ചൊടിക്കുകയും വിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരെക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പു നല്കുന്നു. "അറി വില്ലാത്തവരും ചഞ്ചലമനസ്ക്കരും" എന്ന പ്രയോഗം വ്യാജപ്രബോധകരുടെ കുറ്റകരമല്ലാത്ത അജ്ഞതയേയോ, ബലഹീനതയേയോ അല്ല, പ്രത്യുത, ശരിയായ പ്രബോധനങ്ങളോടുള്ള അവരുടെ വിമുഖതയും അറിവില്ലാത്തതിനാൽ ഉണ്ടാകുന്ന ചഞ്ചലിപ്പുമാണ് സൂചിപ്പിക്കുന്നത്.

വ്യാജപ്രബോധകർ അലസരും സുഖജീവിതത്തിൽ മാത്രം തൽപരരുമാണ് എന്നതു കൊണ്ട് അവർക്കാവശ്യമായ പ്രബോധനം മാത്രം എടുത്തുപയോഗിക്കുകയോ ആവശ്യമനുസരിച്ച് വളച്ചൊടിക്കുകയോ ചെയ്യുന്നു. ഇത്തരം പ്രബോധനത്തിലും ഉറച്ചുനിൽക്കുവാൻ

അലസരായ അവർക്കു കഴിയുന്നില്ല എന്നുകൂടി ഇവിടെ സൂചനയുണ്ട്. "മറ്റു വിശുദ്ധലിഖിതങ്ങളെപ്പോലെ" എന്നു പറഞ്ഞിരിക്കുന്നത് പഴയ നിയമഗ്രന്ഥങ്ങളെ ഉദ്ദേശിച്ചാണ്. പൗലോസ്ശ്ലീഹായുടെ പ്രബോധനങ്ങളെ വളച്ചൊടിക്കുന്നു എന്ന ആരോപണം അക്കാലഘട്ടത്തിലെന്നപോലെ തുടർന്നുള്ള കാലഘട്ടങ്ങളിലുമുണ്ടായിട്ടുണ്ട്. നിയമപാലനം ആവശ്യമില്ലെന്നു കാണിക്കുവാൻ റോമ 8:21; 2 കോറി 3:17; ഗലാ 5:13 എന്നീ ലേഖനഭാഗങ്ങൾ *ഗ്നോസ്റ്റിക്* തത്വചിന്തകർ ഉപയോഗിച്ചിട്ടുള്ളതായി ഇരണേവൂസ്, തെർത്തുല്യൻ എന്നീ സഭാപിതാക്കന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസം വഴിയുള്ള നീതീകരണത്തെ തെറ്റിദ്ധരിച്ചുകൊണ്ടുള്ള പ്രബോധനവും ക്രൈസ്തവരുടെ ഇടയിൽത്തന്നെ നിലവിലുണ്ടല്ലോ.

**3:17–18, സമാപനോപദേശവും ആശംസ യും:** "പ്രിയപ്പെട്ടവരേ" എന്ന സംബോധന, അവസാന ഉപദേശത്തിലേക്കും ആശംസ യിലേക്കും ശ്രോതാക്കളുടെ ശ്രദ്ധയെ ഒരിക്കൽക്കൂടി ആകർഷിക്കുന്നതിനുവേണ്ടിയാണ്. "ഇക്കാര്യം മുൻകൂട്ടി അറിഞ്ഞു കൊണ്ട്" എന്നു പറയുമ്പോൾ അത് വിശുദ്ധ ലിഖിതങ്ങളുടെ തെറ്റായ വ്യാഖ്യാനം നടത്തു ന്നതിനെക്കുറിച്ച് അറിഞ്ഞുകൊണ്ട് എന്നും, അതോടൊപ്പംതന്നെ, ഇതുവരെ പറഞ്ഞകാര്യങ്ങളെല്ലാം അറിഞ്ഞുകൊണ്ട് എന്നും അർ ത്ഥമാക്കാം. ഏതായാലും "അറിവ്" എന്ന പദം അനേകപ്രാവശ്യം ഊന്നൽ കൊടുത്ത് പ്രയോഗിക്കുന്നു എന്നത് ഈ ലേഖനത്തിന്റെ പ്രത്യേകതയാണ്. (1:2, 3, 8, 20; 2:20, 21; 3:18).

ക്രിസ്തുവിന്റെ പേരിലുള്ള സമാപന സ്തുതി (doxology) മറ്റു ലേഖനങ്ങളുടെ ശൈലിയിൽനിന്നു വേറിട്ടുനില്ക്കുന്നു. തിമോത്തേയോസിനുള്ള രണ്ടാംലേഖനം മാത്രമാണിതിനൊരപവാദം. എന്നാൽ "നമ്മുടെ കർത്താവും രക്ഷകനും" എന്ന് യേശുവിനു നല്കുന്ന വിശേഷണം ഈ ലേഖനത്തിന്റെ തനതായ ശൈലിതന്നെയാണ് (1:11; 2:20; 3:2).

**വിചിന്തനം:** വിശ്വാസത്തിൽ അറിവിനും യുക്തിക്കും സ്ഥാനമുണ്ട് എന്ന് ലേഖനം ഉദ്ബോധിപ്പിക്കുന്നു. ദൈവത്തെയും യേശുക്രിസ്തുവിനെയുംകുറിച്ചുള്ള പരിപൂർണ ജ്ഞാനത്തിൽനിന്നുള്ള കൃപയും സമാധാനവും ആശംസിച്ചുകൊണ്ടു (1:2) തുടങ്ങുന്ന ലേഖനം പലപ്രാവശ്യം ശരിയായ ഈ അറിവിലേക്കു വിശ്വാസികളെ ക്ഷണിക്കുന്നുണ്ട്. അറിവില്ലാത്തവർ വിശുദ്ധലിഖിതങ്ങളെ വളച്ചൊടിക്കുന്നതിനെക്കുറിച്ചു മുന്നറിയിപ്പു നല്കുമ്പോഴും അത് ശരിയായ അറിവിലേക്കു വരാനുള്ള ക്ഷണംതന്നെയാണ്. ദൈവനിവേശിതമായ വി. ലിഖിതങ്ങളെ അറിയാൻ, അവയിൽ പറഞ്ഞിരിക്കുന്നവയെ അറിഞ്ഞു വിശ്വസിച്ചു ജീവിക്കുവാനുള്ള ഈ ക്ഷണം നമുക്കു ഹൃദയപൂർവം സ്വീകരിക്കാം.

ശരിയായ വിശ്വാസത്തിൽ ജീവിക്കുന്ന വ്യക്തിതന്നെത്തന്നെയല്ല, ലോകത്തെക്കൂടി നവീകരിക്കുന്നു എന്ന സത്യവുംകൂടി നമുക്കോർക്കാം. അതാണ് ഇന്നു നമുക്കു ചെയ്യാവുന്ന, ചെയ്യേണ്ട ഏറ്റവും നല്ല സുവിശേഷ പ്രഘോഷണം.

***ഡോ. തെരേസ് നടുപടവിൽ***



# 04

## യോഹന്നാൻ ശ്ലീഹായുടെ ലേഖനങ്ങൾ

**പു**തിയനിയമത്തിലെ 27 പുസ്തകങ്ങളിൽ കാതോലിക ലേഖനങ്ങൾ എന്ന് വിളിക്കപ്പെടുന്ന 7 കൃതികളിൽ 3 എണ്ണമാണ് യോഹന്നാന്റ പേരിൽ അറിയപ്പെടുന്ന ഈ ഗ്രന്ഥങ്ങൾ. ദൈവവും മനുഷ്യനുമായ ചരിത്രത്തിലെ യേശുവിനെ അറിഞ്ഞ്, അവിടുത്തെ പ്രബോധനങ്ങൾ, പ്രത്യേകിച്ചു, സ്നേഹത്തിന്റെ പ്രമാണം, അനുസരിച്ച് ജീവിക്കുകയാണ് ക്രൈസ്തവ ധർമ്മം എന്ന് നമ്മെ ലേഖനങ്ങൾ ഓർമ്മിപ്പിക്കുന്നു.

### ഗ്രന്ഥകർത്താവ്

സുവിശേഷകനായ യോഹന്നാൻശ്ലീഹായുടെ പേരിലാണ് ഈ മൂന്നു ലേഖനങ്ങളും പരമ്പരാഗതമായി അറിയപ്പെടുന്നത്. മൂന്നു ലേഖനങ്ങളും പ്രയോഗങ്ങളിലും ശൈലിയിലും ആശയങ്ങളിലും വളരെയേറെ ഐക്യരൂപമുള്ളവയാകയാലും യോഹന്നാന്റെ സുവിശേഷവുമായി വളരെ അടുപ്പമുള്ളവയാകയാലും ഇവ മൂന്നും സുവിശേഷകനായ യോഹന്നാന്റേതു തന്നെയായി പരിഗണിക്കപ്പെടുന്നു.എങ്കിലും ദൈവശാസ്ത്രവീക്ഷണത്തിലും ആശയങ്ങളിലും കാണുന്ന താദാത്മ്യത്തോടൊപ്പം വ്യതിരിക്തതയും തനതാത്മകതയും കാരണം യോഹന്നാന്റെ സുവിശേഷവും ഈ മൂന്ന് ലേഖനങ്ങളും വ്യത്യസ്ത വ്യക്തികളിൽ നിന്നോ സമൂഹത്തിൽനിന്നോ രൂപപ്പെട്ടു വന്നതാണെന്ന് അനുമാനിക്കുന്നവരും ഉണ്ട്. കൂടാതെ രണ്ടും മൂന്നും ലേഖനങ്ങളുടെ തുടക്കത്തിൽ ''സഭാശ്രേഷ്ഠന്'' എഴുതുന്നു എന്ന് പറയുന്നുണ്ടെങ്കിലും ഒന്നാം ലേഖനത്തിൽ അങ്ങനെ കാണുന്നില്ലാത്തതിനാൽ ഇവ വ്യത്യസ്ത വ്യക്തികളിൽനിന്ന് വന്നതാവാം എന്ന്

കരുതുന്നവരുമുണ്ട്. എന്നാൽ ഈ മൂന്ന് കൃതികളും യോഹന്നാൻ സുവിശേഷകന്റേതുതന്നെയാണ് എന്ന് ഉറപ്പിച്ചു പറയാൻ പ്രത്യക്ഷ തെളിവുകൾ ഇല്ലെങ്കിലും, ഗ്രന്ഥങ്ങളുടെ ഉള്ളടക്കങ്ങളും പശ്ചാത്തലവും, ദൈവശാസ്ത്ര വീക്ഷണങ്ങളും പരിഗണിക്കുമ്പോൾ, പല സഭാപിതാക്കന്മാരുടെയും, ബൈബിൾ പണ്ഡിതന്മാരുടെയും അനുമാന പ്രകാരം, ഇവ മൂന്നും ഒരേ ഗ്രന്ഥകാരന്റേത് തന്നെയാണെന്നും അത് സുവിശേഷകനായ യോഹന്നാൻ ആണ് എന്നും നമുക്ക് അനുമാനിക്കാം.

നാലാം സുവിശേഷകനായ യോഹന്നാനുമായുള്ള അടുപ്പംകൊണ്ടാണ് ഈ ലേഖനങ്ങൾക്ക് നാലാം നൂറ്റാണ്ടിൽതന്നെ പാശ്ചാത്യ സഭകളിൽ കാനോനിക പദവി ലഭിച്ചത്. അഞ്ചാം നൂറ്റാണ്ടിലെ സിറിയൻ പെഷിത്ത (peshitha)യിൽ ഒന്നാം യോഹന്നാനും ഫിലെക്സീനിയൻ പതിപ്പിൽ (philexinion version) രണ്ടും മൂന്നും യോഹന്നാനും ഉണ്ട്.

## സ്വീകർത്താവ്

ഏഷ്യാമൈനറിലെ എഫെസൂസിന് ചുറ്റുമുള്ള യോഹന്നാൻ സമൂഹങ്ങൾക്ക് (Johanninecommunity) ആണ് ഈ ലേഖനങ്ങൾ എഴുതുന്നതെന്ന് പൊതു അഭിപ്രായം ഉണ്ട്. ലേഖനങ്ങളിൽനിന്ന് ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ സഭകളിൽ യഥാർത്ഥ ക്രിസ്തുദർശനത്തെക്കുറിച്ചും, ക്രൈസ്തവ ജീവിതത്തെക്കുറിച്ചും വ്യത്യസ്ത പഠനങ്ങളും വിഭാഗീയതകളും ഉടലെടുത്തുകൊണ്ടിരുന്ന പശ്ചാത്തലമാണ് നാം കാണുക. അത്തരത്തിലുള്ള പ്രതിസന്ധിയിൽ യഥാർത്ഥ വിജ്ഞാനം നൽകി അവിടങ്ങളിലുള്ള ക്രിസ്തു വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ലേഖനങ്ങളുടെ ലക്ഷ്യം.

## രചനാകാലം

ബൈബിൾ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും, ക്രിസ്തുവർഷം ഏകദേശം 90 നും 105 നും ഇടയിൽ ആണ് ഈ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതെന്നാണ് പൊതുനിഗമനം.

## യോഹന്നാന്റെ ലേഖനങ്ങളും സുവിശേഷവും

യോഹന്നാന്റെ ലേഖനങ്ങളും സുവിശേഷവും തമ്മിൽ വളരെയേറെ സാമ്യങ്ങളും, പൊതുവായ സവിശേഷതകളും ആശയങ്ങളും കാണാൻ കഴിയും. ഒന്നാം ലേഖനവും സുവിശേഷവുമായി ആണ് കൂടുതൽ സാമ്യങ്ങളും. പൊതുവായ ചില പദങ്ങളും ആശയങ്ങളും ഇവിടെ നൽകാം: ജീവൻ (ഉദാ. യോഹ 1:4; 1 യോഹ 1:2; 4:9; 5:11-12, 16). നിത്യജീവൻ (ഉദാ. യോഹ 3:16; 1 യോഹ 1:2; 2:25; 3:15; 5:11, 13, 20), പ്രകാശവും അന്ധകാരവും (ഉദാ. യോഹ 3:32; യോഹ 1:5; 2:8), സത്യം (ഉദാ. യോഹ 8:32; 1 യോഹ 2:21; 3:18; 5:7; 2 യോഹ 1, 2, 3, 4; 3 യോഹ 1, 3, 4, 8, 12), പിതാവ്/പുത്രൻ (ഉദാ. യോഹ 3:35; 1 യോഹ 2:22, 23; 4:14; 2 യോഹ 3, 9). പുത്രൻ (ക്രിസ്തു) (ഉദാ. യോഹ 5:23; 1 യോഹ 1:7; 2:24; 3:23; 4:9, 10, 14; 5:9, 10, 11, 12, 20), വസിക്കുക (ഉദാ. യോഹ 15:5; 1 യോഹ 2:24, 27,





28; 3:15, 24; 4:13, 15, 16; 2 യോഹ 2, 9). പുതിയ കല്പന: പരസ്പരം ക്ഷമിക്കുക (ഉദാ. യോഹ 13:34; 15:12, 17; 1 യോഹ 2:7-8; 3:23; 2 യോഹ 5); വിശ്വാസികളുടെ സന്തോഷം പൂർണ്ണമാവുക (ഉദാ. യോഹ 13:33; 21:5; 1 യോഹ 2:1, 14, 18, 24), ഈശോ സഹായകൻ (ഉദാ. യോഹ 14:16; യോഹ 2:16; 3:1, 13; 4:5).

സുവിശേഷവും ലേഖനങ്ങളും തമ്മിൽ സാമ്യങ്ങൾ ഏറെയുണ്ടെങ്കിലും പ്രകടമായ വ്യത്യാസങ്ങളും ഉണ്ട്. നാം ലേഖനത്തിൽ മാത്രം കാണുന്ന ചില കാര്യങ്ങൾ പറയാം: ആസന്നമായ അന്ത്യ മണിക്കൂർ (imminent "last hour," 2:18), പരിഹാരബലി (expiation, 2:1; 4:10), വിശ്വാസികളെ അഭിഷേകം ചെയ്യൽ (anointing of the believers, 2:20, 27), ദുരാശ Lust (2:16-17), അന്തിക്രിസ്തുമാർ (antichrists, 2:18; 22; 4:3), അരാജകത്വം (Lawlessness, 3:4), കപട പ്രവാചകന്മാർ (false prophets, 4:1), തെറ്റിന്റെ അരൂപി (spirit of error, 4:6), വിധി ദിവസം (day of judgment, 4:17), മർത്യവും അമർത്യവും ആയ പാപങ്ങൾ (mortal nonmortal sins, 5:16-17), ധാർമ്മിക പരിഗണനകൾ (ethical consideration, 3:4; 4:20). യോഹന്നാന്റെ രണ്ടാം ലേഖനത്തിൽ മാത്രം കാണുന്നവ: തത്വം (doctrine, 9-10), മഹതിയായ സഭ (the church as "lady", 1, 5), അന്തിക്രിസ്തു (anti Christ, 7), പ്രതിഫലം (reward, 8). യോഹന്നാന്റെ മൂന്നാം ലേഖനത്തിൽ ഉള്ളതും സുവിശേഷത്തിൽ ഇല്ലാത്തതും: സഭ (6, 9, 10), വിജാതീയൻ (7), അധികാരം (9).

യുഗാന്ത്യദർശനത്തിലും (Eschatology) വ്യത്യാസങ്ങൾ ഉണ്ട്: സുവിശേഷത്തിൽ, സാക്ഷാത്കൃതവും (realized) എന്നാൽ ഭാവ്യോന്മുഖവുമായ (futuristic) യുഗാന്ത്യ ദർശനം ഉള്ളപ്പോൾ ആസന്നയുഗാന്ത്യ ദർശനം (imminent eschatology) ആണ്.

## ചരിത്ര-ദൈവശാസ്ത്ര പശ്ചാത്തലം

യോഹന്നാൻ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനംമൂലം വളർന്ന് വന്നതും യോഹന്നാനുമായി അടുപ്പമുള്ളതുമായ എഫെസൂസിലും ചുറ്റുമുള്ള ക്രൈസ്തവ സമൂഹങ്ങളിൽ (Johannine community) ക്രിസ്തുവർഷം 90 കളിൽ ചില പ്രശ്നങ്ങൾ ഉടലെടുത്തതായി നമുക്ക് മനസ്സിലാക്കാൻ കഴിയും. വ്യത്യസ്ത ആശയഗതികൾ ഉള്ളവരെ രണ്ടുവിഭാഗങ്ങളായി കാണാം. 1. യഹൂദ ക്രൈസ്തവർ: യഹൂദ പാരമ്പര്യത്തിൽ നിന്നുവന്ന ക്രൈസ്തവരിൽ ചിലർക്ക് ഈശോയുടെ ദൈവത്വത്തെക്കുറിച്ചും, മിശിഹാത്വത്തെക്കുറിച്ചും ഉള്ള വിശ്വാസ ആഴക്കുറവും എന്നാൽ, യഹൂദ നിയമത്തോടും പാരമ്പര്യ അനുഷ്ഠാനങ്ങളോടും അമിതമായ താത്പര്യവും വിധേയത്വവും. 2. യവന ക്രൈസ്തവർ: യവന-വിജാതീയ പാരമ്പര്യത്തിലുള്ള ക്രിസ്ത്യാനികളിൽ കുറച്ചുപേർക്ക് വിജാതീയ സംസ്കാരങ്ങളോടും ജീവിതക്രമങ്ങളോടുമുള്ള അടുപ്പവും ഈശോയുടെ മനുഷ്യത്വത്തെ അംഗീകരിക്കാനുള്ള വൈമനസ്യവും.

ഈ കാഴ്ചപ്പാടുകൾ അബദ്ധ പഠനങ്ങളിലേക്കും ഭിന്നിപ്പുകളിലേക്കും ഭിന്നസമൂഹ ധ്രുവീകരണങ്ങളിലേക്കും എത്തിപ്പെട്ടു കാണും. അങ്ങനെ

ഒരു യഹൂദ താത്പര്യ (ebionitic) വിഭാഗവും (താഴ്ന്ന ക്രിസ്തു വിജ്ഞാനീയം - low Christology) ഡോസ്റ്റിക് (docetic) ചായ്വുള്ള വിഭാഗവും (High Christology) പ്രബലപ്പെട്ട് വരികയും തമ്മിൽ പരസ്പര വിയോജിപ്പും, ശത്രുതയും, മാത്സര്യവും വളർന്നുവരികയും ചെയ്തു കാണും. ഇതു ക്രിസ്തീയ സ്നേഹത്തിൽ നിന്ന് അകന്നു പോകാനും ധാർമിക മായ (right conduct) പെരുമാറ്റങ്ങൾക്ക് കോട്ടം തട്ടാനും ഇടയായിട്ടുണ്ടാകണം.

ചുരുക്കി പറഞ്ഞാൽ, ദൈവദർശനം (theology), സന്മാർഗദർശനം (ethics), യുഗാന്ത്യ ദർശനം (eschatology) എന്നിവയിൽ ഈ വിഭാഗത്തിൽ പെട്ടവർക്ക് സാരമായ വ്യത്യാസങ്ങൾ ഉണ്ട്. ഇത്തരത്തിലുള്ള ആശയ വ്യതിചലനങ്ങൾമൂലം തായിത്തണ്ട് സമൂഹത്തിൽ നിന്ന് വേർപിരിഞ്ഞു പോയ ചില സമൂഹങ്ങൾ (1 യോഹ 2:18-19; 2 യോഹ 7; 3 യോഹ 9-10) ഉണ്ടായിരുന്നു. എന്നാൽ യോഹന്നാൻ വ്യാഖ്യാനത്തിനനുസരിച്ചുള്ള യേശു ദർശനത്തിൽ ജീവിക്കുന്ന യഥാർത്ഥ ക്രൈസ്തവരും ധാരാളം ഉണ്ടായിരുന്നു.

അതിനാൽ ഈശോ ദൈവവും മനുഷ്യനും ആണെന്നുള്ള ക്രിസ്തു ദർശനമാണ് യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും കാണുന്നത്.

യോഹന്നാൻ സമൂഹത്തിൽനിന്നും ഒറ്റപ്പെട്ടു മാറിനിൽക്കുന്ന ദിയോട്രെഫെസ് (Diotrephes) ന്റെ സമൂഹത്തെ സംബന്ധിക്കുന്നതാണ് യോഹന്നാന്റെ മൂന്നാം ലേഖനം. ഇവിടെ ദൈവശാസ്ത്ര വിഷയങ്ങളിലുള്ള ആശയ വ്യത്യാസങ്ങളല്ല പ്രശ്നം. മറിച്ച് സഭാഘടനയും അധികാരവും ആണ്.

## അക്ഷയം (Purpose)

1. യോഹന്നാൻ സമൂഹത്തിലുള്ളവരുടെ ക്രൈസ്തവവിശ്വാസ ജീവിതത്തെ ശക്തിപ്പെടുത്തുക.
2. അപ്പസ്തോലിക സുവിശേഷാനുസരണം ജീവിക്കാൻ പ്രേരിപ്പിക്കുക. ഇതിനു യേശുവിന്റെ വ്യക്തിത്വത്തെ ശരിയായി മനസ്സിലാക്കുകയും, ക്രിസ്തീയ ധാർമികതയ്ക്കനുസരിച്ച് ദൈവമക്കളെന്ന നിലയിൽ പ്രകാ ശത്തിൽ ജീവിക്കുകയും വേണം.
3. തെറ്റായ പഠനങ്ങളും അധാർമിക ജീവിതരീതികളും പുലർത്തുന്നവരുടെ സിദ്ധാന്തങ്ങളെയും രീതികളെയും എതിർക്കുകയും തിരുത്തുകയും ചെയ്യുക. ഇതു കൂടുതൽപേർ അബദ്ധപഠനങ്ങളിലേക്ക് വഴുതിപോകാതിരിക്കാനും, സഭയുടെ ഐക്യം നിലനിർത്തുവാനും വേണ്ടിയാണ്.

## സാഹിത്യ രൂപവും ശൈലിയും (Literary genre)

ഒന്നാം ലേഖനവും രണ്ടും മൂന്നും ലേഖനങ്ങളും തമ്മിൽ ദൈർഘ്യത്തിലും രചനാശൈലിയിലും അന്തരങ്ങൾ ഉണ്ട്. രണ്ടും മൂന്നും ലേഖനങ്ങളെ പൊതുവേയുള്ള ഗ്രേക്കോ - റോമൻ കത്ത് രചനാശൈലിയിൽ അപഗ്രഥിക്കാൻ കഴിയുമെങ്കിലും ഒന്നാം ലേഖനത്തെ ആ ശൈലിയിൽ ഉൾപ്പെടുത്താനാകില്ല. ഒന്നാം ലേഖനത്തിൽ ലേഖനകർത്താവിന്റെയോ





സ്വീകർത്താക്കളുടെയോ പേരുകൾ ഇല്ല; ആമുഖാശംസ, പ്രാർത്ഥന, നന്ദി, സമാപനാശംസ എന്നിവയും ഇല്ല; സംഭാഷണശൈലിയും കുറവാണ്. അതിനാൽ യോഹന്നാന്റെ ഒന്നാം ലേഖനത്തെ എല്ലാ സഭകൾക്കും പൊതുവായോ, അതോ ഒരു പ്രദേശത്തുള്ള സഭകൾക്ക് പൊതുവായോ എഴുതിയ ഒരു പൊതുലേഖനം എന്നോ, ഒരു പ്രബോധന ലഘുപുസ്തകം എന്നോ, ഒരു അപ്പസ്തോലിക ലേഖനമെന്നോ, ഒരു പ്രസംഗ സമാഹാരം എന്നോ വിളിക്കാം.

## സഭാപിതാക്കന്മാരുടെ സാക്ഷ്യം

രണ്ടാം നൂറ്റാണ്ടിൽതന്നെ ഈ ലേഖനങ്ങളെക്കുറിച്ചു സൂചനകൾ ഉള്ളതായി കാണാം (Ep. Barn 5:9-11). ഇരനെയൂസിന്റെ ഗ്രന്ഥങ്ങളിൽ കാണുന്ന ഉദ്ധരണികളിൽനിന്ന് അദ്ദേഹത്തിന് യോഹന്നാന്റെ ഒന്നും രണ്ടും ലേഖനങ്ങളെ അറിയാമായിരുന്നു എന്ന് അനുമാനിക്കാം (haer. 1.16.3; 3.16.5). പൊതുവേ ആധികാരികം എന്ന് കരുതപ്പെടുന്ന മുരട്ടോറിയാൻ രേഖ (muaratorian document) യിൽ ഒന്നും രണ്ടും ഗ്രന്ഥങ്ങളെ സൂചിപ്പിക്കുകയും അവ നാലാം സുവിശേഷകൻ എഴുതിയതാണെന്ന് പറയുകയും ചെയ്യുന്നുണ്ട്. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ക്ലെമെന്റിന്റെ പുതിയനിയമ പുസ്തകങ്ങളുടെ വ്യാഖ്യാനത്തിൽ യോഹന്നാന്റെ ഒന്നും രണ്ടും ലേഖനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. മൂന്നാം യോഹന്നാനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് (Eusebius, Hist. Eccl. 6.25.10).

## ദൈവശാസ്ത്ര അഭിമുഖങ്ങൾ

എഫെസൂസിലും ചുറ്റിലും താമസിക്കുന്ന യോഹന്നാൻ സമൂഹങ്ങളിലെ രണ്ടുതരത്തിലുള്ള വീക്ഷണഗതി പുലർത്തുന്ന ക്രൈസ്തവർക്കാണ് യോഹന്നാൻ ഈ ലേഖനങ്ങൾ എഴുതുന്നത് എന്ന് നാം കാണുകയുണ്ടായി (ചരിത്ര പശ്ചാത്തലം). അതിനാൽ യഹൂദ - യവന ചായ്വുള്ള ഈ സമൂഹങ്ങൾക്ക് ഒരു സമീകൃത ക്രിസ്തുദർശനം ആണ് യോഹന്നാൻ അവതരിപ്പിക്കുന്നത്.

സുവിശേഷത്തിലെപോലെ ലേഖനങ്ങളിലെയും മുഖ്യവ്യക്തി (central figure) ജീവദായകനായ ചരിത്രത്തിലെ യേശു ആണ് (historical and life giving Jesus) ആ യേശുവിനോട് വിധേയത്വം ഉണ്ടാകണം (allegia nce, 1 യോഹ 4:1-6) അംഗീകരിക്കണം.

**a) യേശുവിന്റെ വിധേയത്വം (Divinity of Jesus):** യേശുവും പിതാവായ ദൈവവും ഒന്നാണ്. ഇത് ദൈവകേന്ദ്രീകൃത ക്രിസ്തുദർശനം ആണ് (theocentric Christology). ദൈവം പ്രകാശമാകുന്നു, അവിടുന്നിൽ അന്ധകാരമില്ല (1 യോഹ 1:5). ദൈവം നന്മയാകുന്നു (3 യോഹ 11), പ്രകാശമാകുന്നു (1 യോഹ 5, 7), വിശുദ്ധിയാകുന്നു (1 യോഹ 3:3). സത്യമാകുന്നു (1 യോഹ 5:20), സ്നേഹമാകുന്നു (1 യോഹ 4:14). ഈ പുത്രനിലൂടെ എല്ലാവരും ദൈവത്തെ അറിയുന്നു (1 യോഹ 2:23; 4:7-8; 2 യോഹ 9). യേശു അഭിഷിക്തനാണ് (anointed one,1 യോഹ 2:22; 5:1); യേശു ദൈവപുത്രനാണ് (son of God, 1 യോഹ 2:22-23; 4:15; 5:5,

10, 20); ഈശോ പിതാവായ ദൈവവുമായി വളരെ അടുത്ത ബന്ധത്തിലാണ് (intimate relation, 1 യോഹ 1:3; 2:23–24; 4:13), ഈശോ സൃഷ്ടിപൂർവ്വനും (pre-existent) പരിശുദ്ധനും, നിർമലനും യുഗാന്ത്യത്തിൽ മഹിമയോടെ തിരിച്ചുവരുന്നവനുമാണ് (1 യോഹ 2:13–14, 20, 28, 29; 3:2, 3, 5,7; 5:20).

**b) യേശുവിന്റെ മനുഷ്യത്വം (Humanity of Jesus):** ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം: യേശുക്രിസ്തു ശരീരം ധരിച്ചുവന്നു എന്ന് ഏറ്റു പറയുന്ന ആത്മാവ് ദൈവത്തിൽ നിന്നാണ് (1 യോഹ 4:2); വളരെയധികം വഞ്ചകർ ലോകത്തിലേക്ക് ഇറങ്ങിയിട്ടുണ്ട്. യേശുക്രിസ്തു മനുഷ്യശരീരം ധരിച്ചുവന്നു എന്നു സമ്മതിക്കാത്തവരാണ് അവർ. ഇങ്ങനെയുള്ളവനാണു വഞ്ചകനും അന്തിക്രിസ്തുവും (2 യോഹ 7). യേശുവിന്റെ രക്തത്താൽ എല്ലാ വിശ്വാസികളും ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (1 യോഹ 1:7–9); അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (1 യോഹ 1:9; 2:12); ഈശോ ലോകത്തിന്റെ പാപങ്ങൾ മായിച്ചുകളഞ്ഞിരിക്കുന്നു (1 യോഹ 2:2; 3:5); ഈശോ പാപങ്ങൾക്ക് വേണ്ടിയുള്ള ഹോമയാഗമാണ് (atoning sacrifice 1 യോഹ 2:2; 4:10). ഈശോയുടെ ദൈവത്വത്തിനു ഉയർന്ന പ്രാധാന്യം നൽകി മനുഷ്യത്വത്തിൽ താഴ്ന്ന പരിഗണന നൽകുന്ന യവന-വിജാതീയ വിഭാഗത്തോട് യോഹന്നാൻ പറയുന്നു ഈശോയുടെ ജീവിതവും മരണവും യാഥാർത്ഥ്യങ്ങളായിരുന്നു എന്ന് (1 യോഹ 1:7; 9; 2:2, 6, 12; 3:5, 8,16; 4:2, 9, 10, 7). രണ്ടു കൂട്ടരോടുമായി പറയുന്നു: ഈശോ ദൈവത്തോടും മനുഷ്യരോടും കൂടെയാകുന്നു (1 യോഹ 1:1–4; 2:22–23; 5:1).

**c) യാഥാസ്ഥിതികത്വം (orthodoxy):** യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും അംഗീകരിക്കുന്നതാണ് ക്രിസ്തുവിനെക്കുറിച്ചുള്ള യഥാർത്ഥ അവബോധം (proper understanding). ഇതിൽ അധിഷ്ടിതമാണ് വിശ്വാസം. വിശ്വാസം മാനുഷികമോ വ്യക്തിഗതമോ ആയ അഭിപ്രായത്തിനനുസരിച്ചുള്ളതല്ല, അപ്പസ്തോലിക പാരമ്പര്യവിശ്വാസസംഹിതകൾക്കനുസരിച്ചുള്ളതാണ്. വിശ്വാസം സ്നേഹത്തിൽനിന്നും വേർപെടുത്താവുന്നതുമല്ല. സ്നേഹരാഹിത്യം വിശ്വാസരാഹിത്യത്തിനു തെളിവാണ്. വിശ്വാസമില്ലാത്ത സ്നേഹം യഥാർത്ഥ സ്നേഹമല്ല. വിശ്വാസം സ്നേഹത്തിലും, ധാർമികതയിലും പാപരാഹിത്യത്തിലും പ്രകടമാകണം.

**d) ധാർമികത (morality):** ഒരു യഥാർത്ഥ ക്രൈസ്തവ ധാർമികത വളർത്തുക ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ് (2 യോഹ 5:6; 3 യോഹ 11). ക്രൈസ്തവ ധാർമികത എന്നാൽ അർത്ഥമാക്കുക: പ്രകാശത്തിൽ നടക്കുക (1 യോഹ 1:7), യേശുവിന്റെ കല്പനകൾ പാലിക്കുക (1 യോഹ 2:3), സത്യത്തിൽ ആയിരിക്കുക (1 യോഹ 2:4) എന്നതൊക്കെയാണ്. ധാർമ്മിക ജീവിതത്തിലൂടെയാണ് ക്രൈസ്തവർ തങ്ങൾ ദൈവത്താൽ ജനിച്ചവരാണ് (1 യോഹ 2:4), ദൈവമക്കളാണ് (children of God) (1 യോഹ 3:1), ദൈവത്തിലും ക്രിസ്തുവിലും വസിക്കുന്നവരാണ് (abide in God or Christ) (1 യോഹ 2:6, 24) എന്നൊക്കെ പ്രകടിപ്പിക്കുക.





മറ്റുള്ളവരെ സ്നേഹിക്കുക എന്നതാണ് ക്രൈസ്തവർ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു എന്നതിന്റെ അടയാളം (1 യോഹ 3:14). സ്നേഹിക്കുന്നവർ ദൈവത്തിൽനിന്ന് ജനിച്ചവരാണ്, ദൈവത്തെ അറിയുന്നവരാണ്.

സുവിശേഷത്തിലെ സ്നേഹത്തിന്റെ കല്പനയെ (യോഹ 13:34–35; 14:15; 15:10, 12, 17) തെറ്റായി വ്യാഖ്യാനിക്കുന്നവരോട് യോഹന്നാൻ പറയുന്നു: സ്നേഹം സാർവത്രികമാണ്, പരസ്പരം സ്നേഹിക്കുക ദൈവഹിതമാണ്.

**e) സ്നേഹം (Love):** ധാർമിക ജീവിതം സ്നേഹത്തിലധിഷ്ടിതമാണ് എന്ന് യോഹന്നാൻ ഊന്നിപ്പറയുന്നു.

**i) ദൈവസ്നേഹം (divine Love):** സ്നേഹത്തിന്റെ ആരംഭം ദൈവത്തിലാണ്, കാരണം ദൈവം സ്നേഹമാണ് (1 യോഹ 4:16), സ്നേഹം ദൈവത്തിൽനിന്നാണ് (1 യോഹ 4:7). ദൈവസ്നേഹം യേശുക്രിസ്തുവിൽ പ്രകടിപ്പിക്കപ്പെട്ടു (1 യോഹ 4:9), അതിനാൽ ദൈവം മനുഷ്യരെ ആദ്യം സ്നേഹിച്ചു (1 യോഹ 4:10).

**ii) മനുഷ്യസ്നേഹം:** ദൈവം മനുഷ്യരെ ആദ്യം സ്നേഹിച്ചതിനാൽ മനുഷ്യർക്ക് പരസ്പരം സ്നേഹിക്കാൻ (1 യോഹ 4:11–19) കഴിയണം. കാണപ്പെടാത്ത ദൈവം മനുഷ്യരിൽ വസിക്കുന്നത് സ്നേഹമായാണ് (1 യോഹ 4:12). ആയതിനാൽ സ്നേഹത്തെക്കുറിച്ച് സംസാരിച്ചാൽ പോരാ, സ്നേഹം പ്രവൃത്തിയിൽ കാണണം (1 യോഹ 3:18, 4:20; 5:1).

**iii) സ്നേഹപ്രകടനം:** മറ്റുള്ളവർക്ക് ആധിധേയത്വവും സഹകരണവും നൽകി സ്നേഹം പ്രകടമാക്കണം (3 യോഹ 5–8). തനിക്കുള്ള സമ്പത്ത് മറ്റുള്ളവർക്ക് കൊടുക്കുന്നതിനാലാണ് സ്നേഹം (1 യോഹ 3:17). ഇത് യേശുവിന്റെ സ്വജീവാർപ്പണത്തിൽനിന്ന് മാതൃക സ്വീകരിച്ചായിരിക്കണം. ഓരോ ക്രൈസ്തവനും യേശുവിനെപ്പോലെ സ്വന്തം ജീവൻ മറ്റുള്ളവർക്കുവേണ്ടി അർപ്പിക്കണം (1 യോഹ 3:16).

## ഉപസംഹാരം

ഒരിക്കൽ യോഹന്നാൻ സമൂഹത്തിലായിരിക്കുകയും എന്നാൽ അബദ്ധസിദ്ധാന്തങ്ങൾമൂലം വിട്ടുപോകുകയോ കൂട്ടായ്മക്കെതിരേ പ്രവർത്തിക്കുകയോ ചെയ്യുന്നവരെ തിരുത്തുവാനും സഭാമക്കൾക്ക് അബദ്ധപഠനങ്ങളെയും അവ പഠിപ്പിക്കുന്നവരെയും കുറിച്ചു മുന്നറിയിപ്പ് നൽകാനും ആണ് ഈ ലേഖനങ്ങളിലൂടെ യോഹന്നാൻ പരിശ്രമിക്കുന്നത്. മുന്നറിയിപ്പ് മാത്രമല്ല സഭയുടെ യഥാർത്ഥ ക്രിസ്തുദർശനവും ക്രിസ്തീയജീവിതവും പഠിപ്പിക്കുന്നതിനുമാണ് ഈ ലേഖനങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സഭയുടെ തനാത്മകതയും (identity) ഘടനയും (order) നിലനിർത്തുന്നതിനുള്ള പരിശ്രമവും ഈ ഗ്രന്ഥകർത്താവ് നടത്തുന്നുണ്ട്.

ഈ മൂന്നു ലേഖനങ്ങളും അന്നത്തെ വിഭാഗീയതയ്ക്ക് തടയിടാൻ കുറെ സഹായിച്ചിട്ടുണ്ടാകണം. എന്നാൽ സാർവ്വത്രിക സഭയുടെ

സർവ്വകാലങ്ങളിലും പാലിക്കേണ്ട ദൈവശാസ്ത്രപരവും ധാർമികപരവും, സഭാശാസ്ത്രപരവും ആയ സത്യങ്ങൾ അവയിലുണ്ട്: യേശു ദൈവമാണ്, മനുഷ്യനാണ്, ദൈവത്തോടും മനുഷ്യരോടും കൂടെയുണ്ട്, വിശ്വാസിക്ക് സ്നേഹവും ധർമവും അനിവാര്യമാണ്, ദൈവമകനെപ്പോലെ പ്രകാശത്തിൽ സഞ്ചരിക്കണം, ഐക്യം സഭയുടെ അനിവാര്യഘടകമാണ്. ഇത്തരം പ്രമേയങ്ങളുള്ള ഈ ലേഖനങ്ങൾക്ക് ചിരകാലപ്രസക്തിയുണ്ട്.

# യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

## ലേഖനത്തിന്റെ ലക്ഷ്യം

യോഹന്നാൻ തന്റെ ഒന്നാം ലേഖനമെഴുതിയതിന്റെ ലക്ഷ്യം ലേഖനത്തിന്റെ അവസാനഭാഗത്ത് വ്യക്തമായി പറയുന്നു: "ഞാൻ ഇവയെല്ലാം എഴുതിയത് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിനാണ്" (5:13). വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സഹായകരമായിട്ടുള്ള ചില മാനദണ്ഡങ്ങളാണ് തന്റെ ലേഖനത്തിലൂടെ യോഹന്നാൻ നല്കുന്നത്. ആ ഉറപ്പ് വിശ്വാസികൾക്ക് അവരുടെ ജീവിതത്തിൽ യഥാർത്ഥ സന്തോഷത്തിന് കാരണമായിത്തീരും - അവരുടെ ക്രിസ്തീയജീവിതം യഥാർത്ഥത്തിലുള്ളതാണെന്നും അതിന്റെ ഫലമായി അവർ ദൈവവുമായി ഐക്യത്തിലാണെന്നുമുള്ള ഉറപ്പ് നല്കുന്ന സന്തോഷം. ഈ ലക്ഷ്യം ആമുഖത്തിലും യോഹന്നാൻ സൂചിപ്പിക്കുന്നുണ്ട്: ".... ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മയുണ്ടാകുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്.... ഞങ്ങൾ ഇതെഴുതുന്നത് നമ്മുടെ സന്തോഷം പൂർണ്ണമാകാനാണ്" (1:3-4). ഇതിന് പശ്ചാത്തലമൊരുക്കിയത് സഭയുടെ വിശ്വാസത്തിന് നിരക്കാത്ത വിധത്തിൽ ദൈവാനുഭവവും ദൈവികകൂട്ടായ്മയും നിത്യജീവനും ഉണ്ടെന്ന് അവകാശപ്പെടുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്ത ചില വ്യാജപ്രബോധകരുടെ സാന്നിദ്ധ്യമാണ്. ഇങ്ങനെയൊരു പശ്ചാത്തലത്തിൽ വിശ്വാസികൾക്ക് അവരുടെ വിശ്വാസത്തെക്കുറിച്ചും ദൈവാനുഭവത്തെക്കുറിച്ചും സംശയം തോന്നുക സ്വാഭാവികമാണ്. അത് അവരുടെ ക്രിസ്തീയ സന്തോഷത്തിന് തടസ്സമായിത്തീരുകയും ചെയ്യും.

യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷമെഴുതിയത് 'വിശ്വസിക്കുന്നതിനും അതുവഴി നിത്യജീവനുണ്ടാകുന്നതിനും' (യോഹ 20:31) വേണ്ടിയാണെങ്കിൽ, ലേഖനമെഴുതിയത് വിശ്വസിക്കുന്നവർക്ക് നിത്യജീനുണ്ടെന്ന് ഉറപ്പുനല്കുന്നതിനുവേണ്ടിയാണ്. നിത്യജീവൻ ആന്തരികമാണെങ്കിൽ മാനദണ്ഡങ്ങൾ ബാഹ്യമാണ്. ബാഹ്യമായ മാനദണ്ഡങ്ങളിലൂടെ ആന്തരികമായ നിത്യജീവനെ തിരിച്ചറിയുവാൻ സഹായകമായ വിധത്തിലാണ് യോഹന്നാൻ തന്റെ ലേഖനം ക്രമീകരിക്കുന്നത്. ആന്തരികവും ബാഹ്യവുമായ ഈ രണ്ട് യാഥാർത്ഥ്യങ്ങളെ, അതായത്, നിത്യജീവനെയും അതിന്റെ മാനദണ്ഡങ്ങളെയും സൂചിപ്പിക്കുന്ന പദപ്രയോഗങ്ങൾ ലേഖനത്തിലുടനീളം കാണാവുന്നതാണ്. ഉദാഹരണമായി, നിത്യ





ജീവനെ സൂചിപ്പിക്കുവാൻ 'കൂട്ടായ്മയുണ്ടാവുക' (1:3,6,7), 'ദൈവത്തിൽനിന്നും ജനിക്കുക' (2:29; 3:9-10; 4:7; 5:1,4), 'ദൈവത്തിൽനിന്നായിരിക്കുക' (4:3,4,6), 'ദൈവമക്കളായിരിക്കുക' (3:1-2), 'അവനിൽ ആയിരിക്കുക' (2:5), 'ദൈവത്തിൽ' അല്ലെങ്കിൽ 'പുത്രനിൽ നിലനില്ക്കുക' (2:6,24,27,28; 3:6,24; 4:15-16), 'പ്രകാശത്തിൽ നിലനില്ക്കുക' (2:10), 'പിതാവ്' അല്ലെങ്കിൽ 'പുത്രൻ ഉണ്ടായിരിക്കുക' (2:23; 5:12), 'ജീവനുണ്ടായിരിക്കുക' (5:12-13), 'ദൈവത്തെ', 'പിതാവിനെ', 'സത്യസ്വരൂപനെ അറിയുക' (2:3-4,13-14; 3:2,6; 4:6,7; 5:20), 'അവനെ കാണുക' (3:6) തുടങ്ങിയ പദപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു. അതുപോലെതന്നെ മാനദണ്ഡങ്ങളെ സൂചിപ്പിക്കുവാൻ, 'കല്പനകൾ പാലിക്കുക' (2:3; 3:24), 'വചനം പാലിക്കുക' (2:5), 'നീതി പ്രവർത്തിക്കുക' (3:10), 'ഏറ്റുപറയുക' (4:2), 'വാക്കു ശ്രവിക്കുക' (4:6), 'ദൈവത്തെ സ്നേഹിക്കുക' (5:2) തുടങ്ങിയവയും ഉപയോഗിക്കുന്നു. നിത്യജീവനെയും മാനദണ്ഡത്തെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ഇതുവഴി നമുക്ക് തിരിച്ചറിയാം' എന്ന പ്രയോഗവും ലേഖനത്തിലുടനീളം കാണാം. ഉദാഹരണത്തിന്, "നാം *അവന്റെ കല്പനകൾ പാലിച്ചാൽ* (മാനദണ്ഡം) അതുവഴി *നാം അവനെ അറിയുന്നു*വെന്ന് (നിത്യജീവൻ) തീർച്ചയാക്കാം" (2:3).

മാനദണ്ഡങ്ങളെയും നിത്യജീവനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് അടിസ്ഥാനമായി യോഹന്നാൻ കാണുന്നത് അതിനോടു ബന്ധപ്പെട്ട ദൈവത്തിന്റെ സവിശേഷതയാണ്. ഉദാഹരണമായി, ദൈവം പ്രകാശമായതുകൊണ്ട് പ്രകാശത്തിൽ സഞ്ചരിക്കുന്നവൻ ദൈവവുമായി കൂട്ടായ്മയിലാണ് (1:5-7). മറ്റൊരു ഉദാഹരണം, ദൈവം നീതിമാനായതുകൊണ്ട് നീതി പ്രവർത്തിക്കുന്നവൻ ദൈവത്തിൽ നിന്നും ജനിച്ചവനാണ് (2:29). വേറൊരു ഉദാഹരണം, ദൈവം സ്നേഹമായതുകൊണ്ട് സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്നും ജനിച്ചവനാണ് (4:7). ഈ രീതിയിലുള്ള അവതരണത്തിന്റെ അടിസ്ഥാനത്തിലാണ് ലേഖനത്തിന്റെ പൊതുവായ ഘടന ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

## ലേഖനത്തിന്റെ ഘടന

ലേഖനത്തെ പ്രധാനമായും മൂന്നു ഭാഗങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. കൂടാതെ ഇതിന് ഒരു ആമുഖവും ഒരു അനുബന്ധവുമുണ്ട്.

**1:1-4, ആമുഖം**

**ഒന്നാം ഭാഗം 1:5-2:28,** ദൈവം പ്രകാശമാണ്; പ്രകാശത്തിൽ നടക്കുന്നവന് ദൈവത്തോട് കൂട്ടായ്മയുണ്ട്.

**രണ്ടാം ഭാഗം 2:29-4:6,** ദൈവം നീതിമാനാണ്; നീതി പ്രവർത്തിക്കുന്നവൻ ദൈവത്തിൽനിന്നും ജനിച്ചവനാണ്.

**മൂന്നാം ഭാഗം 4:7-5:12,** ദൈവം സ്നേഹമാണ്; സ്നേഹിക്കുന്നവൻ ദൈവത്തിൽ നിന്നും ജനിച്ചവനാണ്.

**5:13, ഉപസംഹാരം**

5:14-21, അനുബന്ധം

## യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചു തെറ്റായ ധാരണകൾ പുലർത്തുന്ന അബദ്ധസിദ്ധാന്തക്കാരും വിഘടനവാദികളും, സത്യവിശ്വാസത്തിൽനിന്ന് വിശ്വാസികളെ വഴി തെറ്റിക്കുവാൻ ശ്രമിക്കുന്നവരുമായ കുറേപ്പേരുടെ പ്രശ്നങ്ങൾക്കൊണ്ട് വിഷമിക്കുന്ന ക്രൈസ്തവ സമൂഹത്തിനു സത്യവിശ്വാസം എന്തെന്നു പറഞ്ഞുകൊടുക്കുന്നതിനും അബദ്ധസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നവർക്കെതിരേ ജാഗ്രത പുലർത്തുവാൻ പ്രേരിപ്പിക്കുന്നതിനുമാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. സത്യത്തിലും സ്നേഹത്തിലും ജീവിക്കാനുള്ള ആഹ്വാനമാണ് ഈ ലേഖനത്തിലൂടെ നൽകുന്നത്. ഒരു സഭാശ്രേഷ്ഠന്റെ അധികാരത്തോടും ഒരു പിതാവിന്റെ വാത്സല്യത്തോടും കൂടിയാണ് യോഹന്നാൻ ഈ ലേഖനം എഴുതുന്നത്.

### വിഭജനം

ഈ ലേഖനത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

1. അഭിവാദനം (1-3)
2. സത്യത്തിലും സ്നേഹത്തിലും ജീവിക്കുക (4-11)
3. സമാപനശംസകൾ (12-13)

## യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

യോഹന്നാന്റെ സമൂഹത്തിൽ ഉടലെടുത്ത സഭാധികാരസംബന്ധമായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ലേഖനം എഴുതപ്പെടുന്നത്. ഗായിയൂസും ദെമെട്രിയൂസും യോഹന്നാന് വിധേയപ്പെട്ടു കഴിയുമ്പോൾ ദിയോത്രെഫെസ് യോഹന്നാന്റെ അധികാരത്തെ അംഗീകരിക്കുന്നില്ല. അതിനാൽ ശരിയും തെറ്റും തമ്മിലും, നന്മയും തിന്മയും തമ്മിലും തിരിച്ചറിയാനും, നന്മയെ അനുകരിച്ച്, നന്മ പ്രവർത്തിച്ച് സത്യത്തിന് സാക്ഷ്യം വഹിക്കാനുമുള്ള ആഹ്വാനമാണ് ഈ കത്തിലൂടെ ലഭിക്കുന്നത്. രണ്ടാംലേഖനം പോലെ ഇതും വളരെ ചെറിയ കത്താണ്.

### വിഭജനം

ഈ ലേഖനത്തെ അഞ്ച് ഭാഗങ്ങളായി തിരിക്കാം.

1. അഭിവാദനം (1-4)
2. ഗായിയൂസിന്റെ സൽപ്രവൃത്തി (5-7)
3. ദിയോത്രെഫെസിന്റെ ദുഷ്പ്രവൃത്തി (8-10)
4. നന്മയെ അനുകരിക്കുക (11-12)
5. സമാപനാശംസകൾ (13-15)



05

# യൂദാസിന്റെ ലേഖനം

പുതിയനിയമത്തിലെ ഏറ്റവും ചെറിയ ഗ്രന്ഥങ്ങളിൽ ഒന്നാണ് യൂദാസിന്റെ പേരിൽ അറിയപ്പെടുന്ന, ഒറ്റ അധ്യായവും 25 വാക്യങ്ങളും മാത്രമുള്ള, ലേഖനം. അധികമൊന്നും അറിയപ്പെടാത്തതും പൊതുവേ അവഗണിക്കപ്പെടുന്നതുമായ ഈ ഗ്രന്ഥം കാതോലിക ലേഖനങ്ങളുടെ കൂട്ടത്തിലാണ് എണ്ണപ്പെടുക. വ്യാജ പ്രബോധകരുടെ ഭാഗത്തുനിന്ന് ആദിമ ക്രൈസ്തവസമൂഹം നേരിട്ട ഒരു ഭീഷണിയെ ചെറുക്കുന്നതിനായിട്ടാണ് താൻ ലേഖനം എഴുതുന്നത് എന്ന് ഗ്രന്ഥകർത്താവുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആരാണ് ഈ വ്യാജപ്രബോധകർ, എന്താണ് അവരുടെ തെറ്റായ പ്രബോധനങ്ങൾ, ഏതുകാലത്ത്, എവിടെയാണ് ഈ പ്രബോധനങ്ങൾ പ്രചാരത്തിൽ വന്നത് എന്നതിനെക്കുറിച്ചൊന്നും ലേഖനത്തിൽനിന്നും വ്യക്തമായ അറിവ് ലഭ്യമല്ല. അതിനാൽത്തന്നെ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്.

### ഗ്രന്ഥകർത്താവ്

‘‘യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാസ്” എന്നാണ് ഗ്രന്ഥകാരൻ തന്നെത്തന്നെ വിശേഷിപ്പിക്കുന്നത്. “യൂദാസ്” എന്നത് യൂദാ

എന്ന ഹീബ്രു നാമത്തിന്റെ ഗ്രീക്ക് രൂപമാണ്. ആരാണീ യൂദാസ്? ഈ പേരിൽ അറിയപ്പെടുന്ന രണ്ട് അപ്പസ്തോലന്മാരുണ്ട്. യൂദാസ് സ്കറിയോത്തായാണ് ഒരാൾ. രണ്ടാമത്തേത് യാക്കോബിന്റെ മകൻ യൂദാസ് എന്ന് ലൂക്കായും (ലൂക്കാ 6:16) തദേവൂസ് എന്ന് മറ്റു രണ്ട് സമാന്തര സുവിശേഷകന്മാരും (മത്താ 10:3; മർക്കോ 3:18) വിശേഷിപ്പിക്കുന്നയാൾ. ഈ രണ്ടുപേരുമല്ല ലേഖന കർത്താവ്. അദ്ദേഹം അപ്പസ്തോലനേയല്ല എന്ന സൂചനയാണ് 17-ാം വാക്യം നല്കുന്നത്. യാക്കോബിന്റെ സഹോദരൻ എന്ന് വിശേഷിപ്പിക്കുമ്പോൾ ഏത് യാക്കോബിനെയാണ് ഉദ്ദേശിക്കുന്നത് എന്നതിലും അവ്യക്തതയുണ്ട്. സെബദിപുത്രൻ യാക്കോബ്, ഹൽപൈയുടെ പുത്രൻ യാക്കോബ് എന്നീ രണ്ട് അപ്പസ്തോലന്മാരുമല്ല അയാൾ.

യേശുവിന്റെ സഹോദരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മറ്റൊരു യാക്കോബിനെക്കുറിച്ച് സുവിശേഷകന്മാർ പ്രതിപാദിക്കുന്നുണ്ട് (മത്താ 13:53; മർക്കോ 6:3). ഈ യാക്കോബ് ജറുസലേമിൽ മെത്രാനായിരുന്നു. ഏ.ഡി. 62ൽ അഗ്രിപ്പാ രാജാവ് അദ്ദേഹത്തെ വധിച്ചു. ഈ യാക്കോബിന്റെ സഹോദരനാണ് ലേഖനകർത്താവായ യൂദാസ് എന്ന് ബൈബിൾ പണ്ഡിതന്മാർ പൊതുവേ അഭിപ്രായപ്പെടുന്നു. യാക്കോബിന്റെ മരണത്തിനുശേഷം സഭയിൽ പ്രാബല്യമുണ്ടായിരുന്ന വ്യക്തിയാണ് യൂദാസ് എന്ന് കരുതപ്പെടുന്നു.

ഈ അഭ്യൂഹം ശരിയാണെങ്കിൽ യാക്കോബിനെപ്പോലെ യൂദാസും യേശുവിന്റെ സഹോദരഗണത്തിൽപ്പെടും. സഹോദരൻ എന്നതുകൊണ്ട് അടുത്ത ബന്ധു (cousin) എന്നേ അർത്ഥമാക്കുന്നുള്ളൂ. എന്നാൽ "യേശുക്രിസ്തുവിന്റെ ദാസൻ" എന്നല്ലാതെ "സഹോദരൻ" എന്ന് സ്വയം വിശേഷിപ്പിക്കാത്തത് എന്തുകൊണ്ട് എന്ന് ചോദിക്കാറുണ്ട്. ഈ വിശേഷണം അമിതമായ ഒരു അധികാരധ്വനി ഉൾക്കൊള്ളുന്നതിനാലാവാം അതുപേക്ഷിച്ച്, വിനീതമായ ദാസന്റെ സ്ഥാനം മാത്രം അവകാശപ്പെടുന്നത്. രക്തബന്ധത്തേക്കാൾ പ്രധാനം വിശ്വാസവും വിധേയത്വവുമാണ്. യാക്കോബ് സഭയിൽ ഏറെ അറിയപ്പെടുന്ന വ്യക്തിയായതിനാൽ ആ പേര് എടുത്തുപറയുന്നു. യൂദാസ് എന്നത് ഒരു തൂലികാനാമം മാത്രമാണെന്ന വാദത്തിനു കാര്യമായ പിന്തുണയില്ല. സഭയിൽ അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നില്ല യൂദാസ്. അതിനാൽ ആ പേര് എടുക്കുന്നതിന് പ്രസക്തിയില്ല.

## കാലം

ലേഖനം എഴുതപ്പെട്ട കാലത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. ഏ.ഡി. 50 മുതൽ 150 വരെയുള്ള കാലം എടുത്തുകാട്ടുന്നവരുണ്ട്. അപ്പസ്തോലന്മാരുടെ കാലം കഴിഞ്ഞു (വ. 17) എന്നും ക്രിസ്തീയ വിശ്വാസം ഏതാണ്ട് ഒരു നിശ്ചിത രൂപത്തിലുള്ള വിശ്വാസ സംഹിതയായി രൂപ





പ്പെട്ടു (വ. 3:20) എന്നുമുള്ള സൂചനകൾ ലേഖനത്തിൽ കാണാം. അതേസമയം പത്രോസിന്റെ രണ്ടാം ലേഖനത്തിൽ ഈ ലേഖനത്തിന്റെ വലിയസ്വാധീനം ദൃശ്യമാണ്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ ഏ.ഡി. 80നും 90നും മധ്യേയാണ് രചന നടന്നതെന്ന് കരുതാം.

## കാനോനികത

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ ലേഖനം സഭയുടെ ഔദ്യോഗിക പട്ടികയിൽ പെട്ടിരുന്നതായി കരുതാനാവും. ലൂദോവിക്കോ അന്തോണിയോ മുരത്തോരി (1672 – 1750) എന്ന സുപ്രസിദ്ധ ഇറ്റാലിയൻ ചരിത്രകാരൻ മിലാനിലെ അംബ്രോസിയൻ ലൈബ്രറിയിൽ കണ്ടെത്തി 1740 ൽ പ്രസിദ്ധീകരിച്ച ഒരു പുരാതന കയ്യെഴുത്തു പ്രതി ഇതിന് തെളിവായി നില്ക്കുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ (170) ഗ്രീക്കിൽ പ്രസിദ്ധീകരിച്ച പുതിയ നിയമഗ്രന്ഥങ്ങളുടെ പട്ടികയുടെ ലത്തീൻ വിവർത്തനമാണ് മുരത്തോരിയൻ ശകലം (Muretorian Fragment) എന്നറിയപ്പെടുന്ന ഈ കയ്യെഴുത്ത് പ്രതി. തെർത്തുല്യൻ (160 – 215), അലക്സാണ്ട്രിയായിലെ ക്ലെമന്റ് (155 – 220), ഒരിജൻ (185 – 254) തുടങ്ങിയ സഭാ പണ്ഡിതന്മാർ ഈ ലേഖനത്തെ പുതിയ നിയമ ഭാഗമായി കരുതിയിരുന്നു. സഭാചരിത്രകാരനായ കേസറിയായിലെ എവുസേബിയൂസ് (265 – 339) ഈ പുസ്തകം പുതിയനിയമത്തിന്റെ ഭാഗമായി കരുതുന്നെങ്കിലും അന്ത്യോക്യായിലും സിറിയായിലും ഇത് അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു. അഞ്ചാം നൂറ്റാണ്ടോടെ സാർവ്വത്രിക സഭയിൽ യൂദായുടെ ലേഖനം ബൈബിളിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

## രചനയുടെ സാഹചര്യം – ലക്ഷ്യം

ക്രിസ്തീയ വിശ്വാസത്തെ ദുഷിപ്പിക്കുകയും വിശ്വാസികളെ വഴിതെറ്റിക്കുകയും ചെയ്യുന്ന അബദ്ധ പ്രബോധനങ്ങളും ജീവിതരീതികളും പ്രചരിപ്പിക്കുന്ന ചില 'ദുഷ്ട മനുഷ്യർ' ക്രിസ്തീയ സമൂഹങ്ങളിൽ കടന്നുകൂടിയതിനാലാണ് താൻ ഇപ്രകാരം ഒരു ലേഖനം എഴുതാൻ നിർബന്ധിതനായതെന്ന് ലേഖന കർത്താവ് ആരംഭത്തിൽത്തന്നെ പറയുന്നു. ലേഖനത്തിന്റെ സിംഹഭാഗവും ഈ പ്രവണതകളെ തള്ളിപ്പറയാൻവേണ്ടി മാറ്റിവച്ചിരിക്കുന്നു (വ. 3-16). ഏ.ഡി. രണ്ടാം നൂറ്റാണ്ടോടെ പ്രചാരത്തിൽ വന്ന ജ്ഞാനവാദ (gnosticism)ത്തിന്റെ പ്രാഗ്രൂപമാണ് ഇവിടെ യൂദാ ശപിച്ചുതള്ളുന്ന അബദ്ധസിദ്ധാന്തം എന്ന് കരുതപ്പെടുന്നു.

നിയമനിഷേധകർ (antinomians) എന്നും വിശേഷിപ്പിക്കപ്പെടുന്ന ഇവർ തങ്ങളുടെ ഇഷ്ടത്തെ നിയമമായി കരുതുകയും മറ്റെല്ലാ നിയമങ്ങളെയും നിഷേധിക്കുകയും ചെയ്യുന്നു. സകലവിധ അധാർമ്മികതയിലും ആവേശത്തോടെ മുഴുകുന്ന ഇവർ ദൈവത്തെയും ക്രിസ്തുവിനെയും നിഷേധിക്കുകയും ദൈവദൂതന്മാരെ നിന്ദിക്കുകയും ചെയ്യുന്നു. അതേസമയം ആത്മീയരാണ് തങ്ങൾ എന്ന് അവകാശപ്പെടുകയും ചെയ്യുന്നു. (വിശദ

മായ ചിത്രീകരണത്തിന് വ്യാഖ്യാനം കാണുക) അത്യന്തം വിനാശകര മായ ഈ പ്രവണതയ്ക്കെതിരേ ശക്തമായി പ്രതികരിക്കുകയും വിശ്വാ സികളെ ബലപ്പെടുത്തുകയുമാണ് ലേഖനത്തിന്റെ ലക്ഷ്യം.

## സാഹിത്യരൂപം

ഗ്രന്ഥത്തിന്റെ ആമുഖം ഒരു ലേഖനത്തിന്റെ രൂപത്തിലാണ് എഴുതി യിരിക്കുന്നത്. എന്നാൽ ബാക്കിഭാഗം മുഴുവൻ ഒരു പ്രസംഗശൈലി (homily)യിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു. വിശ്വാസത്തെയും ധാർമികത യെയും സംബന്ധിച്ച ആഴമേറിയ പ്രബോധനങ്ങൾ നല്കുന്നതിനേക്കാൾ തങ്ങൾ സ്വീകരിച്ചിട്ടുള്ള വിശ്വാസത്തെയും ജീവിതരീതിയെയും അക്ര മണത്തിൽ നിന്ന് രക്ഷിക്കാനുള്ള ശ്രമമാണ് ഈ ലേഖനത്തിൽ നടക്കു ന്നത്. എതിരാളികളുടെ വാദമുഖങ്ങളെ എടുത്ത് പറഞ്ഞ് ഖണ്ഡിക്കുന്ന തിനുപകരം അവരുടെ ജീവിതരീതിയുടെ ഭോഷത്തം തുറന്നുകാട്ടി എതി രിടാൻ ശ്രമിക്കുന്നു. രണ്ടാം നൂറ്റാണ്ടുമുതൽ സഭയിൽ ഏറെ പ്രചാര ത്തിൽവന്ന, എതിരാളികളിൽ നിന്ന് വിശ്വാസത്തെ സംരക്ഷിക്കുന്ന 'അപ്പോളോജെറ്റിക്' ശൈലിയുടെ തുടക്കം ഇവിടെ കാണാം. പഴയനിയ മത്തിൽനിന്നും അപ്രമാണിക ഗ്രന്ഥങ്ങളിൽനിന്നും ഉദാഹരണങ്ങൾ നിരത്തി എതിരാളികളുടെ ജീവിതവീക്ഷണങ്ങളെ അപഹാസ്യവും അപ കടകരവുമായി അവതരിപ്പിക്കുകയും വിശ്വാസികൾക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്യുന്നു.

തെറ്റില്ലാത്ത, നല്ല ഗ്രീക്ക് ഭാഷയിലാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. പുതിയനിയമ ഗ്രന്ഥങ്ങളിൽവച്ച് ഏറ്റം മികവാർന്ന ഗ്രീക്കുഭാഷാ പ്രയോഗം യൂദാസിന്റേതാണെന്നാണ് പണ്ഡിതമതം. ചുരുക്കമായി സെമി റ്റിക് ശൈലിയും കടന്നുവരുന്നുണ്ട്. ഗലീലിയിലെ ഒരു ഗ്രാമീണനായ യൂദാസിന് എങ്ങനെ ഇത്രനല്ല ഗ്രീക്കു രചന നടത്താൻ സാധിച്ചു എന്ന് അത്ഭുതപ്പെടുന്നവരുണ്ട്. തൂലികാനാമവാദികൾ ഇക്കാര്യം പ്രത്യേകം എടുത്തുകാട്ടുന്നു. എന്നാൽ ഗലീലിയിൽ വസിച്ചിരുന്നവർക്കും ഗ്രീക്കു ഭാഷ പഠിക്കാനുള്ള അവസരങ്ങളുണ്ടായിരുന്നു എന്നത് മറക്കാനാവില്ല. അതിനുപുറമേ ഭാഷാപാണ്ഡിത്യമുള്ള ആരുടെയെങ്കിലും സഹായ ത്തോടെ യൂദാസ് രചന നടത്തി എന്ന് കരുതുന്നതിലും തെറ്റില്ല, പത്രോസ് ചെയ്തതുപോലെ.

## അനുവാചകർ

ആരെ ലക്ഷ്യമാക്കിയാണ് ലേഖനം എഴുതുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ട്. "ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും യേശുക്രിസ്തു വിനുവേണ്ടി കാത്തു സൂക്ഷിക്കപ്പെടുന്നവരുമായ വിളിക്കപ്പെട്ടവർ" (1) എന്ന വിശേഷണങ്ങൾ ക്രൈസ്തവരെ പൊതുവിൽ അഭിസംബോധന ചെയ്യുന്നതായി കരുതാനാവും. അതിനാലാണ് ഈ പുസ്തകത്തെ കാതോലിക ലേഖനങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നത്. എന്നാൽ 3-16 വാക്യങ്ങളിൽ പ്രതിപാദിക്കുന്ന വിവാദ വിഷയങ്ങളുടെ പശ്ചാത്ത





ലത്തിൽ ഏതെങ്കിലും ഒരു പ്രാദേശിക സഭയോ സഭാസമൂഹങ്ങളെയോ മുന്നിൽ കണ്ടുകൊണ്ടാണ് ലേഖനം രചിച്ചിരിക്കുന്നത് എന്ന് കരുതാൻ ന്യായമുണ്ട്. ഈജിപ്ത്, ഏഷ്യാമൈനർ, സിറിയാ, പാലസ്തീനാ എന്നി ങ്ങനെ വിവിധ ഭൂവിഭാഗങ്ങൾ എടുത്തുകാട്ടുന്നവരുണ്ട്.

പഴയനിയമത്തിൽനിന്നും യഹൂദരുടെ അപ്രമാണിക ഗ്രന്ഥങ്ങളിൽ നിന്നുമുള്ള ഉദാഹരണങ്ങൾ യഹൂദ ക്രൈസ്തവർക്കാവും കൂടുതൽ എളു പ്പത്തിൽ മനസ്സിലാവുക. എന്നാൽ തള്ളിപ്പറയുന്ന പ്രവണതകൾ പലതും വിജാതീയ ക്രൈസ്തവർക്ക് കൂടുതൽ പ്രസക്തമാണ്. അതിനാൽ യഹൂ ദരും വിജാതീയരും അടങ്ങുന്ന ക്രൈസ്തവ സമൂഹങ്ങളെ മുന്നിൽകണ്ടു കൊണ്ട് രചന നടത്തി; അത് അധികവും പാലസ്തീനായിലും സിറിയാ യിലുള്ള ക്രൈസ്തവ സമൂഹങ്ങളായിരുന്നു എന്ന നിലപാടിനാണ് കൂടു തൽ അംഗീകാരമുള്ളത്.

## പത്രോസിന്റെ രണ്ടാം ലേഖനവുമായുള്ള ബന്ധം

അവതരിപ്പിക്കുന്ന പ്രമേയങ്ങളിലും ഉപയോഗിക്കുന്ന പദപ്രയോഗങ്ങ ളിലും യൂദാസിന്റെ ലേഖനവും പത്രോസിന്റെ രണ്ടാം ലേഖനവും തമ്മിൽ വളരെ അടുത്ത സാമ്യവും ബന്ധവുമുണ്ട്. യൂദാ 4:16 -2 പത്രോ 2:1-18 വാക്യങ്ങളിലാണ് സാമ്യവും ബന്ധവും പ്രകടമാകുന്നത്. (വിശദമായ താരതമ്യത്തിന് വ്യാഖ്യാനം കാണുക) ഈ ബന്ധത്തിന്റെ കാരണം ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചതാണെന്ന് പൊതുവേ കരുതപ്പെടുന്നു. പഴയനി യമസംഭവങ്ങൾ കാലക്രമത്തിലല്ല യൂദാസ് അവതരിപ്പിക്കുന്നത്. എന്നാൽ 2 പത്രോസ് ആ സംഭവങ്ങളെ കാലക്രമത്തിൽ അവതരിപ്പിക്കുന്നു. അപ്ര മാണിക ഗ്രന്ഥങ്ങളിൽ നിന്നുള്ള സംഭവങ്ങളും ഉദ്ധരണികളും യൂദാസ് അവതരിപ്പിക്കുമ്പോൾ 2 പത്രോസ് ഇതൊന്നും എടുത്തിട്ടില്ല. ഇപ്രകാര മുള്ള കാരണങ്ങളാൽ 2 പത്രോസ് യൂദാസിന്റെ ലേഖനത്തിൽനിന്ന് കടമെ ടുത്തു എന്നതാണ് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന അഭിപ്രായം.

## പ്രധാന ആശയങ്ങൾ

അപ്പസ്തോലന്മാർവഴി കൈമാറി വന്നിരിക്കുന്ന വിശ്വാസം കാത്തു സൂക്ഷിക്കാനും അവികലമായി അവതരിപ്പിക്കാനുംവേണ്ടിയാണ് ലേഖനം എഴുതിയിരിക്കുന്നത്. വിശ്വാസസത്യങ്ങൾക്ക് ധാർമിക ജീവിതത്തിൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതുമായ പ്രാധാന്യത്തിന് ഊന്നൽ നല്കുന്നു (വാ. 3:5-7). അവസാനനാളുകളിലാണ് തങ്ങൾ ജീവിക്കുന്നതെന്നും അധാർമ്മികതയിൽ മുഴുകി കഴിയുന്നവരെ ശിക്ഷിക്കാനായി കർത്താവ് വൈകാതെ വരുമെന്നും ഉദ്ബോധിപ്പിക്കുന്നു (വാ.17-18). പാപിക ളുടെമേൽ കഠിനമായ ശിക്ഷാവിധിയുണ്ടാകും എന്ന് പഴയകാലാനുഭവ ങ്ങൾ എടുത്തുകാട്ടി താക്കീതു നൽകുന്നു (വാ. 5-13). അതേസമയം തങ്ങളുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് കർത്താവിനോട് വിശ്വ സ്തത പുലർത്തുന്നവർക്ക് കർത്താവിന്റെ കരുണയും നിത്യജീവനും ലഭിക്കും (വാ. 2:21-24) എന്ന് വാഗ്ദാനം ചെയ്യുന്നു.

യേശുക്രിസ്തുവിനെ ഏകനാഥനും കർത്താവുമായി ഏറ്റുപറയണം. ആ വിശ്വാസ പ്രഖ്യാപനം ജീവിതസാക്ഷ്യത്തിലൂടെ അന്വർത്ഥമാക്കണം. അപ്പസ്തോലന്മാരിൽ നിന്ന് ലഭിച്ച വിശ്വാസം ധാർമിക ജീവിതത്തിന്റെ അടിത്തറയാകണം. ദൈവത്തിൽ മാത്രം ആശ്രയിക്കുകയും തങ്ങളുടെ വിശ്വാസം അനുസരണത്തിലൂടെ പ്രകടമാക്കുകയും ചെയ്യണം. കർത്താവിന്റെ രണ്ടാംവരവിനായി വിശ്വാസികൾ പ്രത്യാശയോടെ കാത്തിരിക്കണം. വിശ്വാസവും അനുസരണയുമുള്ള ശിഷ്യത്വം യുഗാന്തമഹത്വത്തിലേക്ക് നയിക്കും. എന്നാൽ അധാർമികതയിൽ മുഴുകുന്നവർക്ക് നിത്യശിക്ഷയായിരിക്കും ലഭിക്കുക.

കരുണയും സമാധാനവും ആശംസിച്ചുകൊണ്ട് ആരംഭിക്കുന്ന ലേഖനം ദൈവസ്തുതി ആലപിച്ചുകൊണ്ട് അവസാനിക്കുന്നു. ദൈവത്തെ നിത്യം സ്തുതിക്കാൻ ദൈവജനത്തെ ഒരുക്കുക, പ്രാപ്തരാക്കുക എന്ന ഏക ലക്ഷ്യമാണ് ലേഖനത്തിനുള്ളത്.

## പുസ്തകഘടന

| | | |
|---|---|---|
| ആമുഖം | - | 1-14 |
| I വ്യാജപ്രബോധകർ | - | 5-16 |
| II ഉപദേശം | - | 17-23 |
| ഉപസംഹാരം - ദൈവസ്തുതി | - | 24-25 |